

കെ. എ. ജോൺ

# ലിങ്കൺ

1689

1

# ലിജുഷ്

PROF. AMBALAPUZHA RAMAVARMA
SREENILAYAM
COLLEGE ROAD
KOTTAYAM - 686 001
Ph. 566850.

ഗ്രന്ഥകർത്താ:

കെ. എ. പോൾ

KOTTAYAM PUBLIC LIBRARY KOTTAYAM
33732

സാഹിത്യനിലയം പബ്ലിഷിംഗ് ഹൗസ്
കലൂർ, എറണാകുളം - 7

വില: 10·00

(Malayalam)

# Lincoln

(Biography)

Author:
K. A. PAUL
Sahithya Nilayam

Third Impression - June 1966

University Edition

(Rights reserved)

M08
POL - L

Printed at
SAHITHYA NILAYAM PRESS

33732

Publishers:
SAHITHYA NILAYAM PUBLISHING HOUSE
KALOOR, ERNAKULAM-7

Price: Rs. 10·00

PROF. AMBALAPUZHA RAMAVARMA
SREENILAYAM
COLLEGE
KOTTAYAM - 686 001
Ph. 566850.

# മുഖവുര

അബ്രാഹം ലിങ്കൻെറ ജീവചരിത്രം ലോകത്തിന്ന് എന്നെന്നും ഒരു പഠനവിഷയമായിരിക്കും. പഠിക്കുന്തോറും പരപ്പും ആഴവും, രസവും പ്രയോജനവും കൂടിക്കൂടിവരുന്ന ഒരു വിഷയമാണത്. ജീവിതം ഒരു നാടകമാണെങ്കിൽ, അബ്രാഹം ലിങ്കൻെറ ജീവിതം ആദ്യന്തം നിറപ്പകിട്ടുള്ള ഒരു മഹാനാടകംതന്നെ. തുലോം താണപടിയിൽനിന്ന് ആ ജീവിതം നാടകീയമായവണ്ണം ഉയർന്നുയർന്ന് ഒടുവിൽ നാടകീയമായിത്തന്നെ അവസാനിക്കുകയാണ്. വല്ല വശ്യശക്തികളുമുള്ള ഒരു മാന്ത്രികനേയോ ഏതെങ്കിലും അത്ഭുതസിദ്ധികളുള്ള ഒരു അവധൂതനേയോ അല്ല, പാവപ്പെട്ട ഒരു സാധാരണ മനുഷ്യനെയാണ്—മാനുഷ്യത്തിൻെറ പല ദൗർഭാഗ്യങ്ങളോടും ദുർബ്ബലതകളോടും കൂടിയ ഒരു മനുഷ്യനെയാണ്—നാം ആ നാടകത്തിൽ കാണുന്നതു്. 'മനുഷ്യത്വ'മുള്ള ഒരു മനുഷ്യനാണെന്നുമാത്രം.

കേവലം ഒരു കൂലിവേലക്കാരൻെറ നില മുതല്ക്ക് അമേരിക്കൻ പ്രസിഡണ്ടുസ്ഥാനം വരെ ലിങ്കൺ ചവിട്ടിക്കാണുന്ന കാലടിപ്പാടുകളിലെല്ലാം അദ്ദേഹത്തിൻേറതായ ഒരു വ്യക്തിമുദ്ര തെളിഞ്ഞുനില്ക്കുന്നുണ്ട്. സത്യസന്ധതയുടേയും വിനയത്തിൻേറയും ആത്മാർത്ഥതയുടേയും കാന്തി ചിന്തുന്ന ആ മുദ്ര, അദ്ദേഹത്തിൻെറ ജീവിതത്തിലുടനീളം അഭംഗമായി നില്ക്കുന്നതു് സാധാരണഗതിയിൽ ഒരത്ഭുതമായിത്തോന്നാം. വിറകുവെട്ടിയായാലും, വള്ളമൂന്നുകാരനായാലും, കച്ചവടക്കാരനായാലും, വക്കീലായാലും, നിയമസഭാമെമ്പറായാലും, സെനെറററായാലും, അങ്ങേയററം അമേരിക്കൻപ്രസിഡണ്ടായാലും അബ്രാഹം ലിങ്കൻെറ നിറം ഒന്നുതന്നെ! ഉറച്ച ആദർശങ്ങളിന്മേൽ പടുത്തിരിക്കുന്ന ഒരു ജീവിതത്തിന്നു മാത്രമേ മാറിമാറി വരുന്ന അത്തരം പരിതഃസ്ഥിതികളിൽ നിറപ്പകർച്ചകൂടാതെ നില്ക്കാൻ സാധിക്കുകയുള്ളൂ. രാഷ്ട്രീയരംഗത്തു് ഏറെക്കാലം

അബ്രാഹം ലിങ്കൻെറ പ്രതിയോഗിയായി വർത്തിച്ചിരുന്ന സ്റ്റീഫൻ ഡഗ്ലസ് എന്നൊരു രാഷ്ട്രീയപ്രവർത്തകൻെറ ചെയ്തികളും ഈ പുസ്തകത്തിൽ ഇടയ്ക്കിടെ കാണും. അദ്ദേഹവും നമ്മുടെ കഥാനായകനും ഒരു താരതമ്യപഠനം അർഹിക്കുന്ന രണ്ടു വ്യക്തികളാകുന്നു. അബ്രാഹം ലിങ്കൻെറ തലപ്പൊക്കം മേല്ക്കുമേൽ ബോദ്ധ്യമാവാൻ ആ പഠനം ഉപകരിക്കുന്നതാണ്.

മഹാത്മാക്കളുടെ ജീവചരിത്രം വായിക്കുമ്പോൾ ചില ചില അംശങ്ങളിൽ അവരുടേയും നമ്മുടേയും പരിതഃസ്ഥിതികൾ ഒന്നാണെന്ന് നമുക്കു തോന്നും. പിന്നെ എന്തുകൊണ്ട് നമുക്കും അവരെപ്പോലെയായിത്തീരാൻ സാധിക്കുന്നില്ല, അഥവാ സാധിച്ചില്ല, എന്നൊരു ചോദ്യവും ഇടയ്ക്കിടെ തലയെടുക്കും. ആ ചിന്തയും ചോദ്യവും വിഗണിക്കപ്പെടേണ്ടവയല്ല; അവ ആ മഹാത്മാക്കളുടെ ജീവിതത്തോട് നമ്മുടെ ജീവിതത്തെ അനുരൂപമാക്കിച്ചെയ്യുവാൻ നമ്മുടെ അന്തരാത്മാവിൽനിന്നുറവെടുക്കുന്ന ആവേശങ്ങളും പ്രേരണകളുമത്രെ. അബ്രാഹം ലിങ്കൻെറ ജീവചരിത്രം വായിക്കുന്നവർക്ക് അത്തരം പ്രചോദനങ്ങൾ വിശേഷിച്ചും അനുഭവപ്പെടാനിടയുണ്ട്. എളിയവർക്കും ഏഴകൾക്കും ജീവിതവിജയത്തിലേയ്ക്കു് വഴികാട്ടുന്ന ഒരു മണിവിളക്കാകുന്നു ലിങ്കൻെറ ജീവിതം. 'ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനകീയഭരണക്രമ'ത്തിൻെറ ഒരു ആചാര്യനുമാണ് അബ്രാഹം ലിങ്കൺ; ജനാധിപത്യത്തെക്കുറിച്ചുള്ള ഈ നിർവ്വചനംതന്നെ ലിങ്കൻെറ സ്വന്തമാകുന്നു.

ഇങ്ങനെ പലവിധത്തിലും മാതൃകായോഗ്യനായ ആ മഹാപുരുഷൻെറ ഒരു ജീവചരിത്രം നമ്മുടെ വളരുന്ന തലമുറയ്ക്കുവേണ്ടി എഴുതണമെന്ന് ഏറെനാൾ ആഗ്രഹിച്ചിരുന്നതിൻെറ ഫലമാണ് 'സാഹിത്യനിലയ'ത്തിൽനിന്നു് പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകം. ലിങ്കൻെറ ചില ജീവചരിത്രഗ്രന്ഥങ്ങൾ വായിക്കുമ്പോൾ, അമേരിക്കൻ കുടിപ്പടയുടെ വെടിയും പുകയുംകൊണ്ട് കഥാപുരുഷൻെറ വ്യക്തിത്വം പല ഘട്ടങ്ങളിലും മങ്ങിമറഞ്ഞുപോകുന്നതായിത്തോന്നും. സിവിൽയുദ്ധത്തിൻേറയും മററു പല രാഷ്ട്രീയ സം

ഭവങ്ങളുടേയും ചരിത്രം ലിങ്കൻെറ ജീവചരിത്രത്തിൽ കുറേയൊക്കെ വന്നുചാടാതെ കഴിയുകയില്ല. എന്നുവെച്ച് ജീവചരിത്രംതന്നെ രാജ്യചരിത്രമായി മാറിയാൽ പന്തികേടാവുമല്ലൊ. രാജ്യചരിത്രത്തിൻെറ അംശങ്ങൾക്ക് ഒരു അതിർവരമ്പിട്ടുകൊണ്ട്, അബ്രാഹം ലിങ്കൻെറ ആത്മസത്തയെ കഴിയുന്നതും ഏകാഗ്രമായി ആവിഷ്കരിക്കുവാൻ ഈ പുസ്തകത്തിൽ ചെയ്തിട്ടുള്ള വിനീതയത്നം എത്രത്തോളം ഫലിച്ചുവെന്ന് വായനക്കാർ വിധിച്ചുകൊള്ളട്ടെ.

മഹാത്മാഗാന്ധിയേയും, അബ്രാഹം ലിങ്കനേയും പോലുള്ളവർ ചില പ്രത്യേക കാലഘട്ടങ്ങളിൽ മാത്രം അവതരിക്കുന്ന യുഗപ്രഭാഷകന്മാരാണെന്നു പറഞ്ഞ് അവരെ അനുകരിക്കുവാനുള്ള ബാദ്ധ്യതയിൽനിന്നൊഴിയുന്ന ഒരു ശീലം നമുക്കുണ്ട്. അത് നന്നല്ല. അവർ യുഗപ്രഭാഷകന്മാർ തന്നെ. പക്ഷേ, അവർ നമ്മുടെ അനുകരണത്തിന്നതീതരാണെന്ന് ധരിച്ചുവശാവരുത്. അബ്രാഹം ലിങ്കനെ വെറും ഒരു പൂജാവിഗ്രഹമായി പ്രതിഷ്ഠിക്കുകയല്ല ഈ പുസ്തകത്തിൻെറ ഉദ്ദേശ്യം. ആ മഹിതാശയൻെറ മഹനീയാദർശനങ്ങൾ നമ്മുടെ ദൈനംദിനജീവിതത്തിൽ പകന്ന്, ആ വഴിക്ക് ക്രമേണ കുറെ കൊച്ചുലിങ്കന്മാർ നമ്മുടെ നാട്ടിലുണ്ടാവാൻ ഈ ഗ്രന്ഥം ഏതെങ്കിലും വിധത്തിൽ ഉപകരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

സാഹിത്യനിലയം
കലൂർ, എറണാകുളം

കെ. എ. പോൾ

PROF: AMBALAPUZHA ... MAVARMA
SREENILAYAM
COLLEGE ROAD
KOTTAYAM - 686 001
Ph. 566850.

ഗ്രന്ഥകാരന്റെ
മററുചില കൃതികൾ

ഇലിയഡ്
അസ്സീസി
ഡാമിയൻ
മാഡംക്യൂറി
ആറടി മണ്ണ്
സാമൂഹ്യഭദ്രത
കല്യാണഗാനം
ജോർജ് വാഷിംഗ്ടൺ
ഗ്രാമത്തലയ്ക്കൽ
ഒരു റഷ്യൻകഥ
രാജകേസരി
കൊച്ചു ന്യായാധിപൻ
മഹാനായ അലക്സാണ്ടർ
ഷേയ്ക്സ്പിയർ കഥകൾ
നമ്മൾ സഹോദരങ്ങൾ
ഹെൻട്രി ഫോർഡ്
ഭൂമിയിൽ സമാധാനം
സോക്രട്ടീസ് സംസാരിക്കുന്നു
ടാഗോറിന്റെ കൊച്ചുരത്നങ്ങൾ
എന്റെ ജീവിതകഥ–(ഹെലൻ കെല്ലർ)

സാഹിത്യനിലയം
കലൂർ
എറണാകുളം

# അബ്രാഹം ലിങ്കന്റെ കൈപ്പട

Executive Mansion
Washington. Nov 21. 1864

To Mrs Bixby. Boston. Mass

Dear Madam

I have been shown in the files of the War Department a statement of the Adjutant General of Massachusetts that you are the mother of five sons who have died gloriously on the field of battle. I feel how weak and fruitless must be any word of mine which should attempt to beguile you from the grief of a loss so overwhelming. But I cannot refrain from tendering you the consolation that may be found in the thanks of the republic they died to save. I pray that our Heavenly Father may assuage the anguish of your bereavement and leave you only the cherished memory of the loved and lost and the solemn pride that must be yours to have laid so costly a sacrifice upon the altar of freedom

Yours very sincerely and respectfully

A. Lincoln

(ഈ എഴുത്തിന്റെ സാരവും സന്ദർഭവും 164-ാം പേജിൽ)

# ലിങ്കൺ

അദ്ധ്യായം - 1

## കുടുംബം

താഴ്മയുടെ മരക്കുടിലിൽ ജനിച്ചു്, സ്വപ്രയത്നവും സ്വഭാവശുദ്ധിയും സജ്ജനസമ്മതിയും മൂലം കോയ്മയുടെ മണിമന്ദിരത്തിലേയ്ക്കുയൎന്ന ആ മഹിതാശയൻ മാനവരാശിയുടെ അഭിമാനഭാജനമാകുന്നു.

മഹാന്മാരിൽവെച്ചു് മഹാനായ അബ്രാഹം ലിങ്കൺ ജനിച്ചതു് ഒരു ചെറിയ മരക്കുടിലിലായിരുന്നു. ജന്മയോഗ്യതയേക്കാൾ കൎമ്മയോഗ്യതയാണു് ജീവിതവിജയത്തിന്നവലംബമെന്നുള്ളതിനു്, അദ്ദേഹത്തിന്റെ ചരിത്രം ഒരൊന്നാന്തരം തെളിവത്രെ. അമേരിക്കയിലെ പ്രസിഡണ്ടുമന്ദിരം—'വൈററു് ഹൗസു്'—ഏതു പൗരനും പ്രാപിക്കാവുന്നതാണെന്നു് ഒരു ചൊല്ലുണ്ടു്; ആൎക്കും പ്രസിഡണ്ടായിത്തീരാൻ സാധിക്കത്തക്കവണ്ണം, അവിടെ ജനകീയഭരണക്രമം അത്രയ്ക്കു് വികസിച്ചിരിക്കയാണെന്നൎത്ഥം. ഇപ്പറഞ്ഞതിനെ നൂറുശതമാനവും അന്വൎത്ഥമാക്കിയ ഒരു പൗരനായിരുന്നു അബ്രാഹം ലിങ്കൺ. താഴ്മയുടെ മരക്കുടിലിൽ ജനിച്ചു്, സ്വപ്രയത്നവും

സ്വഭാവശുദ്ധിയും സജ്ജനസമ്മതിയും മൂലം കോയ്മയുടെ മണിമന്ദിരത്തിലേയ്ക്കുയൎന്ന ആ മഹിതാശയൻ മാനവരാശിയുടെ അഭിമാനഭാജനമാകുന്നു. സമുന്നതമായ ഒരു സ്ഥാനത്തെത്തിയതുകൊണ്ടുമാത്രം ഒരാൾ മഹാനാകണമെന്നില്ല. എന്നാൽ ആ ഉയൎച്ച്ച കടുത്ത പ്രതിബന്ധങ്ങളോടു പോരടിച്ചുകൊണ്ടു് ഏററവും എളിയ നിലയിൽനിന്നാവുക; അപ്രകാരം നേടിയ ഉയൎച്ച്ചയുടെ മെച്ചമെല്ലാം സ്വന്തം മാതൃരാജ്യത്തിൻെറ മേന്മയ്ക്കും സഹപൗരന്മാരുടെ നന്മയ്ക്കുമായി സമൎപ്പിക്കുക; പോരാ, മാനവവംശത്തിനു പൊതുവേ ഒരു മഹനീയാദൎശം നല്കത്തക്ക വീരസേവനങ്ങൾക്കായി സ്വജീവിതം ഉഴിഞ്ഞിടുക; വേണ്ടിവന്നാൽ താൻ പ്രണയിക്കുന്ന ആദൎശത്തിനു വേണ്ടി പ്രാണനേപ്പോലും ഹോമിക്കുവാൻ സന്നദ്ധനാവുക—ഇത്രയുമായാൽ ഒരാളുടെ മഹത്വം സമ്മതിച്ചുകൊടുക്കാതെ തരമില്ല. അങ്ങനെയുള്ള ഒരു മഹാത്മാവിൻെറ ജീവിതചിത്രമാണു് നമ്മുടെ പഠനവിഷയം.

കഥാനായകൻ ജനിച്ച മരക്കുടിലിലേയ്ക്കുതന്നെ നമുക്കൊന്നു കടക്കാം. അമേരിക്കയിൽ ആദ്യമാദ്യം കുടിയേറിപ്പാൎത്തു് കാടു നാടാക്കുകയും നാടു നഗരമാക്കുകയും ചെയ്ത വെള്ളക്കാരുടെ കൂട്ടത്തിൽപ്പെട്ട ഒരു പാവപ്പെട്ട കുടുംബം, കെൻടക്കി എന്ന സംസ്ഥാനത്തു് ഒരു കാട്ടിൻനടുവിലൊതുങ്ങിപ്പാൎക്കുന്നുണ്ടായിരുന്നു. മരക്കൊമ്പുകൾ മുറിച്ചെടുത്തു്, വിറകു ചായ്ക്കുമ്പോലെ, മേല്ക്കുമേലടുക്കിവെച്ചുണ്ടാക്കിയ ഒരൊററമുറിക്കെട്ടിടം,— അതായിരുന്നു ആ കുടുംബത്തിൻെറ പാൎപ്പിടം. ഗൃഹനായകൻ ഒരു മരപ്പണിക്കാരനായിരുന്നുവെങ്കിലും, സ്വന്തം കുടിലിൻെറ നിൎമ്മാണത്തിൽ അയാൾ ശില്പിതന്ത്രം ഒട്ടുംതന്നെ പ്രയോഗിച്ചിരുന്നില്ല. ആകെക്കൂടി ഒരേ ഒരു വാതിൽ, ജനാലകളുടെ സ്ഥാനത്തു് ചതുരാകൃതിയിലുള്ള ഒന്നുരണ്ടു ദ്വാരങ്ങൾ, മച്ചിലുകൾക്കും മേല്പുരയ്ക്കും പകരം മൂലതോറും മുറിപററിച്ചു് മേല്ക്കുമേലേററിവെച്ച മരക്കമ്പുകളുടെ ഒരു കൂമ്പാരം —കഴിഞ്ഞു ആ കെട്ടിടത്തിൻെറ ശില്പവിധാനം! വാതില്ക്കൽ കതകിനുപകരം തൂക്കിയിരുന്നതു്, വേട്ടയാടിക്കിട്ടിയ ഏതോ ഒരു വ

ലിയ മൃഗത്തിൻെറ തോലായിരുന്നു. ജനാലകൾക്കുമുണ്ടായിരുന്നു, മൃഗത്തോൽകൊണ്ടുള്ള അത്തരം ഒന്നുരണ്ടു വിരിപ്പുകൾ. ആ മൃഗചർമ്മങ്ങളെല്ലാം മുറയ്ക്കു തൂക്കിക്കഴിഞ്ഞാൽ, മുറിക്കകം ഒരു ഇരുട്ടറയായിത്തീർന്നിരുന്നുവെന്നു പറയാം.

ലോകമാസകലം ഇന്നു് യശോധാവള്യം ചൊരിഞ്ഞു പരിശോഭിക്കുന്ന അബ്രാഹം ലിങ്കൺ ജനിച്ച മരക്കുടിലിൻെറ ചിത്രം വ്യക്തമായല്ലോ. 1809 ഫെബ്രുവരി 12-ാംനു- ഞായറാഴ്ച പ്രഭാതത്തിൽ ആ പാഴ്ക്കുടിലിൽ പിറന്ന പാവപ്പെട്ട പൈതൽ വിശ്വവിഖ്യാതനായ ഒരു മഹാനായിത്തീരുമെന്നു് അന്നാരറിഞ്ഞു! കാററും മഴയും കൊടുമ്പിരികൊണ്ടിരുന്ന ആ ദിവസം കാട്ടിൽ അങ്ങനെയൊരു കുട്ടി ജനിച്ച കഥ അടുത്തുള്ളവർതന്നെ അധികമാരും ശ്രദ്ധിച്ചിരിക്കാനിടയില്ല. മരക്കുടിലിൻെറ വിള്ളലുകളിൽക്കൂടി ഇരമ്പിക്കയറിയ തണുത്ത കാററിൻെറ തലോടൽ മാത്രമാവാം, അന്നു് ആ കുഞ്ഞിനു പുറത്തുനിന്നു സിദ്ധിച്ച പരിചരണം. ഒരു വീടിൻെറ മഹത്വം അതിൽ പിറക്കുകയും പാർക്കുകയും ചെയ്യുന്നവർ സ്വന്തം പ്രയത്നത്താൽ നേടുന്ന യശസ്സിനെയാണു് ആശ്രയിക്കുന്നതെങ്കിൽ, അബ്രാഹം ലിങ്കൺ ജനിച്ച മരക്കുടിലിൻെറ മഹത്വത്തിനു് വിലയിരുത്താൻ വരട്ടെ.

കുട്ടിയുടെ അച്ഛൻെറ പേരു് തോമസ് ലിങ്കൺ എന്നും അമ്മയുടെ പേരു് നാൻസി ഹാങ്ക്സ് എന്നുമായിരുന്നു. നല്ല കായബലമുള്ള ഒരു കൃഷിത്തൊഴിലാളിയായിരുന്നു തോമസ് ലിങ്കൺ. കൃഷിക്കു പററിയ സ്ഥലം തേടിപ്പിടിക്കാനും, കാടു വെട്ടിത്തെളിച്ചു് കൃഷിയിറക്കാനും അദ്ദേഹം സമർത്ഥനായിരുന്നു; മരപ്പണി മുതലായുള്ള കൈത്തൊഴിലുകളുടെ കാര്യത്തിലും അദ്ദേഹത്തിനു് ന്യൂനതയുണ്ടായിരുന്നില്ല. പക്ഷേ, ഒന്നാണു്: ഒരേടത്തും ഒരു കാര്യത്തിലും ഉറച്ചുനില്ക്കുന്ന ശീലം ഉണ്ടായിരുന്നില്ലെന്നുമാത്രം. മൃഗങ്ങളെ വേട്ടയാടുന്ന വിഷയത്തിൽ മൂപ്പർക്കു് വലിയ ഭ്രമമായിരുന്നു. ഭക്ഷണത്തിനു് മുട്ടുപാടുകൂടാതെ കഴിക്കാൻ ആ മനുഷ്യൻ കണ്ടുവെച്ചിരുന്ന പ്രധാന ഉപായവും വേട്ടതന്നെയാണു്. തോമസ് ലിങ്കനു് പറ

യത്തക്ക വിദ്യാഭ്യാസമൊന്നും ഉണ്ടായിരുന്നില്ല. കഷ്ടിച്ച് വല്ലതും കുത്തിക്കുറിക്കാനും കൈയൊപ്പിടാനുമുള്ള അക്ഷരജ്ഞാനമേ അയാൾക്കുണ്ടായിരുന്നുള്ളു; കഥകൾ പറയാൻ വിശേഷാലൊരു പാടവം കണ്ടിരുന്നു താനും. തോമസ് ലിങ്കൻെറ ഭാര്യയായ നാൻസി ഹാങ്ക്സിനു് അക്ഷരജ്ഞാനമുണ്ടായിരുന്നുവോ എന്ന കാര്യത്തിൽ അല്പം പക്ഷാന്തരമുണ്ടു്. ഏതായാലും, ലിങ്കൺകുഞ്ഞുങ്ങൾക്കു് വിദ്യാഭ്യാസസംബന്ധമായി വല്ല ശിക്ഷണമോ നിവേശനമോ ലഭിച്ചിരുന്നുവെങ്കിൽ അതു് ആ തള്ള മുഖേനയായിരുന്നുവെന്നതിനു് സന്ദേഹമില്ല. നാൻസിഹാങ്ക്സ് നല്ല വിനയവും വിവേകവുമുള്ള കൂട്ടത്തിലായിരുന്നു.

ആ കുടുംബത്തിൻെറ ജീവിതം അരിഷ്ടതയുടെ അടിത്തട്ടിലായിരുന്നുവെങ്കിലും, തോമസ് ലിങ്കൺ ചിലപ്പോൾ വലിയ പ്രതാപം നടിച്ചുനടക്കാൻ മടിച്ചിരുന്നില്ല. ഒരിക്കൽ അദ്ദേഹം ഒരു ഷാപ്പിൽച്ചെന്നു് പട്ടുകൊണ്ടുള്ള രണ്ടു തോൾവാറുകൾ കടമായി വാങ്ങിയണിയുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിൻെറ ഭാര്യയാകട്ടെ, കാട്ടുമുള്ളുകൾകൊണ്ടു തുന്നിക്കൂട്ടിയ കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധരിച്ചാണത്രെ നടന്നിരുന്നതു്. പട്ടിൻെറ തോൾവാറുകൾക്കു പുറമേ, മൂപ്പരു് ഏങ്ങനേയോ ഒരു വാളും കരസ്ഥമാക്കി. തോളിൽ പട്ടുവാറുകൾ കെട്ടി, കൈയിൽ വാളുമേന്തി ഗൗരവത്തിലങ്ങു നടക്കുമ്പോൾ കാലിൽ ചെരിപ്പു വേണമെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നില്ലപോലും. വേറൊരു വിശേഷം കൂടിയുണ്ടു്: ആരെന്തു ജോലിചെയ്യാൻ ആവശ്യപ്പെട്ടാലും മടിയില്ലാത്ത ഒരു മനുഷ്യനായിരുന്നു തോമസ് ലിങ്കൺ. വെള്ളക്കാരായ വല്ല മുതലാളിമാരും തങ്ങളുടെ കീഴുള്ള തെമ്മാടികളായ അടിമകളെപ്പിടിച്ചുനാലാറ പിടയ്ക്കണമെന്നാവശ്യപ്പെട്ടാൽ, അതിനും അദ്ദേഹം തയ്യാറായിരുന്നു. കുറേനാൾ അദ്ദേഹം ഒരു റോഡുസർവ്വേയരായും, പിന്നെ കുറേനാൾ തോക്കും പിടിച്ചു് തടവുകാരുടെ കാവല്ക്കാരനായും നടന്നിരുന്ന കഥയും സ്മരണീയമത്രെ.

തോമസ് ലിങ്കൻെറ പിതാവിൻെറ പേരും അബ്രാഹം ലി

കൻ എന്നുതന്നെയായിരുന്നു. വിദേശങ്ങളിൽനിന്നു് അമേരിക്കയിൽച്ചെന്നു കുടിയേറിപ്പാൎക്കുവാൻ തുടങ്ങിയ വെള്ളക്കാർ അവിടത്തെ ആദിമനിവാസികളായ 'റെഡ്ഇൻഡ്യൻസ്' എന്ന വൎഗ്ഗക്കാരോടു് കഠിനമായിപ്പോരാടേണ്ടിവന്നിരുന്നുവെന്നുള്ള വസ്തുത പ്രസിദ്ധമാണല്ലൊ. തങ്ങളുടെ നാട്ടിൽക്കടന്നു് കുടിയേററം നടത്തിയ വെള്ളക്കാരോടു് ആ ചെന്നിറക്കാൎക്കു് തീൎത്താൽ തീരാത്ത പകയുണ്ടായിരുന്നു. നമ്മുടെ കഥാനായകന്റെ മുത്തച്ഛനായ മേല്പറഞ്ഞ അബ്രാഹം ലിങ്കൺ, 1781-ൽ കെൻടക്കിയിൽച്ചെന്നു് കാട്ടുകൃഷിയ്ക്കൊരുങ്ങിയ കാലത്തും അവിടത്തെ ആദിമനിവാസികളുടെ അമൎഷം അടങ്ങിയിരുന്നില്ല. അദ്ദേഹം ഒരു ദിവസം രാവിലെ തന്റെ ഇളയപുത്രനായ തോമസ് ലിങ്കനേയും കൂട്ടിക്കൊണ്ടു് കാടിനരികേയുള്ള കൃഷിസ്ഥലം പരിശോധിക്കാൻ പോയി. തോമസ് ലിങ്കനു് അന്നു് ആറു വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. "തോമസേ, കളകൾ വളരെയുണ്ടു്; ഇതെല്ലാം പിഴുതുകളയണം."—അച്ഛൻ മകനോടു് പറഞ്ഞു. അവർ അങ്ങനെ സംസാരിച്ചുനില്ക്കുമ്പോൾ, കാട്ടിൽനിന്നു് പെട്ടെന്നു് ഒരു വെടി പൊട്ടി! വയസ്സൻ തൽക്ഷണം നിലംപതിച്ചു! വീണതോടെ മരണവും കഴിഞ്ഞു. കാട്ടിൽനിന്നു് ഒരു 'റെഡ്ഇൻഡ്യൻ' ചാടിവന്നു് കുട്ടിയെ തൂക്കിയെടുത്തു് ഒരോട്ടം! അവൻ കൊച്ചുലിങ്കനേയുംകൊണ്ടു് കാട്ടിലേയ്ക്കു് മറയുവാൻ തുടങ്ങുമ്പോഴെയ്ക്കു് പിന്നിൽനിന്നു് വേറൊരു വെടി! ഘാതകൻ ചോരയിൽ കുളിച്ചു് നിലംപൊത്തിവീണു! അവൻ ലോകത്തിന്റെ പിടിയിൽനിന്നും, കുട്ടി അവന്റെ പിടിയിൽനിന്നും ഉടനടി വേർപിരിഞ്ഞു. കോഴിക്കുഞ്ഞിനെ റാഞ്ചിക്കൊണ്ടുപോകുന്ന പരുന്തിനെ വെടിവെച്ചു വീഴ്ത്തുമ്പോലെയായിരുന്നു ആ പ്രയോഗം.

ഒന്നാണു് നമുക്കറിയേണ്ടതു്.—റെഡ് ഇൻഡ്യന്റെ പിടിയിൽക്കിടന്നിരുന്ന കുട്ടിയുടെ മേൽ ലേശവുമേശാതെ ആ വെടിയുണ്ട കൊള്ളേണ്ടിടത്തുതന്നെ കൊള്ളിച്ച വിരുതൻ ആരായിരുന്നു? തോമസ് ലിങ്കന്റെ മൂത്ത സഹോദരനായ മൊർദിക്കായി,—പ

ന്നുണ്ട വയസ്സുമാത്രം പ്രായമുള്ള ഒരു ബാലൻ! അവനാണു് അകലത്തു നിന്നു് ആ വെടിയുണ്ട കുറിക്കു കൊള്ളിച്ചതു്. വയലിൽ നടക്കുന്ന സംഭവം കുടിലിൽനിന്നു കണ്ട ഉടനെ വേണ്ട നടപടി നടത്താനുള്ള ചുറുക്കും ചങ്കുറപ്പും അവന്നുണ്ടായി. അവൻെറ ഇളയ സഹോദരനായ ജോഷിയാ, അടുത്തുള്ള കോട്ടയിലേയ്ക്കു് ഓടിച്ചെന്നു് അധികാരികളെ വിവരം അറിയിച്ചു് ഉടനടി പട്ടാളത്തെ വരുത്തുകയും ചെയ്തു.

അന്നു റെഡ്ഡ്ഇൻഡ്യൻെറ പിടിയിൽനിന്നു രക്ഷപ്പെട്ട തോമസ് ലിങ്കനാണു് നമ്മുടെ ചരിത്രപുരുഷനായ അബ്രാഹം ലിങ്കൻെറ പിതാവെന്നു് നാം മനസ്സിലാക്കിയല്ലോ. ലിങ്കൺവംശത്തിൻെറ പൂർവ്വചരിത്രം സംബന്ധിച്ചു് ലഭിച്ചിട്ടുള്ള ചില വിവരങ്ങൾ കൂടി ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ: ഈ കുടുംബക്കാർ ഇംഗ്ലണ്ടിൽനിന്നാണു് അമേരിക്കയിലെത്തിയതെന്നു് പറയപ്പെടുന്നു. സാമുവേൽ ലിങ്കൺ എന്നു പേരായ ഒരു പൂർവ്വികൻ 1637-ാമാണ്ടിടയ്ക്കുതന്നെ അമേരിക്കയിലെത്തിയതായിക്കാണുന്നുണ്ടു്. അദ്ദേഹത്തിൻെറ പൗത്രനായിരുന്നു. നമ്മുടെ കഥാനായകൻെറ മുത്തച്ഛൻ,—റെഡ് ഇൻഡ്യൻെറ വെടിയുണ്ടയ്ക്കിരയായ ആ വൃദ്ധൻ. ഏതായാലും, ലിങ്കൺകുടുംബത്തിൻെറ പേരു് ബഹുജനദൃഷ്ടിയിൽപ്പെട്ടതു് നമ്മുടെ ചരിത്രപുരുഷൻെറ ഉയർച്ചയോടുകൂടി മാത്രമായിരുന്നു. അബ്രാഹം ലിങ്കൺ തന്നെ പറഞ്ഞിട്ടുണ്ടു്, "എൻെറ മാതാപിതാക്കൾ രണ്ടുപേരും വിർജീനിയായിൽ, അപ്രസിദ്ധങ്ങളായ—രണ്ടാം തരത്തിൽപ്പെട്ടവ എന്നു ഞാൻ പറയട്ടെ—കുടുംബങ്ങളിലാണു് ജനിച്ചതു്" എന്നു്.

അദ്ധ്യായം - 2

# കുട്ടിക്കാലം

കുടിപ്പള്ളിക്കൂടത്തിൽനിന്നു കിട്ടിയ തുച്ഛമായ അറിവ് വികസിപ്പിക്കുവാൻ അബ്രാഹം ലിങ്കൺ സ്വയം പരിശ്രമിച്ചു. ഗുരുമുഖത്തുനിന്നും ഗ്രന്ഥങ്ങളിൽനിന്നും ലഭിക്കുന്ന അറിവ് വിദ്യാർത്ഥികൾ വേണ്ടവിധം വികസിപ്പിച്ചെങ്കിലേ, അവരുടെ വിദ്യാഭ്യാസം വിജയകരമാവുകയുള്ളു.

അബ്രാഹം ലിങ്കൺ തന്റെ മാതാപിതാക്കളുടെ ദ്വിതീയ സന്താനമായിരുന്നു. ആബെ (Abe) എന്നായിരുന്നു കുട്ടിയുടെ വിളിപ്പേര്. അബ്രാഹം ജനിക്കുന്നതിനു നാലുകൊല്ലം മുമ്പുതന്നെ സാറാ എന്നു പേരായ ഒരു പെൺപൈതൽ പിറന്നിരുന്നു, ആ കുടുംബത്തിൽ. തനിക്ക് ഒരു പിഞ്ചുസഹോദരനെ ലഭിച്ചതിൽ ആ സഹോദരിക്കുണ്ടായ സന്തോഷമൊന്നും പറയാനില്ല. പരിതഃസ്ഥിതികളുടെ പ്രാതികൂല്യമൊന്നും കൂട്ടാക്കാതെ ആ കുട്ടികൾ രണ്ടു പേരും സൈ്വരമായങ്ങനെ വളർന്നു. അവരുടെ പിതാവായ തോമസ് ലിങ്കൺ താമസസ്ഥലം കൂടെക്കൂടെ മാറിമാറി നടക്കുന്ന പ്രകൃതിക്കാരനായിരുന്നു. അബ്രാഹത്തിനു മൂന്നു വയസ്സു കഴിഞ്ഞപ്പോൾ അത്തരത്തിലൊരു സ്ഥലംമാററമുണ്ടായി. ഏഴെട്ടു മൈൽ ദൂരത്ത് നോബ് ക്രീക്ക് (Knob Creek) എന്ന പ്രദേശത്തുള്ള വേറൊരു വനഭൂവിലേയ്ക്കാണ് അവർ താമസം മാററിയത്.

പുതിയ താമസസ്ഥലത്തേയ്ക്കുള്ള യാത്ര കുട്ടികൾക്ക് വിശേഷിച്ചും ഉല്ലാസപ്രദമായിരുന്നു. അടവികളും അരുവികളും ഇടകല

ന്നുള്ള ആ പ്രദേശങ്ങളുടെ പ്രകൃതിസൗന്ദര്യം അവരുടെ പിഞ്ചുഹൃദയങ്ങളിൽ നല്ലവണ്ണം പതിഞ്ഞു. നോബ്ക്രീക്കിലും ലിങ്കൺകുടുംബത്തിന് വിശേഷപ്പെട്ട വീടൊന്നുമുണ്ടാക്കാൻ സാധിച്ചില്ല. കേവലം തീർത്ഥകരേപ്പോലെ ജീവിതയാത്ര നടത്തിയിരുന്ന ആ കുടുംബം, അത്യാവശ്യത്തിനുവേണ്ടി ഒരു ചെറുകുടിൽ അവിടെയും കെട്ടിച്ചമച്ചുവെന്നുമാത്രം. അബ്രാഹവും, സാറായും ബാലികലവികളിൽ മുഴുകി ആ കാനനപ്രദേശത്തു് കഴിച്ചുകൂട്ടി. കാട്ടിൽക്കടന്നു് കായ്കനികൾ ശേഖരിക്കുവാനും, മാതാപിതാക്കളെ സഹായിക്കുവാൻവേണ്ടി വിറകും മരക്കഷണങ്ങളും കൊണ്ടുവരുവാനും, നീർപ്പൊയ്കയിലിറങ്ങി മീൻപിടിക്കാനുമൊക്കെ അവക്കു് വലിയ ഉത്സാഹമായിരുന്നു. കാടും മേടും കയറിനടക്കുമ്പോൾ സഹോദരിയുടെ സംരക്ഷണച്ചുമതല വഹിച്ചിരുന്നതു് സഹോദരനാണു്, — ഒരു നേതാവായിത്തീരുവാനുള്ള തലയെടുപ്പു് കുട്ടിക്കാലംമുതല്ക്കുതന്നെ അബ്രാഹംലിങ്കൺ കുറേശ്ശെ പ്രകാശിപ്പിച്ചുതുടങ്ങിയിരുന്നു.

കാട്ടിൽ കഠിനയത്നം ചെയ്തുകഴിഞ്ഞിരുന്ന തോമസ് ലിങ്കനും ഭാര്യയും തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസംചെയ്യിക്കാൻ വല്ല മാർഗ്ഗവും കണ്ടിരുന്നുവോ? ആ പ്രദേശത്തു് അക്കാലം വിദ്യാലയങ്ങളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ലിങ്കൺകുഞ്ഞുങ്ങളെ അവരുടെ അമ്മതന്നെയാണു് ആദ്യമായി ചില അക്ഷരങ്ങൾ പഠിപ്പിച്ചതെന്നു് പറയപ്പെടുന്നു. നമ്മുടെ കഥാനായകൻ കൈയിൽക്കിട്ടിയ കരിക്കട്ടയും മറവുംകൊണ്ടു് പലകക്കഷണങ്ങളിന്മേൽ എഴുതിയാണു് അക്ഷരമാല ശീലിച്ചതു്. പിതാക്കൾ പറഞ്ഞുകൊടുത്ത ചില ചില കഥകളും ലിങ്കൺകുഞ്ഞുങ്ങളുടെ ആദ്യപാഠങ്ങളിൽ ഉൾപ്പെട്ടു കാണും.

ആ കാട്ടുപ്രദേശങ്ങളിൽ സ്ഥിരമായ പള്ളിക്കൂടങ്ങളുണ്ടായിരുന്നില്ലെങ്കിലും, കുട്ടികളെ പഠിപ്പിക്കാനാവശ്യക്കാരുണ്ടോ എന്നന്വേഷിച്ചു് ചില അദ്ധ്യാപകന്മാർ അവിടങ്ങളിൽ ഇടയ്ക്കിടെ ചുററിത്തിരിയാറുണ്ടായിരുന്നു. ഏതാനും കുട്ടികളെ ഒത്തുകിട്ടി ഒരു പള്ളിക്കൂടം തുറക്കാൻ തരമായാൽ, ഓരോ സ്ഥലത്തും കുറേക്കാലം

താമസിച്ചു പഠിപ്പിക്കാൻ ഒരുങ്ങികൊണ്ടായിരുന്നു ആ കുട്ടരുടെ നടപ്പ്. പക്ഷേ തങ്ങളുടെ കുട്ടികളെ നാലക്ഷരം പഠിപ്പിച്ചേട്ടക്കണമെന്നു താല്പര്യമുള്ള കാരണവന്മാരെ കണ്ടുകിട്ടുക അത്ര എളുപ്പമല്ലായിരുന്നു. വല്ലവരും അക്കാര്യത്തിനുദ്യമിച്ചാൽ അവരെ പരിഹസിക്കുവാൻ അവരുടെ അയൽവാസികൾ ഉത്സുകരായിരുന്നുതാനും. പഠിക്കാൻപോകുന്ന കുട്ടികളെ ഉപദ്രവിക്കുന്നതിനും കച്ചകെട്ടി നടക്കുന്ന മുട്ടാളച്ചെറുക്കന്മാരും കുറവായിരുന്നില്ല.

ഏതായാലും, നോബ്ക്രീക്ക് എന്ന ദിക്കിൽ ഇടക്കാലത്ത് എങ്ങനെയോ ഒരു കുടിപ്പള്ളിക്കൂടം തുറക്കുവാനിടയായി. ലിങ്കൺ കുടുംബത്തിൻെറ താമസസ്ഥലത്തുനിന്നു രണ്ടുമൂന്നു മൈൽ അകലെയായിരുന്നു ആ വിദ്യാലയം. അബ്രാഹത്തിനേയും, സാറായേയും ആ പള്ളിക്കൂടത്തിലേയ്ക്കയക്കണമെന്നു അവരുടെ മാതാപിതാക്കൾ തീർച്ചയാക്കി. ആ പിഞ്ചുകുഞ്ഞുങ്ങൾ കാടും മേടും ചവിട്ടി ദിവസേന അഞ്ചാറു മൈൽ അങ്ങോട്ടുമിങ്ങോട്ടും നടക്കേണ്ടിയിരുന്നതു് കാരണവന്മാക്കു് ഒരു പ്രശ്നമായിത്തോന്നിയില്ല. കുട്ടികൾക്കു് ഒന്നുരണ്ടു ഉടുപ്പുണ്ടാക്കാനും, പുസ്തകം വാങ്ങാനും മാർഗ്ഗമെന്തെന്നുള്ളതായിരുന്നു അവരെ തുറിച്ചുനോക്കിയ വിഷമപ്രശ്നം. ചുരുക്കിപ്പറയാം: നോബ്ക്രീക്കിലെ പുതിയ വിദ്യാലയം തുറന്ന ദിവസംതന്നെ, അങ്ങോട്ടു പോവാൻ ലിങ്കൺകുഞ്ഞുങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. പള്ളിക്കൂടത്തിൽച്ചെന്നാൽ നാണിച്ചിരിക്കാതെ പാഠങ്ങൾ ഉച്ചത്തിൽ ചൊല്ലിക്കൊള്ളണമെന്നൊരു പാഠം പിതാവു് നേരത്തേ പറഞ്ഞുകൊടുത്തിരുന്നു. ഗുരുനാഥനോടും സഹപാഠികളോടും ഉപചാരപൂർവ്വം പെരുമാറണമെന്നാണ് അമ്മ മുഖ്യമായി ഉപദേശിച്ചതു്. അങ്ങനെ ലിങ്കൺകുഞ്ഞുങ്ങൾ ആദ്യമായി വിദ്യാലയത്തിലേയ്ക്കു പുറപ്പെട്ടു. കല്ലും മുള്ളും നിറഞ്ഞ കാട്ടുവഴിയിൽക്കൂടി നഗ്നപാദരായി നടന്നുപോയ ആ കുഞ്ഞുങ്ങളെ കുറെ ദൂരത്തോളം അമ്മ അനുയാനം ചെയ്യുകയുണ്ടായി. വനത്തിൽ ഇടതൂർന്നു നില്ക്കുന്ന വന്മരങ്ങളുടെയിടയിൽ മക്കൾ മറഞ്ഞുപോകുംവരെ ആ തള്ള കണ്ണിമയ്ക്കാതെ അവരെത്തന്നെ നോക്കിക്കൊണ്ടുനിന്നു.

അന്നത്തെ അമേരിക്കൻ കുടിപ്പള്ളിക്കൂടത്തിലേയ്ക്കു് നമുക്കൊന്നെത്തിനോക്കാം. ഒരു ആംഗ്ലേയ ഗ്രന്ഥകാരൻ അവിടത്തെ നടപടികൾ വിവരിച്ചിരിക്കുന്നതു് ഇങ്ങനെയാണ്: "കുട്ടികൾ കൂട്ടംകൂടിയിരുന്നു് അവരവരുടെ പാഠങ്ങൾ ഉച്ചത്തിലങ്ങനെ ചൊല്ലിത്തുടങ്ങും. ചിലർ അക്ഷരമാല ഉരുവിടുമ്പോൾ, മററു ചിലർ പെരുക്കപ്പട്ടിക ചൊല്ലും. കുട്ടികൾ താനേ നടത്തുന്ന ഈ പാഠം കഴിഞ്ഞിട്ടുവേണം, പഠിച്ചതെല്ലാം അദ്ധ്യാപകനെ ചൊല്ലിക്കേൾപ്പിക്കാൻ. ആകപ്പാടെ കുഴപ്പംപിടിച്ച ഒരു ശബ്ദകോലാഹലം തന്നെ. ചിലർ എ-ബി-സി എന്നു ചീറുമ്പോൾ, മററുചിലർ എഴുപത്തു് അറുപത്തിമൂന്നു് എന്നു പെരുക്കിത്തുടങ്ങും. അപ്പോൾ മററു ചിലർ സി-എ-ററി-കേററ്—സി-ഡബിൾ-ഒ-എൻ-ക്കുൺ—എന്നു കൂവുകയായി." — എന്താ, വെള്ളക്കാരൻെറ അന്നത്തെ വിദ്യാലയവും നമ്മുടെ പഴയ കുടിപ്പള്ളിക്കൂടവും ഒന്നുപോലിരിക്കുന്നു, അല്ലേ?

അബ്രാഹം ലിങ്കൺ തൻെറ അഞ്ചാമത്തെ വയസ്സിലാണു് മേല്പറഞ്ഞ കുടിപ്പള്ളിക്കൂടത്തിൽ കാൽവെച്ചതു്. മററു കുട്ടികളെ അപേക്ഷിച്ചു് നമ്മുടെ കഥാനായകൻ പ്രായത്തിൽ പിമ്പനായിരുന്നുവെങ്കിലും പഠനത്തിൽ മുമ്പനായിരുന്നു. ആ കുടിപ്പള്ളിക്കൂടത്തിൽ ഏറെനാൾ പഠിക്കുവാൻ പററിയ വിഷയങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നുള്ളതു് വാസ്തവം; ഉള്ളതു് പിൽക്കാലത്തു് സ്വയം വികസിപ്പിക്കത്തക്ക ശ്രദ്ധയോടുകൂടി പഠിച്ചുവെന്നതാണു് ലിങ്കനെ സംബന്ധിച്ചു പറയുവാനുള്ള വിശേഷം. മേല്പറഞ്ഞ കുടിപ്പള്ളിക്കൂടം ആരംഭിച്ച സെക്കേറിയ റിന്നി എന്ന അദ്ധ്യാപകൻ കുറേ മാസങ്ങൾ കഴിഞ്ഞപ്പോൾ, അവിടത്തെ ജോലി മതിയാക്കി വേറൊരു ദിക്കിലേയ്ക്കു തിരിഞ്ഞു,— കാടും കുടിലും മാത്രം ശരണമാക്കിക്കൊണ്ടു് കുട്ടികളും പിരിഞ്ഞു.

നാളുകൾ കുറേയങ്ങനെ കടന്നുകഴിഞ്ഞപ്പോൾ, കാലേബ് ഹേയ്സൽ എന്നു പേരായ മറെറാരദ്ധ്യാപകൻ ചുററിത്തിരിഞ്ഞു് അവിടെയെത്തി. പൂട്ടിക്കിടന്നിരുന്ന പള്ളിക്കൂടം അദ്ദേഹം

രണ്ടും കല്പിച്ചങ്ങു തുറന്നു. പക്ഷേ, ഏട്ടകെട്ടിട്ടപ്പോയ കുട്ടികളില ധികമാരും മടങ്ങിച്ചെന്നില്ല; അബ്രാഹം ലിങ്കൺ മുതലായി ചുരു ക്കം ചിലർ മാത്രമേ പഠനം തുടരുവാനുണ്ടായുള്ളു. പുതിയ അദ്ധ്യാ പകൻ കുറേ ആഴ്ചവട്ടങ്ങൾക്കകംതന്നെ മനംമടുത്ത് ആ പ്രദേശ ത്തോടു യാത്രപറഞ്ഞു പിരിയേണ്ടിവന്നു. പിന്നെ വളരെക്കാലത്തേ യ്ക്കു് അദ്ധ്യാപകരാരും അങ്ങോട്ടെത്തിനോക്കാൻ ധൈര്യപ്പെട്ട തുമില്ല. വിദ്യാലയം പൂട്ടിയതോടെ മററു കുട്ടികൾ പഠിച്ചതെല്ലാം വിസ്മൃതിയിൽ തള്ളിയെങ്കിലും, അബ്രാഹം ലിങ്കൺ കിട്ടിയ അ റിവു് വികസിപ്പിക്കുവാൻ സ്വയം പരിശ്രമിച്ചുകൊണ്ടേയിരുന്നു. പള്ളിക്കൂടത്തിൽനിന്നു ലഭിക്കുന്ന അറിവു് തന്നെത്താൻ വികസി പ്പിക്കുന്നതാണല്ലോ, ഒരു വിദ്യാർത്ഥിയുടെ ഭാവിവിജയത്തിന്നു നിദാ നമായിത്തീരുക.

അദ്ധ്യായം - 3

# അമ്മയുടെ മരണം

"എനിക്കുള്ളതും ഉണ്ടാകാനിരിക്കുന്നതുമായ സമസ്ത ഗുണത്തിനും ഞാൻ കടപ്പെട്ടിരിക്കുന്നത് എൻെറ അമ്മയോടാകുന്നു."— അബ്രഹാം ലിങ്കൻെറ കൃതജ്ഞതാപ്രകാശനം.

ലിങ്കൺ കുടുംബത്തിന് നോബ് ക്രീക്കിലുണ്ടായിരുന്ന ഭൂമിയുടെ ഉടമാവകാശത്തെക്കുറിച്ച് ചില അയൽവാസികൾ ഇടയ്ക്കിടെ ചോദ്യം ചെയ്യാറുണ്ടായിരുന്നു. അത്തരം അവകാശത്തർക്കങ്ങൾ അക്കാലത്ത് സാധാരണമായിരുന്നതിനാൽ, തോമസ് ലിങ്കന് അമ്പേ ഭയമായിത്തുടങ്ങി. വല്ല വ്യവഹാരത്തിനും ഇടവരുംമുമ്പ് ആ സ്ഥലം കിട്ടുന്ന വിലയ്ക്കു വിററു പമ്പകടക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അല്ലെങ്കിൽത്തന്നെ, 'തോളിന്മേൽ പുരയുമായി' നടക്കാനായിരുന്നല്ലൊ മൂപ്പർക്ക് താല്പര്യം. ഇൻഡ്യാന (Indiana) എന്ന പ്രദേശത്ത് ഓഹിയോനദിക്കക്കരെ കൃഷിക്കു പററിയ സ്ഥലങ്ങൾ നിസ്സാരവിലയ്ക്കു കിട്ടുമെന്ന് ആരോ പറഞ്ഞുകേട്ടപ്പോൾ, തോമസ് ലിങ്കൺ തൻെറ കൈവശമുണ്ടായിരുന്ന ഭൂമി ബദ്ധപ്പെട്ടു വില്ക്കുകയായി. കുറെ പണവും, കുറെ വിസ്കിയുമായിട്ടാണ് ഭൂമിയുടെ തീറവില കണക്കുതീർത്തുകിട്ടിയത്. വിസ്കി, പുകയില മുതലായവ അന്ന് പണത്തിനുപകരം കൈമാററംചെയ്യുക പതിവായിരുന്നു.

തോമസ് ലിങ്കൺ ഒരു ചെറിയ വലിബോട്ടു നിർമ്മിച്ച് അതിൽ കുറെ വിസ്കിപ്പീപ്പകളും കയററി, പുതിയ സ്ഥലത്തേയ്ക്കു് ആദ്യം തനിച്ചുതന്നെ ഒരു യാത്ര നടത്തി; വല്ലാതെ കഷ്ടപ്പെട്ട് ഒരു കണക്കിനു നിട്ടിഷ്ടുദിക്കിലെത്തിയെന്നേ പറയേണ്ടു. ചെന്ന പാ

ടെ, കൈവശമുണ്ടായിരുന്ന വിസ്കിവാങ്ങുവാൻ അദ്ദേഹം ഒരാളെ കണ്ടുപിടിച്ചു. ആ മനുഷ്യൻെറ സഹായത്താൽ, കൃഷിക്കുപററിയ 'പുതുവൽ' കണ്ടെത്താനും തോമസ് ലിങ്കന് വലിയ പ്രയാസമുണ്ടായില്ല. അവിടമെല്ലാം ചുററിനടന്നുനോക്കിയതിൽ, പീജിയൻ ക്രീക്ക് (Pigeon Creek) എന്നൊരു പ്രദേശമാണ് അദ്ദേഹത്തിന് ഏററവും പിടിച്ചതു്. സ്ഥലം പതിച്ചുകൊടുക്കുന്ന ഗവമ്മെണ്ടാപ്പീസിലെത്താൻ തോമസ് ലിങ്കൻ എഴുപതു മൈൽ നടക്കേണ്ടിവന്നുപോലും. കൈവശമുണ്ടായിരുന്ന പണത്തിന് കിട്ടാവുന്നത്ര ഭൂമി അദ്ദേഹം പതിച്ചുവാങ്ങി.

തോമസ് ലിങ്കൺ നോബ് ക്രീക്കിൽ തിരിച്ചെത്തേണ്ട താമസം, അദ്ദേഹത്തിൻെറ കുടുംബം 'കെട്ടുംകിടയു'മായി പുതിയ സ്ഥലത്തേയ്ക്കു പുറപ്പെട്ടു. 1816-ൽ ഈ സ്ഥലംമാററം നടക്കുമ്പോൾ, അബ്രാഹം ലിങ്കന് ഏഴു വയസ്സു നടപ്പായിരുന്നു. കുട്ടികൾ യാത്രയുടെ ക്ലേശമറിഞ്ഞില്ലെങ്കിലും, ക്ഷീണഗാത്രയായ മിസ്സിസ് ലിങ്കൺ വല്ലാതെ കുഴങ്ങിയാണ് പുതിയ സ്ഥലത്തെത്തിയതു്. അവിടെ ആ പാവപ്പെട്ട കുടുംബത്തിന് തലചായിക്കാൻ യാതൊരു സങ്കേതവും ഉണ്ടായിരുന്നില്ല. അപരിചിതമായ ആ കാനനപ്രദേശത്തു് ആകാശമാകുന്ന മേല്പുരയുടെ കീഴിൽ അവരങ്ങനെ പെന്നു പാപ്പായെന്നുമാത്രം. മഴക്കാലം അടുത്തിരുന്നതിനാൽ, ഒരു കുടിൽ വെച്ചുകെട്ടുവാൻ ആ കുടുംബം ബദ്ധപ്പെട്ടുകയായി. കുറെ മുളകൾ നാട്ടി, മരക്കമ്പുകളും ഇലകളുംകൊണ്ടു് അടിയും മുകളുംമറച്ചു് അവർ ഒരു കുടിൽ നിമ്മിച്ചു; അതിൻെറ ഒരു ഭാഗം മുഴുവൻ തുറന്നു കിടന്നിരുന്നതിനാൽ വിശേഷാലൊരു വാതിലിൻെറ ആവശ്യം ഉണ്ടായിരുന്നുമില്ല!

മഴക്കാലവും അതിൻെറ ശല്യങ്ങളും കഴിഞ്ഞശേഷം പുതിയ ഒരു കുടിൽ നിമ്മിക്കുവാനുണ്ടായ ഉദ്യമത്തിൽ, നമ്മുടെ കഥാനായകനായ അബ്രാഹംലിങ്കനും നല്ലൊരു പങ്കു വഹിച്ചതായികാണുന്നുണ്ടു്. കോടാലിയെടുത്തു് മരം മുറിക്കാനും, കൈക്കോട്ടുകൊണ്ടു് നിലം കിളയ്ക്കാനും കുട്ടി അപ്പോഴെയ്ക്കു് പരിശീലിച്ചുതുടങ്ങി

യിരുന്നു. പിതാവിനെ സഹായിക്കാനാണ് ബാലൻ പണിക്കോപ്പുകഠം എടുത്തുതുടങ്ങിയതെങ്കിലും, ആ പ്രവൃത്തി കുട്ടിയുടെ ആരോഗ്യത്തിനും വളരെ പ്രയോജനപ്പെടുകയുണ്ടായി. കോടാലിയും കൈക്കോട്ടുമാണ് നമ്മുടെ കഥാനായകന് അസാമാന്യമായ കായദാർഢ്യം നേടിക്കൊടുത്തതെന്നു് നിസ്സംശയം പറയാം. മാൻതോൽകൊണ്ടുള്ള കാലുറകഠം ധരിച്ച് കോടാലിയുമെടുത്ത് കാട്ടിലേയ്ക്കിറങ്ങി മരങ്ങളങ്ങു തെരുതെരെ മുറിച്ചിടാൻ ലിങ്കൺ കാണിച്ചിരുന്ന ചാതുര്യം, ആ തൊഴിലിൽ നല്ല തഴക്കമുള്ളവരേപ്പോലും അത്ഭുതപ്പെടുത്തിയിരുന്നുവത്രെ. ജോലി ചെയ്തു ക്ഷീണിക്കുമ്പോഠം ബാലനായ ലിങ്കൺ കോടാലിക്കൈയിന്മേൽ തല ചായിച്ചിരുന്നു് വിശ്രമിക്കാറുണ്ടായിരുന്നു; അങ്ങനെ കുറേനേരം വിശ്രമിച്ച് ക്ഷീണം തെല്ലൊന്നു മാററിയാൽ, പിന്നെയും ജോലി തുടരുകയായി. ബാലനായ അബ്രാഹം ലിങ്കനെ ആ നിലയിൽ കണ്ടിട്ടുള്ളവർ അദ്ദേഹം ഒരു വിറകുവെട്ടിയായി വളന്നു് അതേ ജോലിയിൽത്തന്നെ ജീവിതം കഴിച്ചുകൂട്ടുമെന്നു് കരുതിയിട്ടുണ്ടാവാം. പക്ഷേ, കോടാലിയേന്തുവാൻ അമാന്തിരിക്കാതിരുന്ന ആ കുട്ടി തരം കിട്ടുമ്പോഴെല്ലാം പുസ്തകങ്ങളിലും ഉത്സാഹപൂർവ്വം ശ്രദ്ധ പതിപ്പിച്ചിരുന്നുവെന്നു് നാം മനസ്സിലാക്കണം. തൻെറ ഭാവിവിജയത്തിനുപകരിക്കുന്ന വിജ്ഞാനസമ്പാദനത്തിൽ കഥാനായകൻ എത്രമാത്രം നിഷ്ണാതനായിരുന്നുവെന്നു് വഴിയേ വ്യക്തമാകും.

നോബ് ക്രീക്കിലെ ആ കുടിപ്പള്ളിക്കൂടം പൂട്ടപ്പെട്ടശേഷം, അബ്രാഹംലിങ്കനും സാറായ്ക്കും വിദ്യാലയജീവിതത്തിനു് യാതൊരു സൗകര്യവും ലഭിച്ചിരുന്നില്ല. മക്കളുടെ വിദ്യാഭ്യാസം അങ്ങനെ മുടങ്ങിപ്പോയതിൽ പിതാവിനു് പറയത്തക്ക മനശ്ശല്യമുണ്ടായില്ലെങ്കിലും, അമ്മയ്ക്കു് അക്കാര്യത്തിൽ കലശലായ കുണ്ഠിതമുണ്ടായിരുന്നു. പുതിയ വാസസ്ഥലത്തും കുട്ടികളുടെ വിദ്യാഭ്യാസത്തിനു് കാര്യമായ സൗകര്യമൊന്നും ഇല്ലെന്നു കണ്ടപ്പോഠം ആ സാധ്വി തന്നിക്കു സാധിക്കുന്നതെല്ലാം മക്കളെ സ്വയം പഠിപ്പിക്കുവാൻ പൂർവ്വാധികം ഉത്സാഹിക്കുകയായി. ബൈബിളിൽനിന്നുള്ള സാന്മാർഗ്ഗിക

പാഠങ്ങളേയും മഹാന്മാരുടെ ജീവചരിത്രങ്ങളേയും അടിസ്ഥാനമാക്കി, അവരം തന്നാലാകുംമട്ടിൽ കുട്ടികാംക്കു് പല പ്രബോധനങ്ങളും നല്കിക്കൊണ്ടിരുന്നു. സത്യം, സ്നേഹം, നീതി, സദാചാരം സേവനചൈതന്യം എന്നീ ഗുണങ്ങളിൽ മക്കളുടെ ജീവിതം അടിയുറപ്പിക്കാനായിരുന്നു ആ തള്ളയുടെ ഉദ്യമം. അബ്രാഹം ലിങ്കൺ തന്നെ പില്ക്കാലത്തു് തൻെറ അമ്മയേക്കുറിച്ചു പറഞ്ഞിട്ടുള്ള ഒരു വാക്യം ഇവിടെ സ്മരണീയമാണു്: "എനിക്കുള്ളതും ഉണ്ടാകാനിരിക്കുന്നതുമായ സമസ്ത ഗുണത്തിനും ഞാൻ കടപ്പെട്ടിരിക്കുന്നതു് എൻെറ അമ്മയോടാകുന്നു."—എത്ര ആത്മാത്ഥമായ കൃതജ്ഞതാപ്രകാശനം!

അമ്മയുടെ ശിക്ഷണം നീണ്ടു ലഭിക്കുവാനുള്ള യോഗം ആ കുട്ടികാംക്കുണ്ടായില്ല. ജീവിതക്ലേശങ്ങാംകൊണ്ടു് മിസ്സിസ് ലിങ്കൺ അനുക്ഷണം അനാരോഗ്യത്തിലേയ്ക്കു് നിപതിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെയിരിക്കെ, 'കുനിന്മേൽകുരു' വെന്നാണം ഒരു സംഭവമുണ്ടായി. 'ക്ഷീരരോഗം' (Milk sick) എന്നു പറയപ്പെടുന്ന ഭയങ്കരമായ ഒരു പകച്ചവ്യാധി അക്കാലം ആ പ്രദേശങ്ങളിൽ നടപ്പുണ്ടായിരുന്നു. പശുക്കരം തിന്നുന്ന വിഷമയമായ ഏതോ ഒരു സസ്യത്തിൽനിന്നുത്ഭവിച്ചു്, പശുക്കളുടെ പാലിൽക്കൂടിയാണത്രെ ആ രോഗം മനുഷ്യരിലേയ്ക്കു് പകന്നിരുന്നതു്. പ്രസ്തുത രോഗം ബാധിച്ച ഒരു സ്ത്രീയെ ശുശ്രൂഷിക്കാനായി അയൽപ്രദേശത്തുള്ള ഒരു വീട്ടിലേയ്ക്കു പോയിരുന്ന മിസ്സിസ് ലിങ്കൺ സ്വഗൃഹത്തിൽ തിരിച്ചെത്തിയതു്, ആ പകച്ചവ്യാധിയുടെ പങ്കം വഹിച്ചുകൊണ്ടായിരുന്നു! വൈദ്യശാസ്ത്രത്തിനും പിടികിട്ടാതിരുന്ന ആ ദീനത്തിൻെറ പിടിയിൽനിന്നു് അവരം രക്ഷപ്പെടുന്ന ലക്ഷണം കണ്ടില്ല. തങ്ങളുടെ കുടിലിന്നരികേയിരുന്നു് ഒരു പട്ടി രാത്രികാലത്തു് ശക്തിയായി ഓലിയിടുന്നതു് കേട്ടപ്പോരംതന്നെ തോമസ് ലിങ്കൺ തീച്ചയാക്കി, തൻെറ ഭാര്യ മരിക്കുവാൻ പോകയാണെന്നു്!

രോഗം തുടങ്ങിയിട്ടു് ഏഴാം ദിവസം, 1818 ഒക്ടോബർ

5-ാംനു-, മിസ്സിസ് ലിങ്കന്റെ പ്രാണൻ സ്വന്തം ജഡത്തിൽനിന്നും ആ കുടിലിൽനിന്നും പിടഞ്ഞു് പുറത്തേയ്ക്കുപോയി. ചില പലകക്കഷ്ണങ്ങൾ തട്ടിക്കൂട്ടിയുണ്ടാക്കിയ ഒരു പെട്ടിയിൽ ആ മൃതശരീരം ഉടനെതന്നെ നിക്ഷേപിച്ചു്, തോമസ് ലിങ്കനും മക്കളും കൂടി അതു് അവിടെയെങ്ങോ അനാഡംബരമായി സംസ്കരിച്ചു. അബ്രഹാം ലിങ്കൺ അമേരിക്കൻപ്രസിഡണ്ടായശേഷമാണു് ആ തള്ള മരിച്ചിരുന്നതെങ്കിൽ എന്തെല്ലാമായിരുന്നേനെ സംസ്കാരത്തിനുള്ള സജ്ജീകരണങ്ങൾ! മകന്റെ ഭാസുരമായ ഭാവിയെ ദർശിക്കുവാൻ അമ്മയ്ക്കു് സാധിച്ചില്ലെങ്കിലും, അങ്ങനെയൊരു ഭാവിയ്ക്കുപകരിക്കുന്ന ചില ഗുണങ്ങൾ മകനു് പ്രദാനം ചെയ്തുകൊണ്ടാണു് താൻ മൺമറഞ്ഞതെന്നുള്ള കൃതാർത്ഥതയ്ക്കു് തീർച്ചയായും അവർക്കവകാശമുണ്ടായിരുന്നു.

അമ്മയുടെ വേർപാടു് അബ്രഹാം ലിങ്കന്റെ ഉള്ളിൽ നല്ലവണ്ണം തട്ടി; മാതൃഭക്തിയുടെ വികാരങ്ങൾ ആ ബാലന്റെ മനസ്സിൽ രാവും പകലും അലതല്ലിക്കൊണ്ടിരുന്നു. ഒരു വൈദികനെ കണ്ടുകിട്ടിയെങ്കിൽ, അമ്മയുടെ ശവകുടീരത്തിങ്കൽ മതാചാരപ്രകാരമുള്ള ചില കർമ്മങ്ങൾ ചെയ്യിക്കാമായിരുന്നുവെന്നു് ലിങ്കൺ ആശിച്ചു. പക്ഷേ, അതു് അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. വൈദികന്മാരുടെ വരവും പോക്കും ആ വഴിക്കു് വളരെ ചുരുക്കമായിരുന്നു. അകലെയൊരു ദിക്കിൽ ഒരു വൈദികൻ വരാനിടയുണ്ടെന്നു കേട്ടപ്പോൾ, അദ്ദേഹത്തിനു് അയച്ചുകൊടുക്കാനായി ബാലനായ അബ്രഹാം വളരെ പണിപ്പെട്ടു് ഒരു കത്തെഴുതിയുണ്ടാക്കി. കത്തു് തയ്യാറാക്കിയതിനേക്കാൾ ക്ലേശിക്കേണ്ടിവന്നു, അതു് നിർദ്ദിഷ്ടസ്ഥാനത്തെത്തിച്ചുകൊടുക്കുവാൻ. ഒരു സ്ഥലത്തുനിന്നു് മറ്റൊരുസ്ഥലത്തേയ്ക്കു് ആൾവഴി കൈമാറിമാറി പല പ്രദേശങ്ങളും കടന്നിട്ടാണു് ആ കായിതം അതിന്റെ ലക്ഷ്യത്തിലെത്തിച്ചേർന്നതു്. ഏതായാലും, ഉദ്യമം ഫലിച്ചു. മാതൃഭക്തനായ ആ ബാലന്റെ അഭ്യർത്ഥന സ്വീകരിച്ചു് വൈദികൻ ചെന്നു് മിസ്സിസ് ലിങ്കന്റെ കുടീരത്തിങ്കൽ ചില മതകർമ്മങ്ങൾ നിർവ്വഹി

ച്ചു മടങ്ങി. കുട്ടിക്കുണ്ടായ കൃതാർത്ഥത പറയാനുണ്ടോ? പത്തു വയസ്സു മാത്രം പ്രായമുള്ള ഒരു ബാലനു് അന്നു നടത്താനാകുന്ന കാര്യമല്ല, കൊച്ചുലിങ്കൺ സാധിച്ചതു്. കഥാനായകന്റെ മാതൃഭക്തിക്കും മതനിഷ്ഠയ്ക്കും മഹത്തായ ഒരു തെളിവത്രെ ആ പ്രവൃത്തി.

KOTTAYAM PUBLIC LIBRARY
133792
KOTTAYAM

അദ്ധ്യായം - 4

# 'രണ്ടാം കുടിത്തള്ള'

ഫീസു കൊടുക്കുവാൻ പണമില്ലെന്നു് പിതാവു് ഒഴികഴിവു പറഞ്ഞപ്പോൾ, താൻ കോഴിമുട്ട വിററു് കുട്ടിയുടെ ഫീസിനു വകയുണ്ടാക്കിക്കൊള്ളാമെന്നു് ഇളയമ്മയുടെ മറുപടി.

ഗൃഹനായിക നഷ്ടപ്പെട്ടുപോയ ആ കുടുംബം പിന്നെ എങ്ങനെയാണു് കഴിഞ്ഞുകൂടിയതു്? സാറാ ഒരു മട്ടിൽ വീട്ടുകാര്യങ്ങൾ നോക്കിത്തുടങ്ങി ഭക്ഷണം പാകംചെയ്യാനും, വീടു വൃത്തിയാക്കുവാനും, പിതാവിൻേറയും സഹോദരൻേറയും സുഖസൗകര്യങ്ങളന്വേഷിക്കുവാനും അവൾ ആവുന്നതു ശ്രദ്ധിച്ചു. പക്ഷേ ഒരു ബാലികയുടെ കരങ്ങൾക്കു തന്നെ താങ്ങാവുന്നതായിരുന്നില്ല, ആ കുടുംബത്തിൻെറ ഭാരം. മിസ്സിസ് ലിങ്കൻെറ ചാര്‍ച്ചക്കാരിൽ ചിലർ അടുത്തൊരു പ്രദേശത്തു് കുടിപ്പാർപ്പു തുടങ്ങിയിരുന്നുവെങ്കിലും, അവർക്കും ലിങ്കൺകുഞ്ഞുങ്ങളുടെ കാര്യം വേണ്ടപോലെ അന്വേഷിക്കാൻ കഴിഞ്ഞില്ല; ആ കൂട്ടത്തിൽപ്പെട്ട ഡെന്നിസ്ഹാങ്ക്സ് എന്നു പേരായ ഒരു പയ്യൻ ഇടയ്ക്കിടെ ചെന്നു് കുശലമന്വേഷിച്ചിരുന്നുവെന്നുമാത്രം.

വീടും പരിസരങ്ങളും വൃത്തിയാക്കിവെയ്ക്കാൻ സാറാ പഠിച്ച പണിയെല്ലാം നോക്കിയിട്ടും ഫലിച്ചില്ല. കുളിക്കാനും വസ്ത്രങ്ങൾ അലക്കാനുമൊക്കെയായിട്ടു് മിസ്സിസ് ലിങ്കൺ കാരംകൊണ്ടു് ഒരുതരം സോപ്പുണ്ടാക്കിവെച്ചിരുന്നതു് തീർന്നപ്പോൾ, കുട്ടികൾക്കു് കൈകാലുകൾ വൃത്തിയാക്കാൻപോലും പ്രയാസമായി. തോമസ് ലിങ്കൺ മിക്ക സമയവും വേട്ടയാടിയും, കൃഷിപ്പണിക്കു് വട്ടംകൂട്ടിയും കഴിച്ചുകൂട്ടുകയായിരുന്നു പതിവു്. അതിനാൽ വീട്ടു

കാര്യങ്ങളധികവും കുട്ടികളുടെ ചുമലിൽത്തന്നെ പതിച്ചു. കൊല്ലം ഒന്നങ്ങനെ കഴിഞ്ഞു. ഒരു ദിവസം തോമസ് ലിങ്കൺ തൻെറ തോക്കും സഞ്ചിയുമെടുത്തു് ബദ്ധപ്പെട്ടിറങ്ങിയപ്പോറം കുട്ടികളോടു പറഞ്ഞു, താൻ കുറേ ദിവസം കഴിഞ്ഞിട്ടേ മടങ്ങിയെത്തുകയുള്ളുവെന്നു്. കാട്ടിൻനടുവിൽ ആ കുട്ടികളെ വിട്ടുംവെച്ചു് എങ്ങോട്ടായിരുന്നുവോ മൂപ്പരുടെ പുറപ്പാടു്? ആഴ്ചകറം രണ്ടു മൂന്നു കഴിഞ്ഞിട്ടും തോമസ് ലിങ്കൺ മടങ്ങിച്ചെന്നില്ല; സാറായ്ക്കും അബ്രാഹത്തിനും പരിഭ്രമമായി. ഡെന്നിസ് ഹാങ്ക്സ് കുറേശ്ശേ വേട്ടമാംസം കൊണ്ടുകൊടുത്തിരുന്നതിനാൽ, ആ കുഞ്ഞുങ്ങറം തീരെ പട്ടിണിയാവാതെ കഴിഞ്ഞുവെന്നു പറയാം. തോക്കെടുത്തു പെരുമാറാൻ അബ്രാഹം ലിങ്കനു് അല്പം പരിചയമുണ്ടായിരുന്നുവെങ്കിലും, ജീവികളെ കൊല്ലുന്ന കാര്യത്തിൽ വൈമനസ്യമായിരുന്നു.

അമ്മയില്ലാത്ത ആ കുട്ടികളെ ഉപേക്ഷിച്ചു് കുടുംബത്തലവൻ കടന്നുകളഞ്ഞതായിരിക്കുമോ?—അല്ല. അത്രയ്ക്കു് ഹൃദയശൂന്യനായിരുന്നില്ല ആ മനുഷ്യൻ. കുട്ടികറം ഒട്ടുംതന്നെ ഓക്കാതിരുന്ന ഒരു ദിവസം അച്ഛൻ മടങ്ങിയെത്തി. പോയതുപോലെയല്ലായിരുന്നു വരവു്. നാലു കുതിരകളെ പൂട്ടിയ ഒരു വണ്ടിയിൽ ചില ആളുകളും സാമാനങ്ങളുമൊക്കെയായിട്ടാണു് തിരിച്ചെത്തിയതു്! വണ്ടിയിൽനിന്നു് ഒരു സ്ത്രീയും മൂന്നു കുട്ടികളും പുറത്തേയ്ക്കിറങ്ങിയപ്പോറം ലിങ്കൺകുഞ്ഞുങ്ങറം വല്ലാതെ പരിഭ്രമിച്ചു. പക്ഷേ, ആ സ്ത്രീ നല്ല വകതിരിവും മനുഷ്യത്വവുമുള്ള കൂട്ടത്തിലായിരുന്നു. അവറം അബ്രാഹംലിങ്കനേയും സാറായേയും വാത്സല്യപൂർവ്വം ചുംബിച്ചു് തലോടിയതോടെ കുട്ടികളുടെ അമ്പരപ്പു് അല്പം ശമിച്ചു. "കുഞ്ഞുങ്ങളേ, ഞാൻ നിങ്ങറക്കു് ഒരു അമ്മയെ കൊണ്ടുവന്നിരിക്കുന്നു" എന്നു പറഞ്ഞു് അച്ഛൻ സംഗതി തെല്ലൊന്നു വെളിപ്പെടുത്തുകയും ചെയ്തു.

ശരി; ആ ഗൃഹനായകൻ ഒരു ഗൃഹനായികയെത്തേടിപ്പോയിരിക്കയായിരുന്നു. പണ്ടു് കെൻടക്കിയിൽ താമസിച്ചിരുന്ന കാലത്തു് സാറാ ബുഷ് എന്നു പേരായ ഒരു സ്ത്രീയേയാണു് വിവാ

ഹം ചെയ്യാൻ തോമസ് ലിങ്കൺ ആഗ്രഹിച്ചിരുന്നതു്. അവരം അതിനു് വഴിപ്പെടാതെ, ജോൺസ്റ്റൺ എന്നു പേരായ ഒരാളെ വരനായി സ്വീകരിച്ചു. ആ വിവാഹത്തിൽ അവക്കു് മൂന്നു കുട്ടികളുണ്ടായി—ജോൺ, സാറാ, മെററിൽഡാ എന്നിങ്ങനെ ഒരാൺകുട്ടിയും രണ്ടു പെൺകുട്ടികളും. ആ കുഞ്ഞുങ്ങളുടെ അച്ഛൻ പെട്ടെന്നു് മരിച്ചുപോയതിനാൽ കുടുംബം അനാഥമായിത്തീൎന്നു. വിധിവിലാസമെന്നേ പറയേണ്ടു, തോമസ് ലിങ്കൻെറ ഭാൎയ്യയുടെ മരണവും മേല്പറഞ്ഞ സ്ത്രീയുടെ ഭൎത്താവിൻെറ മരണവും ഏതാണ്ടു് ഒരേ ഘട്ടത്തിലായിരുന്നു.

ആ വിധവയെ കണ്ടു് വിവാഹാലോചന നടത്താനാണു് തോമസ് ലിങ്കൺ പോയിരുന്നതു്. ചെന്ന പാടേ, അദ്ദേഹം തൻെറ ഇംഗിതം തുറന്നു പറഞ്ഞു. സ്വന്തം കുട്ടികളെ കാട്ടിലിട്ടുംവെച്ചു് ചെന്നിരിക്കുന്ന ആ വിവാഹാൎത്ഥിയുടെ ബദ്ധപ്പാടു് മിസ്സിസ് ജോൺസ്റ്റൺ അനുകമ്പാപൂൎവ്വം മനസ്സിലാക്കി. തോമസ് ലിങ്കനെ വിവാഹം ചെയ്തു് അദ്ദേഹത്തിൻെറകൂടെ പുറപ്പെടുവാൻ ആ വിധവയ്ക്കു് ഒരു പ്രതിബന്ധമേ ഉണ്ടായിരുന്നുള്ളു. മരിച്ചുപോയ ഭൎത്താവു് വരുത്തിക്കൂട്ടിയിരുന്ന സ്വല്പം ഋണബാദ്ധ്യത തീൎക്കാതെ അവൾക്കു് സ്ഥലം വിടുവാൻ നിൎവ്വാഹമില്ലായിരുന്നു. തോമസ് ലിങ്കൺ ഒട്ടും അമാന്തിക്കാതെ ആ കടമങ്ങു വീട്ടി, വിവാഹം ത്വരിതപ്പെടുത്തി. 1819 ഡിസമ്പർ 2-ാംനു- വിവാഹം നടന്നു. അതു കഴിഞ്ഞ ഉടനെ ആ കുടുംബം തട്ടുമുട്ടുസാമാനങ്ങളെല്ലാം കെട്ടിപ്പെറുക്കിയെടുത്തു് തോമസ് ലിങ്കൻെറ വസതിയിലെത്തിച്ചേൎന്ന കാഴ്ചയാണു് നാം കണ്ടതു്.

'പത്തമ്മ ചമഞ്ഞാലും പെററമ്മയാവില്ല' എന്നൊരു ചൊല്ലുണ്ടു്. ആദ്യവിവാഹത്തിലെ കുഞ്ഞുങ്ങളെ കണ്ണുനീർ കുടിപ്പിക്കുന്ന 'രണ്ടാം കുടിത്തള്ളമാർ' ഒട്ടും കുറവല്ലതാനും. ഭാഗ്യവശാൽ, തോമസ് ലിങ്കൺ വിവാഹംചെയ്തുകൊണ്ടുവന്ന സ്ത്രീ ആ കൂട്ടത്തിലായിരുന്നില്ല. പെററമ്മ നഷ്ടപ്പെട്ടുപോയ ലിങ്കൺകുഞ്ഞുങ്ങൾക്കു് ഒരു പോററമ്മയായിത്തീരാൻ പോരുന്നവളായിരുന്നു ആ സാ

ധി. സ്നേഹവും, പ്രസന്നതയും, നല്ല തന്റേടവും തികഞ്ഞ ഒരു തള്ള! അവർ കൊണ്ടുവന്ന വീട്ടുസാമാനങ്ങൾ നിരത്തിയിട്ടപ്പോൾത്തന്നെ ലിങ്കൺകുടുംബത്തിനു് ഒരലങ്കാരമായി. മേശയും കസേരകളും ആ കുടിലിൽ സ്ഥലം പിടിച്ചതു് അപ്പോൾ ആദ്യമായിട്ടായിരുന്നിരിക്കണം. ഇളയമ്മ കൊണ്ടുവന്ന സാധനങ്ങളുടെ കൂട്ടത്തിൽ ചില പുസ്തകങ്ങൾകൂടിയുണ്ടെന്നു കണ്ടപ്പോൾ, വായനപ്രിയനായ അബ്രാഹം ലിങ്കനുണ്ടായ സന്തോഷമൊന്നും പറയാനില്ല. ഒരു പുതിയ ഉടുപ്പു കിട്ടിയപ്പോൾ സാറായ്ക്കും വലിയ കാര്യമായി. വീടും പരിസരങ്ങളുമെല്ലാം അടിച്ചുതെളിച്ചു വൃത്തിയാക്കുന്നതിനും, കുട്ടികളുടെ പ്രാകൃതവേഷവും മാന്ദ്യവുമെല്ലാം മാററി അവരെ പ്രസന്നരാക്കുന്നതിനും ആ 'രണ്ടാംകുടിത്തള്ള' കൊണ്ടുപിടിച്ചുത്സാഹിച്ചു. തോമസ് ലിങ്കന്റെ പുനർവ്വിവാഹം, ഒന്നാലോചിച്ചാൽ, നന്നായി.

അബ്രാഹം ലിങ്കന്റെ ബുദ്ധിസാമർത്ഥ്യം മനസ്സിലാക്കിയ ഇളയമ്മ ആ കുട്ടിക്കു് കുറേക്കൂടി വിദ്യാഭ്യാസം നല്കാനുള്ള മാർഗ്ഗമെന്തെന്നു് ചിന്തിച്ചുതുടങ്ങി. മരം മുറിക്കുകയും കൃഷിപ്പണി നടത്തുകയും ചെയ്യുന്നതിനിടയ്ക്കുപോലും പുസ്തകങ്ങൾ വായിക്കാനും, ചോളച്ചെടികളേയും മററും ശ്രോതാക്കളായി സങ്കല്പിച്ചുകൊണ്ടു് ചില പ്രസംഗങ്ങൾ തട്ടിവിടുവാനും ആ ബാലൻ കാണിച്ചിരുന്ന ഉത്സാഹം അവർ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒരു പുസ്തകം കൈയിൽ കിട്ടിയാൽ അതിന്റെ കഴമ്പെല്ലാം കാന്റെടുക്കുവാൻപോരുന്ന ഏകാഗ്രതയോടുകൂടിയാണു് കുട്ടി അതു വായിക്കുന്നതെന്നു് അവർ കണ്ടുമനസ്സിലാക്കി. വളരെ ക്ലേശിച്ചു് വല്ലവരുടേയും പക്കൽനിന്നും വായ്പവാങ്ങിക്കൊണ്ടുവരുന്ന പുസ്തകങ്ങൾ രാത്രി ഉറക്കമിളച്ചിരുന്നു വായിച്ചുതീർക്കുവാൻ അബ്രാഹം ലിങ്കൺ കാണിച്ചിരുന്ന ഉത്സാഹവും അവർ ഗ്രഹിക്കാതിരുന്നില്ല. പാനത്തിൽ അത്രമാത്രം ശ്രദ്ധാലുവായ ഒരു ബാലന്റെ വാസനകൾ, വനകുസുമങ്ങളുടെ പരിമളംപോലെ, ആ കാട്ടിലങ്ങനെ പാഴായിപ്പോവാൻ വിട്ടിരിക്കുന്നതു് ശരിയല്ലെന്നു് അവർ ഉറച്ചുകഴിഞ്ഞു. പക്ഷേ, എന്താ

ണൊരു നിവൃത്തിമാൎഗ്ഗം? പട്ടണപ്രദേശത്തെങ്ങാനും അയച്ച് കുട്ടിയെ വിദ്യാഭ്യാസം ചെയ്യിക്കാൻ വേണ്ട പണക്കരുത്തുണ്ടോ ആ കുടുംബത്തിന്ന്. അടുത്ത ദിക്കിലെങ്ങും ഒരു വിദ്യാലയം ഉടലെടുക്കാനുള്ള ലക്ഷണം കണ്ടതുമില്ല.

നീണ്ട രണ്ടുമൂന്നു വത്സരങ്ങൾകൂടി അങ്ങനെ കടന്നുപോയി. അതിനകം ആ പ്രദേശത്ത് കുടിപ്പാൎപ്പിന്ന് വേറെ പലരും എത്തിത്തുടങ്ങി. 1822-ാമാണ്ടായപ്പോഴെയ്ക്ക് അവിടെ ഒരു വിദ്യാലയം തുറക്കാനുള്ള വട്ടമായി. കൈക്കോട്ടും കോടാലിയുംകൊണ്ടുള്ള ജോലികളിൽ പൂൎവ്വാധികം വ്യാപൃതനായിക്കഴിഞ്ഞിരുന്ന അബ്രഹാം ലിങ്കനെ വീണ്ടും വിദ്യാലയത്തിലേയ്ക്കയക്കണമെന്ന് ഇളയമ്മ നിൎബ്ബന്ധിച്ചു. കുട്ടിയുടെ പിതാവ് അക്കാൎയ്യത്തിൽ ഒട്ടും ഔത്സുക്യം കാണിച്ചില്ല. നല്ല കായബലവും പ്രയത്നശീലവുമുള്ള ആ പയ്യനെ പള്ളിക്കൂടത്തിൽ അയക്കുന്നതിന്നു പകരം പണിസ്ഥലത്തു നിൎത്തുന്നതു് ആദായകരമാണെന്ന് അദ്ദേഹം കണക്കാക്കി. ഇളയമ്മ സമ്മതിച്ചില്ല. ഫീസുകൊടുക്കാൻ പണമില്ലെന്ന് പിതാവ് ഒഴികഴിവു പറഞ്ഞപ്പോൾ, താൻ കോഴിമുട്ട വിററ് കുട്ടിയുടെ ഫീസിന്നു വേണ്ടുന്ന വകയുണ്ടാക്കിക്കൊള്ളാമെന്നായിരുന്നു ഇളയമ്മയുടെ മറുപടി. അങ്ങനെ, അബ്രഹാം ലിങ്കൺ വീണ്ടും വിദ്യാലയത്തിലേയ്ക്ക് കാൽവെച്ചു.

പഴയ കുടിപ്പള്ളിക്കൂടത്തിലേതിനെ അപേക്ഷിച്ച് കുറേക്കൂടി മേത്തരമായിരുന്നു ഈ പുതിയ വിദ്യാലയത്തിലെ പാഠം. പാഠങ്ങളെല്ലാം ശരിയ്ക്കു പഠിക്കുന്നതോടുകൂടി, കൈയക്ഷരം നന്നാക്കാനും അബ്രഹാം ലിങ്കൺ നിഷ്കൎഷിച്ചുകൊണ്ടിരുന്നു. ജോൎജ്ജ് വാഷിംഗ്ടൺ, ജെഫേഴ്സൺ എന്നീ മഹാന്മാരുടെ കയ്യൊപ്പിന്റെ വടിവു പിടിച്ചാണ് അബ്രഹാം ലിങ്കൺ തന്റെ കൈയക്ഷരത്തിന്ന് നല്ലൊരു ച്ചുറടക്കം വരുത്തിയതെന്ന് പറയപ്പെടുന്നു. കൈയെഴുത്ത് നന്നായിരുന്നാലുള്ള ഗുണം ചെറുപ്പത്തിൽത്തന്നെ നമ്മുടെ കഥാനായകന്ന് അനുഭവപ്പെടാതിരുന്നില്ല. ആ പ്രദേശത്തുള്ള പലരും തങ്ങളുടെ കത്തുകൾ എഴുതിക്കുവാൻ കൊച്ചു ലിങ്കനെ അ

നോഷിച്ചുതുടങ്ങിയത്രെ. കഥാപുരുഷന് തന്റെ ജീവിതത്തിൽ ലഭിച്ച ആദ്യത്തെ കീൎത്തി അതുതന്നെയായിരുന്നിരിക്കണം,—നല്ല കൈയക്ഷരം മൂലമുണ്ടായ കീൎത്തി! അതു് ഒരു വിദ്യാൎത്ഥിക്കു് കുട്ടിക്കാലത്തുതന്നെ നിഷ്പ്രയാസം നേടാവുന്നതും ജീവിതകാലം മുഴുവനിലും പ്രയോജനപ്പെടുന്നതുമായ വിലപ്പെട്ടൊരു നേട്ടമാകുന്നു. നമ്മുടെ കഥാനായകന്റെ അദ്ധ്യയനശീലത്തേക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വഴിയേ പറയാം. ഒരു പുതിയ വിദ്യാലയത്തിന്റെ ആവിർഭാവവും, രണ്ടാം കുടിത്തള്ളയുടെ അനുഭാവവും മൂലം കൊച്ചുലിങ്കന് സിദ്ധിച്ചു തുടങ്ങിയ അഭിവൃദ്ധിമാൎഗ്ഗങ്ങൾ ഇവിടെ തെല്ലൊന്നു സൂചിപ്പിച്ചുവെന്നേയുള്ളു.

അദ്ധ്യായം - 5

# അദ്ധ്യയനശീലം

“അബ്രാഹം ലിങ്കന്റെ കൈയും പേനയും. അവൻ നന്നാകും. പക്ഷേ, എന്നാണെന്നു് ദൈവത്തിനുമാത്രമേ അറിഞ്ഞുകൂടൂ.”—ഈ പടുകുറിപ്പിന്റെ പിന്നിൽ ഉഗ്രമായ ഒരു വ്രതം കുടികൊണ്ടിരുന്നു.

വിത്തത്തിനുള്ള ബുദ്ധിമുട്ടുനിമിത്തം പാഠപ്പുസ്തകങ്ങൾ പലതും വിലകൊടുത്തു വാങ്ങാൻ അബ്രാഹം ലിങ്കനു് സാധിച്ചിരുന്നില്ല. മേല്പറഞ്ഞ വിദ്യാലയത്തിലെ പാഠ്യവിഷയങ്ങളിൽ ഒന്നു് ബൈബിളിലെ ചില അദ്ധ്യായങ്ങളായിരുന്നു; ഇളയമ്മയുടെ കൈവശം ഒരു ബൈബിൾ ഉണ്ടായിരുന്നതുകൊണ്ടു് ആ പാഠത്തിന്റെ കാര്യത്തിൽ അബ്രാഹം ലിങ്കനു് ക്ലേശം നേരിട്ടില്ലെന്നു കരുതാം. എന്നാൽ ഒരു കണക്കുപുസ്തകം വാങ്ങാൻ സാധിക്കാഞ്ഞതുകൊണ്ടു് കണക്കിന്റെ കാര്യത്തിൽ ആ വിദ്യാർത്ഥി പെട്ട പാടു് ചില്ലറയൊന്നുമായിരുന്നില്ല. സഹപാഠികളിൽനിന്നു് കണക്കുപുസ്തകം അവരുടെ സൗകര്യം നോക്കി വായ്പവാങ്ങിക്കൊണ്ടുവരിക, ചെറിയ കടലാസുതുണ്ടുകളിൽ ആ പുസ്തകം മുഴുവൻ പലപ്പോഴായി പകർത്തിയെടുക്കുക, പിന്നീടു് ആ കടലാസുകണ്ടങ്ങളെല്ലാം വഴിക്കുവഴി തുന്നിച്ചേർത്തു് പുസ്തകമാക്കുക — ഇത്രയും പണിപ്പാടു കഴിച്ചാണു് അബ്രാഹം ലിങ്കൻ കണക്കുപുസ്തകത്തിന്റെ പ്രശ്നം ഒരു കണക്കിനു പരിഹരിച്ചതു്! ആ കൈയെഴുത്തുപുസ്തകത്തിന്റെ ചില അംശങ്ങൾ അദ്ദേഹത്തിന്റെ ഇളയമ്മ വളരെക്കാലം ഒരു സ്മാരകമായി സൂക്ഷിച്ചിരുന്നുവത്രെ.

‘ജീവകാരുണ്യം’ എന്ന വിഷയത്തെക്കുറിച്ചാണു് അബ്രാഹം ലിങ്കൻ ആദ്യമായി ഒരു ഉപന്യാസം എഴുതിയതെന്നു പറയ

പ്പെടുന്നു. സമസ്തസൃഷ്ടിസ്നേഹത്തിന്റെ പേരിൽ, പില്ക്കാലത്തു് അടിമവ്യാപാരത്തെ അടിച്ചുടച്ചു് അഖിലലോകത്തിന്റേയും അഭിനന്ദനം നേടിയ കഥാനായകൻ ചെറുപ്പത്തിലേ ജീവകാരുണ്യത്തിന്റെ ചാലിലാണ് ചിന്തിച്ചുതുടങ്ങിയതെന്നുള്ള വസ്തുത പ്രത്യേകം ശ്രദ്ധാർഹമാണ്. മുതിർന്നുവരുമ്പോൾ ഒരു മനുഷ്യനിൽ പ്രബലപ്പെടുന്ന ഗുണദോഷങ്ങളുടെ മുളകൾ ചെറുപ്പത്തിൽത്തന്നെ അവനിൽ പ്രത്യക്ഷപ്പെടാതിരിക്കയില്ല. ആ മുളകളിൽ, നന്നായിട്ടുള്ളവയെ വളമിട്ടു വളർത്തുകയും അല്ലാത്തവയെ നുള്ളിക്കളഞ്ഞു് പകരം നല്ല മുളകൾ കുത്തിവയ്ക്കുകയും ചെയ്തിട്ടുവേണം, സ്വഭാവരൂപവല്ക്കരണം സാധിച്ചു് ഒരുവന്റെ ഭാവി ഭദ്രമാക്കുവാൻ. ഇപ്പറഞ്ഞ പരിശീലനത്തിനു പകരം, ഒരുവൻ ചെറുപ്പത്തിൽത്തന്നെ നന്മയുടെ മുളകൾ നുള്ളിക്കളയുകയും തിന്മയുടെ മുളകൾ നനച്ചുവളർത്തുകയും ചെയ്യുകയാണെങ്കിൽ ഉണ്ടാകുന്ന അനുഭവം പറയേണ്ടതില്ലല്ലോ. അബ്രഹാം ലിങ്കൺ തന്റെ നല്ല വാസനകൾ ബാല്യകാലത്തു് എത്രയും ശ്രദ്ധയോടുകൂടി വളർത്തിക്കൊണ്ടിരുന്നുവെന്നതാണ്, അനന്തരകാലത്തു് അദ്ദേഹത്തിനു സിദ്ധിച്ച വിജയങ്ങളുടെയെല്ലാം രഹസ്യം.

ദൈവത്തിൽ ആശ്രയിച്ചു് ഭാവിയിൽ നല്ലവനായിത്തീർന്നു് ലോകത്തിനുപകാരം ചെയ്യണമെന്നുള്ള ആഗ്രഹവും, അതു് എങ്ങനേയും നിറവേററണമെന്നുള്ള ഒരു ദൃഢനിശ്ചയവും കുട്ടിക്കാലം മുതൽക്കേ അബ്രഹാം ലിങ്കനുണ്ടായിരുന്നു. താൻ ഉപയോഗിച്ചിരുന്ന ഒരു പുസ്തകത്തിൽ ആ ബാലൻ അലക്ഷ്യമായി എഴുതിയിട്ടിരുന്നതും, ഇപ്പോൾ വലിയൊരു നിക്ഷേപമായി സൂക്ഷിക്കപ്പെടുന്നതുമായ ഒരു വാക്യശകലം ഇപ്പറഞ്ഞതിനു് തെളിവാണ്. അതു് ഇവിടെ ഉദ്ധരിക്കാം:

Abraham Lincoln
His hand and pen
He will be good
But God knows when

അബ്രാഹം ലിങ്കൻെറ കൈയ്യും പേനയുമാണ് ഇതെഴുതിയതെന്നാണല്ലോ ആദ്യം കാണുന്ന രണ്ടു വരികളുടെ അൎത്ഥം. "അവൻ നന്നാകും; പക്ഷെ എന്നാണെന്ന് ദൈവത്തിനേ അറിഞ്ഞുകൂടൂ."—അത്രയുംകൊണ്ട് മൂന്നും നാലും വരികളുമായി. വൃത്തവ്യവസ്ഥയോ അൎത്ഥോപപത്തിയോ ഒന്നുമില്ലാതെ അബ്രാഹം ലിങ്കൺ അന്ന് എഴുതിയിട്ട ആ വരികളിലെ ഭാവന ഇന്ന് എത്ര ആലോചനാമൃതമായിരിക്കുന്നു! "പട്ടപാട്ടൊന്നു പാടാത്ത കഴുതയില്ല" എന്നു പറഞ്ഞതുപോലെ, ഇത്തരം പട്ടകുറിപ്പുകൾ വല്ല ഏടിലും വല്ലപ്പോഴുമൊന്ന് എഴുതിയിടാത്ത മനുഷ്യരുണ്ടോ? എന്നിട്ട് അവയൊന്നും കേളിപ്പെടാതെപോകുന്നത് എന്തുകൊണ്ട്? താൻ നന്നാകും എന്ന് അബ്രാഹം ലിങ്കൺ എഴുതിയിട്ട ആ പട്ടകുറിപ്പില്ലേ, അത് അദ്ദേഹം തൻെറ ജീവിതത്തിൽ പാടേ പകൎത്തുവാൻ ശ്രമിച്ചിരുന്നു. ആ വാക്കുകളുടെ പിന്നിൽ അങ്ങനെ അടിയുറച്ച ഒരു നിഷ്ഠ അഥവാ വ്രതം നിലകൊണ്ടിരുന്നുവെന്നു സാരം. അതിനാൽ കഥാപുരുഷൻ അന്ന് എഴുതിയിട്ട പട്ടവചനങ്ങൾക്ക് ഇന്ന് ഒരു പ്രവചനത്തിൻെറ പ്രാമാണ്യവും ഗംഭീരമായ ഒരു കവിതയുടെ ഭാവനാനൈപുണ്യവും ഉണ്ടെന്ന് നാം സമ്മതിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

അബ്രാഹം ലിങ്കൻെറ പുതിയ വിദ്യാലയവും അത്ര ദീൎഘായുസ്സുള്ള കൂട്ടത്തിലായിരുന്നില്ല. അതു തുടങ്ങിയ അദ്ധ്യാപകൻ കുറേക്കഴിഞ്ഞപ്പോൾ അവിടം വിട്ടുപോയി. വേറൊരദ്ധ്യാപകൻ വന്നിട്ട് അത്രപോലും നീണ്ടുനിന്നതുമില്ല. ചുരുക്കിപ്പറയാം: അബ്രാഹം ലിങ്കൻെറ വിദ്യാലയജീവിതം അങ്ങനെ എന്നന്നേയ്ക്കുമായി അവസാനിച്ചു. മൂന്നുനാലു പ്രാവശ്യം ഇത്തരം കുടിപ്പള്ളിക്കൂടങ്ങളിൽ കയറിയിറങ്ങിയിട്ട്, അവിടങ്ങളിൽനിന്നെല്ലാംകൂടി ഒരാണ്ടത്തെ അദ്ധ്യയനമാണ് തനിക്കു സിദ്ധിച്ചതെന്ന് അബ്രാഹം ലിങ്കൺ പറയാറുണ്ടായിരുന്നു,— പലപ്പോഴായും പരിശിഷ്ടമായും ആകെ പന്ത്രണ്ടുമാസത്തെ പഠനം! പിന്നെ എങ്ങനെയാണ് അദ്ദേഹം വിശ്വവിശ്രുതരായ അഭിജ്ഞന്മാരുടെ മുന്നണിയിൽ എ

ത്തിയതെന്നു് നിങ്ങൾ അത്ഭുതപ്പെട്ടമായിരിക്കും. അബ്രാഹം ലിങ്കനിൽ നിന്നും നമുക്കു പഠിക്കാനുള്ള വിലയേറിയ ഒരു പാഠവും അതുതന്നെയാണു്.

പള്ളിക്കൂടങ്ങളിൽനിന്നു ലഭിക്കുന്ന 'മുറിവിദ്യ'കൊണ്ടു് തൃപ്തിപ്പെടുന്ന ആളായിരുന്നില്ല നമ്മുടെ കഥാനായകൻ; കിട്ടിയ അറിവു് വായനമൂലം സ്വയം വികസിപ്പിക്കുവാൻ ലിങ്കൻ ശ്രമിച്ചു. ഇളയമ്മയുടെ കൈവശമുണ്ടായിരുന്ന ബൈബിളും, ഈസോപ്പുകഥകൾ(Æsop's Fables), റോബിൻസൺ ക്രൂസോ (Robinson Crusoe), ദി പിൽഗ്രിംസ് പ്രോഗ്രസ് (The Pilgrim's Progress), സിൻബാദ് ദി സെയിലർ (Sinbad the Sailor) എന്നീപുസ്തകങ്ങളും അബ്രാഹം ലിങ്കൻ പണ്ടേ പലവുരു വായിച്ചുകഴിഞ്ഞിരുന്നു. പുസ്തകങ്ങൾ വിലയ്ക്കു വാങ്ങാൻ കഴിവില്ലാതിരുന്ന ആ യുവാവു്, അവ വായ്പവാങ്ങി വായിക്കയായിരുന്നു പതിവു്; അങ്ങനെ പുസ്തകങ്ങൾ വായ്പയായി കിട്ടുന്നതിനു് അവരുടെ ഉടമസ്ഥന്മാക്കു് വല്ല ജോലികൾ ചെയ്തുകൊടുക്കാനും പാവപ്പെട്ട ലിങ്കൻ തയ്യാറായിരുന്നു. ഒരിക്കൽ ഒരു കൃഷീവലന്റെ പക്കൽനിന്നു് രണ്ടോ മൂന്നോ ജീവചരിത്രഗ്രന്ഥങ്ങൾ വായ്പവാങ്ങാൻവേണ്ടി, അബ്രാഹം ലിങ്കൻ ആ കൃഷിക്കാരന്റെ സ്ഥലത്തുണ്ടായിരുന്ന കുറേ മരക്കുററികൾ പറിച്ചുമാററി അവിടെമെല്ലാം കിളച്ചുമറിച്ചു് കൃഷിക്കു പാകപ്പെടുത്തിക്കൊടുക്കേണ്ടിവന്നു. അത്രയും പണിപ്പെട്ടു സമ്പാദിച്ച പുസ്തകങ്ങളിൽ ഒന്നു് അമേരിക്കൻ ഐക്യസംസ്ഥാനങ്ങളുടെ ഒന്നാമത്തെ പ്രസിഡണ്ടായ ജോർജ്ജ് വാഷിംഗ്ടന്റെ ജീവചരിത്രമായിരുന്നു. അമേരിക്കയിലെ പതിനാറാമത്തെ പ്രസിഡണ്ടാകുവാനിരുന്ന അബ്രാഹം ലിങ്കൻ, ആദ്യപ്രസിഡണ്ടിന്റെ ചരിത്രം വായിക്കുവാനിടയായ സാഹചര്യം നോക്കുക!

അങ്ങനെ വളരെ ക്ലേശിച്ചു് വായ്പവാങ്ങിക്കൊണ്ടുവരാറുള്ള പുസ്തകങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചുപോരുന്നതിനിടയ്ക്കു് ഒരിക്കൽ ഒരബദ്ധം പിണഞ്ഞു,— രാത്രി മഴപെയ്തു് പുര ചോർന്നപ്പോൾ ആ പുസ്തകങ്ങളിൽ ഒരെണ്ണം കുതിർന്നുപോയി! ഉടമസ്ഥനോടു് എന്തു

സമാധാനം പറയുമെന്നറിയാതെ അബ്രാഹം ലിങ്കൺ വിഷമിച്ചു. തൻെറ അശ്രദ്ധമൂലം നേരിട്ട ആ നഷ്ടത്തിന്നു പരിഹാരമായി എന്തെങ്കിലും കുറേ ജോലികൂടി ചെയ്തുകൊടുക്കാമെന്ന് ലിങ്കൺ ആ കൃഷികനോടു പറഞ്ഞു. രണ്ടു ദിവസം മുഴുവൻ മുട്ടാതെനിന്ന് പുല്ലരുത്തുകൊടുത്താൽ മതിയെന്ന് കൃഷിക്കാരൻ ദയവായി സമ്മതിച്ചതിനാൽ, ആ പുസ്തകക്കേസ്സങ്ങനെ രാജിയായി!

"വായിക്കാൻ പുസ്തകം വായ്പ നല്കുന്നവനാണ് ഏററവും നല്ല സ്നേഹിതൻ"—എന്ന് അബ്രാഹം ലിങ്കൺ പില്ക്കാലത്ത് പറഞ്ഞിട്ടുണ്ട്. സ്വന്തം അനുഭവത്തിൽ നിന്നുതന്നെ ഉരവെടുത്തതാവണം ഈ അഭിപ്രായം. ഏതു വിഷയത്തേക്കുറിച്ചുള്ളതായാലും പ്രയോജനകരമായ ഒരു പുസ്തകത്തേപ്പററി അറിവുകിട്ടിയാൽ, പിന്നെ അതു തെണ്ടിയെടുത്ത് വായിച്ചിട്ടേ ലിങ്കൺ അടങ്ങിയിരുന്നുള്ളു. ഒരിക്കൽ അദ്ദേഹം വളരെ ദൂരം വഴിനടന്ന് ഒരു വക്കീലിനെ കണ്ട് "ഇൻഡ്യാനായിലെ നിയമങ്ങൾ" എന്ന ഒരു പുസ്തകം വാങ്ങി വായിച്ചു. കോടതിയിൽച്ചെന്ന് വക്കീലന്മാരുടെ വാദപ്രതിവാദങ്ങൾ കേൾക്കാനും, അവയിൽനിന്നറിക്കിട്ടുന്ന ചില നിയമശകലങ്ങളും യുക്തികളും പറഞ്ഞുനടക്കാനും വലിയ ഉത്സാഹമായിരുന്നു ലിങ്കന്.

വായിക്കുകയും കേൾക്കുകയും ചെയ്യുന്ന നല്ല നല്ല വാചകങ്ങളും ശൈലികളും നമ്മുടെ കഥാനായകൻ കുട്ടിക്കാലം മുതൽക്കേ എഴുതിവയ്ക്കുക പതിവായിരുന്നു. ഈ ആവശ്യത്തിന്ന് കുറേ കടലാസുകഷ്ണങ്ങൾ കൂട്ടിത്തുന്നിയുണ്ടാക്കിയ ഒരു നോട്ടുബുക്കും, പരുന്തിൻെറ തൂവൽകൊണ്ട് ശരിപ്പെടുത്തിയ ഒരു പേനയും, ഏതോ ഒരുതരം ചെടിയുടെ ചാറുകൊണ്ടുണ്ടാക്കിയ കുറേ മഷിയും ലിങ്കൺ എപ്പോഴും കരുതിവെച്ചിരുന്നുവത്രെ. നോട്ടുബുക്കിൽ അപ്പൊഴപ്പോൾ ഇങ്ങനെ നിർല്ലക്ഷ്യമായി എഴുതിവെച്ച കുറിപ്പുകൾ പിന്നീട് ഓരോരോ സന്ദർഭങ്ങളിൽ ലിങ്കന് എങ്ങനെയെല്ലാമാണ് പ്രയോജനപ്പെട്ടതെന്നോ!

അദ്ധ്യായം - 6

# കൂലിപ്പണിയിൽ

"എന്നെപ്പോലുള്ള ഒരു പാവപ്പെട്ട യുവാവിനു് ഒരു ഡോളർ സമ്പാദിക്കാൻ സാധിച്ചതു് ഒരു നിസ്സാര സംഗതിയായിരുന്നില്ല. അതു് എനിക്കു് പ്രത്യാശയും ആത്മധൈര്യവും നല്കിയ ഒരു വലിയ കാര്യംതന്നെയായിരുന്നു."— ലിങ്കന്റെ അനുഭവം.

അബ്രാഹം ലിങ്കൺ കാലക്ഷേപത്തിനുവേണ്ടി പലതരം കൂലിപ്പണികളുംകൂടി നടത്തേണ്ടിവന്നിരുന്നു. അങ്ങനെ അന്യരുടെ കീഴിൽ ജോലിക്കു പോകുമ്പോഴും ഒഴിവുപോലെ വായിക്കാനായി ലിങ്കന്റെ കൈവശം ചില പുസ്തകങ്ങൾ കാണും. കൂലിപ്പണിക്കു ചെല്ലുന്ന ചെറുക്കൻ പുസ്തകം വായിക്കുന്നതു കണ്ടാൽ, കൂലി കൊടുക്കുന്നവരുണ്ടോ അതു സഹിക്കുന്നു? ഒരിക്കൽ ലിങ്കനെ വിറകു വെട്ടാൻ നിയോഗിച്ച ഒരു മുതലാളി ജോലി പരിശോധിക്കുവാൻ ചെന്നപ്പോൾ, പണിക്കാരൻ ഒരു വിറകുകൂമ്പാരത്തിന്റെ മുകളിൽ കയറിയിരുന്നു് പുസ്തകം വായിക്കുന്നതായിട്ടാണു കണ്ടതു്! ഉടമസ്ഥനു് നഷ്ടം നേരിടാതിരിക്കത്തക്കവണ്ണം ജോലിചെയ്യുന്നതോടെ, ഗ്രന്ഥപാരായണത്തിനു് കുറേ സമയം ചിലവഴിക്കുന്നതിൽ തെററൊന്നുമില്ലെന്നായിരുന്നു ലിങ്കന്റെ വിചാരം. പക്ഷെ, ചില മുതലാളിമാക്കു് ആ പതിവൊട്ടും രസിച്ചില്ല. അവർ അതിനേപ്പററി ലിങ്കന്റെ അച്ഛനോടു് പരാതിപറഞ്ഞതിന്റെ ഫലമായിട്ടു് ഒരിക്കൽ ലിങ്കനു് കഠിനമായ ഒരു ശിക്ഷ കിട്ടി. അത്തരം കുട്ടിക്കളികൾ മാററണമെന്നു് ശാസിച്ചുകൊണ്ടു് അച്ഛൻ മകന്റെ ചെകിടത്തു് ആഞ്ഞൊരടികൊടുത്തു! പാവം, അബ്രാഹം ലിങ്കൺ ത

ലതിരിഞ്ഞു നിലംപൊത്തിവീണു! മററു ചിലരുടെ മുമ്പിൽ വെച്ചായിരുന്നു ഈ ശകാരവും ശിക്ഷയും.

പതിനാറു വയസ്സു പ്രായമുള്ളപ്പോൾ അബ്രാഹം ലിങ്കൺ ഒരു ചെറിയ ബോട്ടുണ്ടാക്കാൻ ശ്രമിച്ചു. അങ്ങനെയൊരു ബോട്ടു കൈവശമുണ്ടെങ്കിൽ യാത്രക്കാരെ കടത്തിറക്കാനും, അങ്ങുമിങ്ങും വല്ല സാമാനങ്ങൾ കൊണ്ടുപോകാനും ഉപകരിക്കുമെന്നു് ആ പ്രയത്നശാലി കണക്കാക്കി. ഈ ഉദ്യമത്തിനു് ഇളയമ്മയുടെ അനുമതിയും പ്രോത്സാഹനവും ലഭിക്കുവാൻ പ്രയാസമുണ്ടായില്ല. ഓഹിയോനദിയുടെ ഒരു കൈവഴിക്കരികേ ലിങ്കൺ കുടുംബത്തിനു് സ്വല്പം കൃഷിസ്ഥലമുണ്ടായിരുന്നതിനാൽ, ബോട്ടു് അവിടെ കെട്ടിയിട്ടു കൊണ്ടു് അബ്രാഹം ലിങ്കൺ കൃഷിപ്പണിയും കടത്തിറക്കുജോലിയും ഒന്നിച്ചു നടത്തിത്തുടങ്ങി. ഒരു ഡോളർ വരുന്ന പ്രതിഫലം ആദ്യമായി ഒന്നിച്ചു് തൻെറ കൈവശം കിട്ടിയതു് ഈ കടത്തിറക്കുജോലിയിൽ വെച്ചായിരുന്നുവെന്നു് അബ്രാഹം ലിങ്കൺ പില്ക്കാലത്തു് അമേരിക്കൻ പ്രസിഡണ്ടായ ശേഷം വൈററ്ഹൗസിൽവെച്ചു് വെളിപ്പെടുത്തുകയുണ്ടായി. രസകരമായ ആ കഥ അദ്ദേഹത്തിൻെറ വാക്കുകളിൽത്തന്നെ ഇവിടെ ഉദ്ധരിക്കാം:

"ഓഹിയോനദിയിൽക്കൂടി പോകുന്ന ഒരു തീബോട്ടിലേയ്ക്കു് എത്തുവാനായി രണ്ടു യാത്രക്കാർ ആ വഴിയേ വന്നു. എൻെറ ചെറിയ വലിബോട്ടു് കണ്ടിട്ടു്. അതു് ആരുടേതാണെന്നു് അവർ അന്വേഷിച്ചു. 'ഈ ഇരിമ്പുപെട്ടികളും കയററി ഞങ്ങളെ തീബോട്ടിലേയ്ക്കു് എത്തിക്കാമോ?' എന്നു് അവർ ചോദിക്കുകയായി. 'നിശ്ചയമായും' എന്നു് ഞാൻ ഉത്തരം പറഞ്ഞു. വല്ലതും ലഭിക്കുന്നതിനു് ഒരു മാർഗ്ഗമായെന്നാശിച്ചു് ഞാൻ അവരുടെ ഇരിമ്പുപെട്ടികൾ എടുത്തു വഞ്ചിയിൽവെച്ചു. യാത്രക്കാർ രണ്ടുപേരും വഞ്ചിയിൽക്കയറി പെട്ടിപ്പുറത്തിരുന്നു. തീബോട്ടു വരുന്ന വഴിച്ചാലിലേയ്ക്കു് ഞാൻ എൻെറ ചെറുവഞ്ചി തുഴഞ്ഞു. ബോട്ടു നിർത്തി യാത്രക്കാർ അതിലേയ്ക്കു കയറുകയും, ഞാൻ അവരുടെ ഇരിമ്പുപെട്ടികൾ പൊക്കി ബോട്ടിൽ വെച്ചുകൊടുക്കുകയും ചെയ്തു. ബോട്ടു വീണ്ടും

ങ്ങളകിത്തുടങ്ങി. എനിക്കു പ്രതിഫലമൊന്നും കിട്ടീയില്ലല്ലോ എന്നു് ഞാൻ വിളിച്ചുപറഞ്ഞു. ഉടനേ അരേരശ്ശേ ഡോളറിൻെറ രണ്ടു വെള്ളിനാണയങ്ങഠം എൻെറ വഞ്ചിയുടെ അടിത്തട്ടിൽ വന്നുവീണു! ഹാ, ആ നാണയങ്ങഠം രണ്ടും പെറുക്കിയെടുത്തപ്പോഠം എനിക്കു് എൻെറ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. മാന്യരെ, നിങ്ങഠംക്കതു് നിസ്സാരമായിത്തോന്നാം; എനിക്കും ഇന്നു് അതു് നിസ്സാരമത്രെ. എന്നാൽ അതു് എൻെറ ജീവിതത്തിലെ ഏററവും വലിയ ഒരു സംഭവമായിരുന്നു. എന്നേപ്പോലുള്ള പാവപ്പെട്ട ഒരു യുവാവിനു് ഒരു ഡോളർ സമ്പാദിക്കുവാൻ സാധിച്ചതു് നിസ്സാര സംഗതിയായിരുന്നില്ല. അതു് എനിക്കു് പ്രത്യാശയും ആത്മധൈര്യവും നല്കിയ ഒരു വലിയ കാര്യം തന്നെയായിരുന്നു."

കൂലിപ്പണിയും കൃഷിപ്പണിയുമായങ്ങനെ കഴിഞ്ഞിരുന്ന കൊച്ചുലിങ്കൻെറ കായബലവും വളർച്ചയും പ്രായത്തെ അതിശയിച്ചിരുന്നുവെന്നുതന്നെ പറയാം. മല്ലിട്ടത്തം നടത്തി തങ്ങളുടെ കൈമിടുക്കും മെയ്ക്കരുത്തും കാണിക്കാൻ വെമ്പുന്ന ചെറുപ്പക്കാർ അന്നു് ധാരാളമുണ്ടായിരുന്നു. അബ്രാഹം ലിങ്കൺ അമ്മാതിരി ബലപ്രയോഗത്തിനു് മിനക്കെടാറുണ്ടായിരുന്നില്ല; ദുർബ്ബലരായുള്ളവരെ വല്ല മുട്ടാളന്മാരും ഉപദ്രവിക്കുന്നതായിക്കണ്ടാൽ മാത്രം ചിലപ്പോഠം ഇടപെട്ടുവരാം. എന്നാൽ ഏതെങ്കിലും ആപത്തിലകപ്പെട്ടവരെ സഹായിക്കാൻ ലിങ്കനു് എപ്പോഴും വലിയ ഉത്സാഹമായിരുന്നു. ഒരു സംഭവം പറയാം:

ഒരിക്കൽ അബ്രാഹം ലിങ്കൺ അയൽപ്രദേശത്തു് ഒരു കുടിൽ വെച്ചുകെട്ടുവാൻ ഒരു പുതിയ കുടുംബക്കാരെ സഹായിച്ചിട്ടു് ഏതാനും കൂട്ടുകാരൊന്നിച്ചു് വീട്ടിലേയ്ക്കു മടങ്ങുകയായിരുന്നു. അപ്പോഠം, കടിഞ്ഞാണിട്ട ഒരു സവാരിക്കുതിര വഴിമദ്ധ്യേ അലഞ്ഞുനടക്കുന്നതായി അവർ കണ്ടു. കൂട്ടുകാർ അതൊട്ടുംതന്നെ ഗൗനിച്ചില്ലെങ്കിലും, അബ്രാഹം ലിങ്കൺ ചിന്താമഗ്നനായി അവിടെ നിന്നു. കുടിച്ചു മത്തടിച്ചു് സവാരിക്കു പുറപ്പെട്ട ഏതോ ഒരു മനുഷ്യൻ കാട്ടിലെങ്ങോ വീണുപോയിട്ടുണ്ടെന്നു് ലിങ്കൺ ഊഹിച്ചു.

ഇരുട്ടിൽ ആ കാട്ടുവഴിയത്രയും തപ്പിത്തടഞ്ഞു നടന്നു് അദ്ദേഹം കുതിരയുടെ ഉടമസ്ഥനെ കണ്ടുപിടിച്ചു. ഊഹം തെററിയില്ല,— മുക്കററം കുടിച്ചു സവാരിക്കു പുറപ്പെട്ട ആ മൂപ്പര് കുതിരപ്പുറത്തു നിന്നു വീണ കഥതന്നെ അറിയാതെ 'ശോണിതവുമണിഞ്ഞ്'ങ്ങനെ കാട്ടിൽ കിടക്കുകയായിരുന്നു. 'ക്ലോറഫോറം' കൊടുത്തിട്ടിരുന്ന ആ ശരീരത്തിന്മേൽ വല്ല കാട്ടുമൃഗവും 'ശസ്ത്രക്രിയ' നടത്തിയേനെ, ലിങ്കൺ ചെന്നെത്തിയിരുന്നില്ലെങ്കിൽ! കുടിച്ചു മറിഞ്ഞു കിടന്നിരുന്ന ആ തടിയനെ എടുത്തു തോളിലിട്ടുകൊണ്ടു് ലിങ്കൺ ഏതാണ്ടു് എൺപതു ദണ്ഡു് ദൂരം നടന്നു. അപ്പോറം ഒരു കുടിൽ കണ്ടതിനാൽ, ആ ചുമടു് പതുക്കെ അവിടെ ഇറക്കിവെച്ചു; പിന്നെ രാത്രി മുഴവൻ ഉറക്കമിളച്ചിരുന്നു് ആ ദുശ്ശോഗിയെ ശുശ്രൂഷിക്കുകയും ചെയ്തു.

കെൻടക്കിയിലെയും ഇൻഡ്യാനായിലെയും കാടുകളും മേടുകളുമായി മാത്രം ഇടപഴകിക്കഴിഞ്ഞിരുന്ന അബ്രാഹം ലിങ്കൺ തൻെറ പത്തൊമ്പതാമത്തെ വയസ്സിലാണു് മറരാജ്യങ്ങളിലേയ്ക്കു് ആദ്യമായൊന്നു തലകാണിച്ചതെന്നു പറയാം. പീജിയൻ ക്രീക്കിൽ പാർത്തിരുന്ന ഒരു കർഷകനാണു് അതിന്നവസരമുണ്ടാക്കിക്കൊടുത്തതു്. ജെൻട്രി എന്നു പേരായ ആ കൃഷിക്കാരനു് തൻെറ കാഷി കോല്പന്നങ്ങറം ന്യൂഓർലിൻസിലേയ്ക്കയച്ചു വില്പനനടത്തി, അവയ്ക്കു പകരം അവിടെനിന്നു് ആദായകരങ്ങളായ മററു ചില സാധനങ്ങറം വാങ്ങണമെന്നു് ഒരു മോഹം. ആ വ്യാപാരത്തിനായി അയാറം തൻെറ പുത്രനെ നിയോഗിച്ചു. സാമാനങ്ങളുംകൊണ്ടു് മകൻെറ കൂടെപ്പോകാൻ പററിയ കൂട്ടുകാരനായിട്ടു് അയാറം കണ്ടുപിടിച്ചതു് അബ്രാഹം ലിങ്കനെയാണു്. ലിങ്കൺ ആ ജോലി സന്തോഷപൂർവ്വം കൈയേററു. യാത്രയ്ക്കു വേണ്ട സജ്ജീകരണങ്ങളെല്ലാം നടത്തി, ആ യുവാക്കന്മാർ രണ്ടുപേരുംകൂടി ന്യൂഓർലിൻസിലേയ്ക്കു പുറപ്പെട്ടുകഴിഞ്ഞു.

യാത്രാമദ്ധ്യേ മിസ്സിസ്സിപ്പിനദിയുടെ തീരത്തുവെച്ചു് ഒരു രാത്രി കള്ളന്മാരുടെ ശല്യമുണ്ടായി. ഒരു കരിമ്പിൻതോട്ടത്തി

ന്നരികേ ബോട്ടു് കെട്ടിയിട്ടു് ലിങ്കനും കൂട്ടുകാരും ഉറങ്ങിക്കിടക്കു മ്പോഠം, ആഠേഴു കാപ്പിരികഠം വന്നു് കൊള്ളനടത്തുവാനുദ്യമി ച്ചു. വടിയും വെട്ടുകത്തിയുമൊക്കെയെടുത്തു് പുറപ്പെട്ടിരുന്ന ആ കൊള്ളക്കാർ എന്തിനും പോരുന്നവരായിരുന്നു. ബോട്ടിൽക്കയറിയ പാടെ ഒരുവൻ ലിങ്കൻെറ മുഖത്തു് കത്തികൊണ്ടൊരു വെട്ടുകൊ ടുത്തു. ലിങ്കൻെറ പൗരുഷവും ഉത്തരവാദിത്വബോധവും വെളി പ്പെട്ടതു് അപ്പോഴാണു്. ആ യുവാവു് ഒരു മുട്ടൻവടിയെടുത്തു് കൊള്ളക്കാരെയെല്ലാം തല്ലി വെള്ളത്തിൽ ചാടിച്ചു. അന്യൻെറ മു തൽ സംരക്ഷിക്കുവാൻ ചുമതലപ്പെട്ടിരുന്ന ആ ആജാനുബാഹുവി ൻെറ അടി തടുക്കുവാൻ ആരും ആളായില്ല. കൊള്ളക്കാരെ ആട്ടി യോടിച്ചശേഷം അബ്രാഹം ലിങ്കൺ ബോട്ടു് വേറൊരു കടവിലേ യ്ക്കു മാററിക്കെട്ടുകയും, രാത്രിമുഴുവൻ ഉറക്കമിളച്ചു് കാവലിരിക്കുക യും ചെയ്തു.

വേറെ അനിഷ്ടസംഭവങ്ങളൊന്നും നേരിടാതെ ലിങ്കനും കൂ ട്ടുകാരനും ന്യൂഓർലിൻസിലെത്തി. വിവിധരാജ്യക്കാരായ വെള്ള ക്കാർ അധിവസിക്കുന്ന ആ വാണിജ്യകേന്ദ്രത്തിൻെറ പ്രതാപവും പ്രൗഢിയും ലിങ്കൻെറ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. നഗരത്തി ലെ പല കാഴ്ചകളും കണ്ടുനടന്ന കൂട്ടത്തിൽ, അവിടത്തെ 'അടിമ ച്ചന്ത'യും ലിങ്കൺ സന്ദർശിക്കുവാനിടയായി. കൃഷിസ്ഥലങ്ങളിലും മററും അടിമജോലി ചെയ്തുകഴിഞ്ഞിരുന്ന നീഗ്രോവർഗ്ഗക്കാരെ ലിങ്കൺ അതിനുമുമ്പു് കണ്ടിട്ടുണ്ടായിരുന്നുവെങ്കിലും, ആ അടിമക ളെ കൊള്ളുകയും കൊടുക്കുകയും ചെയ്യുന്ന കച്ചവടം നേരിട്ടു കണ്ട തു് അന്നാദ്യമായിട്ടായിരുന്നു. ആടുമാടുകളേയും മററും കയറിട്ടു കൊണ്ടുചെന്നു് ചന്തയിൽ വില്ക്കാറില്ലേ, അതുപോലെ അടിമക ളെ ചങ്ങലയിൽ ബന്ധിച്ചുകൊണ്ടുചെന്നു് പരസ്യമായി വില്ക്കുക യായിരുന്നു അന്നത്തെ പതിവു്. വിലപേശിയും ലേലം വിളിച്ചും മനുഷ്യജീവികളെ വിററു് വില്പ്പാശു വാങ്ങുന്ന വ്യാപാരം!

ന്യൂഓർലിൻസിലെ അടിമച്ചന്തയിൽ അബ്രാഹം ലിങ്കൺ ചെല്ലുമ്പോഠം ഒരു നീഗ്രോയുവതിയുടെ വില്പന നടക്കുകയായിരു

ന്നു. അവർക്കു് അംഗഭംഗമോ, ശക്തിക്കുറവോ ഒന്നുമില്ലെന്നു് തെളിയിക്കാനായി അവളെ ഉന്തിയും തള്ളിയും തൊഴിച്ചും പലപല പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്ന അവസരം! ഒരു കാളയേയോ കുതിരയേയോ വാങ്ങാൻ ചെല്ലുന്നവർ ആ ജന്തുവിനു് മുടന്തുണ്ടോ, ചടവുണ്ടോ, ചന്തമുണ്ടോ, വാതക്കാലുണ്ടോ എന്നൊക്കെ നോക്കുമല്ലോ. അതുപോലെ, അടിമകളേയും നല്ലവണ്ണം പരിശോധിച്ചു മാത്രമേ ആരും വാങ്ങിയിരുന്നുള്ളു. ആ പരിശോധനയുടെ പരിപാടിയാണു് അബ്രാഹം ലിങ്കൺ കണ്ടതു്. അവിടെ നടന്നിരുന്ന അടിമക്കച്ചവടത്തിന്റെ കോലാഹലം ഒററനോട്ടത്തിനു മനസ്സിലാക്കിയിട്ടു് ലിങ്കൺ പറഞ്ഞു: "ഈ ഏർപ്പാടിനെ തൊഴിക്കാൻ എന്നെങ്കിലും എനിക്കൊരവസരം കിട്ടുമെങ്കിൽ, ഞാൻ ഇതിനെ ശക്തിയായിത്തന്നെ തൊഴിക്കും."

ന്യൂ ഓർലിൻസിലേക്കു് രണ്ടാമതൊരിക്കൽ പോയപ്പോഴാണു്, ലിങ്കൺ അവിടത്തെ അടിമക്കച്ചവടം കാണുകയും മേലുദ്ധരിച്ച വാക്കുകൾ പറയുകയും ചെയ്തതെന്നു് ഒരു പക്ഷാന്തരമുണ്ടു്. സന്ദർശനം ഒന്നാമത്തേതായാലും, രണ്ടാമത്തേതായാലും, കണ്ട വസ്തുതയ്ക്കും പറഞ്ഞ വാക്കുകൾക്കും മാററമില്ല. മാനവസ്നേഹത്തിൽ നിന്നുറവെടുത്ത ആ വാക്കുകളും അവയുടെ വികാരവീൎയ്യവുമാണു് ലിങ്കന്റെ അനന്തരജീവിതത്തെ കരുപ്പിടിപ്പിച്ചതെന്നു് നിസ്സന്ദേഹം പറയാം. അടിമത്തത്തെ തൊഴിക്കുവാൻ, ശക്തിയായിത്തന്നെ തൊഴിക്കുവാൻ, അദ്ദേഹത്തിനു സാധിച്ചു,—കാലം കുറെ കഴിയേണ്ടിവന്നുവെന്നുമാത്രം.

അദ്ധ്യായം - 7

# കച്ചവടത്തിൽ

കച്ചവടത്തിലും സത്യസന്ധത സാദ്ധ്യമാണെന്നു് ലിങ്കൺ തെളിയിച്ചു. 'സത്യസന്ധനായ ആബെ' എന്നു് അദ്ദേഹം സമ്പാദിച്ച പേരു് ഇന്നും നിലനില്ക്കുന്നു.

ചരിത്രപുരുഷൻെറ പിതാവായ തോമസ് ലിങ്കൺ പതിവുപോലെ പിന്നെയും ഒരു സ്ഥലംമാററത്തിന്നൊരുങ്ങുകയായി. പീജിയൻ ക്രീക്കിലെ കൃഷിസ്ഥലം വിററു്, ഇല്ലിനോയിസംസ്ഥാനത്തിൽപ്പെട്ട ഡിക്കാററൂർ എന്ന ദിക്കിൽ ചെന്നുചേരുവാനായിരുന്നു അത്തവണത്തെ നോട്ടം. അവിടെ നേരത്തെ കുടിയേറിപ്പാർത്തിരുന്ന ബന്ധുക്കളാരോ അറിയിച്ചു, അവിടം കൃഷിക്കും മററും പററിയതാണെന്നു്. അതു് കേൾക്കേണ്ട താമസം, തോമസ് ലിങ്കന് അങ്ങോട്ടു പുറപ്പെടാൻ വെമ്പലായി. മിസ്സിസ് ലിങ്കൺ ആദ്യം അതിന്നു് വിസംവദിച്ചുവെങ്കിലും, പിന്നീടു് വഴിപ്പെടേണ്ടതായിട്ടുതന്നെ വന്നു. ഏതാണ്ടു് ഇരുനൂറു മൈൽ ദൂരത്തേയ്ക്കുള്ള ആ സഞ്ചാരം, അന്നത്തെ പരിതഃസ്ഥിതിയിൽ, ഒട്ടും സുഗമമായിരുന്നില്ല. യാത്ര സംബന്ധിച്ചുള്ള പ്രധാന ചുമതലകൾ അബ്രാഹം ലിങ്കനാണു് വഹിച്ചതു്. പലതരം തട്ടുമുട്ടുസാമാനങ്ങളുമായിറങ്ങിയ ആ കുടുംബത്തെ നിർദ്ദിഷ്ടസ്ഥാനത്തെത്തിക്കുന്നതിന്നു് അദ്ദേഹം പെട്ട പാടൊന്നും പറയാനില്ല.

പ്രയാണം രണ്ടാഴ്ച പിടിച്ചു. ഇടയ്ക്കു ഹിമസമാവൃതമായ ഒരു അരുവി കടക്കുമ്പോഴുണ്ടായ ഒരു സംഭവം ശ്രദ്ധാർഹമാണു്. കുടുംബാംഗങ്ങളെല്ലാവരും ഒട്ടു പണിപ്പെട്ടു് പുഴയ്ക്കക്കരെയെത്തിയപ്പോൾ അവരുടെ കൂടെയുണ്ടായിരുന്ന പട്ടി മറുകരയിൽക്കിടന്നു് പിടയുന്നതായിട്ടാണു് കണ്ടതു്. പട്ടിയേത്തേടി പിന്നാക്കം പോ

യാൽ കാൎയ്യം പന്തിയല്ലെന്നു പറഞ്ഞു് എല്ലാവരും യാത്ര തുടരുവാൻതന്നെ നിശ്ചയിച്ചു. അബ്രാഹം ലിങ്കനുണ്ടോ, അതിനു സമ്മതിക്കുന്നു? അപ്പോഠം എന്താണു് താൻ ചെയ്തതെന്നു് അദ്ദേഹം തന്നെ പറയട്ടെ: "ഞാൻ ചെരിപ്പും മററും അഴിച്ചുമാററി അരുവിയിൽ നീന്തിച്ചെന്നു്, കരയിൽ ഭയന്നുവിറച്ചുനിന്നിരുന്ന പട്ടിയെ എന്റെ കൈത്തണ്ടിൽ താങ്ങിയെടുത്തു് വിജയഭാവത്തോടെ മടങ്ങിയെത്തി. ആ നായ് കാട്ടിക്കൂട്ടിയ സന്തോഷത്തിന്റേയും നന്ദിയുടേയും പ്രകടനങ്ങഠം എന്റെ ക്ലേശത്തിനു മതിയായ പ്രതിഫലമായെന്നു് എനിക്കനുഭവപ്പെട്ടു." അങ്ങനെ പട്ടിക്കുപോലും അപകടം പററാതെ ആ യാത്രയുടെ നിയന്ത്രണഭാരം നമ്മുടെ കഥാനായകൻ ഭംഗിയായിത്തന്നെ നിൎവ്വഹിച്ചു. ചെന്നപാടെ പുതിയ സ്ഥലത്തു് ഒരു വീടുണ്ടാക്കാനുള്ള ശ്രമത്തിലും ലിങ്കൺ ഉത്സാഹപൂൎവ്വം പങ്കെടുക്കുകയും, അകൊല്ലത്തെ അതികഠിനമായ വൎഷം തുടങ്ങുംമുമ്പു് പാൎപ്പിടത്തിന്റെ പണിയൊട്ടു പൂൎത്തിയാക്കുകയും ചെയ്തു.

ഇനി, അബ്രാഹം ലിങ്കനെ നാം കാണുന്നതു് ഒരു കച്ചവടക്കാരനായിട്ടാണു്. ഇല്ലിയൊനോയിൽ ന്യൂസേലം എന്ന സ്ഥലത്തു് ഓഫുട്ട് എന്നു പേരായ ഒരാഠം ഒരു വ്യാപാരശാല തുറന്നപ്പോഠം, ലിങ്കൺ അയാളുടെ സഹപ്രവൎത്തകനായിത്തീൎന്നു. കച്ചവടം വിചാരിച്ചതുപോലെ വിജയകരമായില്ലെങ്കിലും, ഒരു കാൎയ്യത്തിൽ അബ്രഹാം ലിങ്കൺ വിജയിച്ചു, — കച്ചവടത്തിലും സത്യസന്ധത സാദ്ധ്യമാണെന്നു് തെളിയിക്കുന്ന കാൎയ്യത്തിൽ! ഒന്നു രണ്ടു് ഉദാഹരണങ്ങഠം പറയാം: ഒരിക്കൽ ഒരു സ്ത്രീ ആ കടയിൽ നിന്നു് വാങ്ങിയ സാമാനങ്ങഠംക്കു് അബ്രാഹം ലിങ്കൺ 2 ഡോളർ 20 സെൻറിനു് ബില്ലെഴുതിക്കൊടുത്തു. സ്ത്രീ ബില്ലുപ്രകാരമുള്ള പണവും കൊടുത്തു് സാമാനം കൊണ്ടുപോയി. പിന്നീടു് കണക്കു പരിശോധിച്ചപ്പോഠം, താൻ ആറു സെൻറു് കൂടുതലായിട്ടാണു് ബില്ലെഴുതിപ്പോയതെന്നു് അബ്രാഹം ലിങ്കൺ മനസ്സിലാക്കി. അദ്ദേഹം ഉടനെ രണ്ടു മൂന്നു മൈൽ ദൂരം വഴി നടന്നു് ആ സ്ത്രീയെ

കണ്ടു് അധികപ്പററ പൈസാ മടക്കിക്കൊടുത്തു് അവരോടു മാപ്പപേക്ഷിച്ചു! വേറൊരിക്കൽ, രാത്രി കട പൂട്ടിക്കൊണ്ടിരിക്കുന്ന മദ്ധ്യേ, ആരോ ചെന്നു് അര റാത്തൽ തേയില ആവശ്യപ്പെട്ടു. ലിങ്കൺ അതു ബദ്ധപ്പെട്ടു തൂക്കിക്കൊടുത്തു് പണം വാങ്ങി പീടികയടച്ചുംവു പോവുകയും ചെയ്തു. തേയില തൂക്കാനുപയോഗിച്ച കട്ടി തുലാസ്സിൽത്തന്നെ കിടന്നിരുന്നതു്, പിറേറദിവസം രാവിലെ കട തുറന്നപ്പോഠം ലിങ്കൻെറ ദൃഷ്ടിയിൽപ്പെട്ടു; ആ കട്ടി കാൽ റാത്തലിൻേറതായിരുന്നു. ലിങ്കൺ ഉടനെ കാൽ റാത്തൽ തേയിലയും തൂക്കിയെടുത്തു് പുറത്തേയ്ക്കിറങ്ങി. തലേ രാത്രി തേയില വാങ്ങിയ കക്ഷിയേത്തേടിയായിരുന്നു ആ പുറപ്പാടു്! വളരെ ക്ലേശിച്ചിട്ടാണെങ്കിലും ആളെ കണ്ടുപിടിച്ചു്, തൻെറ അശ്രദ്ധ നിമിത്തം കുറവു വന്നുപോയ തേയില കൊടുത്തിട്ടേ നമ്മുടെ കച്ചവടക്കാരൻ മടങ്ങിയുള്ളു.

അബ്രാഹം ലിങ്കൺ കാണിച്ച മാതിരി സത്യസന്ധത ചിലർക്കു് പരിഹാസ്യമായിത്തോന്നാം; കടുത്ത 'കരിച്ചന്ത' നടമാടുന്ന ഇക്കാലത്തു് വിശേഷിച്ചും. കച്ചവടത്തിൽ 'നേരും നെറിവും' വിലപ്പോവുകയില്ലെന്നു് ആത്മാർത്ഥമായി വിചാരിക്കുന്നവരും അത്ര കുറവല്ല. കള്ളക്കട്ടിയും, കള്ളപ്പറയും, കള്ളക്കണക്കും, കരിഞ്ചന്തയുംകൊണ്ടു് കച്ചവടത്തിൻെറ ധാർമ്മികവശത്തെ ദൂഷിപ്പിക്കുന്നവർ ആരായിരുന്നാലും, അവർ രാജ്യത്തിനു് വലിയ ആപത്താണു്. ഏതു തൊഴിലിൽ ഏർപ്പെട്ടാലും, അതിൽ അങ്ങേയററം സത്യസന്ധത പാലിക്കണമെന്നായിരുന്നു അബ്രാഹം ലിങ്കൻെറ വ്രതം,— അതായിരുന്നു അദ്ദേഹത്തിൻെറ വിജയരഹസ്യവും. 'സത്യസന്ധനായ ആബെ' (Honest Abe) എന്നു് അദ്ദേഹം അന്നു നേടിയ പേരു് ഇന്നും നിലനില്ക്കുന്നു

ലിങ്കനു വയസ്സു് ഇരുപത്തിരണ്ടു കഴിയാറായി. ന്യൂസേലത്തെ ചില വികൃതിച്ചെറുക്കന്മാക്കൊരു മോഹം,—നല്ല തലപ്പൊക്കവും തൻേറടവുമുള്ള ലിങ്കനോടൊന്നു മല്ലടിക്കണമെന്നു്! അവരുടെ വെല്ലുവിളി സഹിയാതെ, ലിങ്കൺ ഒരു ദിവസം മനസ്സില്ലാ

മനസ്സോടെ മല്ലിടുത്തത്തിനു് സമ്മതിച്ചു. ആ വികൃതിപ്പരിഷയുടെ നേതാവായ ജാക്കു് ആംസ്ട്രോംഗ് എന്നൊരു മല്ലനാണു് ലിങ്കനുമായി എതിരിട്ടതു്. സാധുവായ ലിങ്കനെ നിഷ്പ്രയാസം നിലം പതിപ്പിക്കാമെന്നായിരുന്നു പ്രതിയോഗിയുടെ വിചാരം. പക്ഷേ, കുട്ടിക്കാലംമുതല്ക്കേ കൈക്കോട്ടും കോടാലിയും പങ്കായവുമെടുത്തു് നല്ലവണ്ണം പയററിശ്ശീലിച്ചിരുന്ന ലിങ്കൻെറ ബാഹുവീര്യം അടുത്തിടഞ്ഞപ്പോഴേ അയാാം അറിഞ്ഞുള്ളു. ആംസ്ട്രോംഗ് പലപല അടവുകൾ പ്രയോഗിച്ചുവെങ്കിലും ഒന്നും ഫലിച്ചില്ല. മല്ലിടുത്തത്തിൽ ലിങ്കൻതന്നെ ജയിച്ചു. ആംസ്ട്രോംഗിൻെറ അനുയായികൾ അപ്പോൾ ലിങ്കനെ ഉപദ്രവിക്കാൻ വട്ടംകൂട്ടി. പക്ഷേ, ആംസ്ട്രോംഗ് അവരെ തടുത്തുമാററി, ലിങ്കനെ ഹാർദ്ദമായി അനുമോദിക്കുകയാണു് ചെയ്തതു്; ആ നിമിഷംമുതൽ അവർ രണ്ടു പേരും ആപ്തമിത്രങ്ങളായിത്തീരുകയുംചെയ്തു. ന്യൂ സേലത്തെ ചെറുപ്പക്കാർ അന്നുമുതൽ തങ്ങളുടെ പന്തയങ്ങളിൽ അബ്രഹാം ലിങ്കനെ വിധികർത്താവായി വരിക്കുക പതിവായി.

ന്യൂ സേലത്തു് ഒരു സാഹിത്യസമാജം ഉണ്ടായിരുന്നു. ഗ്രന്ഥപാരായണത്തിലും വിജ്ഞാനസമ്പാദനത്തിലും ഉത്സുകനായിരുന്ന അബ്രഹാം ലിങ്കനു് അതിലുമധികം അഭികാമ്യമായ ഒരു സാഹചര്യം ലഭിക്കാനുണ്ടോ? ആ വായനശാലയുടെ ആഭിമുഖ്യത്തിൽ ശനിയാഴ്ചതോറും നടക്കാറുള്ള വാദപ്രതിവാദയോഗങ്ങളിൽ ലിങ്കൺ സോത്സാഹം പങ്കെടുത്തുതുടങ്ങി. ആദ്യമാദ്യം സഭാകമ്പം കലശലായിരുന്നുവെങ്കിലും, സ്ഥിരപരിശ്രമംകൊണ്ടു് അതെല്ലാം ക്രമേണ നീങ്ങാതിരുന്നില്ല. ഓരോ യോഗത്തിലും പ്രതിപാദനത്തിനു നിശ്ചയിച്ചിരിക്കുന്ന വിഷയം നേരത്തേ നന്നായി പഠിക്കുക, അറിവുള്ളവരോടു ചോദിച്ചു് സന്ദേഹങ്ങൾ തീർക്കുക, നല്ല നിശ്ചയമുള്ള കാര്യങ്ങൾ മാത്രം പറയുക, പറയുന്നതു് തികഞ്ഞ ആത്മാർത്ഥതയോടും ആത്മധൈര്യത്തോടുംകൂടിയാവുക, വിനയത്തോടും പ്രതിപക്ഷബഹുമാനത്തോടുംകൂടി മാത്രം സംസാരിക്കുക,—ഇങ്ങനെ പല ചിട്ടകളും പാലിച്ചുകൊണ്ടായിരുന്നു ലിങ്കൻെറ പ്രസംഗ

പരിശീലനം. സന്ദർഭോചിതമായ ഫലിതപ്രയോഗം അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്ക് ഒരു ഭൂഷണമായിരുന്നു. കുട്ടിക്കാലംമുതല്ക്കേ ലിങ്കൺ തന്റെ നോട്ടുബുക്കിൽ എഴുതി സൂക്ഷിച്ചിരുന്ന പല സംഗതികളും ആ സാഹിത്യക്കളരിയിലെ പയറ്റിന് വളരെ ഉപകരിച്ചു. പ്രസംഗമദ്ധ്യേ രസകരങ്ങളായ കഥകൾ പറഞ്ഞും, പദ്യങ്ങൾ ചൊല്ലിയും, യാത്രകളിലും മററുമുണ്ടായിട്ടുള്ള സ്വാനുഭവങ്ങൾ വിവരിച്ചും സദസ്യരെ രസിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചുരുക്കിപ്പറയാം: ലിങ്കന്റെ ഉള്ളിൽ ചാണ കാണാതെ മങ്ങിക്കിടന്നിരുന്ന രത്നങ്ങളുടെ 'കാന്തിയും മൂല്യവും' ആ സാഹിത്യസമാജം വക ചർച്ചകളിൽ വെച്ച് നല്ലവണ്ണം വെളിപ്പെട്ടുകയായി.

കടയിൽ സാമാനങ്ങൾ വിററുകൊണ്ടിരിക്കുന്നതിനിടയ്ക്കും അബ്രാഹം ലിങ്കൺ പുസ്തകം വായിക്കാറുണ്ടായിരുന്നു. കടയുടെ ഉടമസ്ഥനായ ഓഫുട്ടിനു വിസ്കി കുടിക്കുന്നതിലും ചൂതു കളിക്കുന്നതിലുമായിരുന്നു ഭ്രമമെങ്കിൽ, ലിങ്കന്റെ വാസന വായനയിലും ജ്ഞാനസമ്പാദനത്തിലുമായിരുന്നു. "Kirkam's English Grammar" എന്ന ഇംഗ്ലീഷ് വ്യാകരണഗ്രന്ഥം നമ്മുടെ കഥാനായകൻ ഉരുവിട്ടു പഠിച്ചതു് ഈ വ്യാപാരത്തിന്നിടയ്ക്കായിരുന്നുവത്രെ. സാഹിത്യം മാത്രമല്ല, നിയമവും പിടികിട്ടിയേടത്തോളം അദ്ദേഹം പഠിച്ചുവെച്ചു. "ഒരുവൻ തന്റെ തൊഴിലിനെ സംബന്ധിക്കുന്ന നിയമങ്ങളെല്ലാം സ്വയം പഠിച്ചിരിക്കണം" എന്നു് ഒരു ന്യായാധിപൻ സംഗതിവശാൽ നല്കിയ ഉപദേശം ലിങ്കൺ എപ്പോഴും അനുസ്മരിച്ചിരുന്നു. ഒരിക്കൽ, കടയിൽ സാമാനങ്ങൾ പൊതിയേണ്ട ആവശ്യത്തിനു വാങ്ങിച്ച പഴയ കടലാസുകളുടെയിടയിൽനിന്നു് ലിങ്കനു് വിലയേറിയ ഒരു നിയമഗ്രന്ഥം ലഭിക്കുകയുണ്ടായി. 'Blackstone's Commentaries on the Laws of England"— എന്നായിരുന്നു ആ പുസ്തകത്തിന്റെ പേരു്. ചവററുകടലാസ്സുകളിലും വിജ്ഞാനരത്നങ്ങൾ വല്ലതും ഒളിഞ്ഞുകിടപ്പുണ്ടോ എന്നു് പരിശോധിക്കാൻ ലിങ്കൺ മടിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ സാ

ഹിത്യസംരംഭങ്ങൾ നിമിത്തം ഓഫുട്ടിന്റെ വ്യാപാരശാല ചിലപ്പോൾ ഒരു വിദ്യാപീഠമായി മാറാറുണ്ടായിരുന്നുവെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. സാമാനം വാങ്ങാൻ ചെല്ലുന്നവരെ പിടിച്ചിരുത്തി സാഹിത്യസംവാദം നടത്താൻ ലിങ്കൺ മടിച്ചിരുന്നില്ലെന്നു സാരം.

അദ്ധ്യായം - 8

# രാഷ്ട്രീയരംഗത്ത്

"ഞാൻ ജനിച്ചതും വളന്നതും വളരെ എളിയ നിലയിലാണ്. എന്നെ ഉയത്തുവാൻ പ്രബലരായ ബന്ധുക്കളോ സ്നേഹിതരോ ആരുമില്ല. ഈ നാട്ടിലെ സ്വതന്ത്രരായ ജനങ്ങൾ തങ്ങളുടെ ഇഷ്ടംപോലെ എൻെറ കാര്യം തീരുമാനിച്ചുകൊള്ളട്ടെ."

ഓഫുട്ടിൻെറ കച്ചവടം ഇടക്കാലത്ത് പൊളിഞ്ഞതിനാൽ, അബ്രാഹം ലിങ്കൺ വേറെ ജോലി അന്വേഷിക്കേണ്ടതായി വന്നു. അങ്ങനെയിരിക്കെ, 1832-ൽ, ഒരു രാഷ്ട്രീയതിരിഞ്ഞെടുപ്പ് ആസന്നമായി. അബ്രാഹം ലിങ്കനെ ഒരു സ്ഥാനാത്ഥിയായി നിത്തണമെന്ന് അദ്ദേഹത്തിൻെറ ചില സ്നേഹിതന്മാർ നിശ്ചയിച്ചു. കഥാനായകനെ സംബന്ധിച്ചേടത്തോളം, രാഷ്ട്രീയരംഗത്തേയ്ക്കുള്ള ആദ്യത്തെ കാൽവെയ്പായിരുന്നു അത്. ഇല്ലിയൊനോയി സംസ്ഥാനത്തിലെ നിയമസഭയിലേയ്ക്ക് സാംഗമൊൺ കൗണ്ടിയിൽനിന്നുള്ള സ്ഥാനാത്ഥിയായി ലിങ്കൺ പേരുകൊടുത്തു. അദ്ദേഹം തയ്യാറാക്കിയ തിരിഞ്ഞെടുപ്പുവിജ്ഞാപനത്തിലെ ഒരു ഘട്ടം ഇപ്രകാരമായിരുന്നു: "ഞാൻ ജനിച്ചതും വളന്നതും വളരെ താഴ്ന്ന നിലയിലാണ്. എന്നെ ഉയത്തുവാൻ പ്രബലരായ ബന്ധുക്കളോ സ്നേഹിതരോ ആരുമില്ല. ഈ നാട്ടിലെ സ്വതന്ത്രരായ ജനങ്ങൾ തങ്ങളുടെ ഇഷ്ടംപോലെ എൻെറ കാര്യം തീരുമാനിച്ചുകൊള്ളട്ടെ. ജനങ്ങൾ എന്നെ തിരിഞ്ഞെടുക്കുകയാണെങ്കിൽ അത് എന്നോടു കാണിച്ച ഒരു ആനുകൂല്യമായി ഞാൻ കരുതുകയും, എൻെറ ചുമതലകൾ ഉത്സാഹപൂവ്വം നിവ്വഹിച്ച് അതിന് കൃതജ്ഞത പ്രകാശിപ്പിക്കുക

ാണ്. എന്നാൽ ഏതൊന്നൊ പിന്മാററിനിരിത്തുന്നതാ
ണ് സഹൃദയരായ ജനങ്ങൾ നിശ്ചയിക്കുന്ന പക്ഷം, ജീ
ൽ ധാരാളം ആശാഭംഗങ്ങൾ അനുഭവിച്ചുശീലിച്ചിട്ടുള്ള
ാിക്കു അതുമൂലം കുണ്ഠിതമൊട്ടുണ്ടാകയില്ലതാനും.''

എന്താ, വിജ്ഞാപനം തരക്കേടുണ്ടോ? 'കണ്ണല്ലാത്തതെല്ലാം പൊന്നാക്കാ'മെന്നുള്ള മിരട്ടുവിദ്യകളോ, ആത്മാർത്ഥതയില്ലാത്ത വ്യർത്ഥവാഗ്ദാനങ്ങളോ, അഹങ്കാരസങ്കലമായ ആത്മപ്രശംസയോ ഒന്നും അതിൽ കാണുന്നില്ല, അല്ലേ? അബ്രാഹം ലിങ്കൺ രാഷ്ട്രീയത്തിൽ 'ഹരിശ്രീ' കുറിച്ച ആ വിജ്ഞാപനത്തിൻെറ ശൈലിയും അതിൻെറ ശുദ്ധിയും ഒന്നു വേറെതന്നെയാണ്. തൻെറ പ്രവൎത്തന പരിപാടിയേയും നയങ്ങളേയുംപററി ചുരുക്കത്തിൽ രണ്ടുമൂന്നു സംഗതികൾ മാത്രമേ ലിങ്കൺ ആ വിജ്ഞാപനത്തിൽ പറഞ്ഞിരുന്നുള്ളു. ഒന്നു്, അന്യായപലിശയ്ക്കു പണം വായ്പകൊടുക്കുന്ന പതിവിനെ തടയാൻവേണ്ടി ഒരു ദേശീയബാങ്ക് സ്ഥാപിക്കുന്ന കാൎയ്യത്തിൽ സഹകരിക്കുമെന്നു്; രണ്ടു്, സാംഗമൊൺ നദീതീരത്തും മററം കച്ചവടം അഭിവൃദ്ധമാക്കുന്നതിനുവേണ്ടി ജലമാൎഗ്ഗേണയുള്ള ഗതാഗതസൗകൎയ്യം വൎദ്ധിപ്പിക്കുവാൻ ഉത്സാഹിക്കുമെന്നു്; വേറൊന്നു് എല്ലാവൎക്കും സാമാന്യവിദ്യാഭ്യാസമെങ്കിലും ലഭിക്കുവാനുള്ള സൗകൎയ്യത്തിനുവേണ്ടി വാദിക്കുമെന്നു് — ഇതായിരുന്നു ആ സ്ഥാനാൎത്ഥിയുടെ വാഗ്ദാനവും നയപ്രഖ്യാപനവും. വോട്ടർമാരെ വഞ്ചിക്കുവാനും വശീകരിക്കുവാനും പററിയ ഇന്ദ്രജാലങ്ങളൊന്നും ലിങ്കനു വശമില്ലായിരുന്നുവെന്നു് സ്പഷ്ടം.

തിരിഞ്ഞെടുപ്പിനു് മാസങ്ങൾ ഏതാനും കഴിയേണ്ടിയിരുന്നു. അപ്പോഴെയ്ക്കു് നാട്ടിൽ ഒരു കലാപം പൊട്ടിപ്പുറപ്പെട്ടു. വെള്ളക്കാർ അമേരിക്കയിൽ കുടിയേററം നടത്തിയതിൽ വെച്ചു് തങ്ങൾക്കു നേരിട്ട കെടുതി നിമിത്തം അവിടത്തെ ആദിമനിവാസികളായ റെഡ്ഇൻഡ്യന്മാൎക്കുണ്ടായ പക വല്ലാതെ വൎദ്ധിച്ചുവരികയായിരുന്നു. ആ വൎഗ്ഗക്കാർ ഓരോ പ്രദേശത്തുനിന്നും പതുക്കപ്പെട്ടുക്കെ പിൻവാങ്ങി, ഒടുവിൽ അവൎക്കൊരേടവുമില്ലെന്ന ദിക്കായി.

അതിനാൽ, ബ്ലാക്ക്ഹൗക്ക് എന്നു പേരായ ഒരു റെഡിൻഡ്യൻ പ്രമാണി കുറെ അനുയായികളെ ശേഖരിച്ച് വെള്ളക്കാരോടു രണ്ടുംകല്പിച്ച് ഒരു യുദ്ധത്തിനു പുറപ്പെട്ടു. മിസ്സിസ്സിപ്പിനദി കടന്ന് 'റോക്ക് റിവർ' താഴ്‌വാരത്തിലേയ്ക്കു തള്ളിപ്പാഞ്ഞ ആ സൈന്യം വെള്ളക്കാരുടെ പാർപ്പിടങ്ങളും കൃഷിസ്ഥലങ്ങളും കൊള്ളിവെച്ചും കൊള്ളയിട്ടും നശിപ്പിക്കാൻ തുടങ്ങി. വെള്ളക്കാർക്കു നില്ക്കക്കള്ളിയില്ലാതവണ്ണം ആക്രമണം കൊടുമ്പിരികൊണ്ടു. അവരെ രക്ഷിക്കാൻ വാഷിംഗ്ടണിൽനിന്ന് പട്ടാളം ഇറങ്ങി; ആ സൈന്യത്തെ സഹായിക്കാൻ പല സ്ഥലങ്ങളിലും സന്നദ്ധസേനകൾ ഉടലെടുത്തു. ഇല്ലിനോയിയിലും അത്തരം ഒരു സന്നദ്ധസേന രൂപീകൃതമായി. അതിൽ എങ്ങനെയോ നമ്മുടെ അബ്രാഹം ലിങ്കനും ചെന്നു ചേർന്നു. ആറടി നാലിഞ്ചു പൊക്കവും അതിനൊത്ത ആക്കവുമുള്ള ലിങ്കന് ആ സന്നദ്ധസൈന്യത്തിൻെറ ക്യാപ്റ്റനായി തീരാൻ പ്രയാസമുണ്ടായില്ല. മുമ്പൊരിക്കൽ താനുമായി മല്പിടുത്തം നടത്തിയ ആംസ്ട്രോംഗിനേയാണ് ലിങ്കൺ തൻെറ ഉപസേനാനിയായി തിരിഞ്ഞെടുത്തതു്.

KOTTAYAM PUBLIC LIBRARY KOTTAYAM 133732

പറയത്തക്ക ശിക്ഷണമോ, അച്ചടക്കമോ ഒന്നുമില്ലാത്ത ആ സന്നദ്ധസേനയെ നയിക്കുക അത്ര എളുപ്പമായിരുന്നില്ല. ക്യാപ്റ്റൻ നല്കുന്ന ആജ്ഞകളെ പ്രത്യക്ഷത്തിൽ പ്രതിഷേധിക്കുന്ന ഭടന്മാരായിരുന്നു അവരിൽ അധികംപേരും. എങ്കിലും ലിങ്കൺ വിട്ടുകൊടുത്തില്ല. നല്ലവണ്ണം ആലോചിച്ചുമാത്രം ആജ്ഞ നല്കുക, കല്പന കൊടുത്തുകഴിഞ്ഞാൽ പിന്നെ അതെങ്ങനേയും അനുസരിപ്പിക്കുക — ഇത്രയും വിവേകവും തൻേറടവും ആ നായകൻ പ്രകാശിപ്പിച്ചു.

ഒരു സംഭവം പറയാം: അന്യത്ര യുദ്ധം നടന്നുകൊണ്ടിരിക്കേ, ഒരു ദിവസം വൃദ്ധനും വിവശനുമായ ഒരു റെഡ് ഇൻഡ്യൻ ലിങ്കൻേറയും മററും പാളയത്തിലേയ്ക്കു കടന്നുചെന്നു. "അവൻ ഒരു ചാരനാണ്, അവനെ വെടിവയ്ക്കണം" എന്ന് വിളിച്ചുപറഞ്ഞുകൊണ്ട് ലിങ്കൻെറ ഭടന്മാർ ആ പാവത്തെ വളഞ്ഞുകഴിഞ്ഞു! ആ

കിഴവൻ പേടിച്ചുവിറച്ചു് ഒരു കടലാസ്സുകഷണം നീട്ടിക്കാണിച്ചു. വെള്ളക്കാരുടെ ഒരു മിത്രമെന്ന നിലയിൽ കഴിയുന്ന ആ മനുഷ്യനു് അഭയംനല്കിക്കൊള്ളണമെന്നു് രേഖപ്പെടുത്തി, ജനറൽ കാസ് എന്ന സൈന്യാധിപൻ കൈയൊപ്പുവെച്ചുകൊടുത്തിരുന്ന ഒരു സാക്ഷ്യപത്രമായിരുന്നു അതു്. ഒരു റെഡ്ഇൻഡ്യനെ പിടികിട്ടിയിട്ടു് കൈത്തരിപ്പു തീർക്കാൻ കാത്തുനിന്നിരുന്ന കിങ്കരന്മാരായ ആ സന്നദ്ധഭടന്മാർക്കുണ്ടോ, ജനറൽ കാസിന്റെ കത്തു് പരിശോധിക്കാൻ ക്ഷമയുണ്ടാകുന്നു? നീട്ടിയ തോക്കിലെ നിറയൊഴിക്കാൻ അവരിൽ ഓരോരുത്തർക്കും വെമ്പലായി.

"അരുതു്, അയാളെ ഉപദ്രവിക്കരുതു്."—ഇടിനാദം പോലെ ഒരു ശബ്ദം അവിടെ മുഴങ്ങി. "ആ കത്തു് പരിശോധിക്കണം."

"അതൊരു കള്ളക്കത്താണു്" എന്നു പറഞ്ഞു് ഭടന്മാർ തോക്കിന്റെ കാഞ്ചി വലിക്കാൻ ഭാവിച്ചു. ലിങ്കൺ ചാടി നടുവിൽ വീണു,—ഭടന്മാർ ക്യാപ്റ്ററനോടു കയർത്തു!

"ഇതു് നിങ്ങളുടെ പേരിൽ ഒരു ഭീരുത്വമാണു്, ലിങ്കൺ."—ഒരു ഭടൻ അധിക്ഷേപിച്ചു.

"ഞാൻ ഒരു ഭീരുവാണെന്നു് നിങ്ങളിൽ ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ, വരൂ, ഒരു കൈ നോക്കിക്കളയാം"—എന്നായി സൈന്യാധിപൻ.

തെല്ലിട ഒരു നിശ്ശബ്ദത! ഭടന്മാരുടെ തോക്കുകൾ ഒന്നൊന്നായി താഴ്ന്നു! പാവപ്പെട്ട റെഡ്ഇൻഡ്യൻ രക്ഷപ്പെട്ടു! ലിങ്കൺ അങ്ങനെ ഇടയ്ക്കു ചാടിവീണിരുന്നില്ലെങ്കിൽ, അയാളുടെ കഥ തൽക്ഷണം കഴിഞ്ഞേനേ. കളിക്കാൻ പററിയ ആളല്ല തങ്ങളുടെ നായകനെന്നു് ഭടന്മാർക്കു് ഒരു പാഠമാവുകയും ചെയ്തു.

സൈനികസേവനത്തിനു പോയിട്ടു്, ഇങ്ങനെ പാവപ്പെട്ട ഒരു റെഡിൻഡ്യനെ രക്ഷിച്ചതല്ലാതെ ആരെയും ഹിംസിക്കാൻ ലിങ്കനു് ഇടവന്നില്ലെന്നുള്ളതു് ഒരു വിശേഷംതന്നെ. താൻ അന്നു് നടത്തിയ യുദ്ധമത്രയും കൊതുകുകളോടും, കാട്ടുചെടികളോടുമായിരുന്നുവെന്നു് ലിങ്കൺ പില്ക്കാലത്തു് നേരംപോക്കു പറയാറുണ്ടായി

രുന്നു.

വെള്ളക്കാരോട് യുദ്ധത്തിനിറങ്ങിയ ബ്ലാക്ക് ഹൗക്ക് എന്ന റെഡിൻഡ്യൻപ്രമാണിയും അയാളുടെ പട്ടാളവും ഏറെത്താമസിയാതെ കീഴടങ്ങേണ്ടിവന്നു. വൃദ്ധനെങ്കിലും ബഹുശ്ശൂരനായിരുന്ന ആ റെഡിൻഡ്യൻനേതാവിനെ പിടിച്ച് വൈററ് ഹൗസിൽ ഹാജരാക്കിയപ്പോഠം, പ്രസിഡണ്ടിനോട് അയാഠം പറയുകയായിരുന്നു: "ഞാൻ ഒരു മനുഷ്യനാണ്; നിങ്ങളും ഒരു മനുഷ്യനാണ്. വെള്ളക്കാരെ കീഴടക്കിക്കളയാമെന്ന് എനിക്കു പ്രതീക്ഷയുണ്ടായിരുന്നില്ല. ദുസ്സഹങ്ങളായിത്തീന്ന ദ്രോഹങ്ങളെ തടയാൻവേണ്ടി മാത്രമാണ് ഞാൻ വാളെടുത്തതു്. ഞാൻ അതിനെപ്പററി അധികം പറയുന്നില്ല; എല്ലാം നിങ്ങഠംക്കറിയാവുന്നതാണ്."—അബ്രാഹം ലിങ്കനായിരുന്നു അന്നത്തെ പ്രസിഡണ്ടെങ്കിൽ, ധീരനായ ആ ശത്രുവിനോട് എങ്ങനെ പെരുമാറമായിരുന്നുവെന്നറിഞ്ഞില്ല.

മേല്പറഞ്ഞ കലാപം അവസാനിച്ചതോടെ, അബ്രാഹം ലിങ്കൺ തിരിഞ്ഞെടുപ്പുകാൎയ്യത്തിലേയ്ക്കു പിന്തിരിഞ്ഞു. അദ്ദേഹം ജനങ്ങളെ കണ്ട് വീണ്ടും വിനയപൂൎവ്വം വോട്ടു ചോദിച്ചുതുടങ്ങി. "നിങ്ങഠം എന്നെ തിരിഞ്ഞെടുക്കുമെങ്കിൽ ഞാൻ കൃതജ്ഞനായിരിക്കും; ഇല്ലെങ്കിലും എനിക്ക് നിങ്ങളോടു നന്ദിയുണ്ടായിരിക്കും."—അതായിരുന്നു അഭ്യൎത്ഥനയുടെ പോക്ക്. ലിങ്കനെ നേരിട്ടറിയുന്നവർ ന്യൂ സേലത്തു് മാത്രമേയുണ്ടായിരുന്നുള്ളു. 'സത്യസന്ധനായ ആബെ'യ്ക്കുവേണ്ടിത്തന്നെ വോട്ടുചെയ്യുവാൻ അവിടെയുള്ളവർ സന്നദ്ധരായി. എന്നാൽ നിയോജകമണ്ഡലത്തിലെ മററു പല പ്രദേശങ്ങളിലും അബ്രാഹം ലിങ്കൻെറ പേരു് അതിനുമുമ്പു കേഠംക്കുകപോലും ചെയ്തിരുന്നില്ല. പേരും പെരുമയും മാത്രം നോക്കി വോട്ടുചെയ്യുമ്പോഠം, സ്ഥാനാൎത്ഥികളുടെ യോഗ്യത പലപ്പോഴും അവഗണിക്കപ്പെട്ടുപോവുക പതിവാണല്ലൊ; ചിലപ്പോഴെങ്കിൽ കക്ഷിതാല്പൎയ്യവും വ്യക്തിമാഹാത്മ്യത്തെ മറച്ചുകളയാറുണ്ട്. ഇപ്പറഞ്ഞ രണ്ടു തരക്കേടുകളും ലിങ്കനു് ഈ തിരിഞ്ഞെടുപ്പിൽ അനുഭവപ്പെടാതിരുന്നില്ല.

അമേരിക്കൻ ഐക്യസംസ്ഥാനങ്ങൾ അന്ന് തെക്കരെന്നും വടക്കരെന്നും രണ്ടു ചേരികളായി തിരിഞ്ഞാണ് കഴിഞ്ഞിരുന്നതു്. അടിമത്തം നിലനിറുത്തണമെന്ന് ആഗ്രഹിച്ചിരുന്ന തെക്കരും, അതു നിഷിദ്ധമാണെന്ന് കരുതിപ്പോന്ന വടക്കരും തമ്മിലുള്ള ഈ ചേരിതിരിവിൻേറയും വടംവലിയുടേയും വിശദവിവരങ്ങൾ വഴിയേ പറയാം. അബ്രാഹം ലിങ്കൺ പങ്കെടുത്ത തിരിഞ്ഞെടുപ്പു സംബന്ധിച്ചുള്ള കക്ഷിനില മാത്രമേ തല്ക്കാലം മനസ്സിലാക്കേണ്ടതുള്ളു. 'ഡിമോക്രാററ്സ്' (Democrats) എന്നും 'വിഗ്സ്' (Whigs) എന്നും പറയപ്പെടുന്ന രണ്ടു രാഷ്ട്രീയകക്ഷികളാണ് അന്നുണ്ടായിരുന്നതു്; ആദ്യംപറഞ്ഞ കക്ഷി തെക്കരുടേതും, രണ്ടാമത്തേതു് പ്രായേണ വടക്കരുടേതുമായിരുന്നു. ഹെൻറി ക്ലേ എന്ന ഒരു ദേശാഭിമാനിയായിരുന്നു വിഗ്സ് കക്ഷിയുടെ നേതാവു്. യൂണിയൻെറ ഐക്യവും ആസ്തിക്യവും അഭംഗമായി പരിപാലിക്കണമെന്നു ശക്തിയായി വാദിച്ചിരുന്ന ആ നേതാവിൻെറ പ്രസംഗങ്ങൾ അബ്രാഹം ലിങ്കനെ പണ്ടേ ആകർഷിച്ചിരുന്നു. അടിമത്തം വെച്ചുപുലർത്താൻ മോഹിച്ചിരുന്ന തെക്കരുടെ കക്ഷിയോടു്, അല്ലെങ്കിൽത്തന്നെ, ലിങ്കന് വെറുപ്പായിരുന്നുതാനും. അതിനാൽ, തിരിഞ്ഞെടുപ്പിൽ അബ്രാഹം ലിങ്കൺ സ്ഥാനാർത്ഥിയായി നിന്നതു് 'വിഗ്സ്' കക്ഷിയിലായിരുന്നു.

ആ തിരിഞ്ഞെടുപ്പിൻെറ ഫലം, മുമ്പു സൂചിപ്പിച്ചതുപോലെ, അബ്രാഹം ലിങ്കന്ന് ദോഷകരമായിത്തന്നെ പരിണമിച്ചു. അദ്ദേഹത്തിൻെറ സ്വഭാവവൈശിഷ്ട്യത്തെപ്പററി നേരിട്ടറിഞ്ഞിരുന്ന ന്യൂസേലത്തെ വോട്ടർമാരൊഴികെ മററധികമാരും അദ്ദേഹത്തിനു വോട്ടുചെയ്തില്ല. നാലു സീററുകൾക്കുവേണ്ടി പന്ത്രണ്ടു സ്ഥാനാർത്ഥികൾ തമ്മിൽ നടന്ന ഈ മത്സരത്തിൽ ഏഴാം സ്ഥാനമാണ് ലിങ്കന്നു ലഭിച്ചതു്—തോററവരിൽ മൂന്നാംസ്ഥാനമെന്നു സാരം. 'ജീവിതത്തിൽ ധാരാളം ആശാഭംഗങ്ങൾ അനുഭവിച്ചു ശീലിച്ചിട്ടുള്ള' ലിങ്കന് ഈ പരാജയത്തിൽ അത്ഭുതത്തിനും കുണ്ഠിതത്തിനും വകയുണ്ടായില്ലെന്നു വയ്ക്കുക.

അദ്ധ്യായം - 9

# തോൽവിക്കുശേഷം

തിരിഞ്ഞെടുപ്പിൽ തോററു. കച്ചവടം തുലഞ്ഞു. വലിയൊരു ഋണബാദ്ധ്യതയും വന്നുവശായി. ഈ സ്ഥിതിയിൽ പഴയപടി കൂലിപ്പണിയിലേയ്ക്കു തിരിയേണ്ടിവന്ന ലിങ്കന്റെ ഭാവിയെന്തു്?

ആയിടയ്ക്കു്, തൊഴിലില്ലാതെ അബ്രാഹം ലിങ്കൺ വല്ലാതെ വിഷമിച്ചു. കച്ചവടത്തിലേയ്ക്കു് ഒരിക്കൽക്കൂടി കാൽവെച്ചുവെങ്കിലും, വലിയൊരു ഋണബാദ്ധ്യത വലിച്ചു തലയിൽവെയ്ക്കാൻ മാത്രമേ ആ ഉദ്യമം ഉപകരിച്ചുള്ളു. ബെറി എന്നു പേരായ ഒരാളായിരുന്നു ആ കച്ചവടത്തിലെ പങ്കാളി. മദ്യപാനത്തിലും ചൂതുകളിയിലും മുഴുകിക്കഴിഞ്ഞിരുന്ന ആ മനുഷ്യൻ പെട്ടെന്നു് മരണമടയുകയും, കച്ചവടം സംബന്ധിച്ചുണ്ടായിരുന്ന ബാദ്ധ്യത മുഴുവനും കൂട്ടുകാരൻ പേറേണ്ടിവരികയുംചെയ്തു. പാവപ്പെട്ട ലിങ്കൺ പത്തുപതിനഞ്ചുകൊല്ലം കഠിനയത്നം ചെയ്യേണ്ടിവന്നു ആ കടം വീട്ടുവാൻ,—ആയിരത്തി ഒരുനൂറു ഡോളറിന്റെ ഭാരിച്ച ഒരു കടം!

ലിങ്കന്റെ ജീവിതത്തിലെ ഏററവും ശ്രദ്ധാർഹമായ ഒരു ഘട്ടമാണിതു്. തിരിഞ്ഞെടുപ്പിലോ തോററു. കാലക്ഷേപത്തിനായി തുടങ്ങിയ കച്ചവടമാണെങ്കിൽ, അതു തുലഞ്ഞു. പോരെങ്കിൽ വലിയൊരു ഋണബാദ്ധ്യതയും വന്നുവശായി. ഉയരുവാൻ തുടങ്ങുന്നതിനിടയ്ക്കു് ഇത്തരം വീഴ്ചയും കെടുതിയുംപററിയാൽ, പിന്നെ ഒരിക്കലും തലപൊക്കാതെ നൈരാശ്യത്തിലാണ്ടുപോവുകയാണു് പലരുടേയും പതിവു്. താണനിലയിലായിരുന്നപ്പോൾ തങ്ങൾ ശീലിച്ചിരുന്ന തൊഴിലുകളിലേയ്ക്കു പിന്തിരിയാൻ ദുരഭിമാനം നിമിത്തം

ആ കൂട്ടർക്കു് വലിയ വൈമനസ്യമുണ്ടാവുകയും ചെയ്യും. എന്നാൽ അബ്രഹാം ലിങ്കൻെറ പ്രകൃതി അതായിരുന്നില്ല. ഉയർച്ചയ്ക്കുള്ള മററു വഴികൾ മുട്ടിക്കണ്ടപ്പോൾ, പഴയപടി കൂലിവേല ചെയ്യാൻതന്നെ അദ്ദേഹം ഉറച്ചു. അന്യർക്കുവേണ്ടി മരം മുറിക്കാനും, നിലം കിളയ്ക്കാനും, കുടിൽ കെട്ടാനും, വള്ളമൂന്നാനമെല്ലാം അദ്ദേഹം വീണ്ടും തയ്യാറായെന്നു താല്പര്യം. കൊല്ലപ്പണി നടത്താൻകൂടി ആയിടയ്ക്കു് ലിങ്കൺ ശീലിച്ചു. കെട്ടതികൊണ്ടൊന്നും കുലുങ്ങാത്ത നിലപാടുതന്നെ!

സാഹിത്യത്തിലും നിയമത്തിലും ഉപരിപഠനത്തിനു പററിയ ഒന്നും രണ്ടും പുസ്തകങ്ങൾ എപ്പോഴും പോക്കററിൽ നിക്ഷേപിച്ചുകൊണ്ടായിരുന്നു ലിങ്കൻെറ നടപ്പു്. ഷേയ്ക്സ്പിയറിൻേറയും ബേൺസിൻേറയും കൃതികളധികവും അദ്ദേഹം വായിച്ചതു് അക്കാലത്തായിരുന്നു. തന്നേപ്പോലെതന്നെ ആ വിശ്വമഹാകവികളും കോളേജ് കാണാത്തവരായിരുന്നുവെന്ന വസ്തുത ലിങ്കനെ ധൈര്യപ്പെടുത്തി. ഷേയ്ക്സ്പിയറിൻെറ കവിതകൾ ഉരുവിട്ടുപാഠിച്ചു് അവയുടെ ശൈലി അദ്ദേഹം ഉള്ളിൽ നല്ലവണ്ണം ഉറപ്പിച്ചു. ലിങ്കൺ പില്ക്കാലത്തും ആ കവിതകൾ ഉച്ചത്തിൽ ചൊല്ലി രസിക്കാറുണ്ടായിരുന്നു.

ഒരിടയ്ക്കു് ലിങ്കൺ ന്യൂസേലത്തെ പോസ്റ്റ്മാസ്റ്ററുദ്യോഗം വഹിക്കുവാനിടയായി. വില്ലേജ് പോസ്റ്റ്മാസ്റ്ററുടെ അന്നത്തെ ജോലി വിചിത്രമായിരുന്നു. ആഴ്ചയിൽ രണ്ടുപ്രാവശ്യമായെത്തുന്ന കത്തുകളും മററും പോസ്റ്റ്മാസ്റ്റർതന്നെ കൊണ്ടുനടന്നു മേൽവിലാസക്കാർക്കു കൊടുക്കുകയും, സ്റ്റാമ്പൊട്ടിക്കുന്ന പതിവില്ലാതിരുന്നതിനാൽ കത്തുകളുടെ കൂലി മേൽവിലാസക്കാരിൽനിന്നു് പോസ്റ്റ്മാസ്റ്റർ നേരിട്ടു പിരിച്ചു സൂക്ഷിക്കുകയും, ഗവൺമെണ്ടിൻെറ പണപ്പിരിവുകാരൻ വരുമ്പോൾ ആ പണം അയാളെ ഏല്പിക്കുകയും ചെയ്യണമെന്നായിരുന്നു ചട്ടം. സ്ഥലത്തിൻെറ ദൂരം നോക്കിയാണു് കത്തുകൾക്കു് കൂലി ചുമത്തിയിരുന്നതു്; ഒരു സാധാരണ കത്തിനു് ആറേകാൽ സെൻറു മുതൽ ഇരുപത്തഞ്ചു സെൻറുവരെ ചാർജ്ജ്

വന്നിരുന്നു.

ന്യൂസേലത്തേയ്ക്കുള്ള 'മെയിൽ' കിട്ടിക്കഴിഞ്ഞാൽ ലിങ്കൺ കത്തുകളെല്ലാമെടുത്തു് തന്റെ തൊപ്പിയിലിട്ടുംകൊണ്ടു് മേൽവിലാസക്കാരെ അന്വേഷിച്ചു പുറപ്പെടും. കത്തുകൾ പ്രതീക്ഷിച്ചിരിക്കുന്നവർ അപ്പോൾ പോസ്റ്റ്മാസ്റ്ററെത്തേടിയിറങ്ങിയെന്നും വരാം. അങ്ങനെയാണെങ്കിൽ, കത്തു കൊടുക്കലും പണംപിരിക്കലും ഇടയ്ക്കുവെച്ചുതന്നെ നടക്കും. പിരിക്കുന്ന പണം ലിങ്കൺ എത്ര ശ്രദ്ധയോടുകൂടിയാണെന്നോ സൂക്ഷിച്ചിരുന്നതു്! ലിങ്കന്റെ കൈവശം പണം ഏല്പിക്കുന്നതു് ബാങ്കിൽ നിക്ഷേപിക്കുന്നതുപോലെ ഭദ്രമാണെന്നു് ആളുകൾ പറയാറുണ്ടായിരുന്നു. ദാരിദ്ര്യത്തിന്റെ നെല്ലിപ്പടിയിൽ നിന്നിരുന്ന ആ മനുഷ്യൻ പണമിടപെട്ട കാര്യങ്ങളിൽ കാണിച്ചിരുന്ന കണിശം കണ്ടുപഠിക്കേണ്ടതാണു്. തപാലിൽ വരുന്ന സാമാനങ്ങളുടെ കൂട്ടത്തിൽ വായിക്കാൻപററിയ സാഹിത്യം വല്ലതുമുണ്ടെങ്കിൽ, അതു് ആസ്വാദിക്കുന്ന കാര്യത്തിൽ മേൽവിലാസക്കാരോടൊന്നിച്ചു് പോസ്റ്റ്മാസ്റ്റർ ലിങ്കനും പങ്കുകൊള്ളുക പതിവായിരുന്നു.

സർവ്വജോലിക്കും തയ്യാറുണ്ടായിരുന്ന ലിങ്കൺ കുറേക്കാലം 'സർവ്വേ' ജോലിയിലും ഏർപ്പെടുകയുണ്ടായി. താലൂക്കു് സർവ്വേയരുടെ കീഴിൽ അങ്ങനേയൊരു ജോലിയ്ക്കു തരമുണ്ടെന്നു കണ്ടപ്പോൾ, ലിങ്കൺ ഒരു പുസ്തകം വാങ്ങി സർവ്വേ സംബന്ധിച്ചറിയേണ്ടുന്ന സാങ്കേതിക കാര്യങ്ങൾ പഠിച്ചു് ഒരു സർവ്വേയരായിത്തീർന്നു. ജോലിയുണ്ടെങ്കിൽ ദിവസേന മൂന്നു ഡോളർവീതം പ്രതിഫലം കിട്ടാവുന്നതായിരുന്നു ആ ഏർപ്പാടു്; എന്നാൽ തുടർച്ചയായി എല്ലാദിവസവും ജോലിയുണ്ടാകയില്ലെന്നുള്ളതു് ഒരു തരക്കേടായിരുന്നുതാനും. ആയിടയ്ക്കു് പണത്തിന്റെ കാര്യത്തിൽ ലിങ്കൺ വല്ലാതെ ക്ലേശിക്കുകയും, ചില കടക്കാർ അദ്ദേഹത്തെ വട്ടംകറക്കുകയും ചെയ്തു. ഒരിക്കൽ സർവ്വേജോലി നടത്താൻപോയ ദിക്കിൽവെച്ചു് ജോലിസ്സാമാനങ്ങളോടുകൂടി അദ്ദേഹത്തിന്റെ കുതിരയെ ഒരു ഉത്തമർണ്ണൻ 'ജപ്തി' ചെയ്യിക്കുകയായി. വിവരമറിഞ്ഞു് ഒരു സ്നേഹിതൻ ചെ

ന്നു് ആ ജപ്തിപ്പണ്ടങ്ങൾ ലേലത്തിൽക്കൊണ്ടു് അവയെ ലിങ്കനു സമ്മാനിച്ചതിനാൽ, ദുഘ്ഘടം ഒരു മട്ടിൽ അവസാനിച്ചെന്നേ പറയേണ്ടൂ.

രാഷ്ട്രീയതിരിഞ്ഞെടുപ്പിൽ ഒരു പ്രാവശ്യം പരാജിതനായെന്നുവെച്ചു് നമ്മുടെ കഥാനായകൻ രാജ്യകാൎയ്യങ്ങളിൽ പരാങ്മുഖനായോ? അതില്ല. ഇല്ലിയൊനോയി സ്റ്റേയ്ററ് അസംബ്ലിയിലേയ്ക്കു് 1834–ആഗസ്റ്റ് മാസത്തിൽ നടന്ന പൊതുതിരിഞ്ഞെടുപ്പിൽ അബ്രാഹം ലിങ്കൻ സാംഗമൊൺ കൗണ്ടിയിൽത്തന്നെ വീണ്ടും ഒരു സ്ഥാനാൎത്ഥിയായി നില്ക്കാൻ തീൎച്ചയാക്കി. മത്സരത്തിനു അത്തവണയും പന്ത്രണ്ടു സ്ഥാനാൎത്ഥികളാണു് അവിടെ അണിനിരന്നതു്. തിരിഞ്ഞെടുപ്പു് ബഹുവാശിയിൽ നടന്നു. ലിങ്കന്നാണു് എല്ലാ സ്ഥാനാൎത്ഥികളിലുംവെച്ചു് ഏററവും കൂടുതൽ വോട്ടുകൾ ലഭിച്ചതു്. വിജയികളിൽ ഒന്നാമൻതന്നെ!

അബ്രാഹം ലിങ്കനു് വയസ്സു് ഇരുപത്തിയഞ്ചു കഴിഞ്ഞതേയുള്ളു. അതിനകം, ഇല്ലിയൊനോയി സംസ്ഥാനത്തിലെ നിയമസഭയിൽ ഒരു മെമ്പറാവാൻ സാധിച്ചതു് ഒരു വലിയ കാൎയ്യമായിരുന്നു. രാജ്യസേവനത്തിനു് ആദ്യമായിക്കിട്ടിയ അവസരം നന്നായിത്തന്നെ വിനിയോഗിക്കുവാൻ ലിങ്കൺ ഒരുമ്പെട്ടു. നിയമസഭാമെമ്പറെന്ന നിലയിൽ അദ്ദേഹം അനുവൎത്തിച്ച ചില നയവിശേഷങ്ങളും ആദൎശങ്ങളും ഇവിടെ സൂചിപ്പിക്കാം: കക്ഷിഭേദമൊന്നും നോക്കാതെ നാടിന്നും നാട്ടാൎക്കും പൊതുവെ നന്മചെയ്യണമെന്നും തനിക്കുവേണ്ടി വോട്ടുചെയ്തവരേയും ചെയ്യാത്തവരേയും ഒന്നുപോലെ സേവിക്കണമെന്നും ലിങ്കൺ നിശ്ചയിച്ചു; നിയമസഭാസാമാജികത്വവും തദ്ദത്താധികാരങ്ങളും സ്വാൎത്ഥത്തിനുവേണ്ടി ഒരിക്കലും ബലികഴിക്കുകയില്ലെന്നു് അദ്ദേഹം ഉറച്ചു; അരിഷ്ടതയും അവശതയും അനുഭവിക്കുന്നവൎക്കുവേണ്ടി അടരാടുവാനും, അധൎമ്മങ്ങളേയും അഴിമതികളേയും നിൎഭയം വിമൎശിക്കുവാനുമുള്ള ആത്മവീൎയ്യം അദ്ദേഹം പ്രകാശിപ്പിച്ചു; സ്വന്തം സംസ്ഥാനത്തിൻെറയും കക്ഷിയുടേയും താല്പൎയ്യങ്ങളെ വിഗണിക്കാതെതന്നെ യൂണിയൻെറ പൊതു

താല്പര്യങ്ങളെ പരിരക്ഷിക്കുവാനും, പോരാ, യൂണിയന്റെ പരിധിയേയും അതിശയിക്കുന്ന വിശാലവിശാലമായ ഒരു അടിസ്ഥാനത്തിൽ രാഷ്ട്രീയപ്രശ്നങ്ങളെ വീക്ഷിക്കുവാനും അദ്ദേഹം ശീലിച്ചു. ഇമ്മാതിരി ആദർശനിഷ്ഠയുള്ള രാഷ്ട്രീയപ്രവർത്തകർ ഏതു രാജ്യത്തിനും ഒരു വലിയ അനുഗ്രഹമായിരിക്കും.

അദ്ധ്യായം - 10

# അഭിഭാഷകൻ

"ഒരു പാവപ്പെട്ട കക്ഷിയെ വഞ്ചിക്കുന്നതിനേക്കാൾ, പട്ടിണി കിടക്കുവാനാണ് എനിക്കിഷ്ടം. വാങ്ങിച്ച ഫീസിന്റെ പകുതിയെങ്കിലും മടക്കിക്കൊടുക്കുക."— കൂട്ടുവക്കീലിനോട് ലിങ്കന്റെ എതിർവാദം.

അബ്രാഹം ലിങ്കന്റെ സാമ്പത്തികസ്ഥിതി പിന്നെയും പരുങ്ങലിൽത്തന്നെയായിരുന്നു. അസംബ്ലിയിലെ മറെറാരു മെമ്പറും നല്ലൊരഭിഭാഷകനുമായിരുന്ന മേജർ സ്റ്റുവർട്ട് എന്ന ദേഹത്തിന്റെ ഉപദേശമനുസരിച്ച് ലിങ്കൺ തന്റെ നിയമപഠനം മുറയ്ക്കൊന്നു വികസിപ്പിക്കാനൊരുമ്പെടുകയും, ഒടുവിൽ ഒരു വക്കീലായി വ്യവഹരിക്കുവാനുള്ള യോഗ്യത നേടുകയും ചെയ്തു. പില്ക്കാലത്ത് ഇല്ലിനോയി സംസ്ഥാനത്തിന്റെ തലസ്ഥാനമായിത്തീർന്ന സ്പ്രിംഗ്ഫീൽഡ് എന്ന പട്ടണത്തിലാണ് ലിങ്കൺ 'പ്രാക്ടീസ്' ആരംഭിച്ചതു്. വക്കീൽജോലിക്കായി സ്പ്രിംഗ്ഫീൽഡിലെത്തിയ ദിവസം അദ്ദേഹം ഒരു കട്ടിലും കിടക്കയും വാങ്ങാൻ ശ്രമിച്ച കഥ അവിടത്തെ ഒരു കച്ചവടക്കാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. ജോഷ്വ എഫ്. സ്പീഡ് എന്നു പേരായ ആ വ്യാപാരി പ്രസ്തുത സംഭവം വിവരിച്ചിരിക്കുന്നതു് ഇങ്ങനെയാണ്:

"ആ മനുഷ്യൻ എന്റെ ഷാപ്പിലേയ്ക്കു കയറിവന്നു് കൈവശമുണ്ടായിരുന്ന ചാക്കുസഞ്ചികൾ അവിടെ വെച്ചിട്ട്, ഒരാളിനു കിടക്കാൻ പററിയ ഒരു കട്ടിലിന്റെ സാമഗ്രികൾക്കു് എന്തു വില വരുമെന്നു് എന്നോടു ചോദിച്ചു. ഞാൻ സ്ലേയിറൽ പെൻസിലുമെടുത്തു് വില കുത്തിക്കുറിച്ചു്, ആകെ പതിനേഴു ഡോളർ വേ

ണ്ടിവരുമെന്നു് മറുപടിപറഞ്ഞു. അതു് കേട്ടപ്പോൾ ആഗതൻ പറയുകയാണു്: 'അതു് വളരെ ന്യായമായ ഒരു വിലയായിരിക്കാം. പക്ഷെ, അതങ്ങു തരുവാൻ ഇപ്പോൾ എൻെറ പക്കൽ പണമില്ല. അടുത്ത ക്രിസ്തുമസ്സ്‌വരെ ഒരു അവധി തരികയും, എൻെറ ഇവിടത്തെ വക്കീൽജോലി വിജയിക്കുകയും ചെയ്യുന്നപക്ഷം ഞാൻ ഈ പണം തന്നുകൊള്ളാം. എൻെറ ജോലി പരാജയപ്പെടുകയാണെങ്കിലോ, പണം തരുവാൻ എനിക്കു തീരെ സാധിച്ചില്ലെന്നും വരും.' —ഞാൻ അദ്ദേഹത്തെ ഒന്നു സൂക്ഷിച്ചുനോക്കി. അത്ര ദുഃഖഭാവമുള്ള ഒരു മുഖം ഞാൻ അതിനുമുമ്പൊരിക്കലും കണ്ടിട്ടുണ്ടായിരുന്നില്ല. ഞാൻ പറഞ്ഞു: 'അത്ര ചെറിയ ഒരു കടത്തെപ്പററി നിങ്ങൾ ഇത്ര ആകുലനായി കാണപ്പെടുന്ന സ്ഥിതിയ്ക്കു്, ഞാൻ ഒരു പ്ലാൻ പറയാം. അതനുസരിച്ചു പ്രവർത്തിക്കുന്നപക്ഷം, യാതൊരു ബാദ്ധ്യതയിലും പെടാതെ നിങ്ങളുടെ ഉദ്ദേശ്യം സാധിക്കാവുന്നതാണു്. എനിക്കു് സാമാന്യം വിശാലമായ ഒരു മുറിയും, അതിൽ രണ്ടുപേൎക്കു് കിടക്കാൻപററിയ ഒരു കട്ടിലുമുണ്ടു്. നിങ്ങൾക്കു് വിരോധമില്ലെങ്കിൽ നമുക്കു രണ്ടുപേൎക്കുംകൂടി അവിടെ കഴിച്ചുകൂട്ടാം.'—ഉടനെ ആ മനുഷ്യൻ ചോദിച്ചു, ഞാൻ പറയുന്ന മുറി എവിടെയാണെന്നു്. 'നേരെ മുകളിൽത്തന്നെ.' —ഷാപ്പിൽനിന്നു് എൻെറ മുറിയിലേയ്ക്കുള്ള കോവണി ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ ഉത്തരം പറഞ്ഞു. പിന്നെ ഒരക്ഷരവും പറയാൻ നില്ക്കാതെ അദ്ദേഹം ആ ചാക്കുസഞ്ചികളുമെടുത്തു് മുകളിലേയ്ക്കു പോയി. സാമാനങ്ങൾ അവിടെ തറയിൽ അടുക്കിവെച്ചിട്ടു് അദ്ദേഹം പ്രസന്നഭാവത്തോടെ പുഞ്ചിരിതൂകിക്കൊണ്ടു് താഴെയിറങ്ങിവന്നു് എന്നോടുപറഞ്ഞു: 'കൊള്ളാം, സ്പീഡു്, ഞാൻ നിങ്ങളുടെ നിൎദ്ദേശം സ്വീകരിച്ചിരിക്കുന്നു.''

അങ്ങനെ, ഒരു അപരിചിതൻെറ ഔദാൎയ്യം മൂലം നമ്മുടെ പുതിയ വക്കീലിനു് തലചായിക്കാൻ ഒരു സ്ഥലവും പകുതിക്കട്ടിലും കിട്ടി! ഇത്രയും നിസ്സഹായമായ ഒരു നിലയിലാണു് പ്രാക്ടീസ് ആരംഭിച്ചതെങ്കിലും, അബ്രഹാം ലിങ്കൺ ഒരു വക്കീലെന്ന

നിലയിൽ ക്രമേണ പേരെടുത്തുതുടങ്ങി. ആദ്യമാദ്യം ഒന്നുരണ്ടു വലിയ നിയമജ്ഞന്മാരുടെ കീഴിലാണ് അദ്ദേഹം ജോലിനോക്കിയതു്; പിന്നെ വില്യം എച്ച്. ഹെൺഡൻ എന്നപേരായ ഒരു വക്കീലിനെ സഹപ്രവത്തകനാക്കിക്കൊണ്ടു് സ്വതന്ത്രമായി വ്യവഹരിക്കുകയായി. "Lincoln and Herndon" എന്ന പേരിൽ സ്പ്രിംഗ്ഫീൽഡിൽ ആരംഭിച്ച ഈ കൂട്ടുവ്യവഹാരം ഇരുപത്തൊന്നു കൊല്ലത്തോളം ദീഘിച്ചു. അബ്രാഹം ലിങ്കൻെറ സമഗ്രമായ ജീവചരിത്രമെഴുതുവാൻ മേല്പറഞ്ഞ അഭിഭാഷകനു സാധിച്ചതു്, സുദീഘമായ ഈ സമ്പക്കത്തിൻെറ ഫലമായിട്ടായിരുന്നു.

വക്കീലിൻെറ നിലയിലും അബ്രാഹം ലിങ്കൺ ഒരു മഹാനായിരുന്നുവെന്നു് നിസ്സംശയം പറയാം. കക്ഷികളെ ഞെക്കിപ്പിഴിഞ്ഞു് പണം പിടുങ്ങുന്ന ശീലം ലിങ്കനുണ്ടായിരുന്നില്ല. സത്യമെന്നു് തനിക്കു് ബോദ്ധ്യമുള്ള കേസുകളിൽ മാത്രമേ അദ്ദേഹം വക്കാലത്തു് സ്വീകരിക്കാറുണ്ടായിരുന്നുള്ളു. അനാവശ്യമായി വ്യവഹരിക്കാൻ അരയുംതലയും മുറുക്കിയിറങ്ങുന്ന കൂട്ടരെ അദ്ദേഹം പ്രോത്സാഹിപ്പിച്ചതുമില്ല. ന്യായമുള്ള കേസുകൾതന്നെയും വല്ല നിവൃത്തിയുമുണ്ടെങ്കിൽ പറഞ്ഞൊതുക്കി, കക്ഷികളെ കഴിയുന്നതും കോടതി കയററാതെ കഴിക്കുവാനായിരുന്നു ലിങ്കൻെറ ശ്രമം. ഇക്കാര്യത്തിൽ അദ്ദേഹം നല്കാറുണ്ടായിരുന്ന ഒരു ഉപദേശം ഇവിടെ ഉദ്ധരിക്കാം: "വ്യവഹാരങ്ങളെ പ്രോത്സാഹിപ്പിക്കരുതു്. കേസുകൾ കഴിയുന്നതും രാജിയിൽ കലാശിപ്പിക്കാൻ നിങ്ങളുടെ അയൽവാസികളെ പ്രേരിപ്പിക്കണം. പ്രത്യക്ഷത്തിൽ കേസു ജയിക്കുന്നവനും, ഫീസിൻേറയും മററു ചിലവുകളുടേയും കണക്കു നോക്കുമ്പോൾ യഥാത്ഥത്തിൽ നഷ്ടം സഹിക്കുകയാണു ചെയ്യുന്നതു്. സമാധാനസ്ഥാപകനെന്ന നിലയിൽ ഒരു അഭിഭാഷകനു് വളരെ നന്മ ചെയ്യാൻ കഴിയും. എന്നുവെച്ചു് അയാൾക്കു വേണ്ടത്ര തൊഴിലില്ലാതെ വരികയുമില്ല." —ഇത്രയും പറഞ്ഞതിൽനിന്നു് അന്യരുടെ ആപത്തു് തൻെറ സമ്പത്താക്കുന്ന സമ്പ്രദായം ലിങ്കൺവക്കീലിനു് വശമുണ്ടായിരുന്നില്ലെന്നു് വ്യക്തമായല്ലൊ.

ഫീസിൻെറ കാര്യത്തിൽ അബ്രഹാം ലിങ്കൺ കക്ഷികളോടു കാണിച്ചിരുന്ന ദാക്ഷിണ്യം അഭിഭാഷകവൃത്തിക്കുതന്നെ ഒരു കെട്ടുതിയാകുമെന്നു് മററു വക്കീലന്മാർ ആക്ഷേപം പറയാറുണ്ടായിരുന്നു. തൻെറ കക്ഷികൾ തന്നെപ്പോലെതന്നെ പാവങ്ങളാണെന്നും അവരുടെ പക്കൽനിന്നു് വലിയ ഫീസു വാങ്ങാൻ തൻെറ മനഃസാക്ഷി സമ്മതിക്കുന്നില്ലെന്നുമാണു് ലിങ്കൺ അതിനു് നല്കിയിരുന്ന സമാധാനം. ഒരിക്കൽ ഒരു കക്ഷി 24 ഡോളർ ഫീസു കൊടുത്തിട്ടു്, ലിങ്കൺ അതിൽനിന്നു് പത്തു ഡോളർ മടക്കിയേല്പിച്ചിട്ടേ ആ കക്ഷിയെ വിട്ടയച്ചുള്ളു! ചില പാവപ്പെട്ട കക്ഷികളിൽനിന്നു് ഫീസു വാങ്ങിച്ചിരുന്നില്ലെന്നു മാത്രമല്ല, അവരുടെ ഭക്ഷണത്തിനും യാത്രയ്ക്കും വേണ്ടി നമ്മുടെ വക്കീൽ സ്വന്തം കൈയിൽനിന്നു് പണം കൊടുക്കുകയും ചെയ്തിരുന്നു!

ഒരിക്കൽ ഒരു പെൺകുട്ടിയുടെ അവകാശസംരക്ഷണത്തിനായുള്ള ഒരു കേസ്സ് ലിങ്കൺ വാദിക്കേണ്ടതായിവന്നു. ഭ്രാന്തുപിടിച്ചു നടന്നിരുന്ന ആ പെൺകുട്ടിയുടെ സ്വത്തു് അപഹരിക്കാൻ ശ്രമിച്ച ഒരു വഞ്ചകനെതിരായിട്ടായിരുന്നു കേസ്സ്. പതിനഞ്ചുമിനിട്ടുനേരത്തെ വാദംകൊണ്ടു് ലിങ്കൺ ആ വ്യവഹാരം ജയിച്ചു. കേസിൻെറ വിവരമല്ലാതെ ഫീസിൻെറ വിവരം ലിങ്കൺ ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നില്ല. കൂട്ടുവക്കീൽ ആ കേസിനു് 250 ഡോളർ ഫീസു വാങ്ങിക്കൊണ്ടു് അതു പങ്കുവെയ്ക്കാൻ ലിങ്കൻെറ അടുക്കൽചെന്നപ്പോഴാണു്, അദ്ദേഹം ഫീസിൻെറ തുക മനസ്സിലാക്കിയതു്. അത്ര വലിയ ഒരു ഫീസ് വാങ്ങിയതു് നീതിയായില്ലെന്നു് ലിങ്കൺ വാദിച്ചു. പെൺകുട്ടിയുടെ സഹോദരൻ നേരത്തെ സമ്മതിച്ചിരുന്ന ഫീസാണതെന്നു് സഹപ്രവർത്തകൻ ചൂണ്ടിക്കാണിച്ചപ്പോൾ ലിങ്കൺ പറഞ്ഞു: "ശരി, എങ്കിലും എനിക്കിതിൽ തൃപ്തി തോന്നുന്നില്ല. ഭ്രാന്തു പിടിച്ചു നടക്കുന്ന ഒരു പെൺകുട്ടിയുടേതാണു് ആ പണം. ഒരു പാവപ്പെട്ട കക്ഷിയെ വഞ്ചിക്കുന്നതിനേക്കാൾ, പട്ടിണികിടക്കുവാനാണു് എനിക്കിഷ്ടം. വാങ്ങിച്ച ഫീസിൻെറ പകുതിയെങ്കിലും മടക്കിക്കൊടുക്കുക; അല്ലാത്തപക്ഷം

ഒരു പൈപോലും ഞാൻ സ്വീകരിക്കയില്ല."

നിയമവാദങ്ങളുടെ ഇടയ്ക്കു് സന്ദർഭോചിതമായ ഫലിതവും യുക്തിയും പ്രയോഗിച്ചു് കേസ് ജയിക്കുവാൻ ലിങ്കന് ഒരു പ്രത്യേക പാടവം ഉണ്ടായിരുന്നു. ഒന്നുരണ്ടു ഉദാഹരണങ്ങൾ പറയാം: ഒരു കേസിൽ എതിർഭാഗത്തെ വക്കീൽ നിയമംപിടിച്ചു് ശക്തിയായി വാദിക്കുകയായിരുന്നു; ലിങ്കൻെറ കക്ഷിയ്ക്കു് നിയമം തീരെ എതിരായിരുന്നുതാനും. ആ കുഴഞ്ഞ കേസ് താൻ തോല്ക്കുകയേയുള്ളുവെന്നു് ലിങ്കന് നല്ലവണ്ണം അറിയാമായിരുന്നു. കോടതിമുറിയിൽ ചൂടു കലശലായിരുന്നതിനാൽ, എതിർഭാഗം വക്കീൽ തൻെറ പുറംകുപ്പായം മാററി ഷർട്ടുമാത്രം ധരിച്ചുകൊണ്ടാണു് പ്രസംഗിച്ചുനിന്നിരുന്നതു്. ആ ഷർട്ടിൻെറ ബട്ടൺ പിൻഭാഗത്താണു് ഘടിപ്പിച്ചിരുന്നതെന്നു് ലിങ്കൺ കണ്ടുവെച്ചു. ഉടുപ്പിൻെറ പിൻഭാഗത്തു് ബട്ടൺ പിടിപ്പിക്കുന്ന സമ്പ്രദായം പരിഹാസ്യമായിട്ടാണു് കരുതപ്പെട്ടിരുന്നതു്. എതിരാളി നിയമവശങ്ങളെല്ലാം നന്നായി സമത്ഥിച്ചുകൊണ്ടു് പ്രസംഗം അവസാനിപ്പിച്ചപ്പോൾ, ലിങ്കൺ ഒരു ഫലിതം പറഞ്ഞുകൊണ്ടെഴുന്നേററു. "അല്ലയോ, ന്യായാധിപന്മാരെ, ഈ കേസിൽ നീതി എൻെറ ഭാഗത്തായിരിക്കേ, ഒരു ഷർട്ടിൻെറ മുൻഭാഗവും പിൻഭാഗവും ഏതുതന്നെന്നുപോലും വിവരമില്ലാത്ത ഒരു വക്കീൽ ഇവിടെ പ്രകടിപ്പിച്ച വ്യത്ഥമായ നിയമവാദംകൊണ്ടു് നിങ്ങളാരും ഭ്രമിച്ചുപോകാനിടയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു.''—ലിങ്കൻെറ ഈ മുഖവുര കേട്ടതോടെ ന്യായാധിപന്മാരും, കോടതിയിലുണ്ടായിരുന്ന മററാളുകളും പൊട്ടിച്ചിരിച്ചു. നിയമത്തിനു പകരം എതിരാളിയുടെ പിൻകുടുക്കിന്മേൽ പിടികൂടിയ ലിങ്കൻെറ ഫലിതപ്രയോഗം കേസിൻെറ ഗതി പാടേ മാററി. എതിർഭാഗംവക്കീൽ സ്ഥാപിച്ചുവെച്ച വാദങ്ങളുടെ പിരിമുറുക്കം പെട്ടെന്നയഞ്ഞു. ലിങ്കൻെറ ഫലിതമയമായ വാഗ്ധോരണിയിൽ ന്യായാധിപസമിതി മയങ്ങിപ്പോയി. ചുരുക്കിപ്പറയാം: ഒടുവിൽ കേസ് ലിങ്കൺതന്നെ ജയിച്ചു!

വേറൊരിക്കൽ, ലിങ്കൺ പിടിച്ചിരുന്ന ഗംഭീരമായ ഒരു

കൊലക്കേസ്, പ്രമാണപ്പെട്ട ഒരു സാക്ഷിയുടെ മൊഴി നിമിത്തം, തോററുപോകുമെന്ന ദിക്കായി. സംഭവം നടന്ന ദിവസം നല്ല നിലാവെളിച്ചമുണ്ടായിരുന്നതുകൊണ്ട്, ഘാതകൻ വധകർമ്മം നടത്തുന്നതു് താൻ സ്പഷ്ടമായിത്തന്നെ കണ്ടുവെ...ന്നായിരുന്നു സാക്ഷിയുടെ മൊഴി. ലിങ്കൺ നിയമപ്പുസ്തകങ്ങൾക്കു പ...രം ഒരു പഞ്ചാംഗം പിടിച്ചാണു് ആ കേസ് വാദിച്ചതു്. സംഭവം ... നടന്ന ദിവസം വാവിൻെറ കണക്കനുസരിച്ചു് ചന്ദ്രപ്രകാശമുണ്ടായ...ിക്കുക സാദ്ധ്യമല്ലെന്നു് അദ്ദേഹം പഞ്ചാഗംകൊണ്ടു് സമർത്ഥിച്ചു. കേസു തള്ളിപ്പോയി! പ്രതിയുടെ കുടുംബക്കാർ ലിങ്കനു് ഒരു വലിയ പ്രതിഫലം കൊടുക്കാൻ തയ്യാറായെങ്കിലും, അദ്ദേഹം അതു് സ്വീകരിച്ചില്ല. ആ വീട്ടുകാർ പണ്ടു് ന്യൂസേലത്തുവെച്ചു് അബ്രാഹം ലിങ്കനു് ചില ഉപകാരങ്ങൾ ചെയ്തിട്ടുള്ളവരായിരുന്നുവത്രെ. അദ്ദേഹം പറഞ്ഞു: "ഞാൻ പാവപ്പെട്ടവനായും പാർപ്പിടമില്ലാത്തവനായും കഴിഞ്ഞിരുന്ന കാലത്തു് നിങ്ങൾ എനിക്കഭയം നല്കി എന്നെ തീററിപ്പോററുകയും, എൻെറ പഴയ വസ്ത്രങ്ങൾ തുന്നിശ്ശരിപ്പെടുത്തിത്തരികയും ചെയ്തിരുന്നതു് ഞാൻ മറന്നിട്ടില്ല; എനിക്കു് ഈ കേസിനു് യാതൊരു ഫീസും വേണ്ട."—നന്ദിയുടെ ആഴം നോക്കുക!

നാട്ടുകാരുടെ ഒരു ഉററബന്ധുവും ഉപദേഷ്ടാവുമായിട്ടാണു് അബ്രാഹംലിങ്കൺ പെരുമാറിയിരുന്നതു്. വിഷമങ്ങൾ വല്ലതും നേരിട്ടാൽ ആളുകൾ ഉടനെ അദ്ദേഹത്തെ കണ്ടു് ഉപദേശം ചോദിക്കുകയായി. അങ്ങനെ ചെല്ലുന്നവരെയെല്ലാം ലിങ്കൺ തികഞ്ഞ അനുകമ്പയോടും ഔദാര്യത്തോടുംകൂടി സഹായിക്കുകയും ചെയ്തിരുന്നു. വക്കീലിൻെറ നിലയിൽ അബ്രാഹം ലിങ്കൺ കാണിച്ചിരുന്ന ഒരു സ്വഭാവവിശേഷംകൂടി വ്യക്തമാക്കിക്കൊള്ളട്ടെ. ന്യായമല്ലാത്ത കേസു് പിടിക്കുവാൻ ലിങ്കനു് താല്പര്യമുണ്ടായിരുന്നില്ലെന്നു് മുമ്പു സൂചിപ്പിച്ചുവല്ലൊ. അതുപോലെതന്നെ, ന്യായമായ ചില കേസുകൾ കാരുണ്യത്തിൻേറയും സഹതാപത്തിൻേയും പേരിൽ വിട്ടുകളയുവാൻ തൻെറ കക്ഷികളെ ഉപദേശിക്കുന്ന ശീലവും നമ്മുടെ വക്കീലിനുണ്ടായിരുന്നു. ഒരിക്കൽ ഒരു വിധവയുടെ പക്കൽ

റിന്നു് അറുന്നൂറ ഡോളർ പിരിച്ചെടുക്ക[...]വാനുള്ള ഒരു കേസും കൊണ്ടുചെന്ന കക്ഷിയോടു് ലിങ്കൺ[...] പറഞ്ഞു: "നിങ്ങളുടെ ഈ കേസു് ജയിച്ചുതരുവാൻ എനിക്കു് ഒരു വിഷമവുമില്ല. ആ വിധവയേയും അവളുടെ അനാഥ[...]ായ ആറു കുഞ്ഞുങ്ങളേയും കഷ്ടത്തിലാക്കി, ഈ ഈസംഖ്യ [...]ക്കിത്തരാൻ എനിക്കു കഴിയും. പക്ഷെ, നിങ്ങളും മറ്റെന്തെങ്കി[...]ലും വിധത്തിൽ അറുന്നൂറു ഡോളർ ഉണ്ടാക്കുന്നതാണു് ഉത്തമ[...]മെന്നത്രെ എന്റെ എളിയ അഭിപ്രായം."

അദ്ധ്യായം - 11

# വിവാഹപ്രശ്നം

വിവാഹദിവസം ലിങ്കൺ ഉടുത്തൊരുങ്ങിയിറങ്ങുമ്പോൾ അദ്ദേഹം താമസിച്ചിരുന്ന വീട്ടിലെ ഒരു കുട്ടി ചോദിച്ചു, എങ്ങോട്ടാണ് പോകുന്നതെന്ന്. 'നരകത്തിലേയ്ക്കാണെന്നു തോന്നുന്നു.'– അതായിരുന്നു ലിങ്കൻെറ ഫലിതമയമായ മറുപടി.

നമ്മുടെ കഥാനായകൻ, 1842–ൽ, തൻെറ മുപ്പത്തിമൂന്നാമത്തെ വയസ്സിലാണ് വൈവാഹികജീവിതത്തിൽ പ്രവേശിക്കുവാനിടയായത്. വധുവിൻെറ പേര് മേരി ടോഡ് എന്നായിരുന്നു. കെൻടക്കിയിൽ, ലെക്സിംഗ്ടൺ എന്ന ദിക്കിലായിരുന്നു ആ സ്ത്രീയുടെ കുടുംബം. അവളുടെ ഒരു ജ്യേഷ്ഠത്തി വിവാഹം കഴിച്ച് ഭർത്താവൊന്നിച്ച് സ്പ്രിംഗ്ഫീൽഡിൽ താമസിക്കുന്നുണ്ടായിരുന്നു. മേരി ടോഡ് ഒരു ദിവസം 'രണ്ടാംകുടിത്തള്ള'യോടു വഴക്കടിച്ച് വീട്ടിൽ നിന്നിറങ്ങി ജ്യേഷ്ഠത്തിയെ അഭയം പ്രാപിച്ചു. അങ്ങനെയാണ് സ്പ്രിംഗ്ഫീൽഡിലെ സാമൂഹ്യരംഗത്ത് അവൾ എത്തിച്ചേർന്നത്. ആ യുവതി നല്ല കാര്യത്രാണിയും കാലോചിതമായ വിദ്യാഭ്യാസവുമൊക്കെയുള്ള കൂട്ടത്തിലായിരുന്നു. പക്ഷേ, ഒരു ദോഷം മാത്രം,—എടുത്ത വാക്ക് ആരോടും ശുണ്ഠി പറയും! ജീവിതത്തിൽ അവൾക്കുണ്ടായിരുന്ന പ്രധാന അഭിലാഷംതന്നെ എന്തായിരുന്നെന്നോ? അമേരിക്കൻ പ്രസിഡണ്ടായിത്തീരുവാനിടയുള്ള പുരുഷനെ വിവാഹംചെയ്ത് ഒരു കാലത്ത് വൈററ്ഹൗസിലെത്തണം—അതായിരുന്നു അവളുടെ മോഹം! രാഷ്ട്രീയരംഗത്ത് പയററിക്കൊണ്ടിരുന്ന പുരുഷന്മാരിൽ ഓരോരുത്തരുടേയും പുരോ

ഗതിയുടെ നിലവാരം ശരിയ്ക്കു നിരീക്ഷിച്ചറിയാൻ പോരുന്ന തന്റേടവും രാജ്യകാര്യപരിചയവും അവൾക്കുണ്ടായിരുന്നതാനും.

വാസ്തവം പറഞ്ഞാൽ, അബ്രാഹം ലിങ്കൻ വിവാഹം ചെയ്യാനുറച്ചിരുന്നതു് വേറൊരു സ്ത്രീയേയാണ്. ന്യൂസേലത്തു് ആനി റുഥ്ലെഡ്ജ് എന്നു പേരായി സുന്ദരിയും സുശീലയുമായ ഒരു സാധുകന്യകയുണ്ടായിരുന്നു. അവൾ പെട്ടെന്നൊരു പനി പിടിപെട്ടു് മരിച്ചുപോയി. 1835-ൽ നടന്ന ആ ദുരന്തസംഭവം, ലിങ്കനെ എന്നെന്നേയ്ക്കുമായി കദനജലധിയിലാഴ്ത്തിയെന്നേ പറയേണ്ടു. കൈവിട്ടുപോയ ആ കാമിനിയേച്ചൊല്ലി, ലിങ്കൺ പൊഴിച്ച കണ്ണുനീരിനു കണക്കില്ല. കോൺകോർഡ് എന്ന സ്ഥലത്തുള്ള ശ്മശാനത്തിലാണ് ആനിയുടെ മൃതശരീരം സംസ്കരിക്കപ്പെട്ടതു്. ലിങ്കൺ വളരെ ദൂരം വഴിനടന്നു് ആ ദിക്കിലെത്തി, അവളുടെ കുഴിമാടത്തിങ്കലിരുന്നു കരയുക പതിവായിരുന്നു. ചില ഘട്ടങ്ങളിൽ, സ്നേഹിതന്മാർ ചെന്നു് ബലമായി പിടിച്ചുകൊണ്ടുപോരുംവരെ ലിങ്കൺ അവിടെ കരഞ്ഞുകൊണ്ടിരുന്നുകളയും! മഴപെയ്യാൻ തുടങ്ങുമ്പോൾ, തന്റെ പ്രേമഭാജനത്തിന്റെ കുഴിമാടം നനയുമല്ലോ എന്നു പറഞ്ഞു് ലിങ്കൺ മുറവിളികൂട്ടുന്ന പതിവും ഉണ്ടായിരുന്നുവത്രെ. എന്തിനേറെ? നമ്മുടെ കഥാനായകനെ ഭ്രാന്തിന്റെ വക്കത്തോളമെത്തിച്ച ഒരു സംഭവമായിരുന്നു, മേല്പറഞ്ഞ യുവതിയുടെ അകാലനിര്യാണം. കൈവശം ഒരു കത്തി കൊണ്ടുനടക്കുന്ന കാര്യത്തിൽ ഭയം തോന്നത്തക്കവണ്ണം അത്ര വലിയ നൈരാശ്യത്തിലാണ് താൻ അക്കാലം കഴിച്ചുകൂട്ടിയിരുന്നതെന്നു് ലിങ്കൺതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്,— ആത്മഹത്യയ്ക്കുപോലും ചാച്ചിലുണ്ടായിരുന്നുവെന്നർത്ഥം.

ഏതായാലും, അമേരിക്കൻ പ്രസിഡണ്ടായിത്തീരുവാനിടയുള്ള പുരുഷന്റെ കഴുത്തിൽ വരണമാല്യമിടുവാൻ നടന്നിരുന്ന മേരി ടോഡ്, നമ്മുടെ കഥാനായകനായ ലിങ്കനേത്തന്നെയാണ് പ്രധാനമായി ഉന്നിക്കൊണ്ടിരുന്നതു്. രാഷ്ട്രീയരംഗത്തു് ലിങ്കനേക്കാൾ വേഗത്തിൽ ഉയൻനുകൊണ്ടിരുന്ന സ്റ്റീഫൻ ഡഗ്ലസ് എന്ന

ഒരു പ്രമാണിയുടെ നേരെ അവളുടെ മനസ്സ് ഇടയ്ക്കിടെ ചായാറുണ്ടായിരുന്നുവെങ്കിലും, അവളുടെ ഉൾക്കണ്ണ് പിന്നെയും പിന്നെയും അബ്രാഹം ലിങ്കനിൽത്തന്നെ ഊന്നിക്കൊണ്ടിരുന്നു. സ്റ്റീഫൻ ഡഗ്ലസാണെങ്കിൽ, സൗന്ദര്യത്തിലും സമ്പത്തിലും അന്തസ്സിലുമെല്ലാം വളരെ മികച്ച ഒരു മാന്യനായിരുന്നുവെന്നോർക്കണം. എന്നിട്ടും, മേരി ടോഡ് അബ്രാഹം ലിങ്കനേത്തന്നെ വിവാഹംചെയ്യാനുറച്ചതിൽ സ്വാർത്ഥമോ ത്യാഗമോ ഏതാണ് തല്ക്കാലം മുന്തിനിന്നിരുന്നതെന്ന് തീർത്തുപറയാൻ പ്രയാസമുണ്ട്. മേരി ടോഡ് ആ വിവാഹകാര്യം അങ്ങനെ ചുഴിഞ്ഞു ചുഴിഞ്ഞു പിടിക്കുന്തോറും, ലിങ്കൺ അതിൽനിന്ന് ഒഴിഞ്ഞൊഴിഞ്ഞുമാറാനാണ് ശ്രമിച്ചിരുന്നത്. പരമാർത്ഥം തുറന്നു പറഞ്ഞുകൊണ്ട് ലിങ്കൺ ഒരു ദിവസം മേരി ടോഡിന്നയയ്ക്കാൻ ഒരു കത്തെഴുതിവച്ചു. പക്ഷേ, അത് അയച്ചു കൊടുക്കാൻ ലിങ്കൻെറ സ്നേഹിതനായ ജോഷ്വാ സ്പീഡ് സമ്മതിച്ചില്ല. നേരിട്ടു കണ്ടുതന്നെ പറഞ്ഞൊഴിയേണ്ടുന്ന ഒരു കാര്യമാണതെന്ന് ആ സ്നേഹിതൻ ഉപദേശിച്ചു. പക്ഷേ, സന്ദർശനം മൂലം വിപരീതഫലമാണുണ്ടായത്. കല്യാണകാര്യം നടപ്പില്ലെന്ന് കേട്ടപ്പോൾ മേരി ടോഡ് പൊഴിച്ച കണ്ണുനീർ അബ്രാഹം ലിങ്കൻെറ മനസ്സലിയിച്ചുകളഞ്ഞു. കാര്യം പറഞ്ഞൊഴിയാൻ ചെന്ന ആ പച്ചപ്പരമാർത്ഥി, ഒടുവിൽ, അതു് ഉറപ്പിച്ചു പിരിയേണ്ടിവന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ലിങ്കൻെറ ദൗർബ്ബല്യം മനസ്സിലാക്കിയ മേരിടോഡ് വിവാഹകർമ്മം ത്വരിതപ്പെടുത്തുവാനുള്ള വട്ടമായി. 1841 ജനുവരി 1-ാംനു- വിവാഹം നടത്തത്തക്കവണ്ണം വേണ്ട ഏർപ്പാടുകളെല്ലാം ചെയ്യപ്പെട്ടു. പക്ഷേ, വരൻ അന്ന് ആരോടുമൊന്നും പറയാതെ എവിടെയ്ക്കോ കടന്നുകളഞ്ഞു! ലിങ്കന് ചിത്തഭ്രമം പിടിപെട്ടുമെന്നോ അദ്ദേഹം ആത്മഹത്യ ചെയ്യുമെന്നോ ഒക്കെ ശങ്കിക്കപ്പെട്ട വേറൊരു ഘട്ടമായിരുന്നു അതു്. ആ ദിവസങ്ങളിൽ അദ്ദേഹം നിയമസഭാജോലികളും മററും തീരെ മുടക്കി, വൈദ്യസഹായം തേടിയിരുന്നതായിക്കാണുന്നു. താൻ അപ്പോൾ അനുഭവിച്ചിരുന്ന

ദുഃഖം ല്ലാ മനുഷ്യരുമായി പങ്കുവെച്ചുകൊടുത്താൽ, ഭൂമുഖത്ത് പ്രസന്നമായ ഒരൊററ മുഖംപോലും കാണുമായിരുന്നില്ലെന്ന് ലിങ്കൺതന്നെ പറഞ്ഞിട്ടുണ്ട്. ഒരു സ്ത്രീയ്ക്ക് അപമാനം നേരിടത്തക്കവണ്ണം താൻ ചെയ്ത വാഗ്ദാനലംഘനത്തെക്കുറിച്ചുള്ള അപരാധബോധമാവണം, ലിങ്കനെ അത്യധികം വിഷമിപ്പിച്ചത്!

ജോഷ്വാ സ്പീഡ് ഈ വിപത്സന്ധിയിലും ലിങ്കനെ ഉററു സഹായിക്കാൻതന്നെ തയ്യാറായി. ആ സഹൃദയൻ നാട്ടിൻപുറത്തുള്ള സ്വന്തം വീട്ടിലേയ്ക്ക് ലിങ്കനെ കൂട്ടിക്കൊണ്ടുപോകയും, അവിടെ തൻെറ അമ്മയുടെ പരിചര്യയിൽ അദ്ദേഹത്തെ സൈ്വരമായി പാർപ്പിക്കുകയും ചെയ്തു. പരിസരങ്ങളിലുള്ള പ്രകൃതിസൗന്ദര്യം കണ്ടാനന്ദിക്കുവാൻ പററിയ ഒരു മുറിയാണ് അവർ ലിങ്കനു നല്കിയതു്. വായിക്കാൻ ഒരു ബൈബിളും കൊടുത്തു,—ലിങ്കന് ഏററവും ഇഷ്ടമുള്ള ഗ്രന്ഥം തന്നെ!

മേരി ടോഡ്, ആയിടെ, അബ്രാഹം ലിങ്കന് ഒരു കത്തയച്ചു. താനുമായുള്ള വിവാഹക്കരാറ് ഒഴിയാൻ വിരോധമില്ലെന്ന് അറിയിക്കുന്നതായിരുന്നു ആ കായിതം. കാമുകൻെറ മനശ്ശല്യം മാററിയെടുക്കാൻവേണ്ടി, അവൾ മനഃശാസ്ത്രത്തിൻെറ മർമ്മം മനസ്സിലാക്കിക്കൊണ്ടു പ്രയോഗിച്ച ഒരു തന്ത്രമായിരുന്നു അതു്. ലിങ്കൻെറ സുഖക്കേട് മാറിയപ്പോൾ അവൾ ഒരു മദ്ധ്യസ്ഥ മുഖേന വിവാഹാഭ്യർത്ഥന വീണ്ടും ആവർത്തിച്ചതുതന്നെ അതിലേയ്ക്കു തെളിവാണ്. “The Springfield Journal” എന്ന പത്രത്തിൻെറ അധിപനായിരുന്ന സിമയോൻ ഫ്രാൻസിസിൻെറ ഭാര്യയാണ് ആ മാദ്ധ്യസ്ഥ്യം വഹിച്ചതു്. അബ്രാഹം ലിങ്കൺ പ്രസ്തുത പത്രത്തിനു മുഖപ്രസംഗങ്ങളും മററും എഴുതിക്കൊടുക്കാറുണ്ടായിരുന്നു. ആ ബന്ധം പിടിച്ച് പത്രാധിപരുടെ ഭാര്യ ഒരു ദിവസം ലിങ്കനെ സ്വവസതിയിലേയ്ക്കു ക്ഷണിക്കുകയും, അവിടെ നേരത്തേയെത്തിയിരുന്ന മേരിടോഡുമായി ലിങ്കനെ വീണ്ടും രഞ്ജിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. പാവം, ലിങ്കൺ ആ പിടിയിൽ വീണുപോയി. വിവാഹാലോചന പിന്നെയും ബലപ്പെട്ടു. പക്ഷേ, സ്നേഹിതനാ

യ ജോഷ്വാസ്പീഡിൻെറ സമ്മതം വാങ്ങിയശേഷമേ ലിങ്കൺ അത്തവണ വാക്കുകൊടുത്തുള്ളു.

മേരിടോഡുണ്ടോ, പിന്നെ വിവാഹം നീട്ടിവെയ്ക്കാൻ സമ്മതിക്കുന്നു? തൻെറ ജന്മദിനമായ നവമ്പർ 4-ാംനു- തന്നെ വിവാഹകർമ്മം നടത്തണമെന്നു് അവരു നിർബ്ബന്ധിച്ചു. അന്നു് വെള്ളിയാഴ്ചയായതുകൊണ്ടു് കർമ്മം മറെറാരു ദിവസത്തേയ്ക്കു് മാററിവെയ്ക്കാമെന്നു ലിങ്കൺ നല്കിയ നിർദ്ദേശം പോലും അവരു സ്വീകരിച്ചില്ല. ചുരുക്കിപ്പറയാം: 1842 നവമ്പർ 4-ാംനു- വെള്ളിയാഴ്ച തന്നെ വിവാഹം നടന്നു; റവ: ചാറംസ് ഡ്രസ്സർ എന്ന ഒരു വൈദികനാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്. നവദമ്പതിമാരുടെ വിവാഹമോതിരത്തിന്മേൽ, 'സ്നേഹം നിത്യമാകുന്നു' (Love is eternal) എന്ന വാക്കുകരു ഉല്ലേഖനം ചെയ്യപ്പെട്ടിരുന്നു.

വിവാഹത്തിനുവേണ്ടി ഉടുത്തിറങ്ങുമ്പോരു ലിങ്കൺ പറഞ്ഞ ഒരു നേരംപോക്കു് ശ്രദ്ധാർഹമാണു്. അദ്ദേഹം താമസിച്ചിരുന്ന വീട്ടിലെ ഒരു കുട്ടി അന്നത്തെ വിശേഷവിധിയായ ഒരുക്കം കണ്ടിട്ടു് "എങ്ങോട്ടാണു് പോകുന്നതു?" എന്നു ലിങ്കനോടു ചോദിച്ചു. "നരകത്തിലേയ്ക്കാണെന്നു് തോന്നുന്നു."—അതായിരുന്നു ലിങ്കൺ നല്കിയ ഫലിതമയമായ മറുപടി! വിവാഹം കഴിഞ്ഞ പിറേറ ആഴ്ചയിൽ ലിങ്കൺ ഒരു കേസിനേക്കുറിച്ചു് ഒരു സ്നേഹിതന്നെഴുതിയ കത്തിൻെറ അടിയിൽ ഇങ്ങനെ ഒരു കുറിപ്പു ചേർത്തിരുന്നു: "എൻെറ വിവാഹമല്ലാതെ ഇവിടെ പുതിയ വിശേഷമൊന്നുമില്ല; ആ വിവാഹമാകട്ടെ, എനിക്കുതന്നെ ഒരത്ഭുതമായിട്ടാണിരിക്കുന്നതും."

മിസ്സിസ് ലിങ്കൻെറ കാര്യസ്ഥതാണിയേപ്പററി, ഏതായാലും, രണ്ടുപക്ഷത്തിന്നവകാശമില്ല. വീട്ടുകാര്യങ്ങരു നടത്താനും, പണം സൂക്ഷിക്കാനും, അതു് വേണ്ടവിധം ചിലവിടാനും, ഭർത്താവിൻെറ രാഷ്ട്രീയജീവിതത്തെ വിജയത്തിലേയ്ക്കു് നയിക്കുവാനും, സാമൂഹ്യരംഗത്തു് വേണ്ടവിധം അന്തസ്സു പാലിക്കാനുമെല്ലാം ആ ഗൃഹനായികയ്ക്കു് നല്ല വൈഭവമുണ്ടായിരുന്നു. വാസ്തവത്തിൽ, അബ്രാഹം

ലിങ്കന് പിന്നീട് രാഷ്ട്രീയത്തിലുണ്ടായ ഉയച്ച്യെല്ലാം പ്രധാന പ്രേരകമായിരുന്നതു് ആ സ്ത്രീയുടെ തൻേറടമാണ്. പക്ഷേ, അവരം ശുണ്ഠികടിച്ചാൽ പിന്നത്തെ കഥ വേറെയായിരുന്നു. വഴക്കിന് മിക്കപ്പോഴും വലിയ കാരണമൊന്നും വേണ്ടിയിരുന്നില്ല. ഭത്താവു് മുടി മിനുസപ്പെടുത്തിവെച്ചില്ലെന്നോ, ഉടുപ്പിലും നടപ്പിലും ചിട്ട കാണിച്ചില്ലെന്നോ, ആഹാരം കഴിക്കുമ്പോരം കയിലും മുള്ളും ഉപയോഗിച്ചതു് ക്രമം തെററിച്ചാണെന്നോ, വിരുന്നുകാരോട് വേണ്ടത്ര ഉപചാരം കാണിച്ചില്ലെന്നോ മറേറാ ഉള്ള നിസ്സാര കാരണങ്ങരം മതിയായിരുന്നു, മിസ്സിസ് ലിങ്കനെക്കൊണ്ട് കുടുംബരംഗത്തു് കൊടുങ്കാററു വീശിപ്പിക്കുവാൻ! ചിലപ്പോരം, മിസ്സിസ് ലിങ്കൺ ഭത്താവിൻെറ മുടി നല്ലവണ്ണം കോതി മിനുസപ്പെടുത്തിക്കൊടുക്കും. പക്ഷേ, ഫലമെന്തു്? തൊപ്പിക്കകത്തു് പലതരം തുണ്ടുകടലാസ്സുകളും 'തട്ടുമുട്ട്'റിക്കാർട്ടുകളും കൊണ്ടുനടക്കുന്ന ലിങ്കൺ തൊപ്പിയെടുത്തു തലയിൽ വെയ്ക്കേണ്ടതാമസം, മിനുസപ്പെടുത്തിയ മുടിയെല്ലാം അലങ്കോലമാകും. അപ്പോരം മിസ്സിസ് ലിങ്കനു കലികയറും!

ഏതായാലും, മിസ്സിസ് ലിങ്കനെ സംബന്ധിക്കുന്ന ഒരു ഗുണം ഒന്നുകൂടി ഊന്നിപ്പറയേണ്ടതുണ്ട്. അബ്രാഹം ലിങ്കൺ ആദ്യം ആശിച്ചിരുന്നതുപോലെ, ശാന്തശീലയും വിനയവതിയുമായ ആനിയേയാണ് വിവാഹം ചെയ്തിരുന്നതെങ്കിൽ, അവരുടെ ജീവിതം സുഭഗവും ശാന്തവുമായങ്ങനെ കഴിയുമായിരുന്നു. പക്ഷേ, ആ സ്ഥിതിയിൽ ലിങ്കൻെറ രാഷ്ട്രീയജീവിതം ആത്ര വലിയ വിജയത്തിലെത്തി, അദ്ദേഹം അമേരിക്കൻപ്രസിഡണ്ടായിത്തീരുമായിരുന്നവോ എന്നു സംശയിക്കണം. അത്ര ഉന്നതമായ സ്ഥാനത്തെത്തുവാൻ വേണ്ട പ്രചോദനമരുളുന്നതിന്, പ്രഗത്ഭമതിയായ മേരി ടോഡിൻെറ അടങ്ങാത്ത ഉല്ക്കർഷേച്ഛയും ഒടുങ്ങാത്ത തൻേറടവും തന്നെ വേണ്ടിയിരുന്നു, സംശയമില്ല.

അദ്ധ്യായം - 12

# കുടുംബജീവിതം

> പശുവിനെ കറക്കും; കുട്ടികളെ കളിപ്പിക്കും; ഇളയകുട്ടിയെ ഉന്തുവണ്ടിയിൽ കൊണ്ടുനടക്കും; അഥവാ കുട്ടി താഴെ വീണുപോയാൽ, ആ കഥയറിയാതെ വണ്ടി പിന്നെയും മുന്നോട്ടു തള്ളും; കുട്ടി നിലത്തു കിടന്നു കരയും; അപ്പോഴാം, ഭാര്യ അകത്തുനിന്നു് ഇടിനാദം മുഴക്കും.

വിവാഹം കഴിഞ്ഞതിന്റെ മൂന്നാം കൊല്ലം, 1844-ൽ സ്പ്രിംഗ്ഫീൽഡിൽ സ്വന്തമായൊരു വീടു വാങ്ങുവാൻ ആ വധൂവരന്മാർക്കു് സാധിച്ചു. അവരുടെ വിവാഹം ആശീർവ്വദിച്ച വൈദികന്റേതായിരുന്നു ആ കെട്ടിടം 1500 ഡോളർ വിലയ്ക്കു് ലിങ്കൺ അതു വാങ്ങി. ഒററ നിലയാണെങ്കിലും, ഇരിക്കാനും കിടക്കാനും ഭക്ഷണം പാകംചെയ്യാനും പ്രത്യേകം പ്രത്യേകം മുറികളുള്ള സാമാന്യം നല്ലൊരു കെട്ടിടം. തൊട്ടൊരു ഉപഗൃഹവും, തൊഴുത്തിനും മററും പററിയ രണ്ടു ചെറിയ എടുപ്പുകളുംകൂടി ഉണ്ടായിരുന്നു. അത്രയും സൗകര്യമുള്ള ഒരു വീടു് ഒത്തുകിട്ടിയതിൽ മിസ്സിസ്സ് ലിങ്കന് ആദ്യം എന്തൊരു സന്തോഷവും സംതൃപ്തിയുമായിരുന്നെന്നോ? പക്ഷേ, കുറേക്കഴിഞ്ഞപ്പോഴാം സ്ഥലസൗകര്യം പോരെന്നു പറഞ്ഞു് കെട്ടിടം പൊളിച്ചു് രണ്ടുനിലയാക്കണമെന്നു് അവരാക്കു നിബ്ബന്ധമായി. ജ്യേഷ്ഠത്തിയുടെ താമസം രണ്ടുനിലക്കെട്ടിടത്തിലായിരുന്നതാവാം ഈ ശാഠ്യത്തിനുണ്ടായ ഒരു കാരണം; മറെറാന്നു്, പൊതുജനദൃഷ്ടിയിൽ ലിങ്കൺകുടുംബത്തിന്റെ ജീവിതനിലവാരം ഉയർത്തിക്കാണിക്കണമെന്നുള്ള മോഹവും. ഭാര്യയുടെ നിബ്ബന്ധം കൊണ്ടു് അബ്രാഹം ലിങ്കൺ ഒരു കൺട്രാക്ടരെ വരുത്തി പ്ലാനും എ

സ്റ്റിമേററം തയ്യാറാക്കിച്ചുവെങ്കിലും, വലിയ ചിലവു വരുമെന്നു കണ്ടു് ആ വികസനപദ്ധതി തല്ക്കാലം മാററിവെച്ചു. ഗൃഹനായികയ്ക്കു് അതത്ര പിടിച്ചില്ല.

അബ്രാഹം ലിങ്കൺ ഒരിക്കൽ സക്കീട്ടുകോടതിയിൽ കേസു നടത്താൻപോയിട്ടു്, കുറേ ദിവസങ്ങൾ കഴിഞ്ഞശേഷമാണു് നാട്ടിലേയ്ക്കു തിരിച്ചതു്. മിസ്സിസ് ലിങ്കൺ ആ തക്കംനോക്കി പഴയ കെട്ടിടം പൊളിപ്പിച്ചു്, അതു് രണ്ടു നിലയായുയർത്തു് പണികഴിപ്പിക്കുകയായി. ഗൃഹനായകൻ തിരിച്ചെത്തിയപ്പോൾ കെട്ടിടത്തിൻെറ പണി പൂർത്തിയായിക്കഴിഞ്ഞിരുന്നു. ഒരു ദിവസം സന്ധ്യകഴിഞ്ഞു നേരം ഒട്ടിരുണ്ടുതുടങ്ങിയപ്പോഴാണു് ലിങ്കൺ മടങ്ങിയെത്തിയതു്. സ്വന്തം വീടു് തിരിച്ചറിയുവാൻ സാധിക്കാതെ അദ്ദേഹം തെല്ലിട കുഴങ്ങേണ്ടിവന്നു. അദ്ദേഹം അടുത്തുള്ള ഒരു വീടിൻെറ കതകിന്മേൽ മുട്ടി, "മിസ്റ്റർ അബ്രാഹം ലിങ്കൺ താമസിക്കുന്നതു് എവിടെയാണെന്നറിയാമോ?" എന്നു് ചോദിച്ചുപോലും. മിസ്റ്റർ ലിങ്കൻെറ ഭവനം പഴയ സ്ഥാനത്തുതന്നെയാണെന്നും, മിസ്സിസ് ലിങ്കൺ അതു് രണ്ടുനിലയാക്കിച്ചതുകൊണ്ടാണു് സംശയം നേരിട്ടതെന്നും അയൽവാസികൾ പറഞ്ഞപ്പോഴേ കാര്യത്തിനു് പിടികിട്ടിയുള്ളു. കൺട്രാക്ടർ പറഞ്ഞിരുന്നതിനേക്കാൾ ചുരുങ്ങിയ ചിലവിലാണു് മിസ്സിസ് ലിങ്കൺ ആ കെട്ടിടം പണികഴിപ്പിച്ചതെന്നു് ലിങ്കനു വഴിയേ ബോദ്ധ്യമാവുകയും ചെയ്തു.

ഗൃഹനായികയുടെ ഈവക സാമർത്ഥ്യങ്ങൾ തരക്കേടില്ലെന്നു വയ്ക്കുക. പക്ഷേ, അവളുടെ ക്ഷിപ്രകോപവും ശകാരശീലവും ആ കുടുംബത്തിനു് വലിയ ദൗർഭാഗ്യംതന്നെയായിരുന്നു. ഭാര്യയ്ക്കു കലികൊള്ളുമ്പോൾ, ലിങ്കൺ ഒന്നും മിണ്ടാതെ പുറത്തേയ്ക്കിറങ്ങി ആപ്പീസിലോ പരിസരങ്ങളിലോ കഴിച്ചുകൂട്ടുകയായിരുന്നു പതിവു്; ഒരിക്കൽമാത്രം ഭാര്യയുടെ ശുണ്ഠിത്തരം സഹിയാതെ സ്വല്പം ദേഷ്യപ്പെടുകയും, 'നീ ഈ ഭവനത്തെ ഒരു നരകമാക്കിത്തീർക്കുന്നു' എന്നു പറഞ്ഞു് അവളെ ബലമായൊന്നു തള്ളുകയും ചെയ്തുവത്രെ. സ്വന്തം ഭവനത്തിൽ കഴിച്ചുകൂട്ടുവാൻ ഒരു ഗൃഹനായകനു്

—വേണ്ടാ, ഏതൊരംഗത്തിനും—വെറപ്പും ഭയവും തോന്നുന്ന ഒരു ദുരവസ്ഥ വന്നുചേരുന്നതു്, ആ കുടുംബത്തിനുണ്ടാകാവുന്ന ഏററവും വലിയ ദുർയ്യോഗംതന്നെ. ലെയോ ടോൾസ്റ്റോയി തൻെറ ഭാര്യയുടെ ശകാരം സഹിയാഞ്ഞുകൊണ്ടാണല്ലോ, തണുപ്പേറിയ ഒരു രാത്രിയിൽ വീടുവിട്ടിറങ്ങിപ്പോയതും, അതിൽവെച്ചു് ന്യൂമോണിയാ പിടിപെട്ടു് ഒരു റെയിൽവേസ്റ്റേഷനിൽക്കിടന്നു മരിക്കുവാനിടയായതും! അബ്രാഹം ലിങ്കൻെറ കാര്യത്തിൽ അങ്ങനെയൊന്നും സംഭവിച്ചില്ലെന്നു സമാധാനിക്കാം. അദ്ദേഹം കോളും പെശറുമെല്ലാം സഹിച്ചു്, കുടുംബനൗകയുടെ അമരം വിടാതെതന്നെ പിടിച്ചുനിന്നു.

ലിങ്കനു് ആകെ നാലു സന്താനങ്ങളാണുണ്ടായതു്. റോബർട്ടു്, യെഡ്ഡി, വില്ലി, ടാഡ് എന്ന ആ നാലു മക്കളിൽ ഒന്നാമനായ റോബർട്ടൊഴിച്ചു് മററു മൂന്നുപേരും വെറപ്പത്തിൽത്തന്നെ മരിച്ചുപോയി. യെഡ്ഡി 1850-ൽ സ്പ്രിംഗ്ഫീൽഡിൽവെച്ചു് നാലാമത്തെ വയസ്സിൽ അന്തരിച്ചു; വില്ലി പന്ത്രണ്ടാമത്തെ വയസ്സിൽ—അപ്പോഴെയ്ക്കു് അബ്രാഹം ലിങ്കൺ അമേരിക്കൻപ്രസിഡണ്ടായിക്കഴിഞ്ഞിരുന്നു—വൈററ്ഹൗസിൽവെച്ചു് മരിച്ചു. ടാഡ് പതിനൊന്നാമത്തെ വയസ്സിൽ ചിക്കാഗോയിൽവെച്ചു ചരമമടഞ്ഞു. മൂത്തപുത്രനായ റോബർട്ടു് ടോഡ്—അതായിരുന്നു അദ്ദേഹത്തിൻെറ മുഴുവൻ പേരു്—83 വയസ്സുവരെ ജീവിച്ചു; 1929 ജൂലായി 26-ാം തിയതി മാഞ്ചെസ്റ്ററിൽ വെർമോണ്ട് എന്ന സ്ഥലത്തുവെച്ചാണു് അദ്ദേഹം കാലധർമ്മം പ്രാപിച്ചതു്.

മേല്പറഞ്ഞ റോബർട്ടു് ടോഡ് ജനിച്ച കാലത്തു്, ആ കുഞ്ഞിനു് പേരിടുന്നതു സംബന്ധിച്ചു് മിസ്റ്റർ ലിങ്കനും മിസ്സിസ് ലിങ്കനും തമ്മിൽ നടന്ന ഒരു വിവാദം ഇവിടെ സ്മരണീയമാണു്. അബ്രാഹം ലിങ്കൺ തൻെറ ആപ്തമിത്രമായ ജോഷ്വാ സ്പീഡിനോടു് സന്ദർഭവശാൽ ഒരു വാഗ്ദാനം ചെയ്തിരുന്നു, തൻെറ പ്രഥമസന്താനത്തിനു് ജോഷ്വാ സ്പീഡ് ലിങ്കൺ എന്നു പേരിടുമെന്നു്. ആ സുഹൃത്തിനോടു് തനിക്കുള്ള ബഹുവിധങ്ങളായ കടപ്പാടുകൾക്കു

കൃതജ്ഞത പ്രകാശിപ്പിക്കാനായി ലിങ്കൺ നേൎന്നുവെച്ചിരുന്ന ഒരു കാൎയ്യമായിരുന്നു അതു്. പക്ഷേ, മിസ്സിസ് ലിങ്കൺ ആ വിവരം അറിഞ്ഞപ്പോൾ ഒരു ഭൂകമ്പമുണ്ടാക്കിക്കളഞ്ഞു! തൻെറ കുട്ടിക്കു് താനാണു് പേരിടേണ്ടതെന്നും, തൻെറ പിതാവായ റോബർട്ടു് ടോഡിൻെറ നാമമാണു് കുട്ടിക്കു നല്കേണ്ടതെന്നും അവൾ അലറുകയായി. ജോഷ്വാ സ്പീഡിനോടു് മിസ്സിസ് ലിങ്കനു് അല്ലെങ്കിൽത്തന്നെ ഒരു പകയുണ്ടായിരുന്നു. ലിങ്കൻെറ വിവാഹത്തിനു് വിഘ്നവും വിളംബവും വരുത്തിക്കൊണ്ടിരുന്നതു് ആ മനുഷ്യനാണെന്നുള്ള ഊഹത്തിൽനിന്നുദിച്ച വൈരം! ചുരുക്കിപ്പറയാം: മിസ്സിസ് ലിങ്കൺ പിടിച്ചേടം തന്നെ ജയിച്ചു. കുട്ടിക്കു് മുത്തച്ഛൻെറ പേരു തന്നെ നല്കി.

മിസ്സിസ് ലിങ്കൻെറ ശകാരംനിമിത്തം വീട്ടുജോലിക്കാർ പലപ്പോഴും പിണങ്ങിപ്പിരിയുക പതിവായിരുന്നു. അങ്ങനെ വഴക്കിട്ടുപോയ ഒരു ഐറിഷ്പെണ്ണിൻെറ പിതാവിനെ മിസ്സിസ് ലിങ്കൺ കണക്കിനു ശകാരിക്കുകയും, ആ മനുഷ്യൻ അതിനേക്കുറിച്ചു് കുടുംബനായകനോടു് പരാതി പറയുകയുമുണ്ടായി. ആ പരാതി സഹതാപപൂൎവ്വം കേട്ടശേഷം ലിങ്കൺ ഇങ്ങനെ ശാന്തമായി മറുപടി പറഞ്ഞു: "ഈ സംഭവത്തെക്കുറിച്ചു് ഞാൻ വളരെ ദുഃഖിക്കുന്നു. പക്ഷേ, ഞാൻ ഒരു സംഗതി തുറന്നുചോദിക്കട്ടെയോ? പതിനഞ്ചുകൊല്ലമായി ഞാൻ ദിവസേന സഹിച്ചുകൊണ്ടിരിക്കുന്ന ഈ ശകാരം താങ്കൾക്കു് എന്നേക്കുറിച്ചു് സ്വല്പനേരം സഹിക്കരുതോ?"– സങ്കടക്കാരൻ ഉടനെ ലിങ്കനോടു് ക്ഷമാപണംചെയ്തു് സന്തോഷമായിപ്പിരിഞ്ഞു. മരിയ എന്നു പേരായ ഒരു വേലക്കാരി മാത്രം ആ വീട്ടിൽ കുറേനാൾ നീണ്ടുനിന്നു,– അയൽവാസികൾക്കു് അതൊരത്ഭുതമായിട്ടാണു് തോന്നിയതു്.

ഭൎത്താവിൻെറ ആൾക്കാരോടു് മിസ്സിസ് ലിങ്കനു് പ്രായേണ വെറുപ്പായിരുന്നു. ഒരു ക്രിസ്തുമസ്സിനു് തൻെറ ഇളയമ്മയായ ക്ഷേന്നിച്ചോനു സല്ക്കരിക്കണമെന്നു ലിങ്കൺ ആവശ്യപ്പെട്ടിട്ടു്, ഭാൎയ്യ അതു് കൂട്ടാക്കിയില്ല. കഥാനായകൻെറ പിതാവായ തോമസ് ലിങ്കൺ

1851–ൽ മരിച്ചു; സഹോദരി സാറാ അതിനുമുമ്പുതന്നെ ഐഹികവാസം വെടിഞ്ഞിരുന്നു. ലിങ്കൻെറ ഉയൎച്ച കാണ്മാൻ ഇളയമ്മ മാത്രമേ ജീവിച്ചിരുന്നുള്ളുവെന്നു് വഴിയേ വ്യക്തമാകും. ഇളയമ്മയുടെ കഴിച്ചിലിനു ലിങ്കൻ 750 ഡോളർ മുടക്കി കുറേ ഭൂസ്വത്തു് നേരത്തേ അവരുടെ പേരിൽ വാങ്ങിക്കൊടുത്തിരുന്നു. പണം തികയാഞ്ഞിട്ടു്, തൻെറ സ്നേഹിതനായ ഒരു വക്കീലിൻെറ പക്കൽനിന്നു് 250 ഡോളർ കടം വാങ്ങിയിട്ടുകൂടിയാണു് ലിങ്കൻ അക്കാൎയ്യം സാധിച്ചതു്. ഇളയമ്മയുടെ കാലശേഷം ആ സ്വത്തു് ലിങ്കനു മടക്കിക്കിട്ടത്തക്കവണ്ണം ആധാരമെഴുതണമെന്നു് മേല്പറഞ്ഞ വക്കീൽ ഉപദേശിക്കുകയുണ്ടായി. അതിനു് ലിങ്കൺ പറഞ്ഞ മറുപടി ഇതായിരുന്നു: "അങ്ങനെയൊരു വ്യവസ്ഥ ചെയ്യുന്നതിനു് ഞാൻ വിചാരിക്കുന്നില്ല. ആ നല്ല തള്ള എന്നോടു കാണിച്ചിട്ടുള്ള കാരുണ്യവും വാത്സല്യവും ആലോചിച്ചാൽ, ഞാൻ കൊടുക്കുന്ന ഈ പ്രതിഫലം എത്രയോ നിസ്സാരമാണു്. അതിൽനിന്നു് ഒന്നും പിടിച്ചുവയ്ക്കാൻ എനിക്കിഷ്ടമില്ല."

സ്വപിതാവിൻെറ അന്ത്യകാലത്തു് ലിങ്കൺ അടുത്തില്ലായിരുന്നു. പിതാവിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ഒരുററ ബന്ധുവിനു് ലിങ്കൺ എഴുതിയ ഒരു കത്തിൽ ഇങ്ങനെ കാണുന്നു: "അച്ഛൻെറ ആരോഗ്യം വീണ്ടുകിട്ടുമെന്നു് ഞാൻ ഇപ്പോഴും ആത്മാൎത്ഥമായി ആശിക്കുന്നു. എന്നാൽ എന്തുതന്നെ സംഭവിച്ചാലും, കരുണാനിധിയായ നമ്മുടെ നല്ല സ്രഷ്ടാവിൽ ആശ്രയിക്കുവാനും ശരണപ്പെടുവാനും മറന്നുപോകരുതെന്നു് അച്ഛനോടു പറയുക; അവിടുന്നു് അച്ഛനെ ഉപേക്ഷിക്കുകയില്ല. നല്ലവനായ ആ ദൈവം ഒരു കുരികിലിൻെറ വീഴ്ചയെപ്പോലും കാണുകയും, നമ്മുടെ ശിരസ്സുകളിലെ മുടിനാരുകളെപ്പോലും എണ്ണുകയും, തന്നിൽ ആശ്രയിക്കുന്ന ആസന്നമരണനായ മനുഷ്യനെ കൈവിടാതിരിക്കുകയും ചെയ്യുന്നു. ഞങ്ങൾ തമ്മിൽ ഇപ്പോൾ കാണുന്നപക്ഷം, അതു് സന്തോഷത്തേക്കാൾ സന്താപത്തിനു കാരണമായേക്കുമെന്നു് സംശയിക്കുന്നു. പിതാവു് ഇപ്പോൾ ലോകത്തെ വിട്ടുപിരിയണമെന്നാണു് വിധി

യെങ്കിൽ, മുമ്പേ കടന്നുപോയിരിക്കുന്ന പ്രിയജനങ്ങളുമായി കൂടി കഴിയുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു് ഉടനെ ലഭിക്കുമെന്നും, ശേഷിച്ചിരിക്കുന്ന ഞങ്ങളും ദൈവത്തിന്റെ കൃപയാൽ അചിരേണ അവിടെയെത്തി അവരോടു ചേൎന്നുകൊള്ളുമെന്നും അദ്ദേഹത്തോടു പറയുക.''

അബ്രാഹം ലിങ്കന്റെ കുടുംബജീവിതത്തിലെ ചില സാമാന്യ വിശേഷങ്ങൾകൂടി പറഞ്ഞുകൊണ്ടു് ഈ അദ്ധ്യായം അവസാനിപ്പിക്കാം. പശുവിനെ കറക്കുന്നതും അതിനു തീററ കൊടുക്കുന്നതും ലിങ്കനു് ഇഷ്ടമുള്ള ഒരു ജോലിയായിരുന്നു; അമേരിക്കൻപ്രസിഡണ്ടായി തിരിഞ്ഞെടുക്കപ്പെട്ടു് വൈററ് ഹൗസിലേയ്ക്കു പോകുംവരെ അദ്ദേഹം ഗൃഹജോലി മുടക്കിയിരുന്നില്ല. ആപ്പീസ് വൃത്തിയായി വയ്ക്കുന്ന കാൎയ്യത്തിൽ ലിങ്കൺ വലിയ അമാന്തക്കാരനായിരുന്നു. ചിലപ്പോൾ മിസ്സിസ് ലിങ്കൺ അവിടെയും കയറിച്ചെന്നു്, കടലാസ്സുകളും പുസ്തകങ്ങളും പൊടിപുരണ്ടു കിടക്കുന്നതിനെപ്പററി കലശൽകൂട്ടാറുണ്ടായിരുന്നു. ക്രമീകരണത്തിന്റെ കുറവു് ലിങ്കനെ സംബന്ധിച്ചേടത്തോളം എടുത്തുപറയേണ്ടുന്ന ഒരു ദോഷം തന്നെയാണു്. 'He was regularly irregular'— ക്രമക്കേടായിരുന്നു അദ്ദേഹത്തിന്റെ ക്രമം—എന്നു് ലിങ്കന്റെ ഒരു സ്നേഹിതൻ രേഖപ്പെടുത്തിയിട്ടുള്ളതു് അക്ഷരംപ്രതി പരമാൎത്ഥമത്രെ. ഉടുപ്പിലും കെട്ടിലും കഥാനായകൻ കാണിച്ചിരുന്ന ക്രമക്കേടുകളും ഒരുവക അലക്ഷ്യഭാവത്തിന്റെ ഫലമായിരുന്നു. ക്ഷൗരത്തിന്റെ കാൎയ്യത്തിൽ പോലും ആ അലക്ഷ്യഭാവം തെളിഞ്ഞുകാണാം. മുടിയും മീശയും വളൎന്നാൽ അതൊരു വൈകൃതമായി ലിങ്കൺ വകവെച്ചിരുന്നില്ല. ഒരിക്കൽ അദ്ദേഹം ഒരു ഫോട്ടോ എടുപ്പിക്കാൻ ചെന്നപ്പോൾ, മുടിയും താടിയുമൊന്നു് മിനുസപ്പെടുത്തണമെന്നു് ഫോട്ടോഗ്രാഫർ ഉപദേശിച്ചു. ''വേണ്ടാ; അങ്ങനെ മിനുസപ്പെടുത്തിയാൽ നാട്ടുകാൎക്കു് ആളെ മനസ്സിലാവാതെ വരും.''—അതായിരുന്നു ലിങ്കന്റെ മറുപടി.

മക്കളുടെ വികൃതിത്തരങ്ങൾ നിയന്ത്രിക്കുന്ന കാൎയ്യത്തിൽ അ

ബ്രാഹം ലിങ്കൺ വേണ്ടത്ര നിഷ്കർഷിച്ചിരുന്നില്ലെന്നു് ഒരാക്ഷേപമുണ്ടു്. കുട്ടികൾ ആപ്പീസിൽച്ചെന്നു് അവിടെയുള്ള സാമാനങ്ങളെല്ലാം തട്ടിമറിച്ചു് താറുമാറാക്കിയാലും, മഷിക്കുപ്പികൾ മറിച്ചു് അവിടമെല്ലാം മഷികൊണ്ടഭിഷേകംചെയ്താലും, ലിങ്കൺ മൗനം ദീക്ഷിക്കുകയായിരുന്നു പതിവെന്നു് അദ്ദേഹത്തിൻെറ സഹപ്രവർത്തകനായ ഹെൺഡൻ എഴുതിയിരിക്കുന്നു. അബ്രാഹം ലിങ്കനെപ്പോലെ അത്ര ക്ഷമാശീലനായ ഒരു പിതാവിനെ താൻ കണ്ടിട്ടില്ലെന്നും ആ ജീവചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ടു്. "സ്നേഹമാണ് ഒരു ശിശുവിനെ തൻെറ മാതാപിതാക്കളോടു് ബന്ധിക്കുന്ന ശൃംഖല."—അതായിരുന്നു ലിങ്കൻെറ മതം. അച്ഛൻെറ മടിയിലും മാറിലും കിടന്നു് കെട്ടിമറിയുകയെന്നതു് ലിങ്കൺകുഞ്ഞുങ്ങളുടെ സാധാരണ വിനോദമായിരുന്നു. അബ്രാഹം ലിങ്കൺ അപ്പോൾ ഒരക്ഷരവും മിണ്ടാതെ ചിന്താമഗ്നനായങ്ങനെ ഇരുന്നുപോകും. 'നരജീവിതമായ വേദനയ്ക്കൊരുമട്ടൌഷധങ്ങളാ'ണെന്നുള്ള അനുഭൂതിയിൽ ആ പിതാവു് നിർവൃതികൊള്ളുന്ന മുഹൂർത്തമായിരുന്നു അതു്. ഇടയ്ക്കു് ചില കവിതകൾ ചൊല്ലിയും നേരംപോക്കുകൾ പറഞ്ഞും വിനോദിക്കുന്ന ശീലവും ലിങ്കനുണ്ടായിരുന്നു.

വിചാരമഗ്നനായി വിസ്മൃതിയിലാണ്ടിരിക്കുക,—ഇതു് ലിങ്കനെ സംബന്ധിച്ചേടത്തോളം ഒരു സാധാരണ പതിവായിരുന്നു. ആഹാരം വിളമ്പിവെച്ചിട്ടു് ഭാര്യ ചെന്നു വിളിച്ചാൽ അബ്രാഹം ലിങ്കൺ അതു് കേൾക്കാതിരുന്നുപോകുമത്രെ. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കുമുണ്ടാകും, അത്തരം ചില ചില വിസ്മൃതികൾ! ഇളയ കുട്ടിയെ ഒരു ഉന്തുവണ്ടിയിൽ കൊണ്ടുനടന്നു കളിപ്പിക്കുന്നതിനിടയിൽ പിണയാറുള്ള അമളി ഇപ്പറഞ്ഞതിനേക്കാളെല്ലാം ഗൗരവതരമായിരുന്നു. കുട്ടി തത്തിപ്പിടഞ്ഞു വണ്ടിയിൽനിന്നു വീണുപോയാൽ, അച്ഛൻ ആ വിവരം ചിലപ്പോൾ അറിഞ്ഞിരുന്നില്ല പോലും! പ്രശാന്തമായ ആകാശത്തിൽ ദൃഷ്ടിയുറപ്പിച്ചു് അദ്ദേഹം പിന്നെയും വണ്ടി മുന്നോട്ടു തള്ളിക്കൊണ്ടേയിരിക്കും. നിലത്തുവീണുകിടക്കുന്ന കുഞ്ഞിൻെറ കരച്ചിൽകേട്ടു് മി

സ്സിസ് ലിങ്കൺ വീടിനകത്തുനിന്നു് ഇടിനാദം മുഴക്കുമ്പോഴായിരിക്കും, ലിങ്കൺ തന്റെ സ്വപ്നചിന്തയിൽനിന്നു പ്രതിനിവർത്തിക്കുക. അങ്ങനെയുള്ള സന്ദർഭങ്ങളിൽ സമ്മാനം കണക്കു തീർത്തുതന്നെ കിട്ടിയിരുന്നു.

അദ്ധ്യായം - 13

# അടിമത്തപ്രശ്നം

അമേരിക്കൻ ഭരണഘടന വിരചിച്ച വീരമതികൾക്കും അടിമത്തസമ്പ്രദായത്തിൻെറ തല തകക്കുവാൻ കഴിഞ്ഞിരുന്നില്ല. അബ്രാഹം ലിങ്കനാണ് ആ ദുർഭൂതത്തെ ഉച്ചാടനംചെയ്തു് രാജ്യത്തെ രക്ഷിച്ചതും, മാനവസ്വാതന്ത്ര്യത്തിൻെറ വെന്നിക്കൊടി നാട്ടിയതും!

അബ്രഹാം ലിങ്കൻെറ രാഷ്ട്രീയ സേവനങ്ങൾ കേവലം സാംസ്ഥാനികമായ പരിധിയിൽ തങ്ങിനിന്നതു് ഒരു കുറവായിരുന്നു. ഇല്ലിയൊനോയിലെ സ്റ്റേററ് അസംബ്ലിയിലേയ്ക്കു് 'സത്യസന്ധനായ ആബെ' മൂന്നുനാലു പ്രാവശ്യം തുടച്ചയായി തിരിഞ്ഞെടുക്കപ്പെട്ടതും, അദ്ദേഹം ജനക്ഷേമകരങ്ങളായ പല സേവനങ്ങൾ നിസ്വാത്ഥമായി നിവ്വഹിച്ചതും വാസ്തവംതന്നെ. എന്നാൽ യൂണിയനെ പൊതുവിൽ സംബന്ധിക്കുന്ന കേന്ദ്രഭരണകാര്യങ്ങളിലേയ്ക്കു് കൈയെത്തിക്കുവാൻ അബ്രാഹം ലിങ്കനു് ഒരുതരത്തിലും അവസരം കിട്ടിയിരുന്നില്ല. അദ്ദേഹത്തോടൊന്നിച്ചു് രാഷ്ട്രീയപ്രവത്തനം തുടങ്ങിയ സ്റ്റീഫൻ ഡഗ്ലസ്സും മററും കേന്ദ്രത്തിലെത്തി മേല്ക്കുമേലങ്ങനെ ഉയരുകയായിരുന്നു. പ്രസിദ്ധിയിലും സ്ഥാനമാനങ്ങളിലും പ്രകൃത്യാ വിമുഖനായിരുന്ന ലിങ്കനാകട്ടെ, 'കെട്ടിയ കുററിക്കൽ'ത്തന്നെ കിടന്നതേയുള്ളു. വിനയസമ്പന്നരും കമ്മനിപുണരുമായ അത്തരം വ്യക്തികളെ ഉയത്തിവിട്ടു് അവരുടെ കഴിവുകളെ രാജ്യക്ഷേമത്തിന്നുപയോഗപ്പെടുത്തുവാൻ ഉത്സാഹിക്കുന്നവർ എവിടെയും കുറവാണല്ലൊ. ഏതായാലും, കേന്ദ്രത്തിലേയ്ക്കൊന്നു എത്തിനോക്കുവാൻതന്നെ ലിങ്കൺ ഒടുവിൽ തീച്ചയാക്കി.

കേന്ദ്രരാഷ്ട്രീയകാൎയ്യങ്ങളിലേയ്ക്കു കടക്കണമെങ്കിൽ, ആദ്യംതന്നെ കോൺഗ്രസ്സ് എന്നു പറയപ്പെടുന്ന കേന്ദ്രപാർലിമെണ്ടിൽ സ്ഥാനം നേടേണ്ടിയിരുന്നു. കോൺഗ്രസ്സിന്നു് രണ്ടു മണ്ഡലങ്ങളുള്ളതിൽ ഒന്നിന്നു് പ്രതിനിധിസഭ (House of Representatives) എന്നും മറേറതിന്നു് സെനെററ് (Senate) എന്നും പേർ പറയപ്പെടുന്നു. ഇവയിൽ ജനപ്രതിനിധിസഭയിലേയ്ക്കു യൂണിയനിലെ ഓരോ സംസ്ഥാനവും അതാതിൻെറ ജനസംഖ്യയനുസരിച്ച് ഏതാനും പ്രതിനിധികളെ തിരിഞ്ഞെടുക്കുന്നു; അവരുടെ സേവനം രണ്ടു കൊല്ലത്തേയ്ക്കായിരിക്കും. സെനെററിലേയ്ക്കാകട്ടെ, ഓരോ സംസ്ഥാനത്തിനും ജനസംഖ്യത്തോതു നോക്കാതെതന്നെ ഈരണ്ടു പ്രതിനിധികളെ തിരിഞ്ഞെടുക്കുവാൻ അവകാശമുണ്ട്; സെനെററർമാരുടെ സേവനകാലാവധി ആറു കൊല്ലമാണ്. മേല്പറഞ്ഞ രണ്ടു മണ്ഡലങ്ങളും ചേർന്ന കോൺഗ്രസ്സത്രേ, നിയമങ്ങൾ പാസ്സാക്കുന്നതും രാഷ്ട്രീയപ്രശ്നങ്ങൾ ചൎച്ച ചെയ്യുന്നതും. നാലുകൊല്ലം കൂടുമ്പോഴാണ് പ്രസിഡണ്ടിൻെറ തിരിഞ്ഞെടുപ്പ് നടക്കുക. പ്രസിഡണ്ടിന്നു് രാജ്യരക്ഷയ്ക്കായി പ്രയോഗിക്കാവുന്ന അധികാരങ്ങൾ പലതുണ്ടെങ്കിലും, അദ്ദേഹത്തിൻെറമേൽ കോൺഗ്രസ്സിന്നും, കോൺഗ്രസ്സിൻേറയും പ്രസിഡണ്ടിൻേറയും മേൽ സുപ്രീംകോടതിയ്ക്കും നിയന്ത്രണം ചെലുത്താവുന്ന പാകത്തിലാണ് അമേരിക്കൻഭരണഘടന രൂപീകരിച്ചിരിക്കുന്നതു്. സ്വേച്ഛാധിപത്യത്തിന്നു് നാമ്പെടുക്കുവാൻ പാടില്ലാത്തവണ്ണം നിയന്ത്രണവും നിയന്ത്രണത്തിനു മേൽ നിയന്ത്രണവും നിറഞ്ഞ ഒരു ഭരണഘടനയാണിതെന്നു് സ്പഷ്ടം. എന്നാൽ ദൃഢബദ്ധമായ ഈ ഭരണഘടനയേയും വികടത്തിലാക്കുന്ന ചില സ്ഥാപിതതാല്പൎയ്യങ്ങൾ പാരമ്പൎയ്യത്തിൻെറ പേരിൽ അന്നു് അമേരിക്കയിൽ നിലനിന്നുപോന്നിരുന്നു. മാതൃരാജ്യത്തിൻെറ മാനത്തിനുവേണ്ടി അവയോടു മല്ലടിക്കണമെന്നതായിരുന്നു ലിങ്കൻെറ ജീവിതവ്രതങ്ങളിൽ ഒന്നു്. ആദ്യംതന്നെ സെനെററിൽ ഒരു സ്ഥാനം കിട്ടിയാൽക്കൊള്ളാമെന്നു് അദ്ദേഹം ആശിച്ചു. തിരിഞ്ഞെടുപ്പുകളിൽ മേല്പറഞ്ഞ സ്ഥാപിതതാല്പൎയ്യങ്ങളുടെ സമ്മൎദ്ദം

അതികലശലായിരുന്ന ആ കാലഘട്ടത്തിൽ ഇപ്പറഞ്ഞ കാര്യം അത്ര എളുപ്പമായിരുന്നില്ല.

അടിമത്തപ്രശ്നമായിരുന്നു അന്നത്തെ സ്ഥാപിതതാല്പര്യങ്ങളുടെയെല്ലാം നാരായവേര്. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളെ രണ്ടു ചേരികളായി ഭിന്നിപ്പിച്ചിരുന്ന ആ പ്രശ്നത്തിൻെറ സ്വഭാവം ഇവിടെ സ്വല്പം വിശദമാക്കേണ്ടതുണ്ട്. രാജ്യത്തെ ഒട്ടാകെ ഭിന്നിപ്പിക്കത്തക്കവണ്ണം അടിമത്തസമ്പ്രദായം അമേരിക്കയിൽ വേരുറച്ചതെങ്ങനെ? കാടും മേടും വെട്ടിത്തെളിച്ച് അമേരിക്കയിൽ കുടിപ്പാർപ്പുതുടങ്ങിയ വെള്ളക്കാർ തങ്ങളുടെ ഭാരമേറിയ ജോലികൾ പലതും ആഫ്രിക്കയിൽനിന്നു് ഇറക്കുമതിചെയ്യപ്പെട്ട നീഗ്രോവർഗ്ഗക്കാരെക്കൊണ്ടാണു് നടത്തിച്ചിരുന്നതു്. ആദ്യം റെഡിൻഡ്യന്മാരെ മെരുക്കിയും ഞെരുക്കിയും ആ ജോലിക്കു പ്രേരിപ്പിച്ചു നോക്കിയെങ്കിലും അതു് ഫലപ്പെട്ടില്ല; ആഫ്രിക്കൻനീഗ്രോക്കാർ തന്നെയാണു് ആ ഭാരം പേറുവാൻ പററിയ പരിഷയെന്നു് അനുഭവം തെളിയിച്ചു. 1619-ാമാണ്ടിൽ ഒരു ഡച്ചുകപ്പലാണു് നീഗ്രോക്കളെ ആദ്യമായി അമേരിക്കയിലെത്തിച്ച് അവിടെ അടിമക്കച്ചവടം ആരംഭിച്ചതെന്നു കാണുന്നു. ഇംഗ്ലീഷുകാരും ഈ വ്യാപാരത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ചു. ഏതുതരം കഠിനജോലിയും ചെയ്യാൻ പററിയ കായദാർഢ്യമുള്ള ആ കറുത്ത മനുഷ്യരെ പിടിച്ച് കപ്പലിൽ കയററി അമേരിക്കയിലെത്തിക്കേണ്ട താമസം, അവരെ ശതക്കണക്കിനു് വാങ്ങാൻ വെള്ളക്കാർ തയ്യാറായിരുന്നു. ന്യൂ ഓർലിൻസിലെ അടിമക്കമ്പോളവും അവിടത്തെ ബഹളവും ലിങ്കനോടൊന്നിച്ച് നമ്മളും കാണുകയുണ്ടായല്ലോ.

ഉഷ്ണാധിക്യമുള്ള തെക്കൻകോളനികളിൽ ഏത്രയും വമ്പിച്ച തോതിൽ പരുത്തിയും മററും കൃഷിചെയ്യുന്നവർക്കായിരുന്നു, അടിമകളേക്കൊണ്ടുള്ള കൂടുതൽ ആവശ്യം. വടക്കർ മുഖ്യമായി കൈത്തൊഴിലുകളെ ആശ്രയിച്ചു കഴിയുന്നവരായിരുന്നതിനാൽ, അത്തരം ജോലികളിൽ പരിചയമില്ലാത്ത നീഗ്രോക്കളേക്കൊണ്ടു് അവർക്കു വലിയ ആവശ്യമുണ്ടായിരുന്നില്ല; അല്ലെങ്കിൽ അടിമകളെ വെ

ച്ചുപുലർത്തുന്ന കാര്യത്തിൽ വടക്കരും ഒരു കൈ നോക്കിയേനെ. ഏതായാലും, അടിമകളേക്കൊണ്ടു മുതലെടുക്കുന്ന മുതലാളിമാരെന്നു് പേരെടുത്തതു് തെക്കരാണു്. അവരെ സംബന്ധിച്ചിടത്തോളം ആവശ്യത്തിൻെറ പേരിൽ ആരംഭിച്ചു് പാരമ്പര്യത്തിൻെറ പേരിൽ ഉറച്ചുകിട്ടിയ ഒരു അവകാശമായിരുന്നു അടിമകളുടെ മേലുള്ള ഉടമ. തങ്ങൾ വിലകൊടുത്തുവാങ്ങിയ ആ അടിമകൾ തങ്ങളുടെ ഒരു സ്ഥിരം സ്വത്താണെന്നുതന്നെ അവർ വിശ്വസിച്ചു.

അടിമകളോടു് അവരുടെ മുതലാളിമാർ പെരുമാറിയിരുന്നതു് എങ്ങനെയെല്ലാമാണു്? ഉടമസ്ഥന്മാർ അടിച്ചും തൊഴിച്ചുമാണു് ആ മനുഷ്യജീവികളേക്കൊണ്ടു പണിയെടുപ്പിച്ചിരുന്നതെന്നു് ഒരു പക്ഷമുണ്ടു്. വലിയ വലിയ എസ്റ്റേയ്റ്റുകളിൽ നിർദ്ദയന്മാരായ ഓവർസിയർമാരുടെ കീഴിൽ ജോലി ചെയ്തിരുന്ന അടിമകൾ അടിയും തൊഴിയും സഹിച്ചു്, ചിലപ്പോൾ മരണമടയുകപോലും ചെയ്തിരുന്നുവെന്നതു് വാസ്തവം. എന്നാൽ പൊതുവായിപ്പറഞ്ഞാൽ ഉടമസ്ഥന്മാർ തങ്ങളുടെ പണം നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയെങ്കിലും അടിമകളുടെ സംരക്ഷണകാര്യത്തിൽ ഏറെക്കുറെ ശ്രദ്ധപതിപ്പിച്ചിരുന്നുവെന്നു് സമ്മതിക്കണം. ചില മുതലാളിമാർ സ്വന്തം മക്കളോടെന്നപോലെ അത്ര വാത്സല്യത്തോടെയാണു് അടിമകളോടു പെരുമാറിപ്പോന്നിരുന്നതെന്നു് വേറൊരു പക്ഷംകൂടിയുണ്ടു്. അതു് ശരിയായിരുന്നാൽത്തന്നെയും, അടിമത്തത്തിനു് അതൊരു നീതീകരണമാകുമോ? ഇല്ല, കാഞ്ചനക്കൂട്ടിലായാലും ബന്ധനം ബന്ധനം തന്നെയാണല്ലോ.

അടിമത്തത്തിൻെറ നികൃഷ്ടത കാണിക്കുന്ന ഒന്നു രണ്ടു ചിത്രങ്ങൾ കൂടി ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ. ചില മുതലാളിമാർ കടം കയറി മുടിയുമ്പോൾ തങ്ങളുടെ അടിമകളെ കൂട്ടത്തോടെ കമ്പോളത്തിൽ കൊണ്ടുചെന്നു് മടക്കിവില്ക്കാറുണ്ടായിരുന്നു. ആ കച്ചവടത്തിൽവെച്ചു് ചിലപ്പോൾ ഭാര്യമാർ ഭർത്താക്കന്മാരെയും, മക്കൾ മാതാപിതാക്കളേയും പിരിഞ്ഞു് വെവ്വേറെ ഉടമസ്ഥന്മാരുടെ കൂടെപ്പോകേണ്ടിവന്നിരുന്ന കാഴ്ച മർമ്മഭേദകംതന്നെ! ചില

മുതലാളിമാർ പണത്തിനു് അത്യാവശ്യമുണ്ടാകുമ്പോഠം അടിമക്കുഞ്ഞുങ്ങളെ യഥേഷ്ടം പിടിച്ചു വില്ക്കുന്ന പതിവും കുറവായിരുന്നില്ല. ആ മനുഷ്യക്കുഞ്ഞുങ്ങളെ ആട്ടമാട്ടുകളെയെന്നോണം പിടിച്ചു വില്ക്കുന്നതു് അവരുടെ തള്ളമാർ എങ്ങനെ കണ്ടുസഹിക്കും? അടിമത്തമേ, നിൻെറ പേരിൽ നടന്നിട്ടുള്ള കൊടുമകഠംക്കു് വല്ല കണക്കുമുണ്ടോ?

അമേരിക്കയിൽനിന്നു് ബ്രിട്ടീഷാധിപത്യത്തെ തുരത്തുവാൻ തെക്കരും വടക്കരുമൊന്നിച്ചു് 1776 ജൂലായി 4-ാംനു- പുറപ്പെടുവിച്ച സ്വാതന്ത്ര്യപ്രഖ്യാപനവും അതോടൊന്നിച്ചു് ആറേഴുകൊല്ലം നടന്ന സ്വാതന്ത്ര്യസമരവും ചരിത്രപ്രസിദ്ധമാണല്ലൊ. 'എല്ലാ മനുഷ്യരും തുല്യമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു' — 'സ്വാതന്ത്ര്യം മനുഷ്യൻെറ ജന്മാവകാശമാകുന്നു'—എന്നൊക്കെയുള്ള മുദ്രാവാക്യങ്ങളുടെ മാറെറാലിയാൽ മുഖരിതമായിരുന്നു ആ സ്വാതന്ത്ര്യസമരം. യൂറോപ്യൻരാജ്യങ്ങളിൽ അനുഭവപ്പെട്ടിരുന്ന അസ്വാതന്ത്ര്യതയിലും മർദ്ദനത്തിലുംനിന്നു് മുക്തിനേടുന്നതിനു് ഓരോ കാലഘട്ടത്തിലായി അമേരിക്കയിൽചെന്നു് കുടിയേറിപ്പാർത്ത വെള്ളക്കാർക്കും അവരുടെ സന്താനങ്ങഠംക്കും സ്വാഭാവികയുണ്ടായിരുന്ന സ്വാതന്ത്ര്യതൃഷ്ണയുടെ അടങ്ങാത്ത ആവേശവും അലതല്ലലുമാണു് അന്നങ്ങനെ ഒരു യുദ്ധം അഴിച്ചുവിട്ടതു്. ആ യുദ്ധം അവർ ജയിച്ചു. ബ്രിട്ടീഷ് മേൽക്കോയ്മയെ തട്ടിനീക്കി അവർ അമേരിക്കയിൽ സ്വതന്ത്രഭരണം സ്ഥാപിച്ചു. ജനാധിപത്യത്തെ സംബന്ധിച്ചേടത്തോളം, സമസ്തലോകത്തിനും സന്മാതൃകയായ ഒരു ഭരണഘടന അവർ നടപ്പിൽ കൊണ്ടുവരികയും ചെയ്തു. പക്ഷേ, അത്രയെല്ലാം സാധിച്ച ആ സ്വാതന്ത്ര്യപ്രേമികഠംക്കും അടിമത്തദുർഭൂതത്തെ അടിച്ചുതുരത്താൻ കഴിഞ്ഞില്ലെന്നുള്ളതാണു് പരമാർത്ഥം.

അടിമത്തപ്രശ്നത്തെ തൊട്ടുപോയാൽ തങ്ങഠം യൂണിയൻ തകർക്കുമെന്നു് തെക്കൻ സംസ്ഥാനങ്ങഠം മുഴക്കാറുണ്ടായിരുന്ന ഭീഷണിയെ നിസ്സാരമായിക്കരുതാൻ അന്നത്തെ ഭരണകർത്താക്കഠംക്കു് കഴിഞ്ഞില്ല സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത പതിമ്മൂന്നു കോള

നികളും ഒററതിരിഞ്ഞുള്ള രാജ്യങ്ങളായിരുന്നുവെന്നും, വേണമെങ്കിൽ അവയ്ക്കു യൂണിയൻ വിട്ടുപോവാനോ അതിൽ ചേരാതിരിക്കാനോ വിഷമമുണ്ടായിരുന്നില്ലെന്നും നാം മനസ്സിലാക്കണം. ബ്രിട്ടീഷാധിപത്യത്തെ തുരത്തുവാനായി ആ സംസ്ഥാനങ്ങൾ പതിമ്മൂന്നും യോജിച്ചു് പ്രസിദ്ധപ്പെടുത്തിയ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽത്തന്നെ, അവ സ്വതന്ത്രസംസ്ഥാനങ്ങളാണെന്നും ആയിരിക്കുമെന്നും തീർത്തു പറഞ്ഞിരുന്നു. യുദ്ധം ജയിച്ചുകഴിഞ്ഞപ്പോൾ ഓരോ സംസ്ഥാനവും സ്വന്തം അവകാശങ്ങൾ മുറുകെപ്പിടിച്ചു. ആ നിലയ്ക്കു്, അടിമത്തം വെച്ചുപുലർത്താൻ മോഹിച്ച സംസ്ഥാനങ്ങളുണ്ടോ അതു് ഉന്മൂലനംചെയ്യാൻ സമ്മതിക്കുന്നു?

അതുകൊണ്ടാണു് അമേരിക്കൻ ഭരണഘടനയുടെ സംസ്ഥാപകന്മാരായ ജോർജ്ജ് വാഷിംഗ്ടൺ, തോമസ് ജെഫേഴ്സൺ, ഹാമിൽടൺ ആദിയായവർക്കും അടിമത്തസർപ്പത്തിൻെറ തല തകർക്കാൻ സാധിക്കാതെപോയതു്. 1786-ാമാണ്ടിൽ ജോർജ്ജ്‌വാഷിംഗ്ടൺ തന്നെ എഴുതുകയുണ്ടായി, "അടിമത്തത്തെ മന്ദവും ദൃഢവും പരോക്ഷവുമായ പടികളിലൂടെ ("by slow, sure and imperceptible degrees") നിർത്തലാക്കാവുന്ന ഒരു പദ്ധതി"യെക്കുറിച്ചാണു് താൻ വിഭാവനംചെയ്യുന്നതെന്നു്! അന്നത്തെ രാഷ്ട്രപിതാക്കൾ അടിമത്തപ്രശ്നത്തെ എത്ര കരുതലോടുകൂടിയാണു് കൈകാര്യംചെയ്യേണ്ടിവന്നതെന്നു് മേലുദ്ധരിച്ച വാക്കുകളിൽനിന്നു നമുക്കു മനസ്സിലാക്കാം. അവർ ഒന്നു് ആശിച്ചു,—ആ പഴയ പാമ്പു് കാലാന്തരത്തിൽ താനേ കഥാവശേഷനായിക്കൊള്ളുമെന്നു്! പ്രായോഗിക രാജ്യതന്ത്രജ്ഞതയുടെ പേരിൽ അവർ തല്ക്കാലം വിട്ടുകളഞ്ഞ ആ ഭയങ്കര സത്വം കൂടുതൽ ബീഭത്സമായ രൂപം കൈക്കൊണ്ടു് യൂണിയൻെറ നിലനില്പിനേത്തന്നെ ഭാവിയിൽ ഭീഷണിപ്പെടുത്തുമെന്നു് അവർ കരുതിയില്ല. എഴെട്ടു ദശവത്സരങ്ങൾക്കു ശേഷം അബ്രാഹം ലിങ്കനാണു്, തികഞ്ഞ ധൈര്യത്തോടും അതിന്നൊത്ത വിവേകത്തോടുംകൂടി ആ വിഷസർപ്പത്തിൻെറ തല തകർത്തു് രാജ്യത്തെ രക്ഷിച്ചതും, മാനവസ്വാതന്ത്ര്യത്തിൻെറ വെന്നി

ക്കൊടി നാട്ടിയതും! നിസ്സഹായനായ ലിങ്കൺ ആ വീരകർമ്മത്തിന് ശക്തനായിത്തീരുവാൻ പിന്നെയും പല പല പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടിയിരുന്നു. ആ സംഭവങ്ങൾ നമുക്ക് അനുക്രമം അനുധാവനം ചെയ്യാം.

അദ്ധ്യായം - 14

# കോൺഗ്രസ്സിൽ

ഉള്ളിൽത്തട്ടിയ അഭിപ്രായം ആരുടേയും മുഖം നോക്കാതെ അബ്രാഹം ലിങ്കൺ വെട്ടിത്തുറന്നുപറയും. ജനപ്രീതിക്കുവേണ്ടി സ്വാഭിപ്രായങ്ങളെ മറച്ചുപിടിക്കാനോ, മാററിമറിക്കാനോ അദ്ദേഹം തയ്യാറായില്ല.

അബ്രാഹം ലിങ്കൺ 1844-ൽ കോൺഗ്രസ്സിലേയ്ക്കുള്ള തിരിഞ്ഞെടുപ്പിൽ ഒരു 'വിഗ്'' സ്ഥാനാർത്ഥിയായി നിന്നു മത്സരിച്ചു. പക്ഷേ, പരാജയമായിരുന്നു ഫലം. "ആട്ടെ, അടുത്ത തവണ ഞാൻ കയറിപ്പററും" എന്നു പറഞ്ഞു് അദ്ദേഹം ആ തോൽവി സഹിച്ചു. പിറേറക്കൊല്ലം നടന്ന പ്രസിഡണ്ടുതിരിഞ്ഞെടുപ്പിൽ വിഗ് കക്ഷിയുടെ ഒരു സുസമ്മത നേതാവും, ലിങ്കൻെറ ആരാധനാപാത്രവുമായിരുന്ന ഹെൻറി ക്ലേ ഒരു സ്ഥാനാർത്ഥിയായി രംഗപ്രവേശം ചെയ്തു. ഡിമോക്രാററിക് കക്ഷിയിൽപ്പെട്ട ജെയിംസ് പോാക്ക് എന്ന ദേഹമായിരുന്നു എതിരാളി. ഹെൻറി ക്ലേയാണെങ്കിൽ, യൂണിയൻെറ വിഷമസന്ധികളിൽ വിലയേറിയ പല സേവനങ്ങൾ ചെയ്തിട്ടുള്ള ഒരു മഹാനായിരുന്നു. ചരിത്രപ്രസിദ്ധമായ 'മിസ്സൗറിസന്ധി' (Missouri Compromise) ഒന്നുമാത്രം മതിയായിരുന്നു, അദ്ദേഹത്തിൻെറ രാജ്യതന്ത്രജ്ഞതയും രഞ്ജകമനോഭാവവും ജനങ്ങൾക്കു് ബോദ്ധ്യപ്പെടുത്തികൊടുക്കുവാൻ. ആ സന്ധിയേക്കുറിച്ചു് ചില വിവരങ്ങൾ ഇവിടെ പറഞ്ഞുവയ്ക്കേണ്ടതു് ഇതിനുപരി പ്രതിപാദിക്കുവാനിരിക്കുന്ന സംഭവവികാസങ്ങൾ ശരിയ്ക്കു മനസ്സിലാക്കുവാൻ ആവശ്യമത്രെ.

അടിമത്തത്തെ അനുകൂലിക്കുന്ന മിസ്സൗറി എന്ന സംസ്ഥാനം

യൂണിയനിൽ ചേരുവാനൊരുങ്ങിയ കാലത്തു്, അടിമത്തത്തെ പ്രതികൂലിക്കുന്ന വടക്കൻസംസ്ഥാനങ്ങളുടെയിടയിൽ ഒരു വലിയ ഇളക്കമുണ്ടായി. അടിമത്തത്തെ അനുകൂലിക്കുന്നവയും പ്രതികൂലിക്കുന്നവയുമായ സംസ്ഥാനങ്ങളുടെ എണ്ണം അന്നു് യൂണിയനിൽ തുല്യമായി നില്ക്കുകയായിരുന്നു,— രണ്ടു പക്ഷത്തും പതിനൊന്നുവീതം. മിസ്സൗറിസംസ്ഥാനം യൂണിയനിൽ ചേരുമ്പോൾ അടിമത്തത്തെ അനുകൂലിക്കുന്ന സംസ്ഥാനങ്ങളുടെ എണ്ണം ഒന്നു കൂടുതലാകുമായിരുന്നു. ആ പുതിയ സംസ്ഥാനത്തിൻെറ പ്രതിപുരുഷന്മാർ മുറപ്രകാരം ജനപ്രതിനിധിസഭയിലും സെനെററിലും കടക്കുന്നതോടെ, അവിടെയും അനുപാതം തെററാതെ കഴിയുമായിരുന്നില്ല. ഏതെങ്കിലും പുതിയ സംസ്ഥാനങ്ങൾ യൂണിയനിൽ ചേരുമ്പോൾ, അടിമത്തപ്രശ്നത്തെ പുരസ്കരിച്ചു് തെക്കരും വടക്കരും തമ്മിൽ വലിയ വടംവലിയുണ്ടാവുക പതിവായിരുന്നു; പുതിയ സംസ്ഥാനങ്ങൾ യൂണിയനിൽ ചേരുന്നതും അവയെ ചേർക്കുന്നതുംതന്നെ അടിമത്തപ്രശ്നത്തിൻെറ അടിസ്ഥാനത്തിലായിരുന്നുവെന്നു പറയാം.

ഈ ദുരവസ്ഥയ്ക്കു് ഒരുപശാന്തി വരുത്തണം എന്നുദ്ദേശിച്ചു് 1820-ൽ മേല്പറഞ്ഞ മിസ്സൗറിത്തർക്കം വന്നപ്പോൾ ഹെൻറി ക്ലേ (അദ്ദേഹം അന്നു് ഒരു സെനെററരായിരുന്നു) കോൺഗ്രസ്സിൽ ഒരു ബിൽ കൊണ്ടുവന്നു. അടിമത്തത്തെ അനുകൂലിക്കുന്ന ഒരു സംസ്ഥാനമായിട്ടുതന്നെ മിസ്സൗറിയെ യൂണിയനിൽ ചേർക്കണമെന്നും, എന്നാൽ അത്തരം സംസ്ഥാനങ്ങൾക്കു് ഒരു അതിർത്തി നിർണ്ണയിക്കേണ്ടതു് ആവശ്യമാണെന്നും, ഭൂമദ്ധ്യരേഖയ്ക്കു് 36 ഡിഗ്രി വടക്കോട്ടു് (36°3N) അമ്മാതിരി സംസ്ഥാനങ്ങൾ മേലാൽ അനുവദിച്ചുകൂടെന്നുമായിരുന്നു ബില്ലിൻെറ താല്പര്യം. രണ്ടുകക്ഷികൾക്കും സമ്മതമാകത്തക്ക രഞ്ജകപ്രകൃതിയോടുകൂടിയ ആ ബില്ലിനെ ഓരോ കക്ഷിയും ഓരോ ഉദ്ദേശ്യം വെച്ചുകൊണ്ടനുകൂലിച്ചു. അതു് അമേരിക്കൻഭരണഘടനയേപ്പോലെ ഒരു സ്ഥിരം വ്യവസ്ഥയായിരിക്കണമെന്നു് രണ്ടു കക്ഷികളും ഏററുപറഞ്ഞു. ഡിമോക്രാററിക

കക്ഷിയുടെ പരമജിഹ്വയായ സ്റ്റീഫൻ ഡഗ്ലസ്, അതു് "നിത്യവും മൗലികവുമായ" ('eternal and fundamental') ഒരു വ്യവസ്ഥയായിരിക്കണമെന്നു് ആ അവസരത്തിൽ മുക്തകണ്ഠം ഘോഷിച്ചു. ബില്ലു പാസ്സായി. രണ്ടു കൂട്ടരും സന്തോഷിച്ചു. അടിമത്തം പുലത്താൻ ഒരു മേഖല മുഴുവനും നിർബ്ബാധം ഒഴിഞ്ഞുകിട്ടിയല്ലോ എന്നു് തെക്കരും, എന്തുവന്നാലും അടിമത്തവിഷം തങ്ങളുടെ മേഖലയിലേയ്ക്കു് അതിർത്തിവിട്ടു കടക്കുകയില്ലല്ലോ എന്നു് വടക്കരും!

ആ കഥ നില്ക്കട്ടെ. യൂണിയന്റെ ഭദ്രതയും സമാധാനവും പാലിക്കാൻ പോരുന്ന സേവനങ്ങൾ പലതും ചെയ്തിട്ടുള്ള ഹെൻറി ക്ലേ പ്രസിഡണ്ടുതിരിഞ്ഞെടുപ്പിനു നിന്നതിന്റെ ഫലം എന്തായെന്നു നോക്കാം. സ്വന്തം കക്ഷിക്കാർ അദ്ദേഹത്തെ വിജയിപ്പിക്കുവാൻ കൊണ്ടുപിടിച്ചുത്സാഹിച്ചു. ആദർശനിഷ്ഠനായ ആ രാജ്യതന്ത്രജ്ഞൻ തിരിഞ്ഞെടുപ്പിൽ നിശ്ചയമായും വിജയം വരിക്കുമെന്നു് അദ്ദേഹത്തിന്റെ ശിഷ്യനായ ലിങ്കൺ വിശ്വസിച്ചിരുന്നു. പക്ഷേ, തിരിഞ്ഞെടുപ്പുകളിൽ ആദർശമഹത്വവും സേവനശുദ്ധിയുമല്ല, സ്ഥാപിതതാല്പര്യങ്ങളും മററു പരിഗണനകളുമാണല്ലോ പലപ്പൊഴും വിജയിക്കുക. അടിമത്തം വെച്ചുപുലർത്താമെന്നേററിരുന്ന ജെയിംസ് പോൾക്ക് തിരിഞ്ഞെടുപ്പു ജയിച്ചു; ആദർശനിഷ്ഠനായ ഹെൻറി ക്ലേ അമ്പേ തോററു. ശിഷ്യന്റെ അനുഭവം തന്നെ ഗുരുവിനും!

പുതിയ പ്രസിഡണ്ടിന്റെ സ്ഥാനാരോഹണം കഴിഞ്ഞ ഉടനെ 'ടെക്സാസ്' എന്ന സംസ്ഥാനത്തിനു് യൂണിയനിൽ പ്രവേശം കിട്ടി,—അടിമത്തത്തിനു് ഒരു സംസ്ഥാനത്തിന്റെ പിൻബലംകൂടി ലഭിച്ചുവെന്നർത്ഥം. ഒരു കാലത്തു് മെക്സിക്കോയുടെ ഒരു അംശമായിരുന്ന ടെക്സാസിന്റെ പേരിൽ എന്തോ അതിർത്തിത്തർക്കം പറഞ്ഞു്, മെക്സിക്കോ അതിനകം ആ രാജ്യത്തിന്റെ നേരെ യുദ്ധത്തിനു പുറപ്പെട്ടു. പുതിയ സംസ്ഥാനത്തെ സഹായിക്കാൻ യൂണിയൻഗവമെൺമെണ്ടും യുദ്ധത്തിൽ പങ്കെടുക്കേണ്ടിവന്നു. ആ സമരം അങ്ങനെ നടന്നുകൊണ്ടിരിക്കെ, 1846-ൽ അബ്രാഹം ലിങ്കൺ വീ

ണ്ടും കോൺഗ്രസ്തിരിഞ്ഞെടുപ്പിനു നില്ക്കുകയും, ഭാഗ്യവശാൽ വിജയം പ്രാപിച്ച് വാഷിംഗ്ടനിലെത്തുകയുംചെയ്തു. ചെന്ന പാടെ കോൺഗ്രസ്സിൽ ചെയ്ത പ്രസംഗത്തിൽ, യൂണിയൻെറ യുദ്ധ നയത്തെ ലിങ്കൺ ശക്തിയായി പ്രതിഷേധിച്ചു. പക്ഷേ, ആ പ്രസംഗത്തിനു വാഷിംഗ്ടൺകേന്ദ്രങ്ങളിൽ വലിയ പരിഗണനയൊന്നും ലഭിച്ചില്ലെന്നുമാത്രമല്ല, അതു് ലിങ്കൻെറ സ്വന്തം സംസ്ഥാനമായ ഇല്ലിയോനോയിൽ അനല്പമായ അസ്വാസ്ഥ്യമുളവാക്കുകയുമുണ്ടായി. മേൽപ്പറഞ്ഞ യുദ്ധത്തിൽ യൂണിയനെ സഹായിക്കുവാൻ ഇല്ലിയൊനോയി സംസ്ഥാനത്തു നിന്നു് ആറായിരം ഭടന്മാർ മെക്സിക്കോയിലേയ്ക്കു് പോയിട്ടുണ്ടായിരുന്നു. ആ സ്ഥിതിയ്ക്കു്, തങ്ങളുടെ സ്വന്തം പ്രതിനിധി കോൺഗ്രസ്സിൽച്ചെന്നു് പ്രസ്തുത യുദ്ധം "കൊള്ളയ്ക്കും കൊലപാതകത്തിനും കവച്ചയ്ക്കും ദുഷ്കീർത്തിക്കും" മാത്രം ഉപകരിക്കുന്ന ഒരു യുദ്ധമാണെന്നു പ്രസംഗിച്ചതു് നാട്ടുകാർ സഹിക്കുമോ? എന്നാൽ, നാട്ടുകാരെ പ്രസാദിപ്പിക്കുന്നതിനു് സ്വന്തം അഭിപ്രായങ്ങളെ പൂഴ്ത്തിവയ്ക്കാൻ അബ്രാഹം ലിങ്കനുണ്ടോ സാധിക്കുന്നു? തൻെറ ഉള്ളിൽത്തട്ടിയ അഭിപ്രായവും ബോദ്ധ്യവും ആരുടേയും മുഖം നോക്കാതെ അദ്ദേഹം വെട്ടിത്തുറന്നു പറയും. അത്തരം അഭിപ്രായധീരത 'രാഷ്ട്രീയമായ ആത്മഹത്യ'യായിത്തീരുമെന്നു് ലിങ്കനറിയാം. എങ്കിലും ജനപ്രതീതിക്കുവേണ്ടി സ്വാഭിപ്രായങ്ങളെ മറച്ചുപിടിക്കാനോ, മാററിമറിക്കാനോ അദ്ദേഹം തയ്യാറായില്ല.

ഏതായാലും, തൻെറ ഭർത്താവു് കോൺഗ്രസ്സിലെ ഒരംഗമെന്ന നിലയിൽ വാഷിംഗ്ടൺവരേയെത്തിക്കണ്ടതിൽ മിസ്സിസ് ലിങ്കനു് സന്തോഷമായി. വൈററ്ഹൗസിലെ പ്രതാപങ്ങൾ നിത്യവും നുണഞ്ഞുകൊണ്ടിരുന്ന ആ ഗൃഹനായികയ്ക്കു്, സ്വന്തം കിനാവുകൾ ക്രമേണ സഫലമായേക്കുമെന്നുള്ള ആശയ്ക്കു വഴിയുണ്ടാക്കിക്കൊടുത്തു ആ വിജയം. മിസ്സിസ് ലിങ്കൺ വാഷിംഗ്ടണിലേയ്ക്കു് എഴുതിത്തുടങ്ങിയ കത്തുകളുടെ മേൽവിലാസത്തിൽ "The Honourable Lincoln" എന്നു് പ്രയോഗിച്ചുതുടങ്ങിയതു് ലിങ്കൺ

ഉടനെ തടഞ്ഞു. വാഷിംഗ്ടണിൽ വലിയ സ്വീകരണം കിട്ടിയേക്കുമെന്നാശിച്ച് മിസ്സിസ്‌ലിങ്കൺ ഒരിക്കൽ ഭർത്താവൊന്നിച്ച് ആ മഹാനഗരത്തിൽച്ചെന്നൊന്നു ചുററിനോക്കുകയുണ്ടായി. പക്ഷേ, വിചാരിച്ചത്ര മെച്ചമൊന്നും ഉണ്ടായില്ല. സ്പ്രിംഗ്ഫീൽഡിൽ അബ്രാഹം ലിങ്കൺ ഒരു വലിയ ആളായിക്കഴിഞ്ഞിരുന്നുവെങ്കിലും, വാഷിംഗ്ടണിലുണ്ടോ അദ്ദേഹത്തിൻെറ നിലയിലുള്ള ഒരുവന്ന് അത്രവേഗം പരിഗണന കിട്ടാൻപോകുന്നു? അവിടെ എത്രയെത്ര മഹാരഥന്മാരെ കവച്ചുവെച്ചാലാണ് ഒരാറം മുൻപന്തിയിലെത്തുക? അത്തവണ കോൺഗ്രസിലേയ്ക്കു തിരിഞ്ഞെടുക്കപ്പെട്ട മെമ്പർമാരിൽ ചിലർ, അത്ര ചില്ലറക്കാരായിരുന്നുമില്ല. ഡാനിയേൽ വെബ്സ്റ്ററിനേപ്പോലുള്ള മഹാവാഗ്മികളും, ആൻഡ്രൂ ജോൺസനേപ്പോലുള്ള ഭരണകാര്യമർമ്മജ്ഞന്മാരും ഉൾപ്പെട്ടിരുന്ന ആ രംഗത്ത് നമ്മുടെ അബ്രാഹം ലിങ്കനെ താരതമ്യേന നിസ്സാരനായ ഒരാളായിട്ടേ ആരും കണക്കാക്കിയിരിക്കാനിടയുള്ളു.

എന്തിന്, കേന്ദ്രത്തിൽ കടന്നുകൂടിയതുകൊണ്ട് ലിങ്കൺ തന്നെ യും വലിയ ആശയ്ക്കൊന്നും വഴി കണ്ടില്ല. വിദഗ്ദ്ധരായ ചില മെമ്പർമാർ കോൺഗ്രസ്സിൽ ചെയ്തിരുന്ന പ്രസംഗങ്ങൾ ശ്രദ്ധിച്ചും, അവയെപ്പററി വിമർശനബുദ്ധിയോടുകൂടി ചിന്തിച്ചും, കേന്ദ്രഭരണകൂടത്തിലെ ഗതിവിഗതികൾ നിരീക്ഷിച്ചും രാഷ്ട്രീയകാര്യങ്ങളിൽ കുറേക്കൂടി പരിചയം സമ്പാദിക്കാൻ അദ്ദേഹത്തിനു് ഒരവസരമുണ്ടായെന്നുമാത്രം. പാവം, ആയിടെ പണത്തിനും വല്ലാതെ ബുദ്ധിമുട്ടേണ്ടിവന്നിരുന്നു. ജനപ്രതിനിധിസഭയിലെ സേവനകാലാവധി കഴിഞ്ഞപ്പോൾ, ഒരു ചെറിയ സംസ്ഥാനത്തിലെ ഗവർണ്ണറുദ്യോഗം ലഭിക്കാൻ സൗകര്യമുണ്ടായിക്കണ്ടതിൽ ലിങ്കൺ ആദ്യം തെല്ല് പ്രലോഭിതനായത്രെ. മിസ്സിസ് ലിങ്കൻെറ എതിർപ്പുകൊണ്ടോ എന്തോ അതു് സ്വീകരിക്കാനിടയായില്ല. അന്ന് അങ്ങനെ ഒരു ഉദ്യോഗാപ്പക്ഷേണംവാങ്ങി നമ്മുടെ കഥാനായകൻ രാഷ്ട്രീയരംഗത്തുനിന്നു് അന്തർദ്ധാനം ചെയ്തിരുന്നുവെങ്കിൽ, ലോകത്തിനു് ഒരു വലിയ രാഷ്ട്രീയാചാര്യൻ നഷ്ടപ്പെട്ടുപോയേനെ!

അദ്ധ്യായം - 15

# എതിരാളി

"വെള്ളക്കാരൻ അവനവനെത്തന്നെ ഭരിക്കുമ്പോഠം അതു് സ്വയംഭരണമാണു്. എന്നാൽ അവൻ തന്നേയും മറെറാരാളേയുംകൂടി ഭരിക്കുമ്പോഠം അതു് സ്വയംഭരണത്തേക്കാഠം കൂടുതലായിത്തീരുന്നു; അതു് സ്വേച്ഛാധിപത്യമാണു്."–ലിങ്കൺെറ വാദം.

അടിമത്തപ്രശ്നത്തെ ആത്യന്തികമായി എതിക്കാൻ അന്നു് ചില പരിശ്രമങ്ങഠം അമേരിക്കയിൽ നടന്നിരുന്നു. 1831–ൽ ആരംഭിച്ച "The Liberator" എന്ന പത്രം ഇക്കാര്യത്തിൽ സന്ധിയില്ലാത്ത സമരമാണു് നടത്തിയിരുന്നതു്; 'Abolitionists" എന്ന പേരിലും മററും ആവിർഭവിച്ച സംഘടനകളും അങ്ങനെതന്നെ. യൂണിയൻെറ ഐക്യം നഷ്ടപ്പെട്ടാലും സാരമില്ല, അടിമത്തം നശിച്ചാൽ മതിയെന്നായിരുന്നു മിക്ക പ്രസ്ഥാനങ്ങളുടേയും ലക്ഷ്യം. 1852–ൽ ഒരു കഥാപുസ്തകം പുറപ്പെട്ടു,– 'Uncle Tom's Cabin' എന്ന പേരിൽ, ഒരു സ്ത്രീയാണു് അടിമത്തത്തിൻെറ തലയിൽ ആ സാഹിത്യത്തീയുണ്ടയെറിഞ്ഞതു്. മിസ്സിസ് ഹാരിയററ് എന്നു പേരായ ആ വിദുഷി അതുവരെ ഒരെഴുത്തുകാരിയായി അറിയപ്പെട്ടിരുന്നില്ലെങ്കിലും, ഉള്ളപൊള്ളിച്ചിന്തിക്കാനും എഴുതാനും പററിയ ഒരു പ്രശ്നം നാട്ടിൽ കിടന്നിരുന്നതുകൊണ്ടു് അവഠം അതു പിടിച്ചു് മർമ്മസ്പർശിയായ ഒരു പുസ്തകം എഴുതി. ആ പുസ്തകത്തിൻെറ മൂന്നു ലക്ഷം കോപ്പികഠം ഒരൊററക്കൊല്ലംകൊണ്ടു് പ്രചരിച്ചു. അമേരിക്കയിലെ ആറു പ്രസ്സുകഠം രാവും പകലും ജോലിചെയ്തിട്ടേ, അതിൻെറ പ്രതികഠം വേണ്ടത്ര അടിച്ചിറക്കാൻ സാധിച്ചു

ള്ളു. "ഒരു വലിയ യുദ്ധമുണ്ടാക്കിയ ഒരു ചെറിയ സ്ത്രീ" എന്നാണ് നമ്മുടെ കഥാനായകനായ അബ്രാഹം ലിങ്കൺ പ്രസ്തുത ഗ്രന്ഥകാരിയേപ്പററി പറഞ്ഞിട്ടുള്ളതു്. വാസ്തവത്തിൽ, ആ സ്ത്രീ ഒരു കൃശഗാത്രിയായിരുന്നുതാനും.

വടക്കർ അടിമത്തത്തെ ചെറുക്കുന്തോറും, തെക്കർ അതിൻെറ പിരിമുറുക്കാനാണു് ശ്രമിച്ചുകൊണ്ടിരുന്നതു്. പ്രസിഡണ്ടുതിരിഞ്ഞെടുപ്പുകളിൽ ഡിമോക്രാററിക്കക്ഷിക്കു് അനുസ്യൂതമായ വിജയം ലഭിച്ചുപോന്നിരുന്നതു് തെക്കക്കു് വലിയ രക്ഷയായി. വടക്കർ വ്യവസായത്തിലും, വിദ്യാഭ്യാസത്തിലും, ധനസമ്പാദനത്തിലുമെല്ലാം പുരോഗമിച്ചുകൊണ്ടിരുന്നുവെങ്കിലും രാഷ്ട്രീയത്തിൽ പിന്നാക്കമായിരുന്നു. സ്വന്തം രാഷ്ട്രീയകക്ഷിയുടെ ബലം വർദ്ധിപ്പിക്കാനോ, സമർത്ഥരായ ജനപ്രതിനിധികളെ തിരിഞ്ഞെടുക്കാനോ അവർ വേണ്ടത്ര ശ്രദ്ധിച്ചില്ല. വടക്കരുടെ ഈ അലക്ഷ്യഭാവം മൂലമാണു്, കേന്ദ്രഭരണക്കൂടത്തെ തങ്ങളുടെ ഒരു കുത്തകയായി കൊണ്ടുനടക്കാൻ തെക്കക്കു് സാധിച്ചതെന്നു പറയാം.

1854-ൽ എത്രയും സ്തോഭജനകമായ ഒരു സംഭവമുണ്ടായി, —മിസ്സൗറിസന്ധിയുടെ കഴുത്തിനു് കൗശലത്തിൽ കത്തിവയ്ക്കുന്ന ഒരു ബിൽ കോൺഗ്രസ്സിൽ അവതരിപ്പിക്കപ്പെട്ടു. "നിത്യവും മൗലികവു"മായ ഒരു വ്യവസ്ഥയായിരിക്കണമെന്നു് ആ സന്ധിയേപ്പററി മുക്തകണ്ഠം ഉൽഘോഷിച്ചിരുന്നതാരോ, ആ സ്റ്റീഫൻ ഡഗ്ലസ് തന്നെയായിരുന്നു പ്രസ്തുത ബില്ലിൻെറ പ്രയോക്താവു്! അദ്ദേഹത്തിനു് 'പോളിററിക്സ്' ഇരിമ്പുലയ്ക്കയും മററുമല്ല, ആവശ്യംപോലെ വളയ്ക്കാവുന്ന അരിച്ചൂരൽ മാത്രമായിരുന്നു. പുതിയൊരു പ്രസിഡണ്ടുതിരിഞ്ഞെടുപ്പു് ആസന്നമായിരുന്നതുകൊണ്ടു് ഡിമോക്രാററിക്കക്ഷിയെ ഒന്നു് പ്രീണിപ്പിച്ചുനിർത്തേണ്ട ആവശ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഡഗ്ലസ്സിൻെറ കാലുമാററം മററൊരു കാര്യത്തിനുള്ള കളമൊരുക്കലായിരുന്നുവെന്നു സാരം. ആ ഭാഗം നില്ക്കട്ടെ. പുതിയ ബില്ലിൻെറ സ്വഭാവം എന്തായിരുന്നു?

കാൻസാസ്, നെബ്രാസ്ക്കാ എന്നീ രണ്ടു സംസ്ഥാനങ്ങളും യൂ

ണിയനിൽ ചേരാൻ ഒരുങ്ങുന്നുണ്ടായിരുന്നു. മിസ്സൗറിസന്ധിയിലെ അതിർത്തിനിർണ്ണയമനുസരിച്ചാണെങ്കിൽ ആ സംസ്ഥാനങ്ങൾ രണ്ടിലും അടിമത്തം പാടില്ല. എന്നാൽ അടിമത്തത്തെ അംഗീകരിക്കുന്ന സംസ്ഥാനങ്ങളായി അവയെ യൂണിയനിൽ പെടുത്തണമെന്നായിരുന്നു ഡിമോക്രാററിക്ക് കക്ഷിയുടെ മോഹം. അതു് സാധിക്കണമെങ്കിൽ 'നിത്യവും മൗലികവുമായ' മിസ്സൗറിസന്ധിയെ ഉപായത്തിൽ ഉടക്കേണ്ടതു് ആവശ്യമാണല്ലൊ. സ്റ്റീഫൻ ഡഗ്ലസ് കൊണ്ടുചെന്ന ബില്ലിൻെറ ഉന്നം അതായിരുന്നു. മേല്പറഞ്ഞ സംസ്ഥാനങ്ങളിൽ അടിമത്തം വേണമോ വേണ്ടയോ എന്നുള്ളതു് അവിടെ താമസിക്കുന്ന ജനങ്ങൾ തന്നെ വോട്ടെടുത്തു തീരുമാനിച്ചുകൊള്ളട്ടെ എന്നു് എങ്ങും തൊടാത്ത ഒരു പുതിയ വ്യവസ്ഥ അദ്ദേഹം ആ ബില്ലിൽ ഉൾക്കൊള്ളിച്ചിരുന്നു. 'Popular Sovereignty'—ജനകീയ പരമാധികാരം—എന്ന സുന്ദരമായ പദപ്രയോഗത്തിൽ പൊതിഞ്ഞാണു് സ്റ്റീഫൻഡഗ്ലസ് ആ വ്യവസ്ഥ കൊണ്ടുവന്നതു്. പ്രതിപക്ഷത്തിൻെറ എതിർപ്പുകളേയെല്ലാം തട്ടിത്തകർത്തു് അദ്ദേഹം ബില്ലു പാസ്സാക്കിയെടുത്തു. ആളുകൾ അദ്ദേഹത്തെ 'കൊച്ചു രാക്ഷസൻ' എന്നു വിളിച്ചിരുന്നതു് വെറുതെയല്ല. താൻ പിടിച്ച കാര്യം ജയിക്കാനുള്ള തൻേറടവും തലച്ചോറും, വശ്യതയും വാചാലതയുമെല്ലാം അദ്ദേഹത്തിനുണ്ടായിരുന്നു. സ്റ്റീഫൻ ഡഗ്ലസ് പാസ്സാക്കിയെടുത്ത ബില്ലിനെ തെക്കർ എങ്ങനേയെല്ലാമാണു് കൊണ്ടാടിയതെന്നോ? 1854 മാർച്ച് 4-ാംനു- അവർക്കൊരു വിജയദിനംതന്നെയായിരുന്നു. തെക്കർ വെടിനാദം മുഴക്കി ബില്ലിൻെറ വിജയത്തെ ആഘോഷിച്ചപ്പോൾ ഒരു മാന്യൻ പറയുകയായിരുന്നു: "അവർ ഒരു തല്ക്കാലികവിജയം കൊണ്ടാടുകയാണു്. എന്നാൽ ഇതു മൂലം അവർ ഇളക്കിവിട്ട അസ്വാസ്ഥ്യതകൾ അടിമത്തം ചത്തുവീഴുംവരെ നീണ്ടുനില്ക്കും."

ശരി; അടിമത്തത്തിൻെറ നേരെ ഒരു കൊടുങ്കാററു വീശുവാനുള്ള സമയമായി. അബ്രാഹം ലിങ്കൻെറ വ്രതവീര്യവും വചോവിലാസവുംതന്നെയാണു് ആ കൊടുങ്കാററെന്നു് വെളിപ്പെടാൻപോകയാണു്. സ്പ്രിംഗ്ഫീൽഡിൽ, ആയിടെ, ഒരു കാഷികോത്സ

വം നടക്കുന്നുണ്ടായിരുന്നു. സ്റ്റീഫൻഡഗ്ലസ് അവിടെ ഒരു പ്രസംഗംചെയ്യുവാൻ ചെന്നെത്തി. തൻെറ ബില്ലിനെ നീതീകരിക്കുന്നതിനു് പല സംഗതികളും അദ്ദേഹം ആ പ്രസംഗമദ്ധ്യേ എടുത്തുപറഞ്ഞു. ബില്ലിൽ അന്തർഭവിച്ചിട്ടുള്ള 'ജനകീയപരമാധികാര'ത്തെ അദ്ദേഹം അങ്ങേയററം പുകഴ്ത്തി. കാൻസാസ്–നെബ്രാസ്കാ സംസ്ഥാനക്കാർക്കു് സ്വയംഭരണത്തിനു പ്രാപ്തിയുണ്ടെങ്കിൽ അവർ നിർഭാഗ്യരായ കുറേ നീഗ്രോക്കളേക്കൂടി നിഷ്പ്രയാസം ഭരിച്ചുകൊള്ളുമെന്നും സ്റ്റീഫൻഡഗ്ലസ് പരിഹാസഭാവത്തിൽ പറഞ്ഞു. അബ്രാഹം ലിങ്കൺ മുന്നണിയിൽത്തന്നെ ഇരിക്കുന്നുണ്ടായിരുന്നു. ഡഗ്ലസ്സിൻെറ പ്രസംഗം കഴിഞ്ഞതിനുശേഷം ലിങ്കൺ പതുക്കെ എഴുന്നേററിട്ടു് പറഞ്ഞു, താൻ അടുത്തദിവസംതന്നെ തൻെറ സ്നേഹിതനെ ഒരു മറുപടിപ്രസംഗംകൊണ്ടു് മാനിക്കുവാൻ പോകയാണെന്നു്!

പിറേറദിവസം നേരത്തേതന്നെ സമ്മേളനരംഗം ജനനിബിഡമായിക്കഴിഞ്ഞു. വളരെ മോടിയിൽ ഉടുത്തൊരുങ്ങി സ്റ്റീഫൻ ഡഗ്ലസ്സും ചെന്നുചേർന്നു. മിസ്സിസ് ലിങ്കൺ അന്നു് തൻെറ ഭർത്താവിനു് നല്ലൊരു കോട്ടും കോളറും ടൈയുമെല്ലാം തേച്ചു മിനുസപ്പെടുത്തിക്കൊടുത്തിരുന്നുവെങ്കിലും, അദ്ദേഹം യോഗശാലയിലെത്തിയതു് നീളം കുറഞ്ഞ പഴയ കാലുറകളും ഒരു വെറും ഷർട്ടും ധരിച്ചുകൊണ്ടായിരുന്നു. ഭർത്താവിൻെറ പ്രാകൃതവേഷം കണ്ടിട്ടു് മിസ്സിസ് ലിങ്കൺ വല്ലാതെ ലജ്ജിച്ചുപോയി. അബ്രാഹം ലിങ്കൺ നീണ്ടുനിവർന്നങ്ങനെനിന്നു് പ്രസംഗം ആരംഭിച്ചു. പതിവുള്ള നേരംപോക്കുകളും കഥകളുമൊന്നും ആ പ്രസംഗത്തിൽ കണ്ടില്ല. എത്രയും കനപ്പെട്ട ഒരു പ്രശ്നത്തെ അതർഹിക്കുന്ന ഗൗരവത്തോടും ധർമ്മരോഷത്തോടുംകൂടി പ്രതിപാദിക്കയായിരുന്നു ലിങ്കൺ. ആത്മാർത്ഥതയുടെ ചുടുതീപ്പൊരികൾ നാലുപാടും ചിതറിയിരുന്ന ആ പ്രസംഗം ശ്രോതാക്കളെ ഇരുത്തിച്ചിന്തിപ്പിച്ചു. രാജ്യതന്ത്രത്തെ വയററുപിഴപ്പിന്നും സ്ഥാനമാനങ്ങൾക്കുമായി കൊണ്ടുനടക്കുന്നവർ ആരുമല്ല, നേരേമറിച്ചു് രാജ്യത്തേയും ജനങ്ങളേയും ധർമ്മപഥത്തിൽ നയിക്കാനും ത്യാഗപൂർവ്വം സേവിക്കാനും വ്രതമെടുത്തിട്ടുള്ള സത്യസ

ന്ധനായ ഒരു രാഷ്ട്രീയചിന്തകനാണ് ആ സായാഹ്നത്തിൽ തങ്ങളോടു സംസാരിക്കുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കി. സ്റ്റീഫൻ ഡഗ്ലസ്സിൻെറ വാദമുഖങ്ങളുടെ ശൈഥില്യവും ദൗബ്ബല്യവും സദസ്യക്ക് നല്ലവണ്ണം ബോദ്ധ്യംവന്നു. നീഗ്രോക്കളെ ഭരിക്കാൻ വെള്ളക്കാക്കധികാരമുണ്ടെന്നുള്ള വാദത്തിനു് അബ്രാഹം ലിങ്കൺ പറഞ്ഞ മറുപടിയിലെ ഒരു ഘട്ടം ഇവിടെ ഉദ്ധരിക്കാം:

"വെള്ളക്കാരൻ അവനേത്തന്നെ ഭരിക്കുമ്പോൾ അതു് സ്വയംഭരണമാണ്. എന്നാൽ അവൻ തന്നേയും മററൊരാളേയുംകൂടി ഭരിക്കുമ്പോൾ അതു് സ്വയംഭരണത്തേക്കാൾ കൂടുതലായിത്തീരുന്നു, —അതു് സ്വേച്ഛാധിപത്യമത്രെ. ഉദ്ദേശം എൺപതുകൊല്ലംമുമ്പു് നാം പ്രഖ്യാപനം ചെയ്തുതുടങ്ങിയതു് 'മനുഷ്യരെല്ലാവരും തുല്യരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു'വെന്നാണ്. എന്നാൽ ആ പ്രഘോഷണത്തിൽനിന്നു് നാം ഇപ്പോൾ ഇടിഞ്ഞിറങ്ങുന്നതു്, 'കുറേ മനുഷ്യർ മററുള്ളവരെ അടിമകളായി വെച്ചുകൊണ്ടിരിക്കുന്നതു് സ്വയംഭരണത്തിൻെറ പരിശുദ്ധമായ ഒരവകാശമാണെ'ന്നുള്ള വേറൊരു പ്രഖ്യാപനത്തിലേയ്ക്കാകുന്നു. ഈ പ്രഖ്യാപനങ്ങൾ രണ്ടും പരസ്പരവിരുദ്ധങ്ങളാണ്; ഒന്നിനെ സ്വീകരിക്കുന്നവർ മറേറതിനെ നിരസിക്കേണ്ടതായിട്ടാണ് വരിക. ഒരു മനുഷ്യനു് മററൊരു മനുഷ്യനെ അവൻെറ സമ്മതംകൂടാതെ ഭരിക്കുവാൻ അധികാരമില്ല. ഇതു് അമേരിക്കൻജനാധിപത്യഭരണക്രമത്തിൻെറ മൗലികതത്വം, മഹത്തായ അസ്ഥിവാരവുമാകുന്നു."—അമേരിക്കയിലെ ഒരു വെള്ളക്കാരൻ അവിടത്തെ കറുത്ത മനുഷ്യക്കുവേണ്ടി നടത്തിയ നിശിതമായ ഈ അവകാശവാദം ചരിത്രത്തിൻെറ ഏടുകളിൽ എന്നും അക്ഷയ്യദീപ്തിയോടെ നിലനില്ക്കും.

അദ്ധ്യായം - 16

# പുതിയ കക്ഷി

"നാം ഈ രാജ്യത്തെ അതിന്റെ നാമത്തിന്നനുയോജ്യമാംവണ്ണം സ്വാതന്ത്ര്യത്തിന്റെ ഒരു നാടാക്കിത്തീർക്കണം. പ്രജാധിപത്യത്തിന്റെ ജന്മദിനത്തെ നമുക്കു് പുനഃസ്ഥാപിക്കണം." — അബ്രാഹം ലിങ്കന്റെ നയപ്രഖ്യാപനം.

സ്റ്റീഫൻ ഡഗ്ലസ്സുമായുള്ള ആ ഏററുമുട്ടൽ, അബ്രാഹം ലിങ്കന്റെ ജീവിതത്തിലും അമേരിക്കയുടെ ചരിത്രത്തിലും വരുവാനിരുന്ന വലിയൊരു പരിവർത്തനത്തിന്റെ നാന്ദിയെ കുറിക്കുന്ന സംഭവമായിരുന്നു. അടിമത്തത്തിൽ അന്തർഭവിച്ചിട്ടുള്ള അധർമ്മത്തെപ്പററി ഗൗരവമായി ചിന്തിക്കുവാൻ ലിങ്കന്റെ അഭിപ്രായങ്ങൾ പലരേയും പ്രേരിപ്പിച്ചു. അടിമത്തത്തിനു് താങ്ങും തണലുമായി നിന്നിരുന്ന ഡിമോക്രാററിക് കക്ഷിയെ ശക്തിയായി ചെറുക്കേണ്ടതു് ആവശ്യമാണെന്നുള്ള ബോധം ജനതാമദ്ധ്യത്തിൽ പരന്നുതുടങ്ങുകയും ചെയ്തു.

ആയിടയ്ക്കു് ഒരു പുതിയ സെനെററുതിരിഞ്ഞെടുപ്പുണ്ടായതിൽ അബ്രാഹം ലിങ്കൺ ഒരു 'വിഗ്' സ്ഥാനാർത്ഥിയായി വീണ്ടും രംഗപ്രവേശംചെയ്തുവെങ്കിലും, ലൈമാൻ ട്രംബുൾ എന്നു പേരായ മറെറാരു സ്ഥാനാർത്ഥിക്കുവേണ്ടി അദ്ദേഹം ഒടുവിൽ പിൻവലിയുകയാണുണ്ടായതു്. ലിങ്കനുൾപ്പെടെ മൂന്നു സ്ഥാനാർത്ഥികൾ തമ്മിലായിരുന്നു മത്സരം. അവരിൽ ഒരുത്തൻ സ്റ്റീഫൻ ഡഗ്ലസ്സിന്റെ ആളായിരുന്നു; ലൈമാൻ ട്രംബുളാകട്ടെ, ഡഗ്ലസ്സിന്റെ കാൻസാസ്-നെബ്രാസ്കാബില്ലിനെ എതിർത്ത കൂട്ടത്തിലായിരുന്നുതാനും.

മൂന്നു സ്ഥാനാൎത്ഥികഠം തമ്മിലുള്ള മുക്കോൺമത്സരംകൊണ്ടു് ഡഗ്ല സ്സിൻെറ കക്ഷി മുതലെടുക്കാനിടയുണ്ടെന്നു കണ്ടപ്പോഴാണു്, ലിങ്കൺ പെട്ടെന്നു് പിൻവലിഞ്ഞു് ട്രംബുളിനെ സഹായിക്കാനുറച്ചതു്. അത്തവണയെങ്കിലും സെനെററിൽ കടന്നുകൂടണമെന്നു് ലിങ്കനു വലിയ മോഹം ഉണ്ടായിരുന്നുവെന്നതു് വാസ്തവം. പക്ഷേ, സ്വന്തം താല്പൎയ്യത്തെ പൊതുതാല്പൎയ്യത്തിനുവേണ്ടി ബലികഴിക്കാൻ അദ്ദേഹം മടിച്ചില്ല. സെനെററർസ്ഥാനം ട്രംബുഠം കരസ്ഥമാക്കിയതുകൊണ്ടു്, അദ്ദേഹത്തിൻെറ ഭാൎയ്യയോടു് മിസ്സിസ് ലിങ്കൺ പരിഭവിച്ചുപോലും. പുരുഷന്മാരുടെ രാഷ്ട്രീയം ചിലപ്പോഠം പെണ്ണുങ്ങളേയും തമ്മിൽ പിണക്കാറുണ്ടല്ലോ. തിരിഞ്ഞെടുപ്പുകളിൽ വെച്ചു് ആളുകഠം തമ്മിൽ വഴക്കും വാശിയും ഉണ്ടാകുന്നതു്, മിക്കവാറും സ്വാൎത്ഥത്തിൻെറയും അസൂയയുടേയും അടിസ്ഥാനത്തിലാണു്. അതുപോലെതന്നെ, ചിലപ്പോഠം സ്ഥാനാൎത്ഥികളുടെ എണ്ണം വല്ലാതെ വൎദ്ധിച്ചു് തിരിഞ്ഞെടുപ്പുഫലം രാജ്യത്തിൻെറ ഉത്തമതാല്പൎയ്യങ്ങഠംക്കു് ഹാനികരമായിത്തീരുന്നതും വ്യക്തികളുടെ കടുത്ത സ്വാൎത്ഥം മൂലമത്രെ. അബ്രാഹം ലിങ്കൺ വേറൊരു സ്ഥാനാൎത്ഥിക്കു വഴിയൊഴിഞ്ഞുകൊടുത്തതിൽ കാണിച്ച വിവേകമില്ലേ, അതു് നമുക്കു വിലയേറിയ ഒരു പാഠമാകുന്നു.

ഐക്യസംസ്ഥാനങ്ങളുടെ ഭരണസാരഥ്യം വഹിച്ചിരുന്ന ഡിമോക്രാററിക്കക്ഷിയുടെ അപഥസഞ്ചാരം ഫലപ്രദമായി തടയണമെങ്കിൽ പ്രബലമായ ഒരു പ്രതിപക്ഷകക്ഷി രൂപീകരിച്ചേ മതിയാവു എന്ന അഭിപ്രായം അടിക്കടി ബലപ്പെട്ടുകയും, പഴയ 'വിഗ്' പാർട്ടിയുടെ സ്ഥാനത്തു് 'റിപ്പബ്ലിക്കൻ' എന്ന പേരിൽ ഒരു പുതിയകക്ഷി അചിരേണ ഉടലെടുക്കുകയും ചെയ്തു. ആ പുതിയ കക്ഷിയുടെ പുറപ്പാടിലും പ്രവൎത്തനത്തിലും അബ്രാഹം ലിങ്കനു് ഒരു നല്ലപങ്കുണ്ടായിരുന്നതായിക്കരുതാം. രാഷ്ട്രീയപ്രശ്നങ്ങളേപ്പററി നമ്മുടെ കഥാനായകൻ ദീൎഘകാലം നിശ്ശബ്ദമായി പഠിക്കുകയും ചിന്തിക്കുകയും ചെയ്തിരുന്നതിൻെറ പരിണതഫലം, എന്തായാലും, റിപ്പബ്ലിക്കൻകക്ഷിയുടെ പ്രസംഗവേദികളിൽ നല്ലവ

ണ്ണം ശോഭിച്ചുതുടങ്ങി. പ്രസംഗിക്കുന്നതിനു് മററുത്രയെത്ര യോഗ്യന്മാർ സന്നിഹിതരായിരുന്നാലും, 'ലിങ്കൺ പ്രസംഗിക്കണം' 'ലിങ്കൺ പ്രസംഗിക്കണം' എന്ന ആഹ്വാനം പല പൊതുസമ്മേളനങ്ങളിലും മുഴങ്ങുക പതിവായിത്തീൎന്നു. അങ്ങനേയൊരു യോഗത്തിൽ ലിങ്കൺ പെട്ടെന്നു ചെയ്യേണ്ടിവന്ന ഒരു പ്രസംഗം കേട്ടു് പത്രറിപ്പോർട്ടൎമാർ സ്തംഭിച്ചിരുന്നുപോയത്രെ. അവരുടെ കൈയിൽനിന്നു് പേനയും പെൻസിലും അവരറിയാതെതന്നെ താഴെ വീണുപോയെന്നുള്ളതും ഒരു പരമാൎത്ഥമാണു്. പ്രഭാഷകൻെറ ആവേശത്തിലും ആശയത്തിലും അവർ അത്രമാത്രം നിർല്ലീനരായിപ്പോയെന്നു സാരം. ലിങ്കൺ പിന്നീടു് ആ പ്രസംഗം ഒന്നെഴുതിവെയ്ക്കാൻ കൂട്ടാക്കിയില്ല. 'നഷ്ടപ്രസംഗം' (Lost Speech) എന്ന പേരിൽ അറിയപ്പെടുന്ന ആ പ്രഭാഷണം, ചെറുപ്പക്കാരനായ ഒരു വക്കീൽ ഓൎമ്മയിൽ നിന്നെഴുതിയതുമാത്രമേ നമുക്കു കിട്ടിയിട്ടുള്ളു. അതിൽനിന്നു് ചില ഘട്ടങ്ങൾ ഇവിടെ ഉദ്ധരിക്കാം: "നാം ഒരു പ്രതിസന്ധിഘട്ടത്തിലെത്തിയിരിക്കയാണു്. പൊതുജനാഭിപ്രായം ഇപ്പോൾ അതിശക്തിയായിത്തീൎന്നു് നമ്മുടെ ഇന്നത്തെ ഗതിയെ നിയന്ത്രിക്കാത്തപക്ഷം, രക്തപ്രവാഹമുണ്ടാകയും സഹോദരൻെറ കരം സഹോദരന്നെതിരായി ഉയരുകയുംചെയ്യും. നാം ഈ രാജ്യത്തെ അതിൻെറ നാമത്തിന്നനുയോജ്യമായവിധം സ്വാതന്ത്ര്യത്തിൻെറ ഒരു നാടാക്കിത്തീൎക്കണം. പ്രജാധിപത്യത്തിൻെറ ജന്മദിനത്തെ നമുക്കു പുനഃസ്ഥാപിക്കണം. സ്വാതന്ത്ര്യപ്രഖ്യാപനത്തെ നാം വീണ്ടും സ്ഥിരീകരിക്കണം. നാം നമ്മുടെ ഭരണഘടനയോടും, യൂണിയൻപതാകയോടും ഭക്തിയുള്ളവരായിരിക്കണം. തെക്കരോടു ഞങ്ങൾ പറയുന്നു: എന്തെല്ലാം സംഭവിച്ചാലും, ഞങ്ങൾ യൂണിയനിൽനിന്നു പിരിഞ്ഞുപോകയില്ല; നിങ്ങളും പോകരുതു്."

ഏതുതരം തീപ്പൊരിപ്രസംഗങ്ങളിലും ലിങ്കൻെറ തത്വനിഷ്ഠയും നയതന്ത്രവും തെളിഞ്ഞുകണ്ടിരുന്നു. യൂണിയൻെറ ഐക്യം അഭംഗമായി പാലിച്ചുകൊണ്ടു് അടിമത്തത്തെ വ്യവസ്ഥാപിതമാ

KOTTAYAM PUBLIC LIBRARY

ഗ്ഗങ്ങളിലൂടെ വിപാടനംചെയ്യണമെന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. ലിങ്കൺ ഒരവസരത്തിൽ പ്രസംഗിച്ചതു് ഇങ്ങനെയാണു്: "ഈ സമരത്തിൽ എൻെറ പരമോദ്ദേശ്യം യൂണിയനെ രക്ഷിക്കുകയാണു്. ഒരു അടിമയേയും സ്വതന്ത്രനാക്കാതെ യൂണിയനെ രക്ഷിക്കാമെങ്കിൽ ഞാൻ അതു ചെയ്യും; എല്ലാ അടിമകളേയും സ്വതന്ത്രരാക്കിയിട്ടേ യൂണിയനെ രക്ഷിക്കാൻ സാധിക്കയുള്ളുവെങ്കിൽ ഞാൻ അതായിരിക്കും ചെയ്യുക; കുറേ അടിമകളെ സ്വതന്ത്രരാക്കുകയും മററുള്ളവരെ ഇപ്പോഴത്തെ നിലയിൽ വിടുകയും ചെയ്താൽ യൂണിയനെ രക്ഷിക്കാമെങ്കിൽ ഞാൻ അതും ചെയ്യും."

വേറെ ചില പ്രസംഗങ്ങളിൽ ലിങ്കൺ പ്രകാശിപ്പിച്ച ഏതാനും ആശയങ്ങൾകൂടി ഇവിടെ ഉദ്ധരിക്കാം: "അടിമത്തം തെക്കായാലും വടക്കായാലും തെററുതന്നെയാണു്. തെക്കൻസംസ്ഥാനങ്ങളിൽ അതു നിലനിന്നിരുന്നതുകൊണ്ടു് നമ്മുടെ രാഷ്ട്രപിതാക്കൾ യൂണിയൻെറ ഐക്യത്തെ ഓർത്തു് അതിനെ നിരോധിച്ചില്ലെന്നേയുള്ളു. എന്നാൽ അടിമത്തം ഇല്ലാതിരുന്ന സംസ്ഥാനങ്ങളിൽ അതു് പുതുതായി പരത്തുവാൻ അവർ സമ്മതിച്ചില്ല. അതുതന്നെയാണു് എൻേറയും നിലപാടു്. അടിമത്തം നിലവിലിരിക്കുന്ന സംസ്ഥാനങ്ങളിലെ പാരമ്പര്യത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഇടപെടാൻ എനിക്കുദ്ദേശമില്ല. എന്നാൽ, അടിമത്തം ഇല്ലാതിരുന്ന സംസ്ഥാനങ്ങളിലേയ്ക്കു് അതിനെ സംക്രമിപ്പിക്കാനുള്ള സംരംഭത്തെ ഞാൻ അങ്ങേയററം എതിർക്കും."

യൂണിയൻെറ ഭദ്രതയാണു് ലിങ്കൻെറ പ്രഥമ ലക്ഷ്യമെന്നു് മേലുദ്ധരിച്ച വാക്കുകൾ തെളിയിക്കുന്നു. 'എലിയെ പകച്ചു് ഇല്ലം ചുടുന്ന' നയം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ലെന്നർത്ഥം. ആദർശനിഷ്ഠയും, പ്രായോഗികരാജ്യതന്ത്രജ്ഞതയും ശരിയായ പാകത്തിൽ ഇണക്കിച്ചേർത്ത ഒരു നയമാണു് അദ്ദേഹം കൈക്കൊണ്ടതു്. ആ നയവിശേഷമാണു് അദ്ദേഹത്തെ ഒരു വലിയ രാജ്യത്തിൻെറ നേതാവും രക്ഷിതാവുമാക്കിത്തീർത്തതെന്നും നാം മനസ്സിലാക്കണം.

റിപ്പബ്ലിക്കൻപാർട്ടി ആരംഭിച്ചു് ഏറെക്കഴിയുന്നതിനു

മുമ്പുതന്നെ, 1857-ൽ, ഒരു പുതിയ പ്രസിഡണ്ടതിരിഞ്ഞെടുപ്പ് ആസന്നമായി. അത്തവണത്തെ തിരിഞ്ഞെടുപ്പിൽ ചാടിവീണ് പ്രസിഡണ്ടപദം തട്ടിയെടുക്കുവാനായിരുന്നുവല്ലോ, സ്റ്റീഫൻ ഡഗ്ലസ് നേരത്തേ കാൻസാസ്-നെബ്രാസ്ക്കാബില്ലുകൊണ്ടുള്ള കയ്യാങ്കളി നടത്തിയതു്. അത്തരക്കാക്കു് ഒടുവിൽ ഉണ്ടാകുന്ന അനുഭവം എന്തോ, അതു് ഡഗ്ലസ്സിനു് അത്തവണ കണക്കുതീർത്തുതന്നെ കിട്ടി. ഡിമോക്രാററിക്കകക്ഷി അദ്ദേഹത്തെ ഉപായത്തിൽ പുറംതള്ളി, ജെയിംസ് ബുക്കനാൻ എന്ന ആളെ സ്ഥാനാർത്ഥിയായി വരിച്ചു. പുതിയ റിപ്പബ്ലിക്കൻകക്ഷിയുടെ സ്ഥാനാർത്ഥി ജോൺഫ്രീമോണ്ടു് എന്ന ദേഹമായിരുന്നു. തിരിഞ്ഞെടുപ്പു് ഡിമോക്രാററിക്കകക്ഷിതന്നെ ജയിച്ചു. ജെയിംസ് ബുക്കനാൻ പ്രസിഡണ്ടായി. റിപ്പബ്ലിക്കൻകക്ഷിയുടെ വേരുറയ്ക്കുന്നതിനു് സമയം കുറച്ചുകൂടി കഴിയേണ്ടിയിരുന്നു.

അതിനിടയ്ക്കു് അടിമത്തപ്രശ്നത്തിൻെറ ഗൗരവം മേല്ക്കുമേൽ വെളിപ്പെടുത്തിയ ചില സംഭവങ്ങളുണ്ടായി. നമ്മുടെ സ്റ്റീഫൻ ഡഗ്ലസ് തെക്കരെ പ്രീതിപ്പെടുത്താൻ ചമച്ച ആ ബില്ലില്ലേ, അതുതന്നെ നാട്ടിൽ ചോരപ്പുഴയൊഴുക്കാൻപോരുന്ന ഒരു കുന്തമായിത്തീൎന്നു. അതിലെ വ്യവസ്ഥയനുസരിച്ചു് കാൻസാസിൽ ഒരു ഹിതപരിശോധന നടക്കുമെന്നായപ്പോഠം, പുറത്തുനിന്നു് തെക്കരും വടക്കരും അവിടെ പുതുതായി കുടിയേറിപ്പാർത്തു് വോട്ടുകളുടെ എണ്ണം രണ്ടുപക്ഷത്തും വദ്ധിപ്പിക്കാനുള്ള വട്ടമായി. ഈ വിദ്യയിൽ ആദ്യം തെക്കരുടെ കൈതന്നെയാണു കയറിയതു്. കാൻസാസ് അങ്ങനെ അടിമത്തത്തെ അനുകൂലിക്കുന്ന ഒരു സംസ്ഥാനമാണെന്നു് സ്ഥാപിക്കാൻ തെക്കക്കു് തല്ക്കാലം സാധിച്ചു. എന്നാൽ ഹിതപരിശോധന ന്യായമായിട്ടല്ല നടന്നതെന്നു് വടക്കർ ശക്തിയായി പ്രതിഷേധിക്കാൻ തുടങ്ങി. കേന്ദ്രഗവമ്മെണ്ടു് ആ പ്രതിഷേധത്തെ അധികാരബലം പ്രയോഗിച്ചു് അമർത്താനൊരുമ്പെട്ടു. പക്ഷേ, ആ നാടകം അങ്ങനെയൊന്നും കലാശിക്കുന്ന തരമായിരുന്നില്ല. ജനങ്ങളുടെ ജീവരക്തംകൊണ്ടെഴുതപ്പെട്ട ചില ചില അ

ങ്ങൾ അഭിനയിച്ചുകഴിഞ്ഞിട്ടേ അതവസാനിച്ചുള്ളവെന്നു് വഴിയേ വ്യക്തമാകും. 'സഹോദരന്റെ കരം സഹോദരന്നെതിരായി ഉയരു'മെന്നു് അബ്രാഹം ലിങ്കൺ ചെയ്ത പ്രവചനം നിറവേറുവാൻ പോകയാണു്.

അദ്ധ്യായം - 17

# സംഭവവികാസങ്ങൾ

ഒരു നല്ല കാര്യം ചീത്തയായ മാർഗ്ഗത്തിലൂടെ സാധിക്കുന്നതു് ശരിയല്ലെന്നായിരുന്നു അബ്രാഹം ലിങ്കന്റെ പ്രമാണം. ഉദ്ദേശ്യം പോലെതന്നെ ഉപായവും നന്നായിരിക്കണമെന്നു് അദ്ദേഹം നിഷ്കർഷിച്ചു.

ആയിടയ്ക്കു്, ഒരു നീഗ്രോ തന്റെ യജമാനനെതിരായി ഒരു വ്യവഹാരം കൊണ്ടുവന്നു. ഡ്രെഡ് സ്കോട്ട് എന്നു പേരായ ആ അടിമ, വെള്ളക്കാരനായ ഒരു ഡോക്ടറുടെ ഭൃത്യനായിട്ടാണു് കഴിഞ്ഞിരുന്നതു്. ഇടക്കാലത്തു് അയാൾ തന്റെ യജമാനനൊന്നിച്ചു് ചില സ്വാതന്ത്ര്യസംസ്ഥാനങ്ങളിൽ— അടിമത്തത്തെ അനുകൂലിക്കാത്ത സംസ്ഥാനങ്ങളിൽ എന്നർത്ഥം—പാർക്കുവാനിടവന്നു. ആ നിവാസത്തിനിടയിൽ അയാൾ ഒരു നീഗ്രോസ്ത്രീയെ വിവാഹം കഴിക്കുകയും, അവർക്കു് ഒരു കുട്ടി ജനിക്കുകയുംകൂടിയുണ്ടായി. അങ്ങനെ സ്വാതന്ത്ര്യസീമയിൽ താമസിക്കുമ്പോഴും ആ നീഗ്രോക്കുടുംബം തന്റെ ഉടമയിൽത്തന്നെയാണെന്നായിരുന്നു ഡോക്ടറുടെ ഉത്തമവിശ്വാസം. പക്ഷേ, പ്രസ്തുത പര്യടനം കഴിഞ്ഞു് പഴയ സ്ഥലത്തേയ്ക്കു് തിരിച്ചശേഷം ആ അടിമ ഒരു വാദം പുറപ്പെടുവിച്ചു,—സ്വാതന്ത്ര്യസംസ്ഥാനങ്ങളിൽ ചെന്നു താമസിക്കാനിടയായതുകൊണ്ടു് തന്റെ അടിമത്തം അസ്ഥിരപ്പെട്ടുപോയെന്നു്. വെള്ളക്കാരൻ മുതലാളിക്കു് മേലാൽ തന്റേയും തന്റെ കുടുംബത്തിന്റേയും മേൽ യാതൊരവകാശവുമില്ലെന്നായിരുന്നു ഡ്രെഡ് സ്കോട്ടിന്റെ വാദം.

ഈ തർക്കം മൂത്തുമൂത്തു് കോടതിയിലെത്തി. കീഴ്ക്കോടതി

കളിൽ ആദ്യം ഡ്രെഡ് സ്കോട്ടിന് ഗുണമായും പിന്നെ ദോഷമായും വിധിയുണ്ടായി. നീഗ്രോ വിട്ടില്ല; അയാരം ഐക്യസംസ്ഥാനങ്ങളുടെ സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. ഒൻപതു ജഡ്ജിമാരുരംപ്പെട്ട ഒരു ബെഞ്ചിലാണ് ആ കേസ് വിചാരണയ്ക്കെടുത്തതു്. ചില ന്യായാധിപന്മാർ ഡ്രെഡ് സ്കോട്ടിൻെറ വാദത്തിൽ കഴമ്പുണ്ടെന്നു സമ്മതിച്ചു. പക്ഷേ, ചീഫ് ജസ്റ്റിസുരംപ്പെടെ ഭൂരിപക്ഷം ജഡ്ജിമാർ വാദിക്കു ദോഷമായിട്ടാണ് വിധിയെഴുതിയതു്. അടിമ തൻെറ യജമാനൻെറ സ്വത്താണെന്നും, ആ നിലയ്ക്കു് അടിമ ഒരു പൗരനല്ലെന്നും, പൗരനല്ലാത്തതുകൊണ്ടു് കോടതിയിൽ കേസുകൊണ്ടുവരുവാൻതന്നെ അവന് അവകാശമില്ലെന്നും, ഒരു യജമാനന്നു് തൻെറ അടിമകളെ എവിടെയും കൊണ്ടുപോകാമെന്നും, അങ്ങനെ കൊണ്ടുപോകുന്നതിനിടയിൽ വല്ല സ്വതന്ത്രസംസ്ഥാനങ്ങളിലും താമസിക്കാനിടയായെന്നുവെച്ചു് യജമാനന്മാക്കു് അടിമകളുടെ മേലുള്ള ഉടമാവകാശം നഷ്ടപ്പെടുകയില്ലെന്നുമായിരുന്നു സുപ്രീംകോടതി നല്കിയ വിധിയുടെ സാരം. അടിമത്തത്തെ വെറുത്തിരുന്ന വടക്കരുടെയിടയിൽ ആ വിധി വലിയ അമ്പരപ്പുണ്ടാക്കി. അബ്രഹാം ലിങ്കനും മററും അതിനെ അതിനിശിതമായി വിമശിച്ചു. അടിമത്തത്തിൻെറ നേക്കുള്ള എതിപ്പും വെറുപ്പും ആ വിധിമൂലം വദ്ധിക്കുകയാണുണ്ടായതു്.

കാൻസാസിലെ കലാപങ്ങളാണെങ്കിൽ, അതിനകം മേല്ക്കുമേൽ കത്തിക്കാളുകയായിരുന്നു. വടക്കുനിന്നു് നല്ല ശക്തന്മാരായ ആളുകരം കാൻസാസിലേക്കു കടന്നു് അടിമത്തവിരുദ്ധപക്ഷത്തിനു് ബലംകൂട്ടുവാൻ ശ്രമിച്ചു. അടിമത്തത്തെ താങ്ങുന്നവരും താങ്ങാത്തവരും തമ്മിൽ ദിവസന്തോറുമെന്നോണം വലിയ ശണ്ഠകരം നടന്നുകൊണ്ടിരുന്നു. രണ്ടാളുകരം തമ്മിൽ വഴിയിൽവെച്ചു കണ്ടുമുട്ടിയാൽ ഉടനെ ചോദ്യമായി, അടിമത്തത്തിനു് അനുകൂലമോ പ്രതികൂലമോ എന്നു്. ആ കുശലപ്രശ്നത്തിനിടയ്ക്കു് രണ്ടുപേരും ഒരേ ചേരിക്കാരാണെന്നു തെളിഞ്ഞാൽ, അവർ കൈകൊട്ടത്തു് സ്നേഹിതന്മാരെന്ന നിലയിൽ പിരിയും. അല്ലെങ്കിലോ, തമ്മിൽ അടി

യും വെടിയും, വെട്ടും കുത്തും മുറയ്ക്കു നടക്കും. പിന്നെ അവർ പിരിയുന്നതു് പരലോകത്തേയ്ക്കായെന്നും വരാം. സ്റ്റീഫൻഡഗ്ലസ്സിൻെറ തലച്ചോറിൽ വിളഞ്ഞ 'ജനകീയപരമാധികാര'ത്തിൻെറ പ്രയോഗം അത്രത്തോളമെത്തി!

കാൻസാസിൽ ഹിതപരിശോധന ഒരു പ്രാവശ്യംകൂടി നടന്നുവെങ്കിലും, അതും ചില തന്ത്രങ്ങൾ നിമിത്തം തെക്കർക്കനുകൂലമായിട്ടാണു് കലാശിച്ചതു്. ആ പരിശോധനാഫലത്തെ അടിസ്ഥാനമാക്കി കാൻസാസിനെ അടിമത്തത്തിന്നനുകൂലമായ ഒരു സംസ്ഥാനമായിത്തന്നെ ഉറപ്പിക്കുവാനുള്ള പ്രമേയം കേന്ദ്രത്തിലെത്തിയപ്പോൾ, ഒട്ടും പ്രതീക്ഷിക്കാതിരുന്ന ഒരു കരുത്തൻ കയറി അതിനെ എതിർത്തു,—ആരു്? നമ്മുടെ സ്റ്റീഫൻഡഗ്ലസ് തന്നെ! കാൻസാസിൽ നടന്ന ഹിതപരിശോധനകളൊന്നും ശരിയായിട്ടില്ലെന്നായിരുന്നു അദ്ദേഹത്തിൻെറ ആക്ഷേപം. അടിമത്തം പുലരുകയോ തുലയുകയോ ചെയ്യട്ടെ, ഹിതപരിശോധന നീതിയായി നടത്തണം എന്നു് അദ്ദേഹം വാദിച്ചു. ഡഗ്ലസ്സിൻെറ നിറമിങ്ങനെ മാറിക്കണ്ടപ്പോൾ, ഭരണകക്ഷിയ്ക്കു് നില്ക്കക്കള്ളിയില്ലാതെയായി. ഈ വിഷമസന്ധിയിൽ ഡഗ്ലസ്സിനെ വശപ്പെടുത്താൻവേണ്ടി, പ്രസിഡണ്ടു് ബുക്കനാൻ സാമദാനാദിനയങ്ങളത്രയും പ്രയോഗിച്ചുനോക്കാതിരുന്നില്ല. ഭീഷണി പ്രയോഗിച്ചപ്പോൾ ഡഗ്ലസ് പറഞ്ഞു: "സർ, ദൈവം സാക്ഷി, ബുക്കനാനെ ഈ നിലയിലെത്തിച്ചതു് ഞാനാണെങ്കിൽ അയാളെ പൊളിച്ചുകളയാനും ഞാൻ വിചാരിച്ചാൽ സാധിക്കും." എന്തിനേറെ? കാൻസാസിൽ വീണ്ടും ഒരു ഹിതപരിശോധന നടത്താൻ അധികൃതന്മാർ നിർബ്ബദ്ധരായി. 1858 ജനുവരി മാസത്തിൽ നടന്ന ആ ഹിതപരിശോധനയുടെ ഫലം അടിമത്തത്തിന്നെതിരായിട്ടാണു് പരിണമിച്ചതു്,—വടക്കരുടെ പിടിതന്നെ ഒടുവിൽ ജയിച്ചു!

അടിമത്തപ്രശ്നത്തിൻെറ ഗൗരവം പൊതുജനദൃഷ്ടിയിൽ കൊണ്ടുവന്ന വേറൊരു സംഭവംകൂടി ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ. ജോൺ ബ്രൗൺ എന്നു പേരായ ഒരു ശുദ്ധഗതിക്കാരൻ സായ്പു് നീ

ഗ്രോക്കളെ സ്വതന്ത്രരാക്കാൻവേണ്ടി ഒരു ലഹളയ്ക്കൊരുമ്പെട്ടു. ഒരു സായുധവിപ്ലവം അഴിച്ചുവിട്ടാൽ അടിമത്തം താനേ അസ്തംഗമിക്കുമെന്നു് ആ സാധു ആശിച്ചുപോലും. അടിമകളുടെ ഉദ്ധാരകനായിത്തീരണമെന്നു് തനിക്കെന്തോ ഒരു വെളിപാടുണ്ടായെന്നുള്ള മട്ടിലായിരുന്നു ജോൺ ബ്രൗണിൻെറ പുറപ്പാടു്. അദ്ദേഹം തൻെറ പുത്രന്മാരുൾപ്പെടെ പത്തുപതിനെട്ടാളുകളെയും കൂട്ടിക്കൊണ്ടു്, 'ഹാർപ്പേഴ്സ്ഫെറി' എന്ന സ്ഥലത്തുള്ള ആയുധശാല പെട്ടെന്നു് ആക്രമിച്ചു. 1859 ഒക്ടോബർ 6-ാംനു-യായിരുന്നു ആ സംഭവം. ഓർക്കാപ്പുറത്തു നടത്തിയ ഈ ആക്രമണംകൊണ്ടു് വിപ്ലവകാരികൾ ആയുധശാല എളുപ്പത്തിൽ കൈവശപ്പെടുത്തി. പക്ഷേ, വാഷിംഗ്ടണിൽനിന്നു് പട്ടാളം പുറപ്പെട്ടപ്പോൾ അവർ വട്ടത്തിലായെന്നേ പറയേണ്ടു. ജോൺ ബ്രൗണും വേറെ അഞ്ചാളുകളും തടവുകാരായിത്തീർന്നു. മററുള്ളവർ ഓടി രക്ഷപ്പെടുകയോ, കൊല്ലപ്പെടുകയോ ചെയ്തിരിക്കാം. ജോൺ ബ്രൗണിനെ ഉടൻതന്നെ തൂക്കിലിടാൻ വിധിയാവുകയുംചെയ്തു. ആ ശുദ്ധഗതിക്കാരൻെറ പ്രവൃത്തി വെറും കമ്പമായിരുന്നുവെങ്കിലും, അധികാരികൾ അയാളെ തൂക്കിലിട്ടതോടെ അടിമത്തത്തെച്ചൊല്ലി ജനങ്ങൾ കുറേക്കൂടി അമർഷഭരിതരായിത്തീർന്നു.

നമ്മുടെ കഥാനായകനായ അബ്രാഹം ലിങ്കൺ മേല്പറഞ്ഞ സായുധവിപ്ലവത്തെ ഒട്ടുംതന്നെ അനുകൂലിച്ചില്ല. അദ്ദേഹം ആ സംഭവത്തേക്കുറിച്ചു പറഞ്ഞിട്ടുള്ളതു് ഇങ്ങനെയാണു്: "അതു് അടിമകൾ നടത്തിയ ഒരു ലഹളയായിരുന്നില്ല; അടിമകളെ വിപ്ലവത്തിനു പ്രേരിപ്പിക്കാൻ ഏതാനും വെള്ളക്കാർ നടത്തിയ ഒരുദ്യമമായിരുന്നു. അതിൽ പങ്കെടുക്കാൻ അടിമകൾതന്നെ വിസംവദിച്ചു. അതു് വിജയിക്കുവാൻ പോകുന്നില്ലെന്നു് അജ്ഞരായ അടിമകൾക്കുപോലും മനസ്സിലാകത്തക്കവണ്ണം, അത്രയ്ക്കു് ബുദ്ധിശൂന്യമായിരുന്നു ആ പുറപ്പാടു്."—ഒരു നല്ല കാര്യം ചീത്തയായ മാർഗ്ഗത്തിൽക്കൂടി സാധിക്കുന്നതു ശരിയല്ലെന്നായിരുന്നു ലിങ്കൻെറ പ്രമാണം. ഉദ്ദേശ്യം നല്ലതാണെന്നുവെച്ചു് ഉപായം മോശമാവാൻ അ

ദ്ദേഹം സമ്മതിച്ചില്ല. അടിമത്തത്തിന്നെതിരായി വ്യവസ്ഥാപിതമാൎഗ്ഗങ്ങളിലൂടെ എത്രയെങ്കിലും പോരാടുവാൻ ലിങ്കൺ തയ്യാറായിരുന്നു. ആയിടെ ഒരു നീഗ്രോച്ചെറുക്കന്റെ വിമോചനം സംബന്ധിച്ചു് ഇല്ലിയൊനോയിലെ ഗവൎണ്ണരുടെ പക്കൽ വാദം നടത്തിയ കൂട്ടത്തിൽ ലിങ്കൺ പറയുകയായിരുന്നു: “പാവപ്പെട്ട ആ കുട്ടിയെ രക്ഷിക്കാൻ അങ്ങയ്ക്കു് അധികാരമില്ലായിരിക്കാം. എന്നാൽ അടിമകളുടെ ഉടമസ്ഥന്മാൎക്കു് ഇവിടെ കഴിച്ചുകൂട്ടാൻ സാധിക്കാതെവരത്തക്കവണ്ണം ഞാൻ ഈ നാടിനെ ചൂടുപിടിപ്പിക്കാൻ പോകയാണു്.”— വ്യവസ്ഥാപിതമാൎഗ്ഗങ്ങളിലൂടെയുള്ള പ്രവൎത്തനം കൊണ്ടാണു്—അല്ലാതെ, വിധ്വംസകപരിപാടികളും ‘അട്ടിമറിപ്പൻ’ പണികളും കൊണ്ടല്ല—അദ്ദേഹം രാജ്യത്തെ ചൂടുപിടിപ്പിച്ചതെന്നു് ധരിക്കണം.

അദ്ധ്യായം - 18

# പ്രസംഗസമരം

"സ്വയം ഭിന്നിച്ചിരിക്കുന്ന ഒരു ഭവനം നിലനില്ക്കുകയില്ല. പകുതി അടിമത്തത്തിലും, പകുതി സ്വാതന്ത്ര്യത്തിലുമായി ഈ ഭരണകൂടത്തിനു് നിലനില്ക്കാൻ സാദ്ധ്യമല്ലെന്നു് ഞാൻ വിശ്വസിക്കുന്നു."
—ലിങ്കൻെറ ധീരമായ പ്രഖ്യാപനം.

നമ്മുടെ സ്റ്റീഫൻ ഡഗ്ലസ് ഒടുവിൽ കാണിച്ച ആ നിറപ്പകർച്ചയില്ലേ, അതും നിർല്ലക്ഷ്യമായിരുന്നില്ല. കാൻസാസിലെ ഹിതപരിശോധന ശരിപ്പെടുത്തിക്കാൻ ചെയ്ത ആ ന്യായവാദത്തിൻെറ അടിയിലും ഒരു സ്വാർത്ഥം ഒളിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. സെനെററിൽ തൻെറ സേവനകാലാവധി കഴിയാറായിരുന്നതിനാൽ, അടുത്ത തിരിഞ്ഞെടുപ്പിൽ ഇല്ലിയൊനോയിസംസ്ഥാനത്തിൻെറ ആളായി രംഗപ്രവേശം ചെയ്യണമെന്നായിരുന്നു ഡഗ്ലസ്സിൻെറ ഉദ്ദേശ്യം. കാൻസാസ് – നെബ്രാസ്ക്കാബില്ലിൻെറ അവതരണംകൊണ്ടാർജ്ജിച്ച കൊടുംപാപം ഒട്ടു കഴുകിക്കളയാതെ, സ്വാതന്ത്ര്യപ്രേമികളായ ഇല്ലിയൊനോയിസ്സംസ്ഥാനക്കാരുടെ വോട്ടുകൾ കരസ്ഥമാക്കുവാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിന്നറിയാമായിരുന്നു. അവഗണിക്കപ്പെടേണ്ടുന്ന ഒരാളല്ല താനെന്നു് കേന്ദ്രഭരണാധികാരികളെ ഒന്നു മനസ്സിലാക്കുക, അതേസമയംതന്നെ ഇല്ലിയൊനോയി സംസ്ഥാനക്കാരുടെ പ്രീതി നേടി അടുത്ത തിരിഞ്ഞെടുപ്പിൽ വീണ്ടും സെനെററരാവുക—ഇത്രയും ഉദ്ദേശ്യങ്ങളോടുകൂടിയായിരുന്നു കാൻസാസിൻെറ കാര്യത്തിൽ അദ്ദേഹം ഒടുവിൽ ന്യായവാദം നടത്തിയതു്,—'ഒരു വെടിക്കു് രണ്ടു പക്ഷി'!

തിരിഞ്ഞെടുപ്പിനു് കാലമായപ്പോൾ, സ്റ്റീഫൻ ഡഗ്ലസ് ഇ

ബ്ലിയൊനോയിൽത്തന്നെ ഒരു സ്ഥാനാൎത്ഥിയായി പ്രത്യക്ഷപ്പെട്ടു. റിപ്പബ്ലിക്കൻ കക്ഷിയിൽപ്പെട്ട ചിലൎക്ക് ആ മനുഷ്യനോട് വലിയ ബഹുമാനം തോന്നി; അദ്ദേഹത്തെ എതിരില്ലാതെ തിരിഞ്ഞെടുക്കണമെന്നുപോലും ആ 'ശുദ്ധാത്മാക്കാം' അഭിപ്രായപ്പെട്ടു. എന്നാൽ കാൻസാസ് പ്രശ്നം സംബന്ധിച്ച് ഒടുവിൽ 'നല്ലപിള്ള' ചമഞ്ഞുവെന്ന ഒരൊററ ന്യായംവെച്ചുകൊണ്ട് അദ്ദേഹത്തെ അങ്ങനെ വിട്ടാൽ പന്തിയാവില്ലെന്നു് വേറൊരഭിപ്രായം പ്രബലപ്പെട്ടുകയായി. ഡഗ്ലസിനെ എതിൎക്കണമെന്നുതന്നെ റിപ്പബ്ലിക്കൻകക്ഷി ഒടുവിൽ തീരുമാനിച്ചു. ആരാണ് എതിർസ്ഥാനാൎത്ഥി? അബ്രാഹം ലിങ്കൺതന്നെ! അങ്ങനെ ആ പോരാളികാം രണ്ടുപേരും കളരിയിലിറങ്ങി.

രണ്ടു സ്ഥാനാൎത്ഥികളും ഒരേ രംഗത്തുവെച്ച് ഏതാനും പ്രസംഗങ്ങാം ചെയ്യണമെന്നു് ഒരു പരിപാടി ആദ്യമേ നിശ്ചയിക്കപ്പെട്ടു. ആ വിവരം പുറത്തുവന്നപ്പോാം ഡഗ്ലസ്സിൻെറ സ്നേഹിതന്മാരിൽ ചിലർ ഘോഷിച്ചു തുടങ്ങി, അബ്രാഹം ലിങ്കനെ തങ്ങളുടെ 'കൊച്ചുരാക്ഷസൻ' തട്ടിത്തവിടുപൊടിയാക്കുമെന്നു്. ആ കൂട്ടരോട് ഡഗ്ലസ് പറഞ്ഞു: "നിങ്ങാക്കു് ലിങ്കനേപ്പററി അറിഞ്ഞുകൂടാ; ദീഘകാലത്തെ പരിചയംകൊണ്ടു് ഞാൻ അദ്ദേഹത്തെ നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹവുമായി വാദപ്രതിവാദം നടത്തുക അത്ര സുകരമായ കാൎയ്യമല്ലെന്നു് എനിയ്ക്കറിയാം. ഇങ്ങനെയുള്ള ഒരു വിവാദത്തിൽ അബ്രാഹം ലിങ്കനെ ഒഴിച്ച് ഈ രാജ്യത്തു് മററാരേയും എതിരിടാൻ എനിക്കു ഭയമില്ല."—നല്ലൊരു വാഗ്മിയും താൎക്കികനുമായിരുന്ന ഡഗ്ലസ്സിനു് ഇത്രമേൽ ആശങ്ക തോന്നിപ്പിക്കത്തക്ക എന്തൊരു ശക്തിയാണാവോ ലിങ്കനുണ്ടായിരുന്നതു്? ഭാഷയുടെ അനൎഗ്ഗളവും സുന്ദരവുമായ പ്രയോഗത്തിലും ഉടൻയുക്തിയിലുമൊന്നും ലിങ്കനെ തെല്ലും ഭയപ്പെടേണ്ട ആവശ്യം ഡഗ്ലസ്സിനുണ്ടായിരുന്നില്ല. എന്നാൽ അബ്രാഹം ലിങ്കൻെറ ആദൎശശുദ്ധിയും ധാൎമ്മികവീൎയ്യവുമില്ലേ, അതിനെയാണ് അദ്ദേഹത്തിൻെറ പ്രതിയോഗി ഭയപ്പെട്ടതു്.

മേല്പറഞ്ഞ വാദപ്രതിവാദത്തിൻെറ നാന്ദിയായി ലിങ്കൺ തയ്യാറാക്കിയ ഒരു പ്രസംഗം സ്വന്തം സ്നേഹിതന്മാരേപ്പോലും അമ്പരിക്കുവാൻ പോരുന്നതായിരുന്നു. "House Divided" എന്ന ശീഷ്കത്തിൽ വിശ്വസാഹിത്യത്തിൽ ഇന്നും വിളിപ്പെട്ടുനില്ക്കുന്ന ഒരു പ്രസംഗമാണതു്. ലിങ്കൺ അതു് തയ്യാറാക്കിയ ശേഷം സ്നേഹിതന്മാരെ ഒന്നു വായിച്ചുകേംപ്പിക്കുകയായിരുന്നു. "സ്വയം ഭിന്നിച്ചിരിക്കുന്ന ഒരു ഭവനം നിലനില്ക്കുകയില്ല. പകുതി അടിമത്തത്തിലും പകുതി സ്വാതന്ത്ര്യത്തിലുമായി ഈ ഭരണകൂടത്തിനു് നിലനില്ക്കുവാൻ സാദ്ധ്യമല്ലെന്നു് ഞാൻ വിശ്വസിക്കുന്നു."—പ്രസംഗത്തിൻെറ ഈ മുഖവട്ടം കേട്ടപ്പോഠംത്തന്നെ സ്നേഹിതന്മാർ ഞെട്ടിപ്പോയി. അടിമത്തപ്രശ്നത്തേയും രാജ്യത്തിൻെറ ഭിന്നതയേയും കുറിച്ചു് അത്ര നിശിതമായി വിമശിച്ചാൽ വോട്ടു കിട്ടുകയില്ലെന്നു് അവർ ഉപദേശിച്ചു. അതിനു് അബ്രാഹംലിങ്കൺ നല്കിയ മറുപടി കേട്ടാലും: "ഈ സത്യം തുറന്നു പറയേണ്ടുന്ന സമയം വന്നിരിക്കുന്നു. ഞാൻ ഈ പ്രഖ്യാപനത്തെ മാററുവാനോ മയപ്പെടുത്തുവാനോ വിചാരിക്കുന്നില്ല. വേണ്ടിവന്നാൽ ഇതോടുകൂടി മരിക്കുന്നതിനുപോലും ഞാൻ തയ്യാറാണു്. ഈ പ്രസംഗം മൂലം ഞാൻ അധഃപതിക്കുമെന്നാണെങ്കിൽ, സത്യത്തെ ആശ്ലേഷിച്ചുകൊണ്ടു് ഞാൻ അധഃപതിക്കട്ടെ; സത്യവും നീതിയുമായുള്ളതിനെ ആശ്ലേഷിച്ചുകൊണ്ടു് ഞാൻ മരിക്കട്ടെ."

ലിങ്കനും ഡഗ്ലസുമൊന്നിച്ചു് ഏഴു പട്ടണങ്ങളിൽവെച്ചു് ഏഴു പ്രസംഗങ്ങഠം ചെയ്യണമെന്നായിരുന്നു നിശ്ചയം. ആദ്യം ആരാണു് പ്രസംഗിക്കുന്നതെന്നുവെച്ചാൽ, അയാഠം ഒരു മണിക്കൂർനേരം സംസാരിക്കുക; അതിനെ തുടന്നു് അപരൻ ഒന്നരമണിക്കൂർ നേരത്തേയ്ക്കു മറുപടി പറയുക; ഒടുവിൽ മറേറയാഠം അരമണിക്കൂർകൂടി സംസാരിച്ചു് പരിപാടി അവസാനിപ്പിക്കുക—ഇതായിരുന്നു വ്യവസ്ഥ. സ്റ്റീഫൻഡഗ്ലസ് സ്പെഷ്യൽ ട്രെയിനിലും മററുമായി വലിയ ആഡംബരമട്ടിലാണു് ഈ പ്രസംഗസമരത്തിന്നിറങ്ങിയതു്. മുഖസ്തുതിക്കാരായ ഒട്ടേറെ അകമ്പടിക്കാരും അദ്ദേഹത്തിൻെറ കൂ

ടെയുണ്ടായിരുന്നു. ആ കൊച്ചുരാക്ഷസന്റെ ആഗമനം അവിടവിടെ വിളംബരം ചെയ്യാൻവേണ്ടി, അദ്ദേഹം യാത്രചെയ്തിരുന്ന സ്പെഷ്യൽ ട്രെയിനിന്റെ പിന്നിൽ ഒരു പിത്തളപ്പീരങ്കി ഘടിപ്പിച്ചിരുന്നുവത്രെ. പാവപ്പെട്ട ലിങ്കനു് ഇത്തരം വെടിക്കെട്ടുവിദ്യകളൊന്നും സാദ്ധ്യമായിരുന്നില്ലെന്നു് പറയേണ്ടല്ലൊ. അദ്ദേഹം ഓരോ സ്ഥലത്തും വളരെ ക്ലേശിച്ചങ്ങനെ ചെന്നുചേർന്നിരുന്നുവെന്നുമാത്രം. മുഷിഞ്ഞ കുപ്പായം, കുറിയ കാലുറകൾ, കാലൊടിഞ്ഞ ഒരു ശീലക്കുട, കൈയിൽ ഒരു പഴയ കരിമ്പടസ്സഞ്ചി, — ഇതൊക്കെയായിരുന്നു ലിങ്കന്റെ വേഷവിധാനങ്ങൾ! ഡഗ്ലസ്സിന്റെ ഉടുപ്പും കെട്ടും ഊഹിച്ചുകൊള്ളുക.

പ്രസംഗവേദിയിൽ കയറിക്കഴിയുമ്പോൾ രണ്ടുപേരും സമന്മാരായിരുന്നു. എന്നല്ലാ, ഡഗ്ലസ് നേരത്തേ ശങ്കിച്ചിരുന്ന കാര്യത്തിൽ ലിങ്കന്റെ കൈ കയറുകയും ചെയ്തിരുന്നു. സ്റ്റീഫൻ ഡഗ്ലസ്സിനു് ലിങ്കന്റെ ഓരോ പ്രസംഗവും ഓരോ അഗ്നിപരീക്ഷണമായിരുന്നുവെന്നു പറയാം. എങ്ങും തൊടാതെ രണ്ടു കക്ഷികളേയും പ്രസാദിപ്പിച്ചുപിരിയാൻ വെമ്പുന്ന ഡഗ്ലസ്സിനെ പിടിച്ചിരുത്തി, അദ്ദേഹത്തിന്റെ മർമ്മം തുളയ്ക്കുന്ന ചോദ്യശരങ്ങളായിരിക്കും ലിങ്കൺ തൊടുത്തുവിടുക. ഡ്രെഡ് സ്കോട്ട് കേസിലെ വിധിയേപ്പററിയുള്ള അഭിപ്രായം തുറന്നുപറയണമെന്നു് ലിങ്കൺ ആവശ്യപ്പെട്ടപ്പോൾ ഡഗ്ലസ് കിടന്നു പുളയും. അടിമത്തത്തെ അനുകൂലിക്കുന്നുവോ, പ്രതികൂലിക്കുന്നുവോ എന്നു് ലിങ്കൺ കുത്തിക്കുത്തിച്ചോദിക്കുമ്പോൾ പ്രതിയോഗി വല്ലാതെ വിളറും. അമ്മാതിരി ചോദ്യങ്ങൾ അരുതെന്നു് സ്നേഹിതന്മാർ വിലക്കിയിട്ടും ലിങ്കൺ വകവെച്ചില്ല. തല്ക്കാലകാര്യസിദ്ധിക്കുവേണ്ടി സ്റ്റീഫൻ ഡഗ്ലസ് എന്തു മറുപടിയും പറഞ്ഞുകളയുമെന്നായിരുന്നു ആ സ്നേഹിതന്മാരുടെ ഭയം!

അടിമത്തപ്രശ്നത്തെ തൊടുമ്പോഴെല്ലാം, അതു് ഓരോ സംസ്ഥാനവും ഭൂരിപക്ഷം വോട്ടുപ്രകാരം സ്വയം തീരുമാനിച്ചുകൊള്ളട്ടേയെന്നും, ആ ഹിതപരിശോധനകൊണ്ടു് അടിമത്തം തുലഞ്ഞാലും പുലർന്നാലും തനിക്കു വിരോധമില്ലെന്നും ഭംഗിയിലങ്ങു് പ

റഞ്ഞൊഴിയുകയായിരുന്നു ഡഗ്ലസ്സിൻെറ പതിവു്. ഇമ്മാതിരി ഒഴുകൻസമാധാനം കേട്ടു് ലിങ്കനുണ്ടോ അടങ്ങുന്നു? അദ്ദേഹം അപ്പോഠം വിഷയത്തെ ശാസ്ത്രീയമായി വിശകലനംചെയ്തു് ഇങ്ങനെ മുറസ്സു വിമശനം തുടങ്ങും: "അടിമത്തം ശരിയാണെന്നു് ഡഗ്ലസ്സും തെററാണെന്നു ഞാനും വാദിക്കുന്നു — ഇതാണു് ഞങ്ങളുടെ വാദമുഖം. അടിമത്തം വെച്ചുകൊണ്ടിരിക്കണമെന്നാവശ്യപ്പെടുന്ന ഏതു സമുദായത്തിനും അങ്ങനെ ചെയ്യാൻ അവകാശമുണ്ടെന്നു് അദ്ദേഹം പറയുന്നു. അടിമത്തം ശരിയാണെങ്കിൽ, ആ അവകാശം ശരി. എന്നാൽ അടിമത്തം തെററാണെങ്കിലോ? ജനങ്ങഠംക്കു് തെററായ ഒരു കാര്യം ചെയ്യാൻ അവകാശമുണ്ടെന്നു പറയാൻ ന്യായമുണ്ടോ?"

വാദം മുട്ടുമ്പോഠം സ്റ്റീഫൻഡഗ്ലസ് ചില വളഞ്ഞ വഴികഠം തേടിത്തുടങ്ങും. ലിങ്കൻെറ വാദം സ്വീകരിക്കയാണെങ്കിൽ വെള്ളക്കാർ നീഗ്രോസ്ത്രീകളെ കല്യാണംകഴിക്കേണ്ടിവരുമല്ലോ എന്നാവും അദ്ദേഹത്തിൻെറ ചോദ്യം. ആ വക വക്രതയ്ക്കും ചുട്ട മറുപടി കൊടുക്കാതെ ലിങ്കൻ അടങ്ങിയിരുന്നുള്ളു. "എനിക്കു് നീഗ്രോസ്ത്രീയെ അടിമയായിട്ടും വേണ്ടാ, ഭാര്യയായിട്ടും വേണ്ടാ. അവളെ അവളുടെ പാട്ടിന്നു വിട്ടേക്കണമെന്നാണു് എൻെറ വാദം. ചില കാര്യങ്ങളിൽ അവഠംക്കു് എന്നോടു് തുല്യതയില്ല, വാസ്തവം. എന്നാൽ സ്വന്തം കൈകൊണ്ടു് വേലചെയ്തു സമ്പാദിക്കുന്ന ആഹാരം കഴിക്കുവാൻ അവഠംക്കുള്ള അനന്യാപേക്ഷികമായ അവകാശത്തെ സംബന്ധിച്ചേടത്തോളം, അവഠം എന്നോടും മറെറല്ലാ മനുഷ്യരോടും തുല്യയാകുന്നു. ജീവിക്കുവാനും, സ്വാതന്ത്ര്യം അനുഭവിക്കുവാനും, സൗഭാഗ്യം അന്വേഷിക്കുവാനും ഒരു നീഗ്രോസ്ത്രീക്കവകാശമുണ്ടു്."—ഇമ്മാതിരി പ്രത്യസ്ത്രങ്ങഠം ലിങ്കൻെറ ആവനാഴിയിൽ എത്രവേണമെങ്കിലും ഉണ്ടായിരുന്നു.

ഒരു യോഗത്തിൽ ഡഗ്ലസ്സിനെ ഇരുത്തിക്കൊണ്ടു് ലിങ്കൺ ഇങ്ങനെ പ്രസംഗിച്ചു: "ഐക്യസംസ്ഥാന സെനെററിലേയ്ക്കു് സ്റ്റീഫൻ ഡഗ്ലസ് തിരിഞ്ഞെടുക്കപ്പെടുമോ, ഈ ഞാൻ തിരിഞ്ഞെടു

ക്കപ്പെട്ടുമോ എന്നതു് നിസ്സാരമായ ഒരു സംഗതിയാണു്, —വളരെ നിസ്സാരമായ ഒരു സംഗതിമാത്രം. എന്നാൽ ഞങ്ങൾ ഇന്നു് നിങ്ങളുടെ മുമ്പിൽ സമപ്പിക്കുന്ന ബൃഹത്തായ പ്രശ്നമാകട്ടെ, ഏതെങ്കിലും ഒരു മനുഷ്യൻെറ വ്യക്തിപരങ്ങളായ താല്പര്യങ്ങളേയോ രാഷ്ട്രീയനേട്ടങ്ങളേയോ എല്ലാം ബഹുധാ അതിശയിക്കുന്ന ഒന്നാണു്. ഡഗ്ലസ്സിൻേറയും എൻേറയും ദുബ്ബലങ്ങളായ നാവുകൾ ശവക്കുഴിയിൽ നിശ്ശബ്ദങ്ങളായിക്കിടക്കുമ്പോഴും, ഈ പ്രശ്നം നീണ്ടുനീണ്ടുനിന്നങ്ങനെ നീറിക്കൊണ്ടിരിക്കും.''

അബ്രാഹം ലിങ്കൺ വാദത്തിന്നുവേണ്ടി വാദിക്കുകയായിരുന്നില്ലെന്നു് സ്പഷ്ടം. രാജ്യത്തെ അലട്ടിക്കൊണ്ടിരുന്ന ആപത്തിനെ തടുക്കുകയും ഒടുക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശശുദ്ധി—ആത്മാത്ഥത—അദ്ദേഹത്തിൻെറ ഓരോ വാക്കിലും വെട്ടിത്തിളങ്ങിനിന്നിരുന്നുവെന്നതാണു് അദ്ദേഹത്തിൻെറ പ്രസംഗങ്ങൾക്കുണ്ടായിരുന്ന വൈശിഷ്ട്യം. അതാണു് സ്റ്റീഫൻ ഡഗ്ലസ്സിനെ വല്ലാതെ അമ്പരപ്പിച്ചതും. വോട്ടെടുപ്പു് അടുക്കാറായപ്പോൾ അദ്ദേഹം തൻെറ സ്നേഹിതനായ ലിൻഡറിന്നു് ഒരു കമ്പിയടിച്ചു. "നരകീയവേട്ടനായ്ക്കൾ എൻെറ വഴി വളഞ്ഞിരിക്കുന്നു. അവരോടു യുദ്ധം ചെയ്യുന്നതിൽ എന്നെ സഹായിക്കുവാൻ, ലിൻഡറേ, ദൈവത്തെ ഓത്തു്—(For God's sake, Linder) താങ്കൾ വന്നുചേരണം.'' അതായിരുന്നു കമ്പിയുടെ സാരം. ആ സന്ദേശത്തിൻെറ പകപ്പു് തപാലാപ്പീസിൽനിന്നു് ഏതോ കുസൃതിക്കാർ തട്ടിയെടുക്കാനിടയായി. അടുത്തദിവസം പല പത്രങ്ങളിലും കെണ്ടനക്ഷരങ്ങളിൽ ആ കമ്പി പ്രസിദ്ധപ്പെടുത്തിക്കണ്ടു. കമ്പി കൈപ്പററിയ ലിൻഡറിന്നു് അന്നുമുതൽ ('God's sake Linder') എന്നൊരു പരിഹാസപ്പേർ നടപ്പാവുകയും ചെയ്തു.

അബ്രാഹം ലിങ്കൺ നടത്തിയ പ്രസംഗസമരം എല്ലാംകൊണ്ടും ഒരു വലിയ വിജയമായിരുന്നു, — പക്ഷേ, തിരിഞ്ഞെടുപ്പു് സ്റ്റീഫൻ ഡഗ്ലസ്തന്നെ ജയിച്ചു! ആളുകൾ കാര്യം എത്രയൊക്കെ മനസ്സിലാക്കിയാലും, വോട്ടുകൾ ഒടുവിൽ പതറിപ്പോവുക പതി

വാണല്ലോ. രാജ്യത്തിൻെറ ഭാവിയേപ്പററിയും വോട്ടിൻെറ ഉത്തരവാദിത്വത്തേപ്പററിയും ജനങ്ങൾ വേണ്ടവിധം ചിന്തിക്കായ്കയാണ് ആ ദുരന്തത്തിനുള്ള കാരണം. തിരിഞ്ഞെടുപ്പുഫലം പുറത്തായ രാത്രി അബ്രഹാം ലിങ്കൺ വിവരമെല്ലാം അറിഞ്ഞുകൊണ്ട് വീട്ടിലേയ്ക്കു ചിന്താമഗ്നനായങ്ങനെ പോവുകയായിരുന്നു. മഴപെയ്ത് റോഡു ചളിച്ചുകിടന്നിരുന്നതിനാൽ, അദ്ദേഹം കാൽവഴുതി ഒന്നു വീഴാൻ ഭാവിച്ചു; നല്ലൊരു കുട്ടിക്കരണം മറിഞ്ഞിട്ടേ നില കിട്ടിയുള്ളു. അപ്പോൾ ലിങ്കൺ തന്നെത്താൻ പറയുകയാണ്: "ഒരു വഴുതൽമാത്രം, വീഴ്ചയല്ല."—"It's a slip and not a fall."

തിരിഞ്ഞെടുപ്പു തോററതിൽ കുണ്ഠിതമുണ്ടോ എന്നു് ഒരു സ്നേഹിതൻ ചോദിച്ചതിന് ലിങ്കൺ പറഞ്ഞ മറുപടി ഇതായിരുന്നു: "പ്രായം ചെന്ന ഒരു കുട്ടിയുടെ കാൽവിരൽ കല്ലിന്മേൽ അടിച്ചുവെന്നു കരുതുക. അവന് ചിരിക്കാനാവില്ല, വേദന അത്രയ്ക്കു കലശലാണ്. എന്നാൽ കരയാൻ കഴിയുമോ? അതുമാവില്ല. കാരണം, അവൻ അത്രയ്ക്കു മുതിർന്നുപോയി."— ഈ ഫലിതത്തിൽ കുണ്ഠിതത്തിൻെറ ഒരു നേരിയ കലപ്പുണ്ടെന്നു് കാണാം. തിരിഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ഇല്ലിയൊനോയിലെ ഒരു പത്രം എഴുതിയ മുഖപ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: "ബഹുമാനപ്പെട്ട ആബെ ലിങ്കൺ ഇല്ലിയൊനോയിൽനിന്നു് ഉയരാൻ ശ്രമിച്ചിട്ടുള്ള രാജ്യതന്ത്രജ്ഞന്മാരിൽവെച്ച് ഏററവും ഭാഗ്യഹീനനാകുന്നു. അദ്ദേഹം കാൽ വെയ്ക്കുന്നതിലെല്ലാം രാഷ്ട്രീയപരാജയമാണ് അനുഭവപ്പെടുക. ഒരു സാധാരണക്കാരനാണെങ്കിൽ പ്രാണൻതന്നെ പിരിഞ്ഞുപോകത്തക്കവണ്ണം, അത്യധികം വീഴ്ചകളാണ് അദ്ദേഹത്തിനു് തൻെറ രാഷ്ട്രീയസംരംഭങ്ങളിൽ ഉണ്ടായിട്ടുള്ളതു്."—ആ പത്രം പറഞ്ഞതു് ശരി. പക്ഷേ, ലിങ്കനു് അതൊന്നും വീഴ്ചയല്ലല്ലോ, വഴുതൽ മാത്രം!

അദ്ധ്യായം - 19

# പ്രസിഡണ്ട്

"താങ്കൾ ബൈറൺ എന്ന മഹാകവിയേപ്പോലെ, ഒരു പ്രഭാതത്തിൽ എഴുന്നേററുവന്നപ്പോൾ, വലിയ പ്രസിദ്ധനായിത്തീൎന്നിരിക്കുകയാണ്." — ഒരു പത്രാധിപരുടെ കത്ത്. "ഈ മനുഷ്യനെ സ്ഥാനാൎത്ഥിയാക്കിയാലെന്ത്?" —ജനങ്ങളുടെ ചോദ്യം.

പ്രസിഡണ്ട് ബുക്കനൊൻെറ ഉദ്യോഗകാലാവധി അവസാനിക്കാറായതിനാൽ, 1860-ൽ, ഒരു പുതിയ തിരിഞ്ഞെടുപ്പിനുള്ള വട്ടമായി. രാജ്യത്ത് അടിക്കടിയുണ്ടായിക്കൊണ്ടിരുന്ന സംഭവവികാസങ്ങൾ ജനങ്ങളുടെ കണ്ണു തുറപ്പിച്ച ഒരു കാലഘട്ടമായിരുന്നുവല്ലോ അത്. അത്തവണത്തെ പ്രസിഡണ്ടുതിരിഞ്ഞെടുപ്പിൽ വെച്ചുതന്നെ, ഭരണത്തിൽ ഒരു ആദൎശപരിവൎത്തനം വരുത്തണമെന്ന് വടക്കക്ക് വാശിയായി. റിപ്പബ്ലിക്കൻ പാൎട്ടിയുടെ ആഭിമുഖ്യത്തിൽ അതിന്നായി പ്രചരണപരിപാടികൾ പലതും ആരംഭിച്ചു. അവയിൽ ഒന്ന് പാൎട്ടിയുടെ ആദൎശങ്ങൾ വിശദീകരിച്ച് ന്യൂയോക്ക്നഗരത്തിൽവെച്ച് ഏതാനും പ്രസംഗങ്ങൾ നടത്തണമെന്നതായിരുന്നു. പ്രസംഗിക്കാൻ പല യോഗ്യന്മാരും ക്ഷണിക്കപ്പെട്ട കൂട്ടത്തിൽ, അബ്രഹാം ലിങ്കനും കിട്ടി ഒരു ക്ഷണക്കത്ത്. ഡഗ്ലസ്സുമായുള്ള തിരിഞ്ഞെടുപ്പുമത്സരത്തിൽ തോററ് നിരുത്സാഹനായി നിന്നിരുന്ന ലിങ്കന് ആ ക്ഷണക്കത്ത് ഒരു പുതിയ ഉന്മേഷം നല്കാതിരുന്നില്ല.

ന്യൂയോക്കിൽച്ചെന്ന് ഒരു പ്രസംഗംചെയ്യാൻ നമ്മുടെകഥാനായകന് ആദ്യമായി ലഭിച്ച അവസരമായിരുന്നു അത്. താൻ അ

ഇതുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത വിധത്തിലുള്ള ഒരു വിദഗ്ദ്ധജന സമൂഹത്തേയാണ് അവിടെ അഭിസംബോധനംചെയ്യേണ്ടതെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. ന്യൂയോക്കിലെ കൂപ്പർ ഇൻസ്റ്റി ട്യൂട്ടിൽവെച്ചായിരുന്നു പ്രസംഗം,—1860 ഫെബ്രുവരി 27-ാം തിയതി. മഹാകവി വില്യം ബ്രയണ്ട് ആയിരുന്നു യോഗാദ്ധ്യക്ഷൻ. സദസ്യരുടെ കൂട്ടത്തിൽ, പ്രസിദ്ധ പത്രപ്രവത്തകനായ ഹോറെസ് ഗ്രീലി, നിയമവിദഗ്ദ്ധനായ ഡേവിഡ് ഫീൽസ് ആദിയായ പല മഹാരഥന്മാരും ഉൾപ്പെട്ടിരുന്നു. വിദഗ്ദ്ധത്തിൻേറയും ആഭിജാത്യത്തിൻേറയും ഇരുകണ്ണുകൾ സ്വല്പം പുച്ഛരസത്തോടുകൂടിയാണ് പാവപ്പെട്ട ലിങ്കനെ വീക്ഷിച്ചതു്. അദ്ദേഹം പ്രസംഗം ആരംഭിച്ചു. ആ മഹായോഗത്തിൽ സന്നിഹിതനായിരുന്ന ഒരു അനുഭവസ്ഥൻ നല്കിയിട്ടുള്ള വിവരണംതന്നെ ഇവിടെ ഉദ്ധരിക്കാം:

"ലിങ്കൺ പ്രസംഗിക്കാനായി എഴുന്നേററപ്പോൾ ഞാൻ വല്ലാതെ നിരാശനായി. അത്ര പൊക്കംകൂടിയവനും ഉണങ്ങിവരണ്ട് വിരൂപനുമായ ആ മനുഷ്യൻെറ ചന്തമില്ലാത്ത കോലം കണ്ടപ്പോൾ എനിക്കനുകമ്പയാണു് തോന്നിയതു്. പ്രസംഗം ആരംഭിച്ചതു് വളരെ താഴ്ന്ന സ്വരത്തിലായിരുന്നു. ഉച്ചത്തിൽ പറയാൻതന്നെ അദ്ദേഹത്തിനു് പേടിയുണ്ടെന്നു് തോന്നിപ്പോയി. ഉച്ചാരണമാണെങ്കിൽ, അതും വികൃതമായിരുന്നു. Chairman എന്ന വാക്കു് അദ്ദേഹം 'ചീർമാൻ' എന്നാണുച്ചരിച്ചതു്. ഞാൻ തന്നെത്താൻ പറഞ്ഞു: 'പഴഞ്ചൻ മനുഷ്യം, ഇതൊക്കെ പടിഞ്ഞാററു് ആ കാട്ടിൻപ്രദേശത്തേ പററുകയുള്ളു; ന്യൂയോക്കിൽ വിലപ്പോരുകയില്ല' — എന്നാൽ സ്വല്പനിമിഷത്തിനുള്ളിൽ അദ്ദേഹത്തിൻെറ ഭാവം മാറി പ്രസംഗവിഷയത്തിലേയ്ക്കു് അദ്ദേഹം ഉളച്ചുഉളച്ചു കയറുകയായി ആ മനുഷ്യൻ നീണ്ടുനിവന്നങ്ങനെ നിന്നു; അദ്ദേഹത്തിൻെറ ആംഗ്യങ്ങൾ ശരിപ്പെട്ടു് രമ്യങ്ങളായിത്തുടങ്ങി; ഉള്ളിൽനിന്നു് ഒരഗ്നിജ്ജ്വാല പ്രസരിച്ചാലെന്നപോലെ അദ്ദേഹത്തിൻെറ മുഖംപ്രോജ്ജ്വാലമായിത്തീൻ,—ആകപ്പാടെ തേജോമയമായ ഒരു രൂപാന്തരം! ഞാൻ പിന്നെ അദ്ദേഹത്തിൻെറ ഉടുപ്പും ആകൃതിയും മററു പ്ര

ത്യേകതളമൊന്നും ഗൗനിച്ചതേയില്ല. തന്നെത്താൻ മറന്നു് ഞാനും മററുള്ളവരോടൊന്നിച്ചെഴുന്നേററു് ആ അത്ഭുതപുരുഷനു് അത്യ ച്ചത്തിൽ ധന്യവാദം ചെയ്യുകയാണുണ്ടായതു്. അദ്ദേഹത്തിൻെറ പ്ര തിപാദനം അതിൻെറ മൂദ്ധന്യത്തിലെത്തിയപ്പോഠം ഹസ്തതാഡനം അത്യുഗ്രമായി മുഴങ്ങി. അതു് ഗംഭീരമായ ഒരു പ്രസംഗം തന്നെയാ യിരുന്നു. ഞാൻ അത്ഭുതസ്തബ്ധനായിട്ടാണു് ഹാളിൽനിന്നു് പുറത്തു വന്നതു്. അപ്പോഠം തൻെറ കണ്ണുകളിൽ കാന്തി ചിന്തിക്കൊണ്ടു നി ന്നിരുന്ന ഒരു സ്നേഹിതൻ എന്നോടു ചോദിച്ചു, വിറകുവെട്ടി നട ന്നിരുന്ന ആബെ ലിങ്കൻെറ പ്രസംഗത്തേപ്പററി എന്താണഭിപ്രാ യമെന്നു്. 'സെയിൻററു് പോളിനുശേഷം ഉണ്ടായിട്ടുള്ള ഏററവും വലിയ വാഗ്മി' എന്നാണു് ഞാൻ അപ്പോഠം മറുപടി പറഞ്ഞതു്. ഇപ്പോഴും അതുതന്നെയാണു് എൻെറ അഭിപ്രായം.''

അബ്രാഹം ലിങ്കനു് വൈററു് ഹൗസിലേയ്ക്കു് വഴിതെളിച്ച പ്രസംഗമായിരുന്നു അതു്. ''ഈ മനുഷ്യനെ സ്ഥാനാത്ഥിയാ യി നിത്തിയാലെന്തു്?'' എന്നൊരു ചോദ്യം അപ്പോഠം അവിടെ കൂടിയിരുന്നവരിൽ പലരും പരസ്പരം ചോദിച്ചു. പ്രസിഡണ്ടുസ്ഥാ ത്തേയ്ക്കു ലിങ്കനെ ആദ്യമായി നിദ്ദേശിച്ച ജനസ്വരമായിരുന്നു അ തു്. ജനസ്വരം പലപ്പോഴും ദൈവസ്വരമായിത്തീരാറുണ്ടല്ലോ. ന്യൂയോക്കിലെ ഒരു പത്രാധിപർ ലിങ്കനു് ഇങ്ങനെ ഒരു കത്തെഴു തിയയച്ചു: ''താങ്കഠം ബൈറൺ എന്ന മഹാകവിയേപ്പോലെ, ഒരു പ്രഭാതത്തിൽ എഴുന്നേററു വന്നപ്പോഠം, വലിയ പ്രസിദ്ധനായി ത്തീന്നിരിക്കുകയാണു്. ജനങ്ങഠം താങ്കളേപ്പററി അറിയാൻ ആഗ്ര ഹിക്കുന്നു. രാജ്യവ്യാപകമായ ഒരു പ്രശസ്തിയിലേയ്ക്കാണു് താങ്കഠം പെട്ടെന്നു് ഉയന്നിരിക്കുന്നതു്.''--ഇമ്മാതിരി പ്രശംസകഠം കൊ ണ്ടൊന്നും അബ്രാഹം ലിങ്കൺ അഹങ്കരിച്ചില്ലെന്നുവെയ്ക്കുക. പരാ ജയങ്ങളും ഇച്ഛാഭംഗങ്ങളുംകൊണ്ടു് മന്ദീഭവിച്ചിരുന്ന മനസ്സിനു് പുതിയൊരുണർവുണ്ടായി എന്നുമാത്രം. ''ശരിയെന്തോ, അതാണു് ശക്തി"-right makes might - എന്നു് ന്യൂയോക്കിലെ പ്രസംഗ ത്തിൽ പറഞ്ഞതുപോലെ, ശരിയായിട്ടുള്ളതു ചെയ്തുകൊണ്ടു് ലി

കൺ പിന്നെയും പിന്നെയും ശക്തി പ്രാപിച്ചുകൊണ്ടേയിരുന്നു.

"ഈ മനുഷ്യനെ സ്ഥാനാൎത്ഥിയായി നിൎത്തിയാലെന്തു്?"—ന്യൂയോൎക്കിൽ മുളയെടുത്ത ആ ചോദ്യത്തിൻെറ നാമ്പു് പലേടത്തും വീശിയ കൂട്ടത്തിൽ, ഇല്ലിനോയിലും അതിൻെറ തുമ്പേശാതിരുന്നില്ല. 'മുററത്തെ മുല്ലയ്ക്കു മണ'മുണ്ടാകണമെങ്കിൽ പുറത്തുനിന്നു ചില കാററുകൾ വന്നണയണമല്ലൊ. സെനെററർ സ്ഥാനത്തിനുവേണ്ടിയുണ്ടായ മത്സരത്തിൽ ലിങ്കനെ വേണ്ടവിധം സഹായിക്കാൻ കൂട്ടാക്കാതിരുന്ന ഇല്ലിനോയി സംസ്ഥാനക്കാർ ഇപ്പോൾ അദ്ദേഹത്തെ പ്രസിഡണ്ടുസ്ഥാനത്തേയ്ക്കു് നിൎദ്ദേശിക്കാനൊരുങ്ങിത്തുടങ്ങി. ആ സംഗതിയേപ്പററി ആദ്യമായി സംസാരിച്ച ഒരു സ്നേഹിതനോടു് ലിങ്കൺ പറഞ്ഞ മറുപടി ഇതായിരുന്നു: "പ്രസിഡണ്ടുസ്ഥാനത്തിനു് എന്നെ പററുമെന്നു് എനിക്കുതന്നെ അഭിപ്രായമില്ലെന്നു് ഞാൻ പരമാൎത്ഥമായി പറഞ്ഞുകൊള്ളുന്നു."—ലിങ്കൻെറ കാൎയ്യത്തിൽ ഇതൊരു വെറും വിനയപ്രകടനമോ, കാപട്യമോ ആയിരുന്നില്ല. അടുത്ത പ്രാവശ്യമെങ്കിലും ഒരു സെനെററരാവാൻ സാധിച്ചാൽ, താൻ അതുകൊണ്ടു തൃപ്തിപ്പെട്ടുമെന്നും പ്രസ്തുത സ്നേഹിതനോടു് അദ്ദേഹം തുറന്നുപറഞ്ഞു.

ഇല്ലിനോയി സംസ്ഥാനത്തിലെ റിപ്പബ്ലിക്കൻ കക്ഷിക്കാർ അബ്രഹാം ലിങ്കനെത്തന്നെ പ്രസിഡണ്ടുസ്ഥാനാൎത്ഥിയായി നിൎദ്ദേശിച്ചു. ആ നാമനിർദ്ദേശം നടന്ന യോഗത്തിൽ ഒരു നേരമ്പോക്കുണ്ടായി. ലിങ്കൻെറ അടുത്ത ബന്ധുവായ ജോൺഹാങ്ക്സ്, രണ്ടു കനത്ത മരക്കമ്പുകളും തോളിൽവെച്ചുകൊണ്ടു് യോഗശാലയിലേയ്ക്കു കയറിച്ചെന്നു. പഴകി ജീൎണ്ണീഭവിച്ചുതുടങ്ങിയ ആ മരക്കഷണങ്ങൾ, പണ്ടു് ആരോ വേലികെട്ടാൻ ഉപയോഗിച്ചിരുന്നവയാണു്. മുപ്പതുകൊല്ലം മുമ്പു് താനും അബ്രഹാം ലിങ്കനുംകൂടി കൂലിക്കു കീറിക്കൊടുത്ത മൂവായിരം മരക്കമ്പുകളിൽപ്പെട്ടതാണവയെന്നു് ജോൺഹാങ്ക്സ് ആ യോഗത്തിൽ വിളിച്ചുപറഞ്ഞു. നമ്മുടെ നാട്ടിലെങ്ങാനുമാണു് ഒരു സ്ഥാനാൎത്ഥിയേപ്പററി ഇങ്ങനേയൊരു പൂൎവ്വചരിത്രം വെളിക്കു വരുന്നതെങ്കിൽ എന്തായിരിക്കും കഥ?

ജോൺ ഹാങ്ക്സ് ചുമന്നുകൊണ്ടുചെന്ന ആ പഴയ മരക്കമ്പുകൾ അബ്രാഹം ലിങ്കൻെറ വീരമുദ്രകളായിട്ടാണ് അവിടെ കൂടിയിരുന്നവർ പരിഗണിച്ചതു്. ജോൺ ഹാങ്ക്സിൻെറ ഉദ്ദേശ്യം ഫലിച്ചു.

അബ്രാഹം ലിങ്കന് ലഭിച്ച നാമകരണം ഇല്ലിയൊനോയി സംസ്ഥാനത്തെ മാത്രം സംബന്ധിക്കുന്നതായിരുന്നു. അതുപോലെ മററു സംസ്ഥാനങ്ങളും പ്രത്യേകം പ്രത്യേകം സ്ഥാനാത്ഥികളെ നിദ്ദേശിച്ചുകഴിഞ്ഞിട്ടു വേണം, അവരിൽനിന്നു് ഏററവും സമത്ഥനായ ഒരാളെ പാട്ടിയുടെ പൊതുയോഗത്തിൽവെച്ച് തിരിഞ്ഞെടുക്കുവാൻ. National Convention എന്നാണ് ആ പൊതുയോഗത്തിനു പേർ പറയുക. അത്തവണ മററു സംസ്ഥാനങ്ങൾ നാമകരണംചെയ്ത സ്ഥാനാത്ഥികളിൽ രണ്ടുമൂന്നുപേർ വലിയ പ്രസിദ്ധന്മാരായിരുന്നു. വില്യം എച്ച്. സീവാർഡ് എന്ന ന്യൂയോക്ക് സ്ഥാനാത്ഥി ഒന്നിലധികം പ്രാവശ്യം സെനെററരായിരുന്നിട്ടുള്ള ഒരു യോഗ്യനായിരുന്നു. സെനെററർ കാമറോൺ, സാലമോൺ പി. ചെയിസ് എന്ന വേറെ രണ്ടു സ്ഥാനാത്ഥികളും ഒരു വിധത്തിലും അവഗണിക്കപ്പെടാവുന്നവരായിരുന്നില്ല. അത്രതന്നെ ഗണ്യന്മാരല്ലെങ്കിലും പിന്നെയുമുണ്ടായിരുന്നു പ്രസിദ്ധരായ ചില സ്ഥാനാത്ഥികൾ. നമ്മുടെ കഥാനായകനായ അബ്രാഹം ലിങ്കൻെറ ഗതിയെന്താകുമെന്നു് തീത്തുപറയുക പ്രയാസമായിരുന്നു. എല്ലാംകൊണ്ടും വില്യം സീവാർഡിൻെറ പേരാണ് ജനസംസാരത്തിൽ മുന്തിനിന്നിരുന്നതു്. 1860 മെയ് മാസത്തിൽ ചിക്കാഗോയിൽവെച്ച് 'കൺവെൻഷൻ' കൂടുകയായി. യോഗം നടന്ന ദിവസം, വില്യം സീവാർഡിൻെറ ജന്മദിനമായിരുന്നുതാനും. ആ മാന്യൻ അഹിക്കുന്ന ഒരു പിറന്നാൾ സമ്മാനമായിട്ടാണ് പ്രസിഡണ്ടുസ്ഥാനാത്ഥിത്വത്തെ അദ്ദേഹത്തിൻെറ പക്ഷക്കാർ പരിഗണിച്ചിരുന്നതെന്നു പറയാം.

ആകെ 465 പ്രതിനിധികളുടെ വോട്ടുകൾകൊണ്ടുമാത്രമാണ് സ്ഥാനാത്ഥിയെ നിണ്ണയിക്കേണ്ടിയിരുന്നതെങ്കിലും, യോഗത്തിൽ

പതിനായിരത്തോളം ആളുകൾ സംബന്ധിച്ചിരുന്നു. ഓരോ സ്ഥാനാൎത്ഥിക്കുംവേണ്ടിയുള്ള വോട്ടുപിടുത്തവും പ്രചാരവേലയും എന്തെന്നു വാശിയിലാണു് നടന്നതെന്നോ? ലിങ്കന്റെ ആൾക്കാരും ആ കൂട്ടത്തിൽ കൊണ്ടുപിടിച്ചുത്സാഹിച്ചു. കുറഞ്ഞതു് 233 വോട്ടുകൾ കിട്ടേണ്ടിയിരുന്നു, ഏതെങ്കിലും ഒരു സ്ഥാനാൎത്ഥി ജയിക്കുവാൻ. ആദ്യത്തെ ബാലററിൽ സീവാർഡിനു് 173-ം, ലിങ്കനു് 102-ം വോട്ടുകളാണു് കിട്ടിയതു്. രണ്ടാമത്തേതിൽ അവരുടെ നില ഏതാണ്ടു് ഒരേപടിയിൽ വന്നു. മൂന്നാമത്തെ ബാലററിൽ അബ്രാഹം ലിങ്കനു് 231-ം, സീവാർഡിനു് 180-ം ആയിട്ടു് വോട്ടുകളുടെ നില പാടേ മാറി. അപ്പോൾ ഓഹിയോ പ്രതിനിധി എഴുന്നേററു് തന്റെ സംസ്ഥാനത്തിന്റെ നാലു വോട്ടുകൾ അബ്രാഹം ലിങ്കനു് സംഭാവനചെയ്യുന്നുവെന്നു് അറിയിച്ചതോടെ, നമ്മുടെ കഥാനായകൻ റിപ്പബ്ലിക്കൻപാൎട്ടിയുടെ ഏകസ്ഥാനാൎത്ഥിയായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

ലിങ്കന്റെ പക്ഷക്കാർ ഉടനെ ഒരു കമ്പിയടിച്ചു. "കാൎയ്യം ഞങ്ങൾ സാധിച്ചു. ദൈവത്തിനു സ്തുതി."— അതായിരുന്നു കമ്പിയുടെ സാരം. സ്പ്രിംഗ്ഫീൽഡിലെ ഒരു പത്രകാൎയ്യാലയത്തിൽ ഇരിക്കുമ്പോഴാണു് ലിങ്കനു കമ്പി കിട്ടിയതു്. അവിടെ അപ്പോൾ അനുമോദനങ്ങളുടെ കോലാഹലമായി. ആ തിരക്കിനിടയിൽ ലിങ്കൺ പറഞ്ഞു: "ഈ വൎത്തമാനമറിയാൻ കൊതിച്ചുകൊണ്ടിരിക്കുന്ന ഒരു പാവപ്പെട്ട സ്ത്രീയുണ്ടു്. ഞാൻ ഈ കമ്പി കൊണ്ടുചെന്നു് അവളെ കാണിക്കട്ടെ."—ലിങ്കൺ ഉടനെ വീട്ടിലേയ്ക്കു പോയി. മിസ്സിസ് ലിങ്കന്റെ സന്തോഷം പറയാനുണ്ടോ?

1860 നവമ്പർ 6-ാംനു-യായിരുന്നു പ്രസിഡണ്ടുതിരിഞ്ഞെടുപ്പു്. ഡിമോക്രാററിക്പാൎട്ടിയിൽ ഒരു പിളപ്പുണ്ടായതിനാൽ, ആ കക്ഷിയിൽനിന്നു് രണ്ടു സ്ഥാനാൎത്ഥികൾ രംഗപ്രവേശംചെയ്തു. അവരിൽ ഒരു സ്ഥാനാൎത്ഥി സ്റ്റീഫൻഡഗ്ലസ് തന്നെയായിരുന്നു; ജോൺ സി. ബ്രിക്കനെറിഡ്ജ് എന്നൊരാൾ വേറെയും. ഡഗ്ലസ്

മുഖേന ഡിമോക്രാററിക്കക്ഷിയിലുണ്ടായ ആ ഭിന്നത റിപ്പബ്ലിക്കൻകക്ഷിക്കു് ഗുണകരമായെന്നു് പറയേണ്ടല്ലൊ. 'കോൺസ്റ്റിട്യൂഷനൽ യൂണിയൻ പാട്ടി' എന്ന പേരും പറഞ്ഞു് ജോൺ ബെൽ എന്ന ഒരു സ്ഥാനാൎത്ഥികൂടി മത്സരിക്കാനുണ്ടായിരുന്നു. റിപ്പബ്ലിക്കൻ സ്ഥാനാൎത്ഥിയായ അബ്രാഹം ലിങ്കൺതന്നെയാണു് തിരിഞ്ഞെടുപ്പു ജയിച്ചതു്. തോററവരിൽ വോട്ടുകൾ ഏററവും കുറവായിക്കിട്ടിയതു് സ്റ്റീഫൻ ഡഗ്ലസ്സിന്നായിരുന്നു. രാഷ്ട്രീയത്തിൽ ആ മഹാരഥൻ നടത്തിയ കടശിക്കളിയായിരുന്നു അതു്. താഴ്മയുടെ പ്രതീകമായ മരക്കുടിലിൽ ജനിച്ചു് മരംവെട്ടിയായി വളൎന്ന സത്യസന്ധനായ ആബെ ലിങ്കൺ, ഭരണാധികാരത്തിന്റെ മണിമന്ദിരത്തിലേയ്ക്കു് കാൽവെയ്ക്കുവാൻ പോകയാണു്!

പ്രസിഡണ്ടുതിരഞ്ഞെടുപ്പു് നവമ്പർമാസത്തിൽ നടന്നാൽ പിറേറ മാൎച്ചുമാസത്തിലേ സ്ഥാനാരോഹണം പാടുള്ളു എന്നായിരുന്നു അന്നത്തെ ചട്ടം. അതനുസരിച്ചു് അബ്രാഹം ലിങ്കന്റെ സ്ഥാനാരോഹണം 1861 മാൎച്ചു് 4-ാംനു-ക്കു നടത്താനാണു് നിശ്ചയിച്ചതു്. അതിനാൽ ഫെബ്രുവരി 11-ാംനു- വരെ പുതിയ പ്രസിഡണ്ടു് സ്പ്രിംഗ്ഫീൽഡിൽത്തന്നെ താമസിച്ചു. അവിടത്തെ ഗവമ്മെണ്ടുമന്ദിരത്തിലാണു് ലിങ്കൺ സമയമധികവും കഴിച്ചുകൂട്ടിയതു്. കനപ്പെട്ട പല പല കാൎയ്യങ്ങളേക്കുറിച്ചുള്ള ചൎച്ചയിലും ചിന്തയിലും പെട്ടു് ആ ദിവസങ്ങളിൽ അദ്ദേഹത്തിന്റെ തല പുകയുകയായിരുന്നു. അതിനിടയ്ക്കുണ്ടായ ഒരു നേരംപോക്കു പറയാം: രണ്ടു ചെറുപ്പക്കാർ ഒരു ദിവസം ഗവമ്മെണ്ടു് മന്ദിരത്തിലേയ്ക്കു കയറിച്ചെന്നു. പ്രസിഡണ്ടു് അവരെ സന്തോഷപൂൎവ്വം സ്വീകരിച്ചു്, അവരുടെ ആവശ്യം എന്താണെന്നന്വേഷിച്ചു. ഉടനെ അവരിൽ ഒരുവൻ പറഞ്ഞു: "സർ, ഞങ്ങൾക്കു് ഒരു സംശയം തീൎക്കാനുണ്ടു്. അങ്ങയുടേയും, എന്റെ ഈ സ്നേഹിതന്റേയും പൊക്കം തുല്യമാണെന്നു് ഞാൻ പറഞ്ഞിട്ടു് ഇയാൾക്കു് അതു ബോദ്ധ്യമാകുന്നില്ല."—ലിങ്കനു് സംഗതി മനസ്സിലായി. അദ്ദേഹം അടുത്ത മുറി

യിൽനിന്നു് ഒരു നെടുങ്കൻവടിയുമെടുത്തു് പുറത്തേയ്ക്കുവന്നു. പൊക്കക്കാരൻ യുവാവിനെ എഴുന്നേല്പിച്ചുനിർത്തി, ലിങ്കൺ അയാളുടെ ഉയരം ആ വടിമേൽ കണിശമായി കുറിച്ചു. പിന്നെ വടി മററേ യുവാവിൻെറ കൈയിൽ ഏല്പിച്ചിട്ടു് ലിങ്കൺതന്നെ നീണ്ടുനിവന്നങ്ങനെ നിന്നുകൊടുത്തു. പന്തയഭ്രാന്തരായ ആ ചെറുപ്പക്കാർ രണ്ടു പേരും കൂടി പ്രസിഡണ്ടു് ലിങ്കൻെറ പൊക്കം ശരിയ്ക്കു അളന്നു. ഉയരം സമംതന്നെ! അബ്രാഹം ലിങ്കൻ ആ യുവാക്കന്മാക്കു് കൈകൊടുത്തു് അവരെ സന്തോഷിപ്പിച്ചയച്ചു. പ്രസിഡണ്ടായെന്നുവെച്ചു് ലിങ്കൻെറ മനുഷ്യത്വത്തിനു് മാററമൊന്നും വന്ന ലക്ഷണമില്ല, അല്ലേ?

ലഘുവായ ഒരു സംഗതികൂടി പറഞ്ഞിട്ടു്, ഗൗരവതരങ്ങളായ മററു സംഭവവികാസങ്ങളിലേയ്ക്കു കടക്കാം. ലിങ്കനു് ഒരു സംശയം: ‘‘ഞാൻ ഈ വീടു് എന്തു ചെയ്യും? ഇതു വിററുകളയുന്നതു് ശരിയല്ല. വാടകയ്ക്കു കൊടുക്കാമെന്നുവെച്ചാൽ, ഞാൻ വരുമ്പോഴെയ്ക്കു് പാപ്പുകാർ ഇവിടമത്രയും വൃത്തികേടാക്കും.’’—ഒടുവിൽ, ആ വിഷമത്തിനു് പരിഹാരമുണ്ടായി. കെട്ടിടം ഭദ്രമായി സൂക്ഷിക്കാൻ പററിയ ഒരാളെ കണ്ടു കിട്ടിയതിനാൽ അതിൻെറ ചുമതല അയാളെ ഏല്പിച്ചു. പിന്നെ വീട്ടുസാമാനങ്ങൾ വില്ക്കാൻവേണ്ടി പത്രത്തിൽ ഒരു പരസ്യം കൊടുത്തു. പരസ്യം വായിച്ചവരും വിവരം കേട്ടറിഞ്ഞവരും വന്നു് ഓരോരോ സാമാനങ്ങളുടെ വില ചോദിച്ചു. ‘‘നിങ്ങൾ എന്തുവില കാണുന്നുണ്ടോ, അതു തന്നേക്കുക.’’—ലിങ്കൻെറ വിലപറച്ചിൽ അങ്ങനെയായിരുന്നു. ആ കച്ചവടം അദ്ദേഹത്തിനു് ഒട്ടും മെച്ചമായിരുന്നില്ലെന്നുവേണം കരുതാൻ. അന്നു് അബ്രാഹം ലിങ്കൻെറ വീട്ടുസാമാനങ്ങൾ തുച്ഛവിലയ്ക്കു വാങ്ങിയവർ ഭാഗ്യവാന്മാർ തന്നെ. കഥാനായകൻെറ കാലശേഷം ആ സാമാനങ്ങളത്രയും വിലപ്പെട്ട ദേശീയ നിക്ഷേപങ്ങളായിത്തീർന്നു.

പുതിയ പ്രസിഡണ്ടുതിരിഞ്ഞെടുപ്പിൽവെച്ചുണ്ടായ പ്രത്യാഘാതങ്ങളാണു് ഇനി നാം മനസ്സിലാക്കേണ്ടതു്. തെക്കർ തങ്ങൾക്കു

നേരിട്ട പരാജയം സഹിച്ചില്ല. അടിമത്തത്തിൻെറയും മററഴിമതികളുടേയും മരണമണിയായിട്ടാണ് അവർ അബ്രാഹം ലിങ്കൻെറ വിജയത്തെ കണക്കാക്കിയതു്. ചുരുക്കിപ്പറയാം: തെക്കൻ സംസ്ഥാനങ്ങൾ യൂണിയനിൽനിന്നു് പിരിയുവാൻതന്നെ ഒരുങ്ങിക്കഴിഞ്ഞു. യൂണിയൻെറ സമാധാനവും ഐക്യവും നിലനിർത്താനുള്ള മാർഗ്ഗങ്ങളേപ്പററി ലിങ്കൺ സ്പ്രിംഗ്ഫീൽഡിലിരുന്നു് ഉള്ളപൊള്ളിച്ചിന്തിക്കുമ്പോൾ, തെക്കർ യൂണിയൻ തല്ലിപ്പൊളിച്ചു് സ്വന്തം സംസ്ഥാനങ്ങളെ വേർപെടുത്തുവാനുള്ള വഴികൾ ആരായുകയായിരുന്നു. സൗത്ത്കരോളിനാ സംസ്ഥാനം യൂണിയനിൽനിന്നു് പിരിഞ്ഞിരിക്കുന്നതായി ഡിസംബർ 20-ാംനു- സ്വയം പ്രഖ്യാപനംചെയ്തു. ഫെബ്രുവരി 8-ാംനു- മോണ്ട്ഗോമറിയിൽവെച്ചു് ഏഴു സംസ്ഥാനങ്ങളുടെ പ്രതിനിധികൾ ചേന്നു് "Confederate States of America" എന്ന പേരിൽ ഒരു പുതിയ യൂണിയൻ തന്നെ സ്ഥാപിക്കുകയുണ്ടായി! ഭിന്നതയ്ക്കു മുന്നോടിയായിനിന്ന സൗത്ത്കരോളിനായും, ജോർജിയാ, അലബാമാ, ഫ്ളോറിഡാ, ലൂസിയാനാ, മിസ്സിസിപ്പി, ടെക്സാസ് എന്ന വേറെ ആറു സംസ്ഥാനങ്ങളും ആ പുതിയ യൂണിയനിൽ അംഗങ്ങളായി അണിനിരന്നു കഴിഞ്ഞു. സൗത്ത്കരോളിനാക്കാരനായ ജെഫേഴ്സൺ ഡേവിസ് ആയിരുന്നു പുതിയ യൂണിയൻെറ പ്രസിഡണ്ടു്; ജോർജിയാക്കാരനായ എ. എച്ച്. സ്റ്റീഫൻസ് വൈസ് പ്രസിഡണ്ടും. അങ്ങനെ ഒരു പുതിയ യൂണിയനും പുതിയ ഭരണകൂടവും ഉടലെടുത്തിട്ടും, അധികാരത്തിൽ ഇരുന്നിരുന്ന പഴയ പ്രസിഡണ്ടു് ഒന്നും കാണാത്തമട്ടിൽ അടങ്ങിയിരിക്കുകയായിരുന്നു. തെക്കൻസംസ്ഥാനങ്ങളുടെ വേർപാടിൽ ഇടപെടാൻ തനിക്കധികാരമില്ലെന്നായിരുന്നു (I have no power to interfere) പ്രസിഡണ്ടു് ബുക്കനാൻെറ സമാധാനം! ഇതുകേട്ടപ്പോൾ, സ്പ്രിംഗ്ഫീൽഡിലിരുന്നു് അബ്രാഹം ലിങ്കൺ പറയുകയായിരുന്നു, "എന്നാൽ ഞാൻ ഇടപെട്ടുകൊള്ളാം" എന്നു്!

മാർച്ചു് മാസത്തിൽ അബ്രാഹം ലിങ്കൺ സ്ഥാനാരോഹണ

ത്തിനെത്തുമ്പോഴെയ്ക്കു് യൂണിയൻ തച്ചുടച്ചു്, വേണ്ടിവന്നാൽ വടക്കരോട്ട് ഒരു യുദ്ധംതന്നെ നടത്തിക്കളയാനായിരുന്നു തെക്കരുടെ ഒരുക്കം. അതു് അവർ ഏറെ നാളായിട്ടു് ചിന്തിച്ചുറച്ചിരുന്ന ഒരു കാര്യമായിരുന്നുതാനും. ഇപ്പറഞ്ഞ സംഭവവികാസങ്ങളുടെ നേരേ വടക്കർ കൈക്കൊണ്ട മനോഭാവം എന്തായിരുന്നുവെന്നു കൂടി നാം മനസ്സിലാക്കണം. തെക്കരുടെ പോക്കു് വടക്കരെ വല്ലാതെ അമർഷംകൊള്ളിച്ചുവെന്നതു് വാസ്തവം. പക്ഷേ ഒന്നാണു്: തെക്കൻസംസ്ഥാനങ്ങൾ യൂണിയനിൽനിന്നു് പിരിഞ്ഞു പോകയാണെങ്കിൽ പൊയ്ക്കൊള്ളട്ടെ എന്നായിരുന്നു വടക്കരുടെ അന്തർഗ്ഗതം. അടിമത്തപ്രശ്നത്തിൻെറ ശല്യം അതോടെ അവസാനിക്കുമല്ലോ എന്നു് അവർ ആശിച്ചുകാണണം. യൂണിയൻെറ ഐക്യം അഭംഗമായി പാലിക്കണമെന്നു് ദൃഢവ്രതം എടുത്തിരുന്ന അബ്രാഹം ലിങ്കൺ ഇതെല്ലാം എങ്ങനെയാണു് സഹിക്കുക? അതിനിടയ്ക്കു് മറെറാരു ഭീഷണികൂടി ശക്തിയായി മുഴങ്ങുന്നുണ്ടായിരുന്നു. പുതിയ പ്രസിഡണ്ടിനെ ജീവനോടെ വൈററ്ഹൗസിൽ കടത്തുകയില്ലെന്നായിരുന്നു ആ ഭീഷണി! ആകെക്കൂടി നോക്കുമ്പോൾ അത്യന്തം അസ്വാസ്ഥ്യവും ശോകാത്മകവുമായ ഒരു അന്തരീക്ഷം തന്നെ!

അദ്ധ്യായം - 20

# സ്ഥാനാരോഹണം

"വികാരം നമ്മുടെ സ്നേഹബന്ധങ്ങളി ന്മേൽ എത്ര കഠിനമായ സമ്മർദ്ദമേല്പി ച്ചിരുന്നാലും ശരി, ആ സ്നേഹബന്ധ ങ്ങൾ പൊട്ടിപ്പോകരുതു്; അവ പൊ ട്ടിപ്പോകയില്ലെന്നു് ഞാൻ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു." —ഉൽ ഘാടനപ്രസംഗം.

സ്ഥാനാരോഹണത്തിനായി വാഷിംഗ്ടണിലേയ്ക്കു് പുറപ്പെടുംമുമ്പു്, അബ്രാഹം ലിങ്കൺ തൻെറ ഇളയമ്മയെ സന്ദർശിച്ചു് യാത്ര പറഞ്ഞു. സ്പ്രിംഗ്ഫീൽഡിൽനിന്നു് എഴുപതുമൈൽ ദൂരെ ചാൾസ്റ്റൺ എന്ന സ്ഥലത്താണു് ആ തള്ള താമസിച്ചിരുന്നതു്. 'അമ്മേ' എന്നു വിളിച്ചുകൊണ്ടു് അബ്രാഹംലിങ്കൺ കയറിച്ചെന്നപ്പോൾ, ഇളയമ്മ അദ്ദേഹത്തെ കെട്ടിപ്പിടിച്ചു കരഞ്ഞു. അമ്മയും മകനും തമ്മിലുണ്ടായ ആ കൂടിക്കാഴ്ചയും വേർപാടും ഹൃദയഭേദകമായിരുന്നു. "നമ്മൾ സ്വർഗ്ഗത്തിൽവെച്ചു് വീണ്ടും കൂടുന്നതുവരെ ഞാൻ ഇനി മകനെ ഒരിക്കലും കാണുകയില്ല" എന്നു പറഞ്ഞുകൊണ്ടു് ആ സുകൃതിനി തൻെറ വളർത്തുപുത്രനെ ഉള്ളഴിഞ്ഞനുഗ്രഹിച്ചു.

ഫെബ്രുവരി 11-ാംനു-യാണു് അബ്രാഹംലിങ്കൺ വാഷിംഗ്ടണിലേയ്ക്കു പുറപ്പെട്ടതു്. പ്രസിഡണ്ടിൻെറ യാത്രയ്ക്കു് സജ്ജീകരിച്ചിരുന്ന തീവണ്ടിയുടെ സമയവും പാർത്തു്, ലിങ്കൻെറ സ്നേഹിതന്മാരും സ്വദേശികളുമായി ആയിരത്തിൽപ്പരം ആളുകൾ സ്റ്റേഷനിൽ കൂടിയിരുന്നു. ലിങ്കൺ അവർക്കെല്ലാം ഹസ്തദാനം ചെയ്തു് അവരോടു വിനയപൂർവ്വം വിടചോദിച്ചു. വണ്ടി പുറപ്പെടു

വാൻ സമയമായെന്നുള്ള മണിനാദം കേൾക്കുംവരെ അദ്ദേഹം മഴച്ചാററലുമേററ് ജനങ്ങളുടെ കൂടെത്തന്നെ നിന്നു. താൻ പുറപ്പെടുന്ന സമയത്തു് പ്രസംഗമൊന്നും ഉണ്ടാവുകയില്ലെന്നു് ലിങ്കൺ തലേദിവസം പത്രപ്രതിനിധികളെ അറിയിച്ചിരുന്നുവെങ്കിലും, ജനങ്ങളോടു് ആ അവസരത്തിൽ രണ്ടു വാക്കു് പറയേണ്ടതാണെന്നു് അദ്ദേഹത്തിനു പെട്ടെന്നൊരു തോന്നലുണ്ടായി. അങ്ങനെ അവിചാരിതമായിത്തന്നെ അവിടെ ഒരു പ്രസംഗം നടന്നു. അബ്രാഹം ലിങ്കൻെറ വലിപ്പമത്രയും കാണിക്കുന്ന ആ ചെറിയ പ്രസംഗം ഇവിടെ ഉദ്ധരിക്കാം:

"എൻെറ സുഹൃത്തുക്കളേ,

ഈ വേർപാടിൽ എനിക്കുള്ള ദുഃഖം എത്രമാത്രമാണെന്നു് മനസ്സിലാക്കാൻ എൻെറ നിലയിലുള്ള ഒരാൾക്കല്ലാതെ സാദ്ധ്യമല്ല. എനിക്കുള്ളതിനെല്ലാം ഞാൻ കടപ്പെട്ടിരിക്കുന്നതു് ഈ സ്ഥലത്തോടും, ഇവിടെയുള്ള ജനങ്ങളുടെ കാരുണ്യത്തോടുമാണു്. ഞാൻ ഇവിടെ ഒരു കാൽ ശതാബ്ദക്കാലം കഴിച്ചുകൂട്ടുകയും, യൗവനത്തിൽ നിന്നു വാദ്ധക്യത്തിലേയ്ക്കു കടക്കുകയും ചെയ്തു. എൻെറ കുട്ടികൾ ജനിച്ചതു് ഇവിടെവെച്ചാണു്; അവരിൽ ഒരുത്തൻ മരിച്ചടക്കപ്പെട്ടിരിക്കുന്നതും ഇവിടെയത്രെ. ഇനി എന്നാണു് മടങ്ങിവരുന്നതെന്നോ, മടങ്ങിവരവുതന്നെയുണ്ടാകുമെന്നോ നിശ്ചയമില്ലാത്ത ഒരു നിലയിൽ ഞാൻ ഇപ്പോൾ ഇവിടം വിട്ടുപോകുന്നു. ഒരു ചുമതല എൻെറ മേൽ സമപ്പിക്കപ്പെട്ടിരിക്കുകയാണു്. അതു് വാഷിംഗ്ടൻെറ കാലശേഷം യാതൊരു മനുഷ്യൻ വഹിച്ചിട്ടുള്ളതിനേക്കാളും ഗുരുതരമായ ഒരു ചുമതലയാകുന്നു. എല്ലായ്പ്പൊഴും താൻ ആശ്രയിച്ചിരുന്ന ദിവ്യപരിപാലനം മൂലമല്ലായിരുന്നുവെങ്കിൽ, വാഷിംഗ്ടൺ അന്നു് വിജയിക്കുമായിരുന്നില്ല. അദ്ദേഹത്തെ താങ്ങിനിത്തിയിരുന്ന ദിവ്യസഹായംകൊണ്ടല്ലാതെ എനിക്കും വിജയിക്കുവാൻ സാദ്ധ്യമല്ലെന്നു് ഞാൻ മനസ്സിലാക്കുന്നു. ഞാൻ ആ സവ്വശക്തൻെറ കൈത്തുണയെ ആശ്രയിക്കുകയും, അവിടത്തെ സഹായം എനിക്കു ലഭിക്കുവാനായി എൻെറ സുഹൃത്തുക്കളായ നിങ്ങൾ

പ്രാൎത്ഥിക്കമെന്നു് ആശിക്കുകയും ചെയ്യുന്നു. ആ സഹായമില്ലാതെ ഞാൻ വിജയിക്കുകയില്ല; അതുണ്ടെങ്കിലോ, വിജയം നിശ്ചയമാണുതാനും. ഞാൻ നിങ്ങാംക്കെല്ലാവക്കും ഒരിക്കൽക്കൂടി സ്നേഹപൂർവ്വം യാത്രാവന്ദനം പറയുന്നു.''

വാഷിംഗ്ടണിലേയ്ക്കുള്ള സഞ്ചാരമദ്ധ്യേ ഏതാനും കേന്ദ്രങ്ങളിൽവെച്ചു് കുറേ പ്രസംഗങ്ങാം ചെയ്യണമെന്നു് ലിങ്കൻ പ്ലാനിട്ടിരുന്നു. യൂണിയനു് നേരിട്ടിരിക്കുന്ന ആപത്തിൻെറ ഗൗരവം ജനങ്ങളെ ഒട്ടൊട്ടു് മനസ്സിലാക്കണമെന്നതായിരുന്നു അതിൻെറ ഉദ്ദേശ്യം. ഇൻഡിയാനാപ്പൊലിസ്, ഇൻഡ്യാനാ, കൊളംബസ്, ഓഹിയോ, പിററ്സ്ബർഗ്ഗ്, ന്യൂജേഴ്സി, ന്യൂയോൎക്കു്, ഫിലാഡൽഫിയാ എന്നിങ്ങനെ ചില സ്ഥലങ്ങളിൽ ലിങ്കൺ പ്രസംഗിച്ചു. പക്ഷെ, ഇടയ്ക്കു് ഒരു പ്രതിബന്ധമുണ്ടായി. ഫിലാഡൽഫിയായിൽവെച്ചു് അമേരിക്കൻ ഡിററക്റ്റീവ് ഏജൻസിയുടെ മേധാവിയായ പിൻേറർട്ടൺ ഒരു ഗൂഢവൎത്തമാനം അറിയിച്ചു. അതു് എന്തായിരുന്നെന്നോ? പുതിയ പ്രസിഡണ്ടിനെ ബാംട്ടിമൂറിൽവെച്ചു് വധിക്കുവാൻ ഒരുക്കം നടക്കുന്നുണ്ടെന്നുതന്നെ! പിൻേറർട്ടൺ ആ വിവരം ലിങ്കനെ വേണ്ടവിധം മനസ്സിലാക്കുകയും, പ്രസംഗപരിപാടികാം ഉപേക്ഷിച്ചു് ആളറിയിക്കാതെ ബാംട്ടിമൂറിൽക്കൂടി നേരത്തേ കടന്നുപോകണമെന്നു് ഉപദേശിക്കുകയും ചെയ്തു.

അന്നു രാത്രിതന്നെ വാഷിംഗ്ടണിൽനിന്നു് അബ്രാഹം ലിങ്കനു് വേറൊരു സന്ദേശം ലഭിച്ചു. വില്യം സീവാർഡ് തൻെറ പുത്രൻെറ കൈവശം എത്രയും രഹസ്യമായി കൊടുത്തയച്ച ആ സന്ദേശവും ബാംട്ടിമൂറിൽ നടക്കുന്ന വധോദ്യമത്തേക്കുറിച്ചുതന്നെയായിരുന്നു. സന്ദേശവുംകൊണ്ടുവന്ന യുവാവിനോടു് ലിങ്കൺ ഒരു സംഗതി എടുത്തുചോദിച്ചു. ''നിങ്ങളുടെ പിതാവു് ഈ സംഗതിയേപ്പററി സംസാരിച്ചപ്പോാം, പിൻേറർട്ടൻെറ പേർ പറയുകയുണ്ടായോ?''—അതായിരുന്നു ചോദ്യം. ''ഇല്ല, അച്ഛൻ ആ പേരു് പറഞ്ഞില്ല.''—യുവാവു് മറുപടി നല്കി. ലിങ്കൺ ചെയ്ത ചോ

ദൃത്തിൻെറ പൊരുൾ മനസ്സിലായയോ? ഒരാളിൽനിന്നുതന്നെ ഒരു വൎത്തമാനം പുറപ്പെട്ടിട്ട് അതു പല മാൎഗ്ഗങ്ങളിൽക്കൂടി പ്രചരിക്കുകയാണെങ്കിൽ, ആ വൎത്തമാനം അടിസ്ഥാനരഹിതമാണെന്നു വരാം; എന്നാൽ പരസ്പരബന്ധമില്ലാത്ത പല മാൎഗ്ഗങ്ങളിൽക്കൂടി ഒരേ വൎത്തമാനം വരുമ്പോൾ, അതിനെ അവഗണിക്കാൻ പാടില്ല. അബ്രാഹം ലിങ്കൻെറ യുക്തി അതായിരുന്നു.

അങ്ങനെ സംഗതി ഏതാണ്ട് ബോദ്ധ്യമായപ്പോൾ, തൻെറ ഉപദേഷ്ടാക്കളുടെ അഭിപ്രായപ്രകാരം പരിപാടി ഭേദപ്പെടുത്തിക്കൊള്ളാൻ ലിങ്കൺ സമ്മതിച്ചു. "അപകടത്തിൽപ്പെട്ടിട്ട് കാൎയ്യമില്ലാത്തേടത്തു് അപകടം വരിക്കേണ്ട ആവശ്യമില്ല" എന്നു് അദ്ദേഹം പറഞ്ഞു. നിശ്ചയിക്കപ്പെട്ടിരുന്ന ദിവസത്തിനുമുമ്പു് ഒരു നിശാഃവേളയിൽ പുതിയ പ്രസിഡണ്ടു് ബാൾട്ടിമൂറിൽക്കൂടി കടന്നുപോയതു് അവിടെയാരും അറിഞ്ഞില്ല. പതിവില്ലാത്ത ഒരു പുറങ്കുപ്പായവും ഒരു പുതിയ രോമത്തൊപ്പിയും ധരിച്ചു്, ആളെ പെട്ടെന്നു് തിരിച്ചറിയാൻ പാടില്ലാത്ത മട്ടിലായിരുന്നു ആ രാത്രി താൻ സഞ്ചരിച്ചതെന്നു് ലിങ്കൺതന്നെ പറഞ്ഞിട്ടുണ്ടു്. സ്ഥാനാരോഹണത്തിനു് ഒമ്പതു ദിവസമുള്ളപ്പോൾ— അതായതു് ഫെബ്രുവരി 23-ാംനു- — അബ്രാഹം ലിങ്കൺ വാഷിംഗ്ടണിൽ എത്തിച്ചേൎന്നു. വെടിയുണ്ടയ്ക്കിരയാവാതെ പുതിയ പ്രസിഡണ്ടു് തലസ്ഥാനപുരിയിലെത്തിയതിൽ പലൎക്കും അത്ഭുതം തോന്നിയിരിക്കാം; ചിലൎക്ക് കടുത്ത ആശാഭംഗവും!

ആ ദിവസങ്ങളിൽ വാഷിംഗ്ടൺനഗരത്തിൽ, ഏതാനും സംസ്ഥാനങ്ങളുടെ പ്രതിനിധികൾ ചേൎന്നുള്ള ഒരു 'കൺവെൻഷൻ' നടക്കുന്നുണ്ടായിരുന്നു. വൻതരം വ്യവസായങ്ങളുടെ രക്ഷയ്ക്കുവേണ്ടി വ്യവസായനഗരങ്ങളുടെ നില ഭദ്രമാക്കണമെന്നതായിരുന്നു ആ യോഗത്തിലെ പ്രധാന ചൎച്ചാവിഷയം. പ്രതിനിധികൾ സമ്മേളനം കഴിഞ്ഞു മടങ്ങാറായപ്പോൾ പുതിയ പ്രസിഡണ്ടിനെ ഒന്നു കണ്ടുകളയാമെന്നു കരുതി, ലിങ്കൺ താമസിച്ചിരുന്ന ഹോട്ടലിലേയ്ക്കു ചെന്നു. അവൎക്ക് പുതിയ പ്രസിഡണ്ടിനോടു് പറയാനുണ്ടായിരു

ന്നതെല്ലാം, വൻകിടവ്യവസായങ്ങളുടേയും വ്യവസായനഗരങ്ങളുടേയും കാര്യം മാത്രമാണ്. യൂണിയൻ തളൎന്നാലും, വൻകിടമുതലാളിമാരുടെ വ്യവസായം വളൎന്നാൽ മതിയെന്നായിരുന്നു അവരുടെ ഭാവം. ന്യൂയോൎക്ക് പ്രതിനിധി അല്പം അലങ്കാരം ചേൎത്ത് ആ സംഗതിയെപ്പററി ലിങ്കനോട് ഇങ്ങനെ പറഞ്ഞു: "നമ്മുടെ വ്യവസായനഗരങ്ങളിലെ വീഥികളിൽ പുല്ലു വളരാൻ അനുവദിച്ച് രാജ്യം മുഴുവൻ പാപ്പരാക്കണമോ എന്ന കാൎയ്യത്തേപ്പററി ഇനി താങ്കളാണ് തീൎച്ചയാക്കേണ്ടത്."—ലിങ്കൺ ഒന്നു മന്ദഹസിച്ചു. "പുല്ല് വല്ല പാടങ്ങളിലോ മൈതാനങ്ങളിലോ വളൎന്നാൽ മതിയെന്നാണ് എനിക്കു തോന്നുന്നത്" എന്ന് ഒരു മറുപടിയും പറഞ്ഞു. അപ്പോൾ ന്യൂയോൎക്ക് പ്രതിനിധി കുറേക്കൂടി കടന്ന ഒരുപദേശമാണ് നല്കിയത്. "തെക്കരുടെ ന്യായമായ അവകാശവാദങ്ങൾ സാധിച്ചുകൊടുത്തേക്കണം; അടിമത്തത്തേച്ചൊല്ലി താങ്കൾ ഒരു യുദ്ധത്തിനു് ഇട വരുത്തരുത്."—ഔദ്ധത്യം തികഞ്ഞ ഈ ഉപദേശത്തിനു് ലിങ്കൺ ഇങ്ങനെ കണക്കിനുതന്നെ ഒരു മറുപടി കൊടുത്തു:

"നിങ്ങൾ പറഞ്ഞതിന്റെ അൎത്ഥം ശരിയായിട്ടാണോ ഞാൻ ധരിച്ചതെന്നറിഞ്ഞില്ല. ഏതായാലും, ഒരു സത്യവാചകം ചൊല്ലിക്കൊണ്ടാണല്ലൊ. ഞാൻ സ്ഥാനം കൈയേല്ക്കുക. പ്രസിഡണ്ടുദ്യോഗം ഞാൻ വിശ്വസ്തമായി നിൎവ്വഹിച്ചുകൊള്ളാമെന്നും, ഐക്യ സംസ്ഥാനങ്ങൾ മുഴുവന്റേയും ഭരണഘടനയെ നിലനിൎത്തുകയും പരിരക്ഷിക്കുകയും പ്രതിരോധിക്കുകയും ചെയ്യുവാൻ ('to preserve, protect and defend') എന്റെ പരമാവധി ശക്തി പ്രയോഗിച്ചുകൊള്ളാമെന്നുമാണ് ആ സത്യപ്രതിജ്ഞ. പുല്ല് എവിടെ വളൎന്നാലും വേണ്ടതില്ല, അമേരിക്കൻഭരണഘടനയെ എല്ലാ സംസ്ഥാനങ്ങളിലും ആ പ്രതിജ്ഞപ്രകാരംതന്നെ ഞാൻ ദൈവാനുഗ്രഹത്താൽ പരിരക്ഷിച്ചുകൊള്ളാം."—ഈ മറുപടി കേട്ടപ്പോൾ, തന്റെ തല എന്തോ ഒരു കട്ടത്ത സാധനത്തിന്മേലാണ് അടിച്ചതെന്നു് ന്യൂയോൎക്ക് പ്രതിനിധിക്ക് മനസ്സിലായി. സന്ദ

ശ്നം കഴിഞ്ഞു് തിരിച്ചുപോകുമ്പോഠം ആ പ്രതിനിധികളിൽ ഒ രാഠം പയുകയായിരുന്നു: "ഭരണത്തിൻെറ അമരം അദ്ദേഹം ത ന്നെ പിടിക്കുമെന്നാണ് തോന്നുന്നതു്; ആലോചനയും തൻേറതു തന്നെയായിരിക്കും."—ശരി, പ്രസിഡണ്ടു് ലിങ്കൺ മററുള്ളവരുടെ കൈയിലിരുന്നു തിരിയുന്ന ഒരു കളിപ്പാവയാവുകയില്ലെന്നു് ആ പ്രമാണികാംക്കു് പ്രഥമദൃഷ്ടിൽത്തന്നെ ബോദ്ധ്യം വന്നു.

സ്ഥാനാരോഹണത്തിന്നുള്ള ദിവസമായി,—മാർച്ച് 4-ാം തിയതി. അന്നു് ഉൽഘാടനപ്രസംഗം നടക്കുന്നതിനിടയ്ക്കു് വല്ല വെടിവെയ്പോ, ബഹളമോ ഉണ്ടാകുമെന്നു് ജനങ്ങളുടെയിടയിൽ ബലമായ ശങ്കയുണ്ടായിരുന്നു. വാഷിംഗ്ടണിലുള്ള പൗരമുഖ്യന്മാർ പലരും സ്ഥാനാരോഹണഘോഷത്തിൽ സംബന്ധിക്കാൻ മടിച്ചു. പുതിയ പ്രസിഡണ്ടിന്നു് ആപത്തൊന്നും സംഭവിക്കാതെ കഴിക്കു ന്നതിനു്, ഏതായാലും പഴയ പ്രസിഡണ്ടു് അന്നു് നിഷ്ക്കഷ്ടയായ ശട്ടംകെട്ടുകഠം ചെയ്തിരുന്നുവെന്നു് സമ്മതിക്കണം. ബുക്കനൊന്നൊ ന്നിച്ചാണ് അബ്രാഹം ലിങ്കൺ സ്ഥാനാരോഹണകർമ്മത്തിന്നായി പുറപ്പെട്ടതു്. അവർ കയറിയിരുന്ന വണ്ടിക്കു ചുററം പട്ടാളത്തി ൻെറ ശക്തിയായ കാവലുണ്ടായിരുന്നു. വണ്ടിയിലേയ്ക്കു് അടുത്തു നിന്നെങ്ങും ആരും വെടിവെയ്ക്കാതിരിക്കത്തക്കവണ്ണം, പട്ടാളം അ ടുത്തുള്ള പരപ്പിലാണ് നിന്നിരുന്നതു്. സഭാമന്ദിരത്തിലെത്തിയ ഉട നെ പുതിയ പ്രസിഡണ്ടു് പ്രസംഗവേദിയിലേയ്ക്കു് പ്രവേശിച്ചു. പ്രസംഗം തുടങ്ങുംമുമ്പു് തൻെറ തൊപ്പി വല്ലേടത്തുമൊന്നു തൂക്കി യിടാൻ തരമുണ്ടോ എന്നു് അബ്രാഹം ലിങ്കൺ ചുററിലും നോക്കുക യും, "ഇവിടെ ഇതു് തൂക്കുന്നതിന്നുള്ള ആണിയൊന്നുമില്ലേ" എന്നു് ഫലിതരൂപത്തിൽ ചോദിക്കുകയുംചെയ്തു. "എനിക്കു് പ്രസിഡ ണ്ടാവാൻ യോഗമില്ലെങ്കിൽ, പ്രസിഡണ്ടിൻെറ തൊപ്പി വഹിക്കുക യെങ്കിലും ചെയ്യട്ടെ" എന്നു പറഞ്ഞു് അപ്പോഠം ഒരു മനുഷ്യൻ മുന്നോട്ടുവന്നു. ആരാണ് ലിങ്കനെ സഹായിക്കുവാനെത്തിയ രസി കൻ? ഹാ! നമ്മുടെ സ്റ്റീഫൻ ഡഗ്ലസ് തന്നെ,—ലിങ്കൻെറ പഴയ എതിരാളി! പ്രസിഡണ്ടിൻെറ തൊപ്പിയും, ചൂരൽവടിയും ഡഗ്ലസ്

കൈവശം സൂക്ഷിച്ചു. ഇവിടംമുതൽ ആ രാഷ്ട്രീയനേതാവ് അബ്രഹാം ലിങ്കൻെറ ഉററമിത്രമായിത്തീരുകയാണ്!

പുതിയ പ്രസിഡണ്ട് സുദൃഢവും സൗഹൃദവുമായ സ്വരത്തിൽ തൻെറ ഉൽഘാടനപ്രസംഗം ആരംഭിച്ചു. ആദ്യംതന്നെ, തെക്കരുടെ മനോഭീതി മാററുവാൻ പററിയ ചില കാര്യങ്ങളാണ് ലിങ്കൺ പരാമർശിച്ചതു്. അദ്ദേഹം പറഞ്ഞു: "റിപ്പബ്ലിക്കൻകക്ഷി ഭരണാധികാരം കൈയേല്ക്കുന്നതുകൊണ്ട് തങ്ങളുടെ സ്വത്തും ജീവിതഭദ്രതയും സമാധാനവുമെല്ലാം അപകടത്തിലാകുമെന്നു് തെക്കൻ സംസ്ഥാനങ്ങളിൽപ്പെട്ട ജനങ്ങളുടെയിടയിൽ ഒരു ഭീതിയുളവായിട്ടുണ്ടെന്നു് തോന്നുന്നു. അമ്മാതിരി ശങ്കയ്ക്കു് യാതൊരു കാരണവും വാസ്തവത്തിൽ ഉണ്ടായിട്ടില്ല; നേരേമറിച്ചു് അത്തരം ആശങ്കയ്ക്കവകാശമില്ലെന്നു കാണിക്കുന്ന തെളിവുകൾ ധാരാളമുണ്ടുതാനും. ഈ ഞാൻ തന്നെ പറഞ്ഞിട്ടുണ്ട്, അടിമത്തം നിലവിലിരിക്കുന്ന സംസ്ഥാനങ്ങളിലെ പാരമ്പര്യത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഇടപെടാൻ എനിക്കുദ്ദേശമില്ലെന്നു്. പോരെങ്കിൽ, യൂണിയനിൽപ്പെട്ട ഓരോ സംസ്ഥാനത്തിൻേറയും ആഭ്യന്തരാവകാശങ്ങളെ ആദരിച്ചുകൊണ്ട് റിപ്പബ്ലിക്കൻകക്ഷി അസന്നിഗ്ദ്ധമായ ഭാഷയിൽ ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. (പ്രമേയം വായിച്ചു). ഇതിൽ നിന്നെല്ലാം നിസ്തർക്കമായി തെളിയുന്നതു്, പുതിയ ഗവമ്മെണ്ടിൻെറ ആഗമം മൂലം ആരുടേയും സ്വത്തിന്നും ജീവിതഭദ്രതയ്ക്കും യാതൊരു ഹാനിയും ഉണ്ടാവാൻ പോകുന്നില്ലെന്നാണ്."

പ്രതിയോഗികളുടെ മനശ്ശാന്തിക്കുവേണ്ടി ഇത്രയും വസ്തുതകൾ ചൂണ്ടിക്കാണിച്ചശേഷം, അബ്രഹാം ലിങ്കൺ പടിപടിയായി മററു കാര്യങ്ങളിലേയ്ക്കു കടന്നു. യൂണിയൻ അഭംഗമാണെന്നും, അതിൽനിന്നു് ഏതെങ്കിലും സംസ്ഥാനങ്ങൾ പിരിഞ്ഞുപോവുക മൗലികമായിത്തന്നെ അസാദ്ധ്യമാണെന്നുമുള്ള വാദമാണ് അദ്ദേഹം പിന്നെ മുഖ്യമായി ഉന്നയിച്ചതു്. ലിങ്കൺ തുടന്നു: "സംസ്ഥാനങ്ങൾ ഒന്നുചേന്നുണ്ടായിരിക്കുന്ന ഈ യൂണിയൻ ശാശ്വതമായിട്ടു

ള്ളതാണ്. ശാശ്വതത്വം എന്ന അവസ്ഥ എല്ലാ ദേശീയഗവമ്മെണ്ടുകൾക്കും അനുകൂലസിദ്ധമായിട്ടുള്ളതത്രെ. സ്വയം സമാപ്തീകരിക്കാനുള്ള വ്യവസ്ഥയോടുകൂടിയുണ്ടോ, ഒരു ഗവമ്മെണ്ടുണ്ടാകുന്നു? നമ്മുടെ ഐക്യസംസ്ഥാനങ്ങൾ ശരിയായ ഒരു ഗവമ്മെണ്ടല്ലെന്നും, അതു് ഒരു ഉടമ്പടിപ്രകാരം സംസ്ഥാനങ്ങൾ കൂടിച്ചേർന്നുണ്ടാക്കിയ ഒരു സമിതി മാത്രമാണെന്നും വാദത്തിനുവേണ്ടി സങ്കല്പിക്കുക. എന്നാലും, ഉടമ്പടിയിൽപ്പെട്ട എല്ലാ കക്ഷികളും ചേരാതെ ആ ഉടമ്പടി എങ്ങനെ സമാപ്തീകരിക്കാൻ സാധിക്കും? ഉടമ്പടിയിൽപ്പെട്ട ഒരു കക്ഷി അതിനെ ലംഘിക്കുകയോ ഭഞ്ജിക്കുകയോ ചെയ്യാൻ ഒരുമ്പെട്ടെന്നുവരാം. പക്ഷേ, എല്ലാ കക്ഷികളും യോജിച്ചെങ്കിൽ മാത്രമേ, ആ ഉടമ്പടി നിയമാനുസൃതമായി റദ്ദാക്കാൻ സാധിക്കുകയുള്ളു."

അദ്ദേഹം വീണ്ടും പറഞ്ഞു: "യൂണിയനിൽപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ വേർപിരിയുക പ്രകൃത്യാതന്നെ സാദ്ധ്യമല്ല. ഭാര്യാഭർത്താക്കന്മാർ വിവാഹമോചനംമൂലം തമ്മിൽ പിരിഞ്ഞു് വല്ലേടങ്ങളിലും പോയി മറഞ്ഞെന്നുവരാം. എന്നാൽ നമ്മുടെ രാജ്യത്തിൻെറ വിവിധഘടകങ്ങൾ തമ്മിൽ പിരിഞ്ഞിട്ടു എവിടെപ്പോകാനാണു്? മൈത്രിയിലായാലും, ശത്രുതയിലായാലും അവ വീണ്ടും അഭിമുഖമായിത്തന്നെ നിലകൊള്ളുകയേ നിവൃത്തിയുള്ളു. ഒന്നിച്ചുനിന്നിട്ടെന്നതിനേക്കാൾ ഭിന്നിച്ചുനിന്നിട്ടു്, കൂടുതൽ ഗുണകരവും തൃപ്തികരവുമായ ഒരു നില വരുത്താൻ നമുക്കു സാധിക്കുമോ? നമ്മുടെ സംസ്ഥാനങ്ങൾ പരസ്പരം യുദ്ധം തുടങ്ങിയെന്നു വിചാരിക്കുക. എന്നും അങ്ങനെ യുദ്ധംചെയ്തു നില്ക്കാനും സാദ്ധ്യമല്ല. ഒടുവിൽ ഇരുപക്ഷക്കാരും വലിയ നഷ്ടത്തോടും ലാഭം അശേഷമില്ലാതെയും യുദ്ധം നിർത്തേണ്ടിവരും. അപ്പോഴും നമുക്കു് മേലാൽ ഒന്നിച്ചുകഴിയാനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയും പാലിക്കുകയും ചെയ്യേണ്ട ആവശ്യം നേരിടുന്നു."

ഭിന്നതയുടേയും കലഹത്തിൻേറയും ദോഷങ്ങളും യുക്തിഭംഗങ്ങളും ഇങ്ങനെ ശാന്തമായി ചൂണ്ടിക്കാണിച്ചശേഷം അബ്രാഹം

ലിങ്കൺ തെക്കരുടെ യുദ്ധഭീഷണിയേയാണ് സ്പർശിച്ചതു്. ആ ഭീഷണിക്കു് അദ്ദേഹം നല്കിയ സമുചിതമായ മറുപടി കേട്ടാലും: "കുടിപ്പടയേപ്പററി പറയുകയാണെങ്കിൽ, ആ കനപ്പെട്ട കാര്യം എൻെറ കൈയിലല്ല, അതൃപ്തരായിത്തീന്നിരിക്കുന്ന സഹപൗരന്മാരേ, അതു് നിങ്ങളുടെ കൈയിലാണിരിക്കുന്നതു്. ഗവമ്മെണ്ടു് നിങ്ങളെ ആക്രമിക്കുകയില്ല; നിങ്ങാംതന്നെ ആക്രമണകാരികളായിത്തീരാത്ത പക്ഷം ഇവിടെ സംഘട്ടനമൊന്നും ഉണ്ടാവാൻ പോകുന്നുമില്ല. ഗവമ്മെണ്ടിനെ നശിപ്പിച്ചുകൊള്ളാമെന്നു് നിങ്ങളാരെങ്കിലും സ്വർഗ്ഗത്തെ സാക്ഷിയാക്കി പ്രതിജ്ഞ ചെയ്തിട്ടുണ്ടോ? ഇല്ല. എന്നാൽ ഞാൻ ഗവമ്മെണ്ടിനെ 'നിലനിത്തുകയും, പരിരക്ഷിക്കുകയും, പ്രതിരോധിക്കുകയും' ചെയ്തുകൊള്ളാമെന്നു് സ്വർഗ്ഗത്തെ സാക്ഷിയാക്കി ഇപ്പോഠം പ്രതിജ്ഞചെയ്യാൻ പോകയാണു്."

ലിങ്കൻെറ സ്വരം പിന്നെയും ശാന്തമായി. അദ്ദേഹം പറഞ്ഞു: "ഞാൻ എൻെറ വാക്കുകഠം അവസാനിപ്പിക്കുന്നു. നാം അന്യരോ ശത്രുക്കളോ അല്ല; ആവുകയുമരുതു്. നാം ഒരേ നാട്ടുകാരും സഹോദരന്മാരുമാകുന്നു. വികാരങ്ങാം നമ്മുടെ സ്നേഹബന്ധങ്ങളിന്മേൽ എത്ര കഠിനമായ സമ്മർദ്ദമേല്പിച്ചിരുന്നാലും ശരി, ആ സ്നേഹബന്ധങ്ങാം പൊട്ടിപ്പോകരുതു്; പൊട്ടിപ്പോകയില്ലെന്നു് ഞാൻ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു."

പ്രസംഗം അവസാനിച്ചതോടെ ചീഫ് ജസ്റ്റിസ് മുന്നോട്ടു ചെന്നു് അബ്രാഹം ലിങ്കൻെറ കൈയിലേയ്ക്കു് ബൈബിഠം നീട്ടിക്കൊടുക്കുകയും, അദ്ദേഹം അതു് ഭക്തിപൂർവ്വം പിടിച്ചു് സത്യവാചകം ചൊല്ലി പ്രസിഡണ്ടുസ്ഥാനം ഏറെറടുക്കുകയും ചെയ്തു. പ്രതിജ്ഞയുടെ പൂർണ്ണരൂപം ഇതാണു്: "ഐക്യസംസ്ഥാനങ്ങളുടെ പ്രസിഡണ്ടുദ്യോഗം ഞാൻ വിശ്വസ്തമായി നിർവ്വഹിച്ചുകൊള്ളാമെന്നും, എൻെറ ത്രാണിയുടെ പരമാവധിയിൽത്തന്നെ ഐക്യസംസ്ഥാനങ്ങളുടെ ഭരണഘടനയെ നിലനിത്തുകയും പരിരക്ഷിക്കുകയും പ്രതിരോധിക്കുകയും ചെയ്തുകൊള്ളാമെന്നും ഞാൻ ദൃഢമായി പ്രതിജ്ഞചെയ്യുന്നു."

അദ്ധ്യായം - 21

# ആപൽഘട്ടം

സ്വാതന്ത്ര്യത്തിൻേറയും ജനാധിപത്യത്തിൻേറയും സുന്ദരമായ അടിസ്ഥാനത്തിൽ പൂർവ്വികന്മാർ സ്ഥാപിച്ച യൂണിയനെ അഭംഗമായി പാലിക്കേണ്ടതു്, ജനകീയഭരണക്രമം ഭൂമുഖത്തു് നിലനിർത്താൻ ആവശ്യമാണെന്നു് ലിങ്കൺ വിശ്വസിച്ചു.

അബ്രാഹം ലിങ്കൻ ആശിച്ചതുപോലുള്ള സമാധാനബുദ്ധിയൊന്നും തെക്കർക്കുണ്ടായില്ല; യൂണിയൻ തകർക്കാൻതന്നെയായിരുന്നു അവരുടെ വട്ടം. ജെഫേഴ്സൺ ഡേവിസിനെ പ്രസിഡണ്ടാക്കിവെച്ചുകൊണ്ടു് തെക്കൻസംസ്ഥാനങ്ങൾ രൂപീകരിച്ച 'കോൺഫെഡറേയ്ററ്' ഗവൺമെണ്ടു് മുറയ്ക്കു പ്രവർത്തനം ആരംഭിച്ചു. വാഷിംഗ്ടണിൽ നിന്നു് ഏതാണ്ടു് നൂറുമൈൽ ദൂരത്തുള്ള റിച്ച്മൺഡ് എന്ന സ്ഥലത്തു് പുതിയ ഗവൺമെണ്ടിൻെറ തലസ്ഥാനം തുറന്നു. "മഹനീയമായ ഒരു ഭാവിയാണ് നമുക്കു കൈവന്നിരിക്കുന്നതു്" എന്നു് അവിടത്തെ പ്രസിഡണ്ടു് നാട്ടുകാർക്കു് ആഹ്വാനം നല്കി. തെക്കൻസംസ്ഥാനങ്ങളിൽ സൈന്യസജ്ജീകരണം ഊർജ്ജിതമായി നടക്കുന്നുണ്ടായിരുന്നു. 'ഫെഡറൽ' ഗവൺമെണ്ടിൻെറ കീഴിൽ സേവനം ചെയ്തിരുന്ന ദാക്ഷിണാത്യരായ സൈനികോദ്യോഗസ്ഥന്മാരും മററും പുതിയ 'കോൺഫെഡറേയ്ററ്' ഗവൺമെണ്ടിനെ സേവിക്കാൻ രാജിവെച്ചിറങ്ങുന്നതിനു ബദ്ധപ്പെടുകയായി. വാഷിംഗ്ടണിൽ ചാരന്മാരുടെ വരവും പോക്കും വർദ്ധിച്ചു. ആകപ്പാടെ നാട്ടിലുടനീളം ഭിന്നതയുടേയും വിപ്ലവത്തിൻേറയും വിളയാട്ടം തന്നെ!

സ്ഥാനാരോഹണം കഴിഞ്ഞ ഉടനെ അബ്രാഹം ലിങ്കൺ

കാബിനെററിലെ അംഗങ്ങളെ തിരിഞ്ഞെടുത്തു. വിവിധസംസ്ഥാനങ്ങൾക്ക പാട്ടുള്ളത്ര പ്രാതിനിധ്യം ഉണ്ടായിരിക്കത്തക്കവണ്ണവും, എന്നാൽ കായ്യക്ഷമതയ്ക്കു ഹാനിതട്ടാത്തവിധത്തിലുമാണ് അദ്ദേഹം ആ നിയമനങ്ങൾ നടത്തിയതു്. പ്രസിഡണ്ടുതിരിഞ്ഞെടുപ്പിൽവെച്ചു് ഇച്ഛാഭംഗം നേരിട്ടിരുന്ന വില്യം സീവാർഡ്, സാലമോൺ ചെയിസ്, കാമറോൺ എന്നിവരെ കാബിനെററിൽ ഉൾപ്പെടുത്താൻ ലിങ്കൺ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. സ്റ്റേയ്ററ് സിക്രട്ടറിയായി അദ്ദേഹം വില്യം സീവാർഡിനേത്തന്നെ നിയമിച്ചു. കാബിനെററമെമ്പർമാരിൽ ഓരോരുത്തരുടേയും പോക്കു് ലിങ്കൺ ആദ്യമേ ശ്രദ്ധിച്ചുമനസ്സിലാക്കി. സാലമോൺ ചെയിസ് തരം കിട്ടിയാൽ പ്രസിഡണ്ടിൻെറ കഴിവുകളെ കെടുത്തിപ്പറയുന്ന പ്രകൃതിക്കാരനായിരുന്നു; സ്റ്റാൻടൺ എന്നു പേരായ മറെറാരു സിക്രട്ടറി വല്ലാത്ത ശുണ്ഠിക്കാരനും. സ്റ്റേയ്ററ് സിക്രട്ടറി സ്ഥാനം കിട്ടിയ ഉടനെ വില്യം സീവാർഡ് ചില അധികാരങ്ങൾ അനഹ്മായി കൈയടക്കിവെയ്ക്കാൻ തുനിഞ്ഞെങ്കിലും, അതിൽവെച്ചു് പ്രസിഡണ്ടിൻെറ ഉൾക്കട്ടി മനസ്സിലാക്കാനിടവന്നതിനാൽ, പിന്നീടു് എത്രയും വിനീതനും വിശ്വസ്തനുമായിട്ടാണു വത്തിച്ചതു്. ആയിടെ അദ്ദേഹം എഴുതിയ ഒരു കത്തിൽ ലിങ്കനേപ്പററി ഇങ്ങനെ പ്രസ്താവിച്ചിരുന്നു: "കായ്യനിവ്വഹണത്തിനുള്ള ചുറക്കും ചാതുയ്യവും ഒരു പ്രത്യേക ഗുണമത്രെ. അക്കായ്യത്തിൽ ഞങ്ങളുടെ കൂട്ടത്തിൽ ഏററവും സമത്ഥൻ പ്രസിഡണ്ടുതന്നെയാണ്."

രാജ്യത്തിനു നേരിട്ടിരിക്കുന്ന ആപത്തിൻെറ ഗൗരവം അബ്രാഹം ലിങ്കൺ ശരിയായിത്തന്നെ മനസ്സിലാക്കി. കുടിപ്പടമൂലം നാടിനുണ്ടാകാവുന്ന കെടുതികൾ അദ്ദേഹത്തിനു് നല്ലവണ്ണം അറിയാമായിരുന്നു. ഏതെങ്കിലും മാഗ്ഗമുണ്ടെങ്കിൽ യുദ്ധംകൂടാതെ കഴിക്കുവാനായിരുന്നു ലിങ്കൻെറ ശ്രമം. അഥവാ യുദ്ധം ഒഴിച്ചുകൂടെന്നു വന്നാൽത്തന്നെയും, ആദ്യത്തെ ആക്രമണം യൂണിയൻെറ പക്ഷത്തു നിന്നാവരുതെന്നു് അദ്ദേഹത്തിനു് നിബ്ബന്ധമുണ്ടായിരുന്നു. എന്നാൽ എതിർകക്ഷി മോഹിച്ചതു് ആദ്യത്തെ വെടി തങ്ങളുടെ വ

കയ്യാവണമെന്നത്രെ. അങ്ങനെ ആദ്യത്തെ വെടി തെക്കർതന്നെ പൊട്ടിച്ചു. സൗത്ത് കരോളിനായിലെ സംപ്ററർകോട്ടയുടെ നേക്കായിരുന്നു ആ വെടിവെയ്പ്പ്. സമുദ്രതീരത്തുള്ള അത്തരം കോട്ടകൾ കേന്ദ്രഗവൺമെണ്ടിന്റെ നേരിട്ടുള്ള ഭരണത്തിലും സംരക്ഷണത്തിലുമാകുന്നു. അങ്ങനെയുള്ള ഒരു കോട്ടയെ ആക്രമിക്കുകയെന്നു വെച്ചാൽ, കേന്ദ്രഗവൺമെണ്ടിന്റെ നേക്ക് യുദ്ധത്തിനിറങ്ങുന്നുവെന്നാണ് അർത്ഥം. 1861 ഏപ്രിൽ 12-ാംനു- വെളുപ്പിനു നാലരമണിക്കു്, ഒരു മണിക്കൂർ നേരത്തെ മുന്നറിവുമാത്രം കൊടുത്തുകൊണ്ടായിരുന്നു തെക്കൻസൈന്യം സംപ്ററർകോട്ടയെ ആക്രമിച്ചതു്. മേജർ ആൻഡേഴ്സൺ ആയിരുന്നു ആ കോട്ടയിലെ സേനാനായകൻ. അദ്ദേഹത്തിന്റെ കീഴിൽ ഒരു ചെറിയ പട്ടാളംമാത്രമേ അവിടെയുണ്ടായിരുന്നുള്ളു; ഉള്ളവർക്കുതന്നെ വേണ്ടത്ര ആയുധങ്ങളും ആഹാരസാധനങ്ങളും ഇല്ലായിരുന്നുതാനും. കോട്ടയുടെ സംരക്ഷണത്തിന്നാവശ്യമായ ഏർപ്പാടുകൾ ചെയ്യണമെന്നു് മേജർ ആൻഡേഴ്സൺ സ്ഥാനമൊഴിഞ്ഞ പ്രസിഡണ്ടിനു് നേരത്തേ എഴുതിയിരുന്നു. എന്നാൽ ബുക്കാനാൻ അക്കാര്യം പരിഗണിച്ചതേയില്ല. ഒടുവിൽ അബ്രാഹം ലിങ്കൺ വസ്തുത മനസ്സിലാക്കി ആ കോട്ടയിലേയ്ക്കു് കുറേ ഭക്ഷണസാധനങ്ങൾ അയപ്പിച്ചുവെങ്കിലും, അവ അവിടെ എത്തുംമുമ്പുതന്നെ തെക്കരുടെ ആക്രമണം നടന്നുകഴിഞ്ഞു.

ഏപ്രിൽ 12-ാംനു-വെളുപ്പിനു് ആരംഭിച്ച ആ വെടിവെയ്പ്പ് മുപ്പത്തിമൂന്നു മണിക്കൂറോളം നീണ്ടുനിന്നു. ഏപ്രിൽ 14-ാംനു- ഞായറാഴ്ച മേജർ ആൻഡേഴ്സനും കൂട്ടരും കോട്ടയിലെ കൊടിമരത്തിൽനിന്നു് ദേശീയപതാക താഴെയിറക്കി, ഒരു കപ്പലിൽ കയറി ന്യൂയോർക്കിലേയ്ക്കു് പലായനം ചെയ്തു. തെക്കൻസൈന്യം കോട്ടയിൽക്കടന്നു് കോൺഫെഡറേയ്റ്റു് ഗവൺമെണ്ടിന്റെ പുതിയ പതാക നാട്ടി. ആദ്യത്തെ വെടി തങ്ങൾതന്നെ പൊട്ടിച്ചതിനേപ്പററി തെക്കർ അഭിമാനം കൊള്ളുകയായി. അവിവേകത്തിന്റെ ആ വെടിവെയ്പ്പ് രാജ്യത്തെ എത്രയോ വലിയ അപകടത്തിലേയ്ക്കാ

ണ് ചാടിക്കുകയെന്ന് അവർ അപ്പോഴും ഓർത്തില്ല. നാലു വത്സരം നീണ്ടുപിടിച്ച ഭയങ്കരമായ ഒരു കുടിപ്പകയുടെ ഉൽഘാടനമാണ് സംപററ്ർ കോട്ടയിൽവെച്ച് അവർ നിർവ്വഹിച്ചതു്. 1861 ഏപ്രിൽ 14-ാംനു- മേജർ ആൻഡേഴ്സൺ ഇറക്കിക്കൊണ്ടുപോയ ആ ദേശീയപതാകയില്ലേ, അതു് 1865 ഏപ്രിൽ 14-ാംനു- അദ്ദേഹം അതേ കോട്ടയിൽത്തന്നെ വീണ്ടും സ്ഥാപിച്ചു. പക്ഷേ, അതിനകം കടന്നുപോയ നാലു വത്സരങ്ങളിലെ യാതനകളും വിനകളും എന്തായിരുന്നെന്നോ!

"നമ്മൾ ശത്രുക്കളല്ല, സഹോദരങ്ങളാണ്'' എന്ന ആഹ്വാനത്തെ അവഗണിച്ച് തെക്കർ പെട്ടെന്ന് സമരത്തിനു പുറപ്പെട്ടപ്പോൾ യൂണിയൻെറ രക്ഷയ്ക്കുവേണ്ടി അബ്രാഹം ലിങ്കനും സമരത്തേത്തന്നെ ശരണം ഗമിക്കേണ്ടതായിവന്നു. തെക്കർ യുദ്ധത്തിനു നന്നായൊരുങ്ങിത്തന്നെയാണ് നിന്നിരുന്നതെന്നു് നാം കണ്ടു. എന്നാൽ കേന്ദ്രത്തിലെ സ്ഥിതി അതായിരുന്നില്ല. വേണ്ടത്ര സൈന്യങ്ങളോ, സൈന്യാധിപന്മാരോ, പടക്കോപ്പുകളോ, പണമോ ഇല്ലാത്ത ഒരവസ്ഥയിലാണ് പാവപ്പെട്ട ലിങ്കൺ ആ യുദ്ധത്തെ നേരിടേണ്ടിവന്നതു്. തെക്കർ സംപ്ററർകോട്ട കൈവശപ്പെടുത്തിയ ഞായറാഴ്ച വാഷിംഗ്ടണിൽ ഒരു കാബിനെററ്യോഗം കൂട്ടുകയും, സൈനികസേവനത്തിന് പൗരന്മാരെ ക്ഷണിച്ചുകൊണ്ടു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. മൂന്നുകൊല്ലത്തെ സ്ഥിരംജോലിക്ക് 65,000 പേരേയും, മൂന്നുമാസത്തെ താല്ക്കാലികസേവനത്തിനു് 75,000 പേരേയും ആവശ്യമുണ്ടെന്നായിരുന്നു വിളംബരം. അന്ന വൈകുന്നേരം സ്റ്റീഫൻ ഡഗ്ലസ് വൈററ്ഹൗസിൽച്ചെന്നു് അബ്രാഹം ലിങ്കനെ സന്ദർശിച്ച്, സമരത്തിൽ കഴിവുള്ള സഹായങ്ങളെല്ലാം നല്കാമെന്ന് വാക്കുകൊടുത്തു. രാജ്യത്തിൻെറ ഒരു ആപത്സന്ധിയിൽ ഡഗ്ലസ് കാണിച്ച ആ സഹകരണസന്നദ്ധത അബ്രാഹം ലിങ്കന് എത്രമാത്രം ആശ്വാസപ്രദമായിരുന്നെന്നോ? അവർ രണ്ടുപേരുമൊന്നിച്ച് രാഷ്ട്രീയസ്ഥിതിഗതികളെപ്പററി വളരെ നേരം ആലോചിച്ചു. ഡഗ്ലസ്സിൻെറ സഹായവാ

ശാനം ആത്മാൎത്ഥമായിരുന്നുവെന്നതിനു് സംശയമില്ല. അദ്ദേഹം പിറേറദിവസം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ ഒരു കുറിപ്പിൽ, യൂണിയന്റെ പരിരക്ഷയ്ക്കും നിലനില്പിന്നുംവേണ്ടി പ്രസിഡണ്ടു് നടത്തേണ്ടിവന്നിരിക്കുന്ന സമരത്തിൽ രാജ്യസ്നേഹികളെല്ലാവരും സഹായിക്കണമെന്നു് അഭ്യൎത്ഥിച്ചിരുന്നു. പക്ഷേ, ആ മനുഷ്യൻ ഏതാനും മാസങ്ങൾക്കുള്ളിൽ മരിച്ചുപോയതിനാൽ, കാൎയ്യമായൊന്നും തുടൎന്നു പ്രവൎത്തിക്കാൻ അദ്ദേഹത്തിന്നിടവന്നില്ല.

ഗവൺമെണ്ടുവിളംബരം അനുസരിച്ചു് പൗരസേനയിലേയ്ക്കു് പലേടത്തുനിന്നും ആളുകൾ പുറപ്പെട്ടുതുടങ്ങി. അബ്രഹാം ലിങ്കൺ അപ്പോഴും സമരത്തേക്കുറിച്ചെന്നതിനേക്കാൾ, സമാധാനത്തേക്കുറിച്ചാണു് ചിന്തിച്ചുകൊണ്ടിരുന്നതു്. ന്യായമായ ഏതെങ്കിലും ഒരു സന്ധിക്കു് മാൎഗ്ഗമുണ്ടായെങ്കിൽ, അദ്ദേഹം അതു് നിശ്ചയമായും സ്വാഗതംചെയ്യുമായിരുന്നു. യൂണിയനെ രണ്ടായി വിഭജിക്കുന്ന പക്ഷം സമാധാനമാവാമെന്നും പറഞ്ഞു് തെക്കരുടെ രണ്ടു പ്രതിനിധികൾ വാഷിംഗ്ടണിൽ ചെന്നിരുന്നുവത്രെ. വിയോജനം എന്നതു് ലിങ്കനു് വിഭാവനം ചെയ്യാൻപോലും കഴിയാത്ത കാൎയ്യമാണല്ലൊ. സ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യത്തിന്റേയും സുന്ദരമായ അടിസ്ഥാനത്തിൽ പൂൎവ്വികന്മാർ സ്ഥാപിച്ച യൂണിയനെ അഭംഗമായി പാലിക്കേണ്ടതു്, ജനകീയഭരണക്രമം ഭൂമുഖത്തു നിലനിൽത്താൻതന്നെ ആവശ്യമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. വിയോജനവ്യവസ്ഥയുംകൊണ്ടു് സന്ധിയാലോചിക്കാൻ ചെന്ന മേല്പറഞ്ഞ പ്രതിനിധികളുമായി സംസാരിച്ചു തെറേറണ്ടെന്നു കരുതിയാവാം, അദ്ദേഹം അവൎക്കു് സന്ദൎശനം അനുവദിച്ചില്ല. സ്ഥാനാരോഹണാവസരത്തിൽ താൻ ചെയ്ത പ്രസംഗത്തിന്റെ ഓരോ കോപ്പി കൊടുത്തു് അവരെ സൗമ്യമായി പറഞ്ഞയക്കുവാനാണു് ലിങ്കൺ ഏൎപ്പാടുചെയ്തതു്.

അദ്ധ്യായം - 22

# സമരഗതി

വാൾട്ട് വിററ് മാൻ എന്ന അമേരിക്കൻ കവി പറയുന്നു: "..അബ്രഹാം ലിങ്കൺ കാണിച്ച സഹനശക്തി ഒന്നു മാത്രം മതി, ലോകചരിത്രത്തിലെ സ്മരണീയ മഹാപുരുഷന്മാരിൽ ഒരുവനായി അദ്ദേഹത്തെ പ്രതിഷ്ഠിക്കുവാൻ."

യുദ്ധത്തിൽ രണ്ടു പക്ഷക്കാരുടേയും സ്ഥിതിയെന്തായിരുന്നു? ആളും അത്ഥവും നോക്കിയാൽ, മെച്ചം വടക്കക്കാവാനായിരുന്നു ന്യായം. വടക്കൻ സംസ്ഥാനങ്ങളിൽ വെള്ളക്കാരുടെ എണ്ണം 216 ലക്ഷം വരും; മൂന്നുലക്ഷം നീഗ്രോക്കളും. തെക്കൻസംസ്ഥാനങ്ങളിൽ വെള്ളക്കാരുടെ സംഖ്യ 51-ലക്ഷം മാത്രമാണ്; അടിമകളാകട്ടെ, 35-ലക്ഷവും. വെള്ളക്കാരുടെ സംഖ്യയെ സംബന്ധിച്ചേടത്തോളം, വടക്കക്ക് തെക്കരേക്കാൾ നാലിരട്ടി കരുത്തുണ്ടായിരുന്നുവെന്നു സ്പഷ്ടമായല്ലൊ. വ്യവസായവാണിജ്യങ്ങൾ മൂലം ധനശക്തിയിലും മികച്ചുനിന്നിരുന്നതു് വടക്കരാണ്. തെക്കരുടെ കയററുമതിയും, ഇറക്കുമതിയും കടൽമാർഗ്ഗേണ യഥേഷ്ടം നിരോധിക്കാനുള്ള കഴിവും വടക്കക്കുണ്ടായിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും, യുദ്ധത്തിൽ തെക്കരുടെ കൈയാണ് കയറിക്കണ്ടതു്. ഭരണാധികാരം കൈയടക്കി വെച്ചിരുന്ന തെക്കർ, ആ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നേരത്തേ സമരത്തിനൊരുങ്ങിയിരുന്നുവെന്നതാണ് വാസ്തവം. ഫെഡറൽ ഗവമ്മെണ്ടിൻെറ കീഴിൽ സൈനികോദ്യോഗം വഹിച്ചിരുന്ന മിടുമിടുക്കന്മാരായ ചിലരുടെ സേവനം, വിയോജനം മൂലം തങ്ങളുടെ പക്ഷത്തേയ്ക്കു ലഭിച്ചതും തെക്കക്ക് വലിയ നേട്ടമായി.

യുദ്ധനടത്തിപ്പിന്റെലേയ്ക്കു് നേരിട്ടു പ്രവേശിച്ചപ്പോഴാണു് അബ്രാഹം ലിങ്കനു് വൈഷമ്യം മനസ്സിലായതു്. വിളംബരം അനുസരിച്ചു് സൈന്യസേവനത്തിനായി വടക്കൻസംസ്ഥാനങ്ങളിൽനിന്നു് ആളുകൾ ആയിരക്കണക്കിനു പ്രവഹിച്ചുകൊണ്ടിരുന്നുവെന്നതു് ശരി. പക്ഷേ അവരിൽ മിക്കപേരും വേണ്ടത്ര ശിക്ഷണം സിദ്ധിച്ചവരായിരുന്നില്ല. കാര്യത്തിന്റെ ഗൗരവം ശരിയ്ക്കു മനസ്സിലാക്കിയിട്ടുള്ളവരും ചുരുക്കമായിരുന്നു. തെക്കർ ഉറച്ചുനിന്നു് മുറയ്ക്കൊരു യുദ്ധം നടത്താൻ ഒരുങ്ങിയിട്ടില്ലെന്നായിരുന്നു അവരിൽ പലരുടേയും ധാരണ. അതിനാൽ വടക്കൻപൗരസേനകളുടെ പടപ്പുറപ്പാടുതന്നെ, പാട്ടുംപാടി ഒരുമാതിരി വിനോദമട്ടിലായിരുന്നു. ഭടന്മാരെ നിയന്ത്രിച്ചു് യുദ്ധം വേണ്ടവിധം നയിക്കാൻ പററിയ സൈന്യാധിപന്മാരില്ലാതെവന്നതും ഗവമ്മെണ്ടുപക്ഷത്തിനു് വലിയ കോട്ടമായി. സർവ്വസൈന്യാധിപസ്ഥാനം വഹിച്ചിരുന്ന ജനറൽ സ്കോട്ടിനാണെങ്കിൽ, വയസ്സു് എഴുപതു കഴിഞ്ഞിരുന്നു. യൂണിയനോടു നല്ല കൂറും ഭക്തിയുമുള്ള കൂട്ടത്തിലാണെങ്കിലും, പ്രായത്തിന്റെ ഭാരം താങ്ങാൻ അദ്ദേഹം ആളായില്ല. ചിലപ്പോൾ മൂപ്പരെ കിടക്കയിൽനിന്നു് എഴുന്നേല്പിക്കാൻതന്നെ വലിയ പ്രയാസം നേരിട്ടിരുന്നുവത്രെ.

കിഴക്കേ വിർജീനിയാക്കാരനായ റോബട്ടു് ലീ എന്നു പേരുള്ള സമത്ഥനായ ഉദ്യോഗസ്ഥൻ ഫെഡറൽസൈന്യത്തിലുണ്ടായിരുന്നു. വാഷിംഗ്ടന്റെ കാലം മുതല്ക്കേ പ്രശസ്തവും വിശ്വസ്തവുമായ സേവനപാരമ്പര്യം ആർജ്ജിച്ചിട്ടുള്ള ഒരു കുടുംബത്തിൽപ്പെട്ട നല്ലൊരു രണശൂരനായിരുന്നു റോബട്ടു് ലീ. അദ്ദേഹത്തെ സർവ്വസൈന്യാധിപനായി നിയമിച്ചാൽ കാര്യങ്ങൾ ശരിപ്പെട്ടുത്താമെന്നു് അബ്രാഹം ലിങ്കൺ ആശിച്ചു. പക്ഷേ, തെക്കൻസംസ്ഥാനക്കാരനായ ആ പടനായകൻ ഉദ്യോഗം രാജിവെച്ചു് സ്വന്തം നാട്ടുകാരെ സഹായിക്കാനാണു് ഒരുമ്പെട്ടതു്. അദ്ദേഹം അബ്രാഹം ലിങ്കനോടു് കാര്യം തുറന്നുപറഞ്ഞു: "സ്വജനങ്ങൾക്കെതിരായി യുദ്ധംചെയ്യാൻ എനിക്കു് സാദ്ധ്യമല്ല. അതുകൊണ്ടു് ഞാൻ

ചെന്നു് എന്റെ നാട്ടുകാരുടെ ക്ലേശങ്ങളിൽത്തന്നെ പങ്കുകൊള്ളാം.''—എതിർപക്ഷത്തെ സർവ്വസൈന്യാധിപനായിട്ടാണു് റോബട്ട് ലീ പിന്നെ രംഗപ്രവേശം ചെയ്തതു്.

1861 ജൂലായി 21-ാംനു- രണ്ടു കക്ഷികളും തമ്മിൽ ഏററുമുട്ടി, കാര്യമായിത്തന്നെ ഒരു യുദ്ധം നടന്നു. വാഷിംഗ്ടൺനഗരത്തിന്നടുത്തുള്ള ബുൾറൺ എന്ന ദിക്കിൽവെച്ചായിരുന്നു ആ സമരം. തെക്കൻസേനയുടെ രണപാടവം വടക്കർ മനസ്സിലാക്കിയതു് അന്നായിരുന്നു. പട കണ്ടു പരിചയമില്ലാത്ത വടക്കൻ പടയാളികൾ ആയുധങ്ങളും മററും പടക്കളത്തിൽ വലിച്ചെറിഞ്ഞുകൊണ്ടു് നാലുപാടും ഓട്ടം തുടങ്ങി. വിജയലഹരിപിടിച്ച തെക്കൻസൈന്യം അന്നുരാത്രി വാഷിംഗ്ടൺനഗരം ആക്രമിക്കുമെന്നു് ഒരു വർത്തമാനം പരന്നു. നഗരമാസകലം ഞെട്ടിഞ്ഞി. അബ്രാഹം ലിങ്കൺ ആ രാത്രിയുടെ യാമങ്ങളും നിമിഷങ്ങളും എണ്ണിയെണ്ണിക്കഴിച്ചുകൂട്ടിയെന്നേ പറയേണ്ടൂ. നഗരം അരക്ഷിതമാണെന്നും, തെക്കൻസൈന്യത്തെ തടുക്കുവാൻ പോരുന്ന സൈന്യങ്ങളോ സൈന്യനായകന്മാരോ തനിക്കില്ലെന്നും പ്രസിഡണ്ടിനു് നല്ലവണ്ണം അറിയാമായിരുന്നു. അബ്രാഹം ലിങ്കൺ അന്നു് അനുഭവിച്ച ആകുലതയെ വാൾട്ട് വിററ്മാൻ എന്ന അമേരിക്കൻകവി വർണ്ണിച്ചിരിക്കുന്നതു് ഇങ്ങനെയാണു്: ''മറെറന്തു സംഭവങ്ങൾ ലോകത്തിൽ പ്രത്യാഗമിച്ചാലും, അതുപോലെ ഇനി ഒരു രാത്രി ആഗമിക്കുകയില്ല. അബ്രാഹം ലിങ്കന്റെ ജീവിതത്തിൽ ചരിത്രകാരനു് രേഖപ്പെടുത്തുവാൻ മററു യാതൊരു സംഭവവും ഇല്ലെന്നിരിക്കട്ടെ, എന്നാലും ആ ഭീകരരാത്രിയിലെ നിമിഷങ്ങളെണ്ണിക്കഴിച്ചുകൂട്ടിയതിൽ അദ്ദേഹം കാണിച്ച സഹനശക്തി ഒന്നുമാത്രം മതി, ലോകചരിത്രത്തിലെ സ്മരണീയമഹാപുരുഷന്മാരിൽ ഒരുവനായി അദ്ദേഹത്തെ പ്രതിഷ്ഠിക്കുവാൻ.''

അബ്രാഹം ലിങ്കൺ ഒന്നോ രണ്ടോ ദിവസങ്ങളല്ല, നീണ്ട നാലു വത്സരങ്ങളാണു് ഇമ്മാതിരി ഉൽക്കണ്ഠയിൽ കഴിച്ചുകൂട്ടിയതെന്നു് നാം ഓർക്കണം. സൈന്യസേവനത്തിനെത്തിക്കൊണ്ടിരുന്നവക്കു്

വേണ്ടുന്ന പരിശീലനം നല്കി, അവരെ രാജ്യസംരക്ഷണത്തിനു് ഉപയോഗപ്പെടുത്താൻ കഴിവുള്ള പടനായകന്മാരില്ലാതിരുന്നതാണു് ഏററവും വലിയ വൈഷമ്യം. ഇടക്കാലത്തു് മക്ലെല്ലൻ എന്നു പേരായ ഒരു യുവസേനാനി വടക്കൻപക്ഷത്തു് ചില കൈവിരുതുകൾ കാണിച്ചുതുടങ്ങി. 'കൊച്ചു നെപ്പോളിയൻ' എന്നു പോലും പറയപ്പെട്ടിരുന്ന ആ പോരാളിയുടെ കരങ്ങളിലായി, കുറേക്കാലം വടക്കൻസേനകളുടെ നേതൃത്വം. അദ്ദേഹം മെരിലാൻഡിൽ ആൻടൈററാം എന്ന സ്ഥലത്തുവെച്ചു്, 1862 സെപ്തമ്പർ 17-ാംനു-, റോബട്ടു് ലീയുടെ നേതൃത്വത്തിലുള്ള തെക്കൻസേനയുടെ മുന്നേററം തടഞ്ഞു് നല്ലൊരു വിജയം നേടുകയുണ്ടായി. വടക്കൻസംസ്ഥാനങ്ങളിലേയ്ക്കു കടന്നു് ആക്രമണം നടത്തിക്കൊണ്ടിരുന്ന റോബട്ടുലീയും സൈന്യവും പിൻവാങ്ങാനിടവരുത്തിയ ആ വിജയം വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നു. പക്ഷേ, സമരതന്ത്രപരമായി അതിൻെറ പൂർണ്ണഫലം എടുക്കാൻ മക്ലെല്ലൻ ശ്രമിച്ചില്ല. തോററുപിന്മാറിയ റോബർട്ടു് ലീയുടെ സൈന്യത്തെ ഉടനടി അനുധാവനം ചെയ്തു് തെക്കൻസംസ്ഥാനങ്ങളെ ആക്രമിക്കേണ്ടതായിരുന്നു ആവശ്യം. മക്ലെല്ലൻെറ കീഴിൽ അപ്പോൾ നാല്പതിനായിരം ഭടന്മാരുണ്ടായിരുന്നുതാനും. അധികൃതന്മാരുടെ നിർദ്ദേശമൊന്നും വകവയ്ക്കാതെ, അദ്ദേഹം അപ്പോൾ വിശ്രമത്തിനായി പിൻവാങ്ങുകയാണുണ്ടായതു്.

മക്ലെല്ലൻെറ സ്വഭാവം സ്വല്പംകൂടി വ്യക്തമാക്കാം. പടയൊരുക്കാനും, പടയാളികളെ പരിശീലിപ്പിക്കാനും അദ്ദേഹം മിടുക്കനായിരുന്നു. പക്ഷെ, ഒരുക്കം കഴിഞ്ഞു് പടയ്ക്കിറങ്ങിക്കിട്ടാനായിരുന്നു ഞെരുക്കം. ഭടന്മാരുടെ എണ്ണം പോരാ, ഒരുക്കം മതിയായില്ല, കുതിരകൾക്കു് വിശ്രമം വേണം എന്നൊക്കെ ഓരോ ഒഴികഴിവു പറഞ്ഞു് പ്രവത്തനത്തിനുള്ള നല്ല നല്ല അവസരങ്ങൾ നഷ്ടപ്പെടുത്താൻ അദ്ദേഹത്തിനു് ഒരു മടിയും ഉണ്ടായിരുന്നില്ല. പോരെങ്കിൽ, മേലധികാരികളെ വകവയ്ക്കാത്ത ശീലവും അദ്ദേഹത്തിൽ മുന്തിനിന്നിരുന്നു. ഒരു ദൃഷ്ടാന്തം പറയാം: ഒരിക്കൽ പ്രസിഡണ്ടു് ചില അടിയന്തിരകാര്യങ്ങൾ ആലോചിക്കാനായി സ്റ്റേയ്ററ്സി

ക്രട്ടറിയൊന്നിച്ച് മക്ലെല്ലൻെറ പാളയത്തിൽ ചെന്നിരുന്നു. അയാഠം എവിടെയ്ക്കോ ഉല്ലാസത്തിനു പോയിരുന്ന നേരമായിരുന്നു അതു്. മടങ്ങിയെത്തിയപ്പോഠം അയാളുടെ ഭൃത്യൻ ഓടിച്ചെന്നു്, പ്രസിഡണ്ടും സ്റ്റേയ്ററ് സിക്രട്ടറിയും കാത്തിരിക്കയാണെന്നുള്ള വിവരം അറിയിച്ചു. "ഞാൻ ഉറങ്ങാൻ പോയെന്നു് പറഞ്ഞേക്കുക." —അതാണു് പ്രസിഡണ്ടിനോടു് ആ കീഴുദ്യോഗസ്ഥൻ കാണിച്ച ഉപചാരം! കാബിനെററംഗങ്ങളിൽ പലക്കും മക്ലെല്ലനെ വലിയ വെറുപ്പായിരുന്നു. ആ അധികപ്രസംഗിയെ പിടിച്ചു വെടിവെയ്ക്കണമെന്നുപോലും സാലമോൺ ചെയിസ് ഒരിക്കൽ പറയുകയുണ്ടായി. എന്നാൽ അബ്രാഹം ലിങ്കൻെറ ശ്രമം, ആ ധിക്കാരിയെ നന്നാക്കിയെടുത്തു് രാജ്യത്തിന്നുപകാരപ്പെടുത്തുവാനായിരുന്നു. "ഞാൻ വേണമെങ്കിൽ മക്ലെല്ലൻെറ കുതിരക്കാരനായി നിന്നുകൊള്ളാം; അയാഠം നമുക്കു് യുദ്ധത്തിൽ വിജയം നേടിത്തന്നെങ്കിൽ മതിയായിരുന്നു"—എന്നാണു് പ്രസിഡണ്ടു് ഒരിക്കൽ പറഞ്ഞതു്! മക്ലെല്ലൻ മുഖേന ആദ്യമുണ്ടായ വിജയം എങ്ങനെയോ ലിങ്കൻെറ മനസ്സിൽ നല്ലവണ്ണം പതിഞ്ഞിരുന്നു. വാസ്തവം പറഞ്ഞാൽ, ആ വിജയത്തിൻെറ വെളിച്ചത്തിലാണു് പ്രസിഡണ്ടു് ലിങ്കൺ അടിമത്തവിപാടനവിളംബരത്തിനു് ആദ്യമേ രൂപംകൊടുത്തതും. ആ ഭാഗം മറെറാരദ്ധ്യായത്തിൽ വിശദമാക്കാം.

യുദ്ധത്തിൽ തെക്കരുടെ കൈ വീണ്ടും വീണ്ടും കയറുകയായി. വടക്കക്കു് വിജയമരുളാൻപോരുന്ന സൈന്യാധിപന്മാരെ കിട്ടായ്കയും, കിട്ടിയ സൈന്യാധിപന്മാരുടെ കൊള്ളരുതായ്കയും ലിങ്കനെ വല്ലാതെ വിഷമിപ്പിച്ചു. യുദ്ധം നീണ്ടുപോകുന്നതിനേപ്പററി ജനങ്ങളുടെ പിറുപിറുപ്പു് ഒരു വശത്തു്; പത്രങ്ങളുടെ വിമർശനം വേറൊരു വശത്തു്; കാബിനെററംഗങ്ങളുടെ ഇടയിൽത്തന്നെയുള്ള സൗന്ദര്യപ്പിണക്കങ്ങഠം ഒരുവക; നയരൂപീകരണത്തിലുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങഠം മറെറാരു വക—ഇങ്ങനെ വൈഷമ്യങ്ങഠം പലതായിരുന്നു. ഇതിനെല്ലാം പുറമെ, അന്നത്തെ അന്താരാഷ്ട്രീയ സ്ഥിതിയും ലിങ്കൻെറ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നുവെന്നു്

നാം മനസ്സിലാക്കണം. ഇംഗ്ലണ്ടിൻേറയും മററും ചാച്ചിൽ തെക്കരുടെ പക്ഷത്തേയ്ക്കായിരുന്നു. 'പഞ്ച്' എന്ന ആംഗ്ലേയപത്രം ആയിടെ അമേരിക്കൻകുടിപ്പടയേപ്പററി ഒരു ഹാസ്യകവിത പ്രസിദ്ധപ്പെടുത്തി. ഇംഗ്ലീഷുകാക്ക് വടക്കരോടു സഹാനുഭൂതിയുണ്ടെങ്കിലും, തെക്കരോടു് തങ്ങളെ ബന്ധിച്ചിരിക്കുന്ന പഞ്ഞിനൂലിന്നാണ് കൂടുതൽ ബലം എന്നു് ആ കവിതയിൽ പറഞ്ഞിരുന്നു. യുദ്ധം പ്രമാണിച്ചു് പഞ്ഞിനൂലിൻെറ ഇറക്കുമതി ഐക്യസംസ്ഥാനഗവമ്മെണ്ടു് തടഞ്ഞതിൽ, ലങ്കാഷെയറിലും മാഞ്ചെസ്റ്ററിലുമുള്ള മില്ലുടമകളായ മുതലാളിമാക്ക് അടങ്ങാത്ത അമഷമുണ്ടായി. എന്നാൽ ഇംഗ്ലണ്ടിലെ തൊഴിലാളികളുടെ മനോഭാവം അതായിരുന്നില്ല. അടിമത്തത്തിന്നറുതിവരുത്താൻ പടപൊരുതുന്ന അബ്രാഹം ലിങ്കനു് വിജയം ആശംസിച്ചുകൊണ്ടു്, മാഞ്ചെസ്റ്ററിലെ തൊഴിലാളികൾ ഒരു സന്ദേശം അയച്ചുകൊടുത്തു. അതിനു് നല്കിയ മറുപടിയിൽ ലിങ്കൺ ഒരു സംഗതി എടുത്തുപറഞ്ഞിരുന്നു,—അമേരിക്കയിലെ അസ്വാസ്ഥ്യത മൂലം പഞ്ഞിനൂൽ കിട്ടാതെ യൂറോപ്പിലെ തൊഴിലാളികൾ കഷ്ടപ്പെടാനിടവന്നതിൽ തനിക്കു് സഹതാപമുണ്ടെന്നു്.

അബ്രാഹം ലിങ്കൻെറ ഭയാശങ്കകളെ വദ്ധിപ്പിക്കാനിടവരുത്തിയ ഒരു സംഭവം ഉണ്ടായി. ടെൻറ് എന്ന ഒരു ബ്രിട്ടീഷ്കപ്പലിനെ പരിശോധനയ്ക്കായി വടക്കർ തടഞ്ഞുനിത്തുകയും, ആ കപ്പലിൽ കയറിപ്പററിയിരുന്ന ദാക്ഷിണാത്യരായ രണ്ടു ചാരന്മാരെ അവർ പിടികൂടുകയും ചെയ്തു. ഈ സംഭവം ബ്രിട്ടീഷ് ഗവമ്മെണ്ടിനെ വല്ലാതെ ക്ഷോഭിപ്പിച്ചു. പിടിച്ചെടുത്തവരെ ഉടനടി വിട്ടുകൊടുത്തില്ലെങ്കിൽ, ഇംഗ്ലണ്ടു് തെക്കരുടെ പക്ഷംപിടിച്ചു് വടക്കക്കെതിരായി യുദ്ധം ചെയ്യുമെന്നുവരേയെത്തി ഭീഷണികൾ! അബ്രാഹം ലിങ്കൺ ശങ്കിച്ചിരുന്ന ആപത്തു് ആഗതമായെന്നത്ഥം. അമ്മാതിരി ഭീഷണിക്കു വഴങ്ങാൻ പാടില്ലെന്നു് വാഷിംഗ്ടണിൽ ശക്തിയായ അഭിപ്രായമുണ്ടായെങ്കിലും, ലിങ്കൻെറ വിവേകം വഴക്കിനുള്ള വഴി അടച്ചുകളഞ്ഞു. ഒരേ സമയത്തു് രണ്ടുകൂട്ട

രോട്ട് യുദ്ധം പാടില്ല എന്നൊരു ന്യായം പറഞ്ഞാണ് അദ്ദേഹം എതിർപക്ഷക്കാരെ സമാധാനിപ്പിച്ചതു്. 'One war at a time' എന്നു് ലിങ്കൺ നല്കിയ നിർദ്ദേശം ഒടുവിൽ എല്ലാവക്കും സ്വീകാര്യമായിത്തോന്നി. ബ്രിട്ടീഷ് കപ്പലിൽനിന്നു പിടിച്ചെടുത്ത ചാരന്മാരെ വിട്ടുകൊടുത്തു് പ്രസിഡണ്ട് ലിങ്കൺ ആ വിവാദം ഉടനെ അവസാനിപ്പിച്ചെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

അമേരിക്കൻകുടിപ്പട പിന്നെയും നീണ്ടങ്ങനെ നിന്നു. ആദ്യത്തെ രണ്ടുകൊല്ലം നടന്ന യുദ്ധത്തിൽ വടക്കക്ക് കാര്യമായി യാതൊരു വിജയവും സിദ്ധിച്ചില്ല. വടക്കർ യുദ്ധം ജയിച്ചെന്നു പറയണമെങ്കിൽ, തെക്കരേയും അവരുടെ സംസ്ഥാനങ്ങളേയും നിരുപാധികം കീഴടക്കുകതന്നെ വേണ്ടിയിരുന്നു; എങ്കിലല്ലേ, വിയോജനവാദത്തിന്റെ പേരിൽ വിട്ടുപോയ സംസ്ഥാനങ്ങളെ കൂട്ടിച്ചേർത്തു് യൂണിയൻ പൂർവ്വസ്ഥിതിയിൽ ഒന്നാക്കിനിർത്താൻ സാധിക്കുകയുള്ളു. നേരേമറിച്ച്, തെക്കക്ക് വടക്കരുടെ ഒരു സംസ്ഥാനവും കീഴടക്കാതെതന്നെ യുദ്ധം ജയിച്ചെന്നുവരുത്താം; വിയോജനം നിലനിന്നുകിട്ടിയാൽത്തന്നെ അവക്ക് വിജയമായല്ലൊ. തെക്കൻ സംസ്ഥാനങ്ങളിൽക്കടന്നു് തെക്കരെ കൊമ്പുകുത്തിക്കത്തക്കവണ്ണം വിധിനിർണ്ണായകമായ ഒരു ആക്രമണം നടത്താൻ പററിയ പടനായകന്മാരില്ലാതെവന്നതു് വടക്കരെ ഏറെക്കാലം വല്ലാതെ വിഷമിപ്പിച്ചു.

യൂലിസ്സെസ് എസ്. ഗ്രാൻറ് എന്നു പേരുള്ള ഒരു സൈന്യാധിപൻ വടക്കരുടെ കൂട്ടത്തിലുണ്ടായിരുന്നു. ജനറൽ ഗ്രാൻറ് എന്നു് പിന്നീടു പ്രസിദ്ധനായിത്തീൎന്ന ആ രണശൂരനാണ്, തെക്കൻസംസ്ഥാനങ്ങളിലേയ്ക്കു കടന്നുള്ള ആക്രമണം ആദ്യമായി ഫലത്തിൽ വരുത്തിയതു്. അദ്ദേഹം തെക്കരുടെ ഒരു പ്രധാന സൈനികകേന്ദ്രവും മർമ്മസ്ഥാനവുമായ വിക്സ്ബർഗ്ഗ് എന്ന സ്ഥലം രണ്ടുംകല്പിച്ചാക്രമിച്ചു. ഗ്രാൻറിനേപ്പോലെതന്നെ ശൂരനായ പെംബെർട്ടൻ എന്നു പേരായ ഒരു സേനാനിയാണ് അവിടെ തെക്കരുടെ നേതൃത്വം വഹിച്ചിരുന്നതു്. തന്റെ സൈന്യത്തിൽ ഒററൊ

രുവനെങ്കിലും ശേഷിച്ചിരിക്കുംവരെ വിക്സ്ബർഗ് കോട്ടയിൽ ശത്രുവിനു് കാൽകുത്തുവാൻ സാധിക്കയില്ലെന്നു് വീരവാദംചെയ്തു് വലിയ വീറോടുകൂടിപ്പോരാടിയ പെംബെർട്ടൻ ഒടുവിൽ തോററു. പരാക്രമശാലിയായ ഗ്രാൻറ് 1863 ജൂലായി 4-ാംനു- വിക്സ്ബർഗ്കോട്ട പിടിച്ചടക്കി. അതിൻെറ തലേദിവസം ഗെററിസ്ബർഗ് എന്ന സ്ഥലത്തും വടക്കർക്കു് ഒരു വമ്പിച്ച വിജയം സിദ്ധിച്ചു. വടക്കൻസംസ്ഥാനങ്ങളെ ആക്രമിക്കാനായി പുറപ്പെട്ട റോബർട്ട് ലീയുമായി കൂട്ടിമുട്ടി, ഗെററിസ്ബർഗ്ഗിൽവെച്ചു് ആ വിജയം നേടിയതു് ജനറൽ ജോർജ്ജ് ജി. മീഡെ എന്ന സൈന്യാധിപനായിരുന്നു. രണ്ടു പക്ഷത്തും വളരെ ആൾനാശമുണ്ടാക്കിയ ഒരു സംഘട്ടനമായിരുന്നു അതു്. വടക്കരുടെ പക്ഷത്തു് 18,000 ഭടന്മാരും, തെക്കരുടെ പക്ഷത്തു് 22,000 ഭടന്മാരും ആ യുദ്ധത്തിൽ കൊല്ലപ്പെട്ടു. മൃതശരീരങ്ങൾ മററുവിധത്തിൽ മറവുചെയ്യാൻ സാധിക്കാതെ വന്നതിനാൽ, പടക്കളംതന്നെ ഇരുപക്ഷക്കാരും ശ്മശാനമായി ഉപയോഗിക്കുകയാണുണ്ടായതു്. അബ്രാഹം ലിങ്കൺ ആ പടക്കളത്തിൽവെച്ചു് പിന്നീടു ചെയ്ത ഗംഭീരമായ ഒരു പ്രസംഗം അടുത്ത അദ്ധ്യായത്തിൽ വായിക്കാം.

വിക്സ്ബർഗ്ഗിലും, ഗെററിസ്ബർഗ്ഗിലും വടക്കർക്കു സിദ്ധിച്ച വിജയങ്ങൾ രണ്ടും തെക്കരുടെ ചിറകൊടിക്കാൻപോരുന്നവയായിരുന്നു. വാസ്തവം പറഞ്ഞാൽ, സമരത്തിൻെറ ഗതി തെക്കർക്കു് അനുകൂലമായിത്തിരിഞ്ഞതു് ആ വിജയങ്ങൾ മൂലമാണു്. തെക്കൻ സംസ്ഥാനങ്ങളിലേയ്ക്കുള്ള ആക്രമണപദ്ധതി ആരംഭിച്ച ജനറൽ ഗ്രാൻറ്, സ്ഥാനമാനങ്ങളിലൊന്നും മോഹമില്ലാത്ത ഒരു സൈന്യാധിപനായിരുന്നു. സ്വന്തം നേട്ടങ്ങൾ കൊട്ടിഘോഷിച്ചു് അധികാരികളുടെ അഭിനന്ദനം തേടുന്ന ശീലമേ അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ അത്തരക്കാരുടെ നിശ്ശബ്ദസേവനങ്ങൾ കണ്ടറിയുന്ന ഒരാൾ കേന്ദ്രത്തിലുണ്ടായിരുന്നു. വിക്സ്ബർഗ് എന്ന സ്ഥലം പിടിച്ചടക്കിയ ഉടനെ ജനറൽഗ്രാൻറിനു് ഇങ്ങനെയൊരു കുറിപ്പു കിട്ടി: "പ്രിയപ്പെട്ട ജനറൽ, താങ്കളും ഞാനുമായി എടപ്പാഴ

ങ്കിലും നേരിട്ടു കണ്ടിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല. താങ്കൾ രാജ്യത്തിനുവേണ്ടി ചെയ്തിരിക്കുന്ന വിലയേറിയ സേവനത്തെ അംഗീകരിക്കുന്നതിനായി ഈ കത്തെഴുതുന്നു. എ. ലിങ്കൺ (ഒപ്പ്)"

ജനറൽ ഗ്രാൻറ് 1864 മാർച്ച് മാസത്തിൽ സർവ്വസൈന്യാധിപനായി ഉയർത്തപ്പെട്ടു. മക്ലെല്ലൻ അതിനുമുമ്പുതന്നെ അധികാരസ്ഥാനം വെച്ചൊഴിയേണ്ടിവന്നിരുന്നു. ജനറൽ ഗ്രാൻറിൻെറ ഉയർച്ചയിൽ അസൂയാലുക്കളായ ചില സേനാനികൾ അദ്ദേഹത്തെപ്പററി നേരത്തേ ഒരപവാദം പരത്തുകയുണ്ടായി, ആ മനുഷ്യൻ വലിയ കുടിയനാണെന്ന്. "ഗ്രാൻറ് കുടിക്കുന്നത് ഏതുതരം വിസ്കിയാണെന്ന് അറിഞ്ഞെങ്കിൽ ഞാൻ അതു് മററു സൈന്യാധിപന്മാർക്കും കുറേശ്ശേ കൊടുത്തയച്ചേനെ" എന്നാണ് അബ്രാഹം ലിങ്കൺ അതിനു് മറുപടി പറഞ്ഞതു്. യൂണിയൻെറ രക്ഷയ്ക്കുവേണ്ടിയുള്ള പോരാട്ടം വിജയത്തിലെത്തിച്ച ആ രണശൂരൻെറ ഗുണഗണങ്ങൾ ആദ്യമേ കണ്ടറിഞ്ഞതു് ലിങ്കൻെറ നിപുണനയനങ്ങൾ തന്നെയായിരുന്നു.

അദ്ധ്യായം - 23

# വിജയത്തിൽ

"അടിമത്തം തെററല്ലെങ്കിൽ പിന്നെ, മററു യാതൊന്നും തെററല്ല. ശരിയായിട്ടുള്ളതാണു് ചെയ്യുന്നതെന്നു് എനിക്കിത്രയും ബോദ്ധ്യംവന്നിട്ടുള്ള വേറൊരു സംഗതിയും ജീവിതത്തിൽ ഉണ്ടായിട്ടില്ല."

അടിമത്തവിപാടനം സംബന്ധിച്ചു് പ്രസിഡണ്ടു് ലിങ്കൺ പെട്ടെന്നു് ഒന്നും ചെയ്തുകാണാഞ്ഞതിൽ ചിലക്കു് അമർഷം തോന്നാതിരുന്നില്ല. ആ ഒരു കാര്യം മാത്രം ഉദ്ദേശിച്ചു് യുദ്ധത്തിൽ പങ്കുകൊണ്ടിരുന്നവർ ലിങ്കൻെറ മൗനം തെററിദ്ധരിച്ചു. ഒരിക്കൽ ചിക്കാഗോയിൽനിന്നു് ഒരു സംഘം ആളുകൾ വൈററ്ഹൗസിലെത്തി, അടിമത്തം ഉടനെ നിർത്തലാക്കണമെന്നു് ആവശ്യപ്പെടുകയുണ്ടായി. അക്കാര്യം ഒട്ടും വൈകിച്ചുകൂടെന്നു് തങ്ങൾക്കു ദൈവത്തിൻെറ ഒരു വെളിപാടുണ്ടായിട്ടുണ്ടെന്നുപോലും അവർ തട്ടിവിട്ടു. ദൈവം അത്ര പ്രധാനപ്പെട്ട ഒരു വെളിപാടു് വാഷിംഗ്ടണിൽ നേരിട്ടു നല്കാതെ, അതു് ചിക്കാഗോ വഴിക്കു് അയക്കാമെന്നുവെച്ചതിൻെറ അർത്ഥം മനസ്സിലാകുന്നില്ലല്ലോ എന്നു് അബ്രാഹം ലിങ്കൺ അപ്പോൾ കണക്കിനു് ഒരു തിരിച്ചടികൊടുത്തു. വാസ്തവത്തിൽ നമ്മുടെ കഥാനായകൻ അടിമത്തപ്രശ്നത്തെ വിസ്മരിക്കയോ, വിഗണിക്കയോ ചെയ്തിരുന്നില്ല. പടക്കളത്തിൽ വിജയത്തിൻെറ തെല്ലൊരു വെളിച്ചം കണ്ടിട്ടു് അക്കാര്യത്തിൽ പ്രവേശിക്കാമെന്നു് കരുതിയെന്നേയുള്ളു. 1862 സെപ്തംബർ മാസത്തിൽ മക്ലെല്ലൻ മുഖേന നല്ലൊരു വിജയം ഉണ്ടായില്ലേ, ആ പ്രഥമവിജയത്തിൻെറ വെളിച്ചത്തിൽത്തന്നെ അബ്രാഹം ലിങ്കൺ അടിമത്തവിപാ

ടനം സംബന്ധിച്ചുള്ള പ്രാരംഭവിളംബരം തയ്യാറാക്കിക്കഴിഞ്ഞിരുന്നു. ഒടുവിൽ അദ്ദേഹം ആ വിളംബരം കാബിനെററിൽ കൊണ്ടു ചെന്നതു് ഒരു പ്രത്യേക രീതിയിലാണു്. കാബിനെററയോഗം കൂടിയപ്പോഠം, പ്രസിഡണ്ടു് ആദ്യംതന്നെ ഒരു പുതിയ പുസ്തകത്തിൽ നിന്നു് രസകരമായ ഒരു കഥ വായിച്ചു് എല്ലാവരെയും കേഠപ്പിച്ചു. കാര്യക്ലേശം കളയാൻവേണ്ടി, കാബിനെററയോഗങ്ങളിൽ ചില കഥകളും നേരംപോക്കുകളും പറയുക ലിങ്കനു് അല്ലെങ്കിലും പതിവുള്ളതാണു്. അന്നു് ഒരു പുസ്തകത്തിൽത്തന്നെ നല്ലൊരു കഥ കണ്ടുവെച്ചിരുന്നുവെന്നുമാത്രം.

കഥാപാരായണം കഴിഞ്ഞു് ലിങ്കൺ കാര്യത്തിലേയ്ക്കു പ്രവേശിച്ചു. മുഖവുരയായി അദ്ദേഹം പറഞ്ഞു: ''ഞാൻ എൻെറ സ്രഷ്ടാവിനോടു് ചെയ്തിട്ടുള്ള ഒരു വാഗ്ദാനം നിറവേററാൻ ഒരുങ്ങുകയാണു്. അതു സംബന്ധിച്ചു് ഞാൻ എഴുതിയിട്ടുള്ള ഒരു വിളംബരം വായിച്ചു കേഠപ്പിക്കാം. അതിലെ വിഷയത്തേപ്പററി ഞാൻ നിങ്ങളുടെ അഭിപ്രായമൊന്നും ആവശ്യപ്പെടുന്നില്ല. ആ വിഷയം ഞാൻ നല്ലവണ്ണം ആലോചിച്ചു് തീച്ചപ്പെടുത്തിപ്പോയിട്ടുള്ളതാണു്. ഭാഷയുടെ കാര്യത്തിലും മററും നിങ്ങഠക്കു നല്കാനുള്ള ഉപദേശം ഞാൻ സന്തോഷപൂവ്വം സ്വീകരിച്ചുകൊള്ളാം. ഞാൻ ഇങ്ങനെ പറയുന്നതുകൊണ്ടു് നിങ്ങളോടു് അനാദരം കാണിക്കുകയാണെന്നു കരുതുകയുമരുതു്.''— അടിമത്തവിപാടനം സംബന്ധിച്ചു് അബ്രാഹം ലിങ്കൺ എടുത്തിരുന്ന ഉറച്ച നിലപാടു് വ്യക്തമായല്ലൊ. കാബിനെററമെമ്പർമാരിൽ പലരും ആ വിളംബരം അപ്പോഠം വേണ്ടെന്നുള്ള പക്ഷക്കാരായിരുന്നു. യുദ്ധം അവസാനിച്ച ശേഷം അക്കാര്യം ശ്രദ്ധിച്ചാൽ മതിയെന്നായിരുന്നു അവരുടെ അഭിപ്രായം. ലിങ്കൺ സമ്മതിച്ചില്ല. അടിമത്തവിപാടനം പുരസ്കരിച്ചുള്ള ആ വിളംബരം 1862 സെപ്തമ്പർ 22-ാംനു- പ്രസിദ്ധീകരിക്കപ്പെട്ടു.

വിളംബരത്തിലെ വ്യവസ്ഥകഠ എന്തൊക്കെയായിരുന്നു? അടിമത്തനിരോധനം 1863 ജനുവരി 1-ാംനു- മുതൽ നടപ്പിൽ

വരും; നവവത്സരദിനമായ ആ തീയതിക്ക് യൂണിയനുമായി യോജിപ്പിലെത്താത്ത എല്ലാ സംസ്ഥാനങ്ങളിലേയും അടിമകാം സ്വതന്ത്രരാണെന്നു് പ്രഖ്യാപിക്കപ്പെട്ടും; അവർ അന്നു മുതൽ എന്നേയ്ക്കും സ്വതന്ത്രരായിരിക്കും; ഐക്യസംസ്ഥാനഗവമ്മെണ്ടു് അവരുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുകയും പരിരക്ഷിക്കുകയും ചെയ്യും— ഇപ്പറഞ്ഞ വിധം ഒരു അവധി നിശ്ചയിച്ച് വിളംബരം മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനു് വിശേഷാൽ ഒരുദ്ദേശ്യമുണ്ടായിരുന്നു. തങ്ങളുടെ കീഴിലുള്ള അടിമകാം സ്വതന്ത്രരായിപ്പോകുമല്ലൊ എന്ന ഭീതികൊണ്ടെങ്കിലും തെക്കൻസംസ്ഥാനക്കാർ ആ തിയതിയ്ക്കകം യൂണിയനുമായി സന്ധിയാകുമെങ്കിൽ ആവട്ടെ എന്നായിരുന്നു ലിങ്കൻെറ ആഗ്രഹം. യൂണിയൻെറ ഭദ്രതയും സമാധാനവുമാണു് മററന്തിനേക്കാളും അദ്ദേഹം വിലമതിച്ചിരുന്നതെന്നുള്ളതിനു് ഇതും ഒരു തെളിവാകുന്നു. എന്നാൽ വിളംബരം മൂലം തെക്കൻ സംസ്ഥാനങ്ങളുടെ സമരവീര്യം ഒന്നുകൂടി വദ്ധിക്കുകയാണുണ്ടായതു്. തെക്കർ ആ വിളംബരത്തിനു് 'തിരസ്കാരത്തിൻെറ സീല്ക്കാരം കൊണ്ടായിരിക്കും മറുപടി പറയുക'—Answer with a huss of scorn—എന്നു് 'ലണ്ടൻ ടൈംസ്'' പത്രം അന്നെഴുതിയിരുന്നതു് അക്ഷരംപ്രതി ശരിയായി.

വിളംബരത്തെപ്പററി വടക്കരുടെയിടയിലുണ്ടായ പ്രതികരണമാകട്ടെ, ആശിച്ചത്ര ഗുണകരമല്ലാതെയുംവന്നു. ഒരു കൂട്ടർ അതു് അശേഷം അവസരോചിതമായില്ലെന്നുള്ള പക്ഷക്കാരായിരുന്നു. യുദ്ധത്തിൻെറ വിജയത്തേയും യൂണിയൻെറ ഭദ്രതയേയുംകാാം അടിമകളുടെ മോചനമാണു് പ്രസിഡണ്ടു് കാര്യമായി കരുതുന്നതെന്നു് ആ കൂട്ടർ ആക്ഷേപിച്ചു. മറെറാരു കൂട്ടർ വിളംബരത്തിനു് വീര്യം പോരെന്നാണു് അഭിപ്രായപ്പെട്ടതു്. അടിമത്തനിരോധനം പ്രമാണിച്ച് അപ്പോാംത്തന്നെ വലിയ ഒച്ചപ്പാടുണ്ടാകണമെന്നായിരുന്നു അവരുടെ മോഹം. ഈ വിമശനങ്ങാംകൊണ്ടൊന്നും അബ്രഹാം ലിങ്കൺ കുലുങ്ങിയില്ല. അടിമത്തവിപാടനം പടിപടിയായി മുഴമിപ്പിക്കാനുള്ള പരിപാടികളത്രയും അദ്ദേഹം മനസ്സിൽ ചി

ന്തിച്ചുറച്ചിരുന്നു; സമയത്തിൻെറ പൂർണ്ണതയിൽ അദ്ദേഹം അതു നിറവേററുകയുമുണ്ടായി. അടിമത്തനിരോധനം നിരുപാധികവും സാർവ്വത്രികവുമായി നടപ്പിൽ വരുത്തുന്ന നിയമം അദ്ദേഹം പാസ്സാക്കിച്ചതു് 1865 ജനുവരി 31–ാംനു-യായിരുന്നു. അന്നു് കോൺഗ്രസ്സിൽ മുറപ്രകാരം വോട്ടെടുത്തു് വമ്പിച്ച ഭൂരിപക്ഷത്തോടെ പാസ്സാക്കിയെടുത്ത ആ നിയമമായിരുന്നു അബ്രാഹം ലിങ്കൻെറ ചിരകാലികമായ നിരന്തരയത്നത്തിൻെറ സമ്പൂർണ്ണഫലം. അതിൻെറ നാന്ദിമാത്രമായിരുന്നു, 1862 സെപ്തമ്പർ 22–ാംനു- പ്രസിഡണ്ടു് ലിങ്കൺ പുറപ്പെടുവിച്ച വിളംബരം.

ആ പ്രഖ്യാപനം ഒപ്പിട്ട ദിവസം അബ്രാഹം ലിങ്കനെ അനുമോദിക്കാനായി വൈററ്ഹൗസിൽ ഒട്ടുവളരെ സന്ദർശകർ ചെന്നിരുന്നു. അവർക്കെല്ലാം കൈ കൊടുത്തുകൊടുത്തു് പ്രസിഡണ്ടു് കുഴങ്ങി. വിളംബരത്തിൽ ഒപ്പിടുന്നതിനു സ്വല്പം മുമ്പു് അദ്ദേഹം സീവാർഡിനോടു് പറഞ്ഞു: "അടിമത്തം തെററല്ലെങ്കിൽ പിന്നെ മററു യാതൊന്നും തെററല്ല. ശരിയായിട്ടുള്ളതാണു് ചെയ്യുന്നതെന്നു് എനിക്കിത്ര ബോദ്ധ്യംവന്നിട്ടുള്ള വേറൊരു സംഗതിയും ജീവിതത്തിൽ ഉണ്ടായിട്ടില്ല. പക്ഷേ, ഇന്നു രാവിലെ ഒമ്പതുമണിമുതൽ സന്ദർശകരെ സ്വീകരിച്ചു് ഹസ്തദാനംചെയ്തു് എൻെറ കൈ മരവിച്ചുപോയിരിക്കുന്നു. ഞാൻ ഇടുന്ന ഒപ്പു് വളരെ സൂക്ഷ്മമായി പരിശോധിക്കപ്പെടാതിരിക്കയില്ല. എൻെറ കൈ വിറച്ചിരിക്കുന്നതായിക്കണ്ടാൽ അവർ പറയും, ഞാൻ എന്തോ മനഃക്ലേശത്തോടുകൂടിയാണു് ഈ ഒപ്പിട്ടതെന്നു്."—കൈമരവിപ്പു മാററാൻവേണ്ടി കുറച്ചു സമയം കഴിച്ചുകൂട്ടിയതിനുശേഷമാണു് ലിങ്കൺ ആ വിളംബരത്തിൽ ഒപ്പുവെച്ചതു്. അപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "എൻെറ പേരു് ചരിത്രത്തിൽ രേഖപ്പെടുത്തുവാൻ ഇടവരികയാണെങ്കിൽ, അതു് ഈ ഒരു കാര്യത്തോടനുബന്ധിച്ചായിരിക്കും; എൻെറ ആത്മാവു് മുഴുവൻ ഇതിൽ ലയിച്ചിരിക്കുന്നു."

'നാം ഈ രാജ്യത്തെ അതിൻെറ നാമത്തിന്നനുയോജ്യമായ വിധം സ്വാതന്ത്ര്യത്തിൻെറ ഒരു നാടാക്കിത്തീർക്കണം' എന്നു് അ

ബ്രാഹം ലിങ്കൺ തൻെറ 'നഷ്ടപ്രസംഗ'ത്തിൽ പ്രകാശിപ്പിച്ച ആശയം നഷ്ടപ്പെട്ടില്ല; അതിൻെറ സാക്ഷാല്ക്കാരം ദശിക്കാനുള്ള ഭാഗ്യം ആ സ്നേഹസമ്പന്നൻെറ കണ്ണുകൾക്കുണ്ടായി. സ്വതന്ത്രരായിത്തീന്ന നീഗ്രോക്കൾ അദ്ദേഹത്തെ ഒരു പിതാവിനേപ്പോലെയാണ് സ്നേഹിച്ചതു്. 'മാസാ ലിങ്കം' എന്നാണ് അവർ അദ്ദേഹത്തെ വിളിച്ചിരുന്നതു്—മാസ്റ്റർ ലിങ്കൺ എന്നത്ഥം. "മാസാ ലിങ്കം, അദ്ദേഹത്തിനു് എല്ലാമറിയാം. എല്ലായിടത്തും അദ്ദേഹം ഉണ്ടായിരിക്കട്ടെ. ഒരു ദൈവപുത്രനേപ്പോലെ അദ്ദേഹം ഭൂമിയിൽ സഞ്ചരിക്കുന്നു."—ആ പാവങ്ങൾ അകമഴിഞ്ഞരുളിയ ഇമ്മാതിരി അനുഗ്രഹവചസ്സുകൾ കേൾക്കാനിടയായ കാതുകൾ ധന്യങ്ങളത്രെ. പണ്ടു് ഒരു വള്ളമൂന്നുകാരൻെറ നിലയിൽ ന്യൂ ഓർലിൻസിൽ ചെന്നിരുന്ന അബ്രാഹം ലിങ്കൺ എടുത്ത ഉഗ്രമായ വ്രതം ഓമ്മയുണ്ടല്ലൊ. അദ്ദേഹം അടിമത്തത്തെ ശക്തിയായിത്തന്നെ തൊഴിച്ചു. അടിമകളുടെ വിമോചകൻ എന്ന നിലയിൽ ലോകം എന്നും അബ്രാഹം ലിങ്കനെ പ്രകീത്തിക്കും. ആ പാവനനാമധേയം ചരിത്രത്തിൽനിന്നു് ഒരിക്കലും മാഞ്ഞുപോകയുമില്ല.

ഗെററിസ്ബഗ്ഗിൽ നടന്ന ഒരു യുദ്ധത്തേപ്പററി കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞുവല്ലൊ. ആയിരമായിരം ഭടന്മാരുടെ ശ്മശാനമായിത്തീന്ന ആ പടക്കളം, അവിടെ മരണമടഞ്ഞവരുടെ സ്മരണയ്ക്കായി പ്രതിഷ്ഠിക്കണമെന്നു് ഒരു ആലോചനയുണ്ടായി. ഗെററിസ്ബഗ്ഗ് എന്ന ഗ്രാമം പെനിസിൽവാനിയാ സംസ്ഥാനത്തിൽപ്പെട്ടതായതുകൊണ്ടു്, അവിടത്തെ ഗവർണരാണു് അക്കായ്യത്തിൽ മുൻകൈയെടുത്തു പ്രവത്തിച്ചതു്. പ്രതിഷ്ഠാപനം പ്രമാണിച്ചു് ഒരു പ്രസംഗം ചെയ്യാൻ എഡ്വേഡ് എവറെററ് എന്ന വിശ്രുതവാഗ്മിയെ പ്രത്യേകം ക്ഷണിച്ചിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗം കഴിഞ്ഞിട്ടു്, പ്രസിഡണ്ടു ലിങ്കൺ രണ്ടു വാക്കു പറഞ്ഞു് ശ്മശാനത്തിൻെറ പ്രതിഷ്ഠാപനകമ്മം നിവ്വഹിക്കണമെന്നായിരുന്നു പരിപാടി. പ്രസിഡണ്ടു് സമുചിതങ്ങളായ ചുരുക്കം ചില വാക്കുകൾ —"few appropriate remarks"—പറഞ്ഞാൽ മതിയെ

ന്ന് യോഗഭാരവാഹികൾ പ്രത്യേകം അറിയിച്ചിരുന്നതാണും. എഡ്വേഡ് എവറെററിന്റെ പ്രസംഗത്തിനാണ് അവർ പ്രാധാന്യം കല്പിച്ചിരുന്നതെന്നു് താല്പര്യം.

1863 നവമ്പർ 19-ാം തിയതിയായിരുന്നു മേല്പറഞ്ഞ പ്രതിഷ്ഠാപനസമ്മേളനം. എഡ്വേഡ് എവറെററ് രണ്ടു മണിക്കൂറോളം നീണ്ട ഒരു പ്രസംഗം ചെയ്തു. പലപ്പോഴും ശ്രോതാക്കളെ ഉറക്കിക്കളയാൻ പററിയവയാണല്ലോ അത്തരം നെട്ടനെട്ടങ്കൻ പ്രസംഗങ്ങൾ. എന്നാൽ 'ചുരുക്കം ചില വാക്കുകൾ' മാത്രം പറയാൻ ചുമതലയേററിരുന്ന പ്രസിഡണ്ടു ലിങ്കൺ ചെയ്ത പ്രസംഗമാകട്ടെ, ഉറങ്ങിപ്പോയവരെയെല്ലാം തട്ടിയുണർത്തുവാൻ പോരുന്ന ഒന്നായിരുന്നു. അദ്ദേഹം മൂന്നുനാലു മിനിററുനേരമേ സംസാരിച്ചുള്ളു. വിശ്വസാഹിത്യത്തിലെ ഒരു അനഘരത്നമായി—ജനകീയഭരണക്രമത്തിന്റെ ജയവൈജയന്തിയായി—ഇന്നും വിരാജിക്കുന്ന ആ ലഘുപ്രസംഗം വിവർത്തനം ചെയ്തു് താഴെ ചേർക്കുന്നു:

"എൺപതും ഏഴും എൺപത്തേഴു വത്സരം മുമ്പു്, നമ്മുടെ പിതാക്കന്മാർ ഈ വൻകരയിൽ ഒരു പുതിയ രാഷ്ട്രം സ്ഥാപിച്ചു,—സ്വാതന്ത്ര്യത്തിൽ നിന്നുടലെടുത്തതും, സകല മനുഷ്യരും തുല്യരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന സിദ്ധാന്തത്തിന്മേൽ ഉറപ്പിച്ചിരിക്കുന്നതുമായ ഒരു രാഷ്ട്രം. ആ രാജ്യം—എന്നുവേണ്ട, അങ്ങനെ സമാരംഭിക്കുകയും സ്ഥാപിതമാവുകയും ചെയ്തിട്ടുള്ള ഏതു രാഷ്ട്രവും—നീണ്ടുനില്ക്കാൻ അർഹതയുള്ളതാണോ എന്നു പരീക്ഷിക്കുന്ന ഒരു വലിയ കുടിപ്പടയിലാണ് നാം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതു്. നാം ഇന്നു സമ്മേളിച്ചിരിക്കുന്നതുതന്നെ, ആ സമരം നടന്ന ഒരു വലിയ പടക്കളത്തിലാകുന്നു. തങ്ങളുടെ രാഷ്ട്രം ജീവിക്കുന്നതിനുവേണ്ടി സ്വന്തം ജീവനെ ഹോമിച്ചവർക്കുള്ള ഒരന്തിമ വിശ്രമസ്ഥാനമായി ഈ പടക്കളത്തിന്റെ ഒരു ഭാഗത്തെ പ്രതിഷ്ഠിക്കുവാനാണ് നാം ഇവിടെ കൂടിയിരിക്കുന്നതു്. നാം ഇങ്ങനെ ചെയ്യുന്നതു് സർവ്വഥാ യുക്തവും ഉചിതവും തന്നെ. എന്നാൽ വിപുലമായ ഒരർത്ഥത്തിൽ പറഞ്ഞാൽ, നമുക്കു് ഈ സ്ഥലത്തെ പ്രതിഷ്ഠിക്കു

വാനോ സമപ്പിക്കുവാനോ പവിത്രീകരിക്കുവാനോ സാദ്ധ്യമല്ല. ഇവിടെ പോരാടിയ വീരമതികളായ മനുഷ്യർ—മരിച്ചവരും ജീവിക്കുന്നവരുമായ ആ വീരാത്മാക്കൾ—ഈ സ്ഥലത്തെ പവിത്രീകരിച്ചുകഴിഞ്ഞിരിക്കയാണു്; നമ്മുടെ ശക്തികൊണ്ടു് അതിലൊന്നും കൂട്ടാനും കുറയ്ക്കാനും സാദ്ധ്യമല്ല. നാം ഇവിടെ പറയുന്നതെന്തെന്നു് ലോകം അത്ര ഗൗനിക്കുകയോ ഏറെനാൾ ഓക്കുകയോ ചെയ്തില്ലെന്നുവരാം. എന്നാൽ ആ വീരമതികൾ ഇവിടെ പ്രവത്തിച്ചതെന്താണെന്നു് ലോകം ഒരിക്കലും വിസ്മരിക്കാൻപോകുന്നില്ല. അതിനാൽ ഇവിടെ പോരാടിയ ആ ധീരാത്മാക്കൾ അതിമാത്രം മഹിമയോടെ പുരോഗമിപ്പിച്ചിരിക്കുന്ന ജോലി പൂത്തിയാക്കാൻ വേണ്ടി, നാം—ജീവിച്ചിരിക്കുന്ന നമ്മൾ—ഇവിടെ നമ്മേത്തന്നെ പ്രതിഷ്ഠിക്കുകയാണു് കൂടുതൽ ആവശ്യം. നമ്മുടെ മുമ്പിൽ ശേഷിച്ചിരിക്കുന്ന മഹത്തായ ആ ജോലിക്കു് നാം നമ്മേത്തന്നെ സമപ്പിക്കുക,—സമ്പൂജ്യരായ ആ പരേതർ തങ്ങളുടെ അന്തിമശക്തിയത്രയും സന്ത്യജിച്ചു പോരാടിയതു് യാതൊരു സംഗതിക്കുവേണ്ടിയാണോ, ആ സംഗതി നിറവേറവാനായി നാം അവരിൽനിന്നു് സമൃദ്ധമായ നിവേശനം പ്രാപിക്കുക. ആ ധീരാഗ്രണികളുടെ മരണം വ്യത്ഥമാവുകയില്ലെന്നും, ഈ രാഷ്ട്രത്തിനു് ദൈവാനുഗ്രഹത്താൽ സ്വാതന്ത്ര്യത്തിൻെറ ഒരു പുതിയ പിറപ്പുണ്ടാകണമെന്നും, ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനകീയഭരണം ഭൂമുഖത്തുനിന്നു് തിരോധാനം ചെയ്യാനിടവരാതിരിക്കണമെന്നുമുള്ള ദൃഢപ്രതിജ്ഞയോടുകൂടി നാം ഇവിടെ നമ്മേത്തന്നെ പ്രതിഷ്ഠിക്കുക!”

അദ്ധ്യായം - 24

# വീണ്ടും പ്രസിഡണ്ട്

"ആരോടും വിദ്വേഷമില്ലാതെയും, എല്ലാവരോടും സ്നേഹമായും, ശരിയെന്നു് ദൈവം നമുക്കു് കാണിച്ചുതരുന്ന ധർമ്മത്തിൽ ഉറപ്പോടുകൂടിയും നമുക്കു് യത്നിക്കാം."

പ്രസിഡണ്ട ലിങ്കൺ വൈററ് ഹൗസിൽ ആചരിച്ചിരുന്ന ദിനചര്യയും ശീലങ്ങളും സ്വല്പം വിശദമാക്കാനാണ്, ഈ അദ്ധ്യായത്തിൽ ആദ്യമായുദ്ദേശിക്കുന്നതു്. ഭരണസംബന്ധമായ പരശ്ശതം ഭാരങ്ങൾക്കിടയിൽ, അബ്രാഹം ലിങ്കൺ അല്പം ആശ്വാസം കണ്ടിരുന്നതു് സ്വന്തം കുഞ്ഞുങ്ങളുമായുള്ള മേളനത്തിലത്രെ. കാബിനെററ് യോഗം നടക്കുമ്പോഴും കുട്ടികൾ കടന്നുചെന്നു്. അച്ഛന്റെ മടിയിലും മാറിലും കയറിമറിഞ്ഞു കളിക്കാറുണ്ടായിരുന്നു. ഒരിക്കൽ കാബിനെററിൽ ഗൗരവമേറിയ ചില ചർച്ചകൾ നടന്നുകൊണ്ടിരിക്കെ, കുട്ടികൾ ഓടിച്ചെന്നു് തങ്ങളുടെ പൂച്ച പെററ വിവരം പ്രസിഡണ്ടിനെ അറിയിച്ചുപോലും!

വില്ലി എന്ന മകൻ വൈററ് ഹൗസിൽ കൂട്ടിക്കൂട്ടിയിരുന്ന വികൃതിത്തരങ്ങൾക്കു് കണക്കില്ല. ഒരിക്കൽ മഴ നനഞ്ഞു് കുതിരസ്സവാരി നടത്തിയതിൽവെച്ചു് വല്ലാത്തൊരു ജലദോഷം പിടിപെട്ടു് വില്ലി കിടപ്പിലായി. അശ്രദ്ധമൂലം ഉണ്ടായ ആ ജലദോഷം കടുത്ത പനിയായിപ്പകന്നു. ലിങ്കൺ പല രാത്രികളും ഉറക്കമിളച്ചിരുന്നു് മകനെ ശുശ്രൂഷിച്ചു. പിടി കിട്ടാത്ത തരമായിരുന്നു ആ ജ്വരം. മകൻ മരിച്ചപ്പോൾ അബ്രാഹം ലിങ്കൺ വാവിട്ടു കരഞ്ഞുപോയി. ആ ദുഃഖം മാറാൻ നാളേറെപ്പിടിച്ചു. മകൻ മരിച്ച മുറിയിൽ കതകടച്ചിരുന്നു് ലിങ്കൺ പിന്നീടു പലപ്പോഴും കരയാ

ണ്ടായിരുന്നു.

പ്രസിഡണ്ടു ലിങ്കൻെറ ആഹാരക്രമം എത്ര ലഘുവായിരുന്നെന്നോ? ഒരു മുട്ട, മുരിയിച്ച ഒന്നുരണ്ടു അപ്പക്കഷണങ്ങൾ, ഒരു പാത്രം കാപ്പി—ഇതായിരുന്നു പ്രഭാതഭക്ഷണം. ഉച്ചയ്ക്കു് സ്വല്പം ബിസ്ക്കറ്റ്, ഒരു ഗ്ലാസ് പാലും, കുറച്ചു പഴങ്ങളും കിട്ടിയാൽ പ്രസിഡണ്ടിനു തൃപ്തിയായി. വീഞ്ഞും മററു ലഹരിപദാത്ഥങ്ങളും അദ്ദേഹത്തിനു പ്രകൃത്യാതന്നെ വെറുപ്പായിരുന്നു. ജോലിചെയ്തു് വല്ലാതെ മുഷിയുമ്പോൾ, ലിങ്കൻ ഇടയ്ക്കിടയ്ക്കു നാടകം കാണ്മാനോ പാട്ടുകച്ചേരിയിൽ സംബന്ധിക്കാനോ പോയെന്നുവരാം.

പരാതികളും മററും ബോധിപ്പിക്കാൻ ചെല്ലുന്നവരെ കഴിയുന്നതും നേരിട്ടുതന്നെ കാണണമെന്നു് പ്രസിഡണ്ടിനു് നിർബ്ബന്ധമായിരുന്നു. ആ നടപടി തടുക്കാൻ ശ്രമിച്ച ചില കീഴുദ്യോഗസ്ഥന്മാക്കു് ഒരു പാഠമാവാൻവേണ്ടി ഒരിക്കൽ ലിങ്കൺ ഇങ്ങനെ പറഞ്ഞു: "എൻെറ സമയം ഈ വഴിക്കു് വളരെ നഷ്ടപ്പെടുന്നുണ്ടെന്നുള്ളതു ശരിയാണു്. പക്ഷേ, സാധാരണന്മാരുമായി ഇടപഴകാൻ ഇത്രയും ഉപകരിക്കുന്ന ഒരു മാർഗ്ഗം വേറെയില്ല. ജനങ്ങളുമായി സമ്പക്മില്ലാതെ കേവലം ഔദ്യോഗികരീതിയിൽ കഴിയുന്നവർ, ഒരു മാതിരി സ്വേച്ഛാധികാരികളായിത്തീരാനെളുപ്പമുണ്ടു്. പൊതുജനദാസന്മാരെന്ന നിലയിലാണു് തങ്ങൾ അധികാരം വഹിക്കുന്നതെന്നുള്ള വസ്തുതതന്നെ അത്തരക്കാർ മറന്നുപോകും. ഇതെല്ലാം അബദ്ധമാണു്. എന്നെ കാണ്മാനാവശ്യപ്പെടുന്ന എല്ലാത്തരക്കാക്കും ആഴ്ചയിൽ രണ്ടു പ്രാവശ്യം വീതം ഞാൻ സന്ദശനം അനുവദിക്കുകയും, ഒരു ക്ഷൗരക്കാരൻെറ കടയിലെന്നതുപോലെ ഊഴം അനുസരിച്ചു് അവർ എന്നെക്കണ്ടു് താന്താങ്ങളുടെ കാര്യങ്ങൾ സംസാരിച്ചു പിരിയുകയും ചെയ്യുന്നു. അവരുടെ നിവേദനവിഷയങ്ങൾ പലതും നിസ്സാരങ്ങളായിരിക്കാം. എങ്കിലും സാധാരണക്കാരായ ജനങ്ങളുടെ നിലവാരവും ഹൃദയവികാരവും മനസ്സിലാക്കാൻ ആ നിവേദനങ്ങൾ നമ്മെ സഹായിക്കുന്നു. ഞാൻ ഈ സന്ദശനങ്ങളെ പൊതുജനാഭിപ്രായസ്നാനം —Public Opinion Baths—ആയിട്ടാണു് കണക്കാ

ക്കുന്നതു്." അബ്രാഹം ലിങ്കൺ പറഞ്ഞ ഈ സ്നാനം വളരെ നല്ലതാണു്, അല്ലേ? പൊതുജനാഭിപ്രായമാകുന്ന ജലത്തിൽ ഇടയ്ക്കൊന്നു മുങ്ങിക്കുളിച്ചാൽ, അധികാരച്ചൂടുകൊണ്ടുണ്ടാകുന്ന തലക്കറക്കം മുതലായ സുഖക്കേടുകൾ കുറച്ചൊക്കെ മാറും!

പ്രസിഡണ്ടു ലിങ്കനെ ഉള്ള കാര്യം ഉള്ളതുപോലെ ബോധിപ്പിക്കുന്നവർക്കു്, അതു് അനുവദിച്ചുകിട്ടാൻ പ്രയാസം നേരിടാറില്ലായിരുന്നു. ഒരു ഉദാഹരണം പറയാം: വിർജീനിയ എന്ന തെക്കൻ സംസ്ഥാനത്തിൽപ്പെട്ട ഒരു സ്ത്രീയുടെ സഹോദരൻ യുദ്ധത്തിൽ തടവുകാരനായി ബന്ധിക്കപ്പെട്ടിരിക്കുകയായിരുന്നു. ആ സ്ത്രീയ്ക്കു് അയാളെ ഒരു കണ്ണു കാണണമെന്നു് ഒരു താല്പര്യം. അതിനു് പ്രസിഡണ്ടിന്റെ അനുമതി കിട്ടണം. തെക്കൻസംസ്ഥാനക്കാരിയാണെങ്കിലും തന്റെ ചായ്വിൽ വടക്കരുടെ പക്ഷത്തേയ്ക്കാണെന്നു് പ്രസിഡണ്ടിനോടു പറഞ്ഞാൽ, എളുപ്പത്തിൽ അനുമതി കിട്ടുമെന്നു് ആരോ അവളെ ഉപദേശിച്ചു. പക്ഷേ, അവൾ ആ വളഞ്ഞ വഴിക്കൊന്നുമല്ല പ്രസിഡണ്ടിനെ സമീപിച്ചു് തന്റെ ആവശ്യം അറിയിച്ചതു്. താൻ വിർജീനിയാസംസ്ഥാനത്തോടു് തികഞ്ഞ കൂറും ഭക്തിയുമുള്ള ഒരു പ്രജയാണെന്നു് അവൾ അദ്ദേഹത്തോടു ആദ്യമേ തുറന്നുപറഞ്ഞു. പ്രസിഡണ്ടു ലിങ്കൺ ഉടനെ ഒരു ശീട്ടെഴുതിക്കൊടുത്തു. "ഇവൾ സത്യവതിയാണു്; ഇവളെ വിശ്വസിക്കാം" എന്നായിരുന്നു ആ കുറിപ്പു്. കാര്യം സാധിക്കാൻ പിന്നെന്തു വേണം?

ഉദ്യോഗസ്ഥന്മാരുടെ ദണ്ഡനീതികൾ കക്കശങ്ങളായിത്തീന്നാൽ, പ്രസിഡണ്ടു ലിങ്കൺ ചിലപ്പോൾ ആ വക കാര്യങ്ങളിൽ ഇടപെടാറുണ്ടായിരുന്നു. വില്യംസ്കോട്ടു് എന്ന ഒരു യുവഭടനെ ലിങ്കൺ മരണശിക്ഷയിൽനിന്നു് രക്ഷിച്ച കഥ വിശേഷിച്ചും സ്മരണീയമാണു്. രാത്രി കാവൽജോലിക്കു നിന്നിരുന്ന ആ പടയാളി തെല്ലുനേരം ഉറങ്ങിപ്പോയെന്ന കുററത്തിനു്, സൈന്യാധിപൻ അവനെ വെടിവെച്ചുകൊല്ലുവാൻ വിധിച്ചു. അന്നു് ഒരു ദീഘയാത്ര കഴിച്ചെത്തിയ ആ യുവാവു് ക്ഷീണംകൊണ്ടാണു് അല്പം മയങ്ങിപ്പോയതെങ്കിലും, സൈനികനിയമപ്രകാരം അതു് ഗുരുതരമാ

യ ഒരു കുററംതന്നെയായിരുന്നു. അവനെ വെടിവെച്ചുകൊല്ലാൻ നിശ്ചയിച്ചിരുന്നതിൻെറ തലേദിവസം പ്രസിഡണ്ടു ലിങ്കൺ പെട്ടെന്നു് ആ പാളയത്തിലെത്തുകയായി. അദ്ദേഹം വില്യം സ്കോട്ടിൻെറ തോളിൽത്തട്ടിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു:

"എൻെറ കുട്ടി, നിന്നെ നാളെ വെടിവയ്ക്കുകയില്ല. ഞാൻ നിന്നെ വിശ്വസിച്ചു്, വീണ്ടും ജോലിചെയ്യാൻ നിനക്കു് അനുവാദം നല്കിയിരിക്കുന്നു. നിന്നെ രക്ഷിക്കാൻവേണ്ടി മാത്രമാണു്, ഞാൻ ഗൗരവപ്പെട്ട മററ പലേ കാര്യങ്ങളം മാററിവെച്ചു് ഇന്നിത്രയും ദൂരം യാത്രചെയ്തതു്. എൻെറ യാത്രച്ചിലവു് നീ തരണം."

പ്രസിഡണ്ടിനോടു് എന്താണു് മറുപടി പറയേണ്ടതെന്നും എങ്ങനെയാണു് കൃതജ്ഞത പ്രകാശിപ്പിക്കേണ്ടതെന്നും അറിയാതെ, ആ പാവപ്പെട്ട പടയാളി സ്തംഭിച്ചു നിന്നുപോയി. തൻെറ സ്നേഹിതന്മാരോടു് കുറച്ചു പണം ചോദിച്ചുനോക്കാൻ അയാൾ ഒരുങ്ങുമ്പോഴേയ്ക്കു്, പ്രസിഡണ്ടു് കടന്നുപറഞ്ഞു:

"എൻെറ യാത്രച്ചിലവു തരാൻ ഒരാൾക്കല്ലാതെ മറെറാരുവന്നും സാദ്ധ്യമല്ല; വില്യം സ്കോട്ടിനു മാത്രമേ അതു് സാധിക്കു. അവൻ ഇന്നുമുതൽ തൻെറ ജോലി കണിശമായിച്ചെയ്താൽ, എൻെറ യാത്രച്ചിലവു കിട്ടിയതായി ഞാൻ കരുതിക്കൊള്ളാം."

അബ്രാഹം ലിങ്കൻെറ സ്വഭാവവിശേഷത്തെക്കുറിച്ചുള്ള പരാമർശം നില്ക്കട്ടെ. ഇനി നമുക്കു് മററ ചില കാര്യങ്ങളിലേയ്ക്കു് കടക്കാം. പ്രസിഡന്റുതിരിഞ്ഞെടുപ്പു നടന്നിട്ടു് കൊല്ലം നാലു തികഞ്ഞതിനാൽ, 1864 നവമ്പർ മാസത്തിൽ ഒരു പുതിയ തിരിഞ്ഞെടുപ്പു ആവശ്യമായിത്തീർന്നു. സമരം വല്ലാതെ കൊടുമ്പിരിക്കൊണ്ടിരുന്ന ഘട്ടമായിരുന്നു അതു്. നോർത്തു് വിർജീനിയായിൽ കടന്നു് ജനറൽഗ്രാൻറു് നടത്തിയ ചില യുദ്ധങ്ങളിൽവെച്ചു് അമ്പത്തയ്യായിരം ഭടന്മാർ യൂണിയനു് നഷ്ടപ്പെട്ടു. ഒരു തെക്കനെ വധിക്കാൻ രണ്ടു വടക്കരെ വീതം ബലികഴിച്ചാലും വേണ്ടില്ലെന്നുള്ള വീറോടുകൂടിയാണു് അന്നു് ജനറൽ ഗ്രാൻറു് തെക്കൻസംസ്ഥാനങ്ങളിലേയ്ക്കു് പാഞ്ഞുകയറിക്കൊണ്ടിരുന്നതു്. പടക്കളത്തിൽ

സംഭവിക്കുന്ന ഭയങ്കരമായ പ്രാണനാശം കണ്ടപ്പോൾ, "ഈ യുദ്ധം എന്നെ കൊല്ലുന്നു" എന്നു പറഞ്ഞു് അബ്രാഹം ലിങ്കൺ വിലപിക്കുകയായി. സമരം മൂലം വിധവകളും അനാഥരുമായിത്തീരുന്നവരുടെ രോദനം അദ്ദേഹത്തിൻെറ ഹൃദയം തകക്കുകയായിരുന്നു. ജനങ്ങൾ തങ്ങളുടെ പാപങ്ങളേപ്പററി പശ്ചാത്തപിച്ചു് ദൈവാനുഗ്രഹം പ്രാത്ഥിക്കണമെന്നു് ഔദ്യോഗികനിലവാരത്തിൽത്തന്നെ ആയിടെ ഒരാഹ്വാനമുണ്ടായെന്നു പറഞ്ഞാൽ, അന്നത്തെ സംഭ്രമജനകമായ അവസ്ഥ നമുക്കു് എത്രതാണ്ടു് മനസ്സിലാക്കാം. അങ്ങനെയുള്ള ഒരു വിഷമസന്ധിയിലാണു് പുതിയ പ്രസിഡണ്ടതിരിഞ്ഞെടുപ്പു സംബന്ധിച്ചുള്ള നടപടികൾ ആരംഭിക്കേണ്ടിവന്നതും.

റിപ്പബ്ലിക്കൻപാട്ടിയുടെ പുതിയ സ്ഥാനാത്ഥിയെ നിർണ്ണയിക്കാനുള്ള 'കൺവെൻഷൻ' ജൂൺമാസത്തിൽ നടന്നു. അബ്രാഹം ലിങ്കനു് എതിരായി ചില പിറുപിറുപ്പുകളും പ്രചാരവേലകളും ശക്തിയായി നടന്നിരുന്നുവെങ്കിലും, അദ്ദേഹംതന്നെ പാർട്ടിയുടെ അംഗീകൃതസ്ഥാനാത്ഥിയായി പ്രഖ്യാപനം ചെയ്യപ്പെട്ടു. അക്കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ടായിരുന്ന പാർട്ടിയംഗങ്ങളിൽ ചിലർ ജോൺ സി. ഫെർമോണ്ടു് എന്നൊരാളെ ഒരു സ്ഥാനാത്ഥിയായി നിത്തിയെന്നതു് വാസ്തവം. പക്ഷേ, പറയത്തക്ക പിൻബലം കിട്ടായ്കയാൽ ആ സ്ഥാനാത്ഥിത്വം ഒടുവിൽ പിൻവലിക്കപ്പെട്ടു മട്ടായി. ഡിമോക്രാററിക്പാർട്ടിയുടെ സ്ഥാനാത്ഥി ആരായിരുന്നു? യൂണിയൻഗവമ്മെണ്ടിൻെറ കീഴിലുണ്ടായിരുന്ന സൈനികോദ്യോഗം നഷ്ടപ്പെട്ടുനിന്നിരുന്ന മക്ലെല്ലൻ തന്നെ! ചിക്കാഗോയിൽ നടന്ന കൺവെൻഷനിൽവെച്ചു് ഡിമോക്രാററിക്പാർട്ടിക്കാർ സ്ഥാനാത്ഥിപ്പട്ടം കെട്ടിച്ചുവിട്ടതു് അദ്ദേഹത്തെയാണു്. "ഞാൻ ഉറങ്ങാൻ പോയെന്നു പറഞ്ഞേക്കുക" എന്നു പറഞ്ഞ ആ പുള്ളിയെ നമുക്കു് പരിചയമാണല്ലോ.

അബ്രാഹം ലിങ്കൺ വീണ്ടും പ്രസിഡണ്ടായി തിരിഞ്ഞെടുക്കപ്പെട്ടുമെന്നു് കണ്ടപ്പോഴെയ്ക്കു്, തെക്കരുടെ സമരവീര്യം വല്ലാതെ മുറുകി. ജൂലായിമാസത്തിൽ വാഷിംഗ്ടൺ നഗരത്തിൻെറ നേക്കു

തന്നെ ഒരു ആക്രമണം നടന്നു. പതിനയ്യായിരം ശത്രുഭടന്മാർ മിന്നൽവേഗത്തിൽ ഇരമ്പിക്കയറി, ഇരുപത്തിനാലുമണിക്കൂർ നേരത്തേയ്ക്കു് നടത്തിയ ആ ഗംഭീരപോരാട്ടംമൂലം തലസ്ഥാനനഗരം കുലുങ്ങിപ്പോയി. സമരഗതി നിരീക്ഷിച്ചുകൊണ്ടു് വൈററ്ഹൗസിൽ അബ്രഹാം ലിങ്കൻെറ കൂടെനിന്നിരുന്ന ഉദ്യോഗസ്ഥന്മാരിൽത്തന്നെ ഒരാറം വെടിയേററു മരിച്ചു. ഏന്തും സംഭവിക്കാമെന്നുള്ള ഒരു നിലയിലേയ്ക്കു് സംഗതികറം അങ്ങനെ നീങ്ങിക്കൊണ്ടിരിക്കുമ്പോഴാണു്, ജനറൽ ഗ്രാൻറിൻെറ രണ്ടു സേനാവിഭാഗങ്ങറം പാഞ്ഞെത്തി നഗരത്തെ രക്ഷിച്ചതു്. തെക്കൻസൈന്യം റിച്ച്മണ്ടിലേയ്ക്കു് ഓടിയകന്നു; ജൂലായി 13-ാം തിയതിയായിരുന്നു ആ പിന്മാററം.

അവിടംമുതൽ യൂണിയൻ ഗവമ്മെണ്ടും സമരത്തിൻെറ ശക്തി വദ്ധിപ്പിക്കാൻ തുടങ്ങി. എന്തെന്തു നഷ്ടം സഹിച്ചാലും യുദ്ധം എത്രവേഗം അവസാനിക്കുമോ അത്രയും നന്നമാണെന്നു് അവക്കു് ബോദ്ധ്യം വന്നു. ജൂലായി 18-ാംനു- അഞ്ചു ലക്ഷം സന്നദ്ധഭടന്മാരേക്കൂടി ക്ഷണിച്ചുകൊണ്ടു് അബ്രഹാം ലിങ്കൺ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. താൻ ഒരു സമരപ്രിയനാണെന്നു് സ്ഥാപിച്ചു് തിരിഞ്ഞെടുപ്പിൽ തനിക്കു ദോഷംചെയ്യുവാൻ തല്പരകക്ഷികറം ആ വിളംബരവും ഉപയോഗപ്പെടുത്തുമെന്നു് പ്രസിഡണ്ടു ലിങ്കന്നറിയാമായിരുന്നു. അദ്ദേഹം ആയിടയ്ക്കു് എഴുതി മുദ്രവെച്ചു സൂക്ഷിച്ചിരുന്ന ഒരു രേഖയിൽ എന്താണു് പറഞ്ഞിരുന്നതെന്നോ? ''എന്നെ വീണ്ടും പ്രസിഡണ്ടായി തിരിഞ്ഞെടുക്കാനിടയില്ല. തിരിഞ്ഞെടുപ്പിനും സ്ഥാനാരോഹണത്തിനും ഇടയ്ക്കുള്ള സമയംകൊണ്ടു് യൂണിയനെ രക്ഷിക്കാൻ പാടുള്ളതെല്ലാം ചെയ്യുകയെന്നതാണു് പുതിയ പ്രസിഡണ്ടിനോടു ഞാൻ കാണിക്കേണ്ടുന്ന സഹകരണം. ഇനിവരുന്ന പ്രസിഡണ്ടിനു് ആ ജോലി നിവ്വഹിക്കാൻ സാധിക്കുകയില്ലെന്നു് എനിക്കറിയാം. അതുകൊണ്ടു് ഞാൻതന്നെ അതു ചെയ്യേണ്ടിയിരിക്കുന്നു.''—ഇതാണു് ആ ലിഖിതത്തിൻെറ സാരം. അബ്രാഹം ലിങ്കൺ യുദ്ധം ബലപ്പെടുത്തിയതിൻെറ ഉദ്ദേശശുദ്ധി വ്യക്തമായല്ലോ.

പ്രസിഡണ്ടുതിരിഞ്ഞെടുപ്പ് നവമ്പർമാസത്തിൽത്തന്നെ നടന്നു. പ്രതീക്ഷയെ കവിഞ്ഞ ഭൂരിപക്ഷത്തോടുകൂടി അബ്രാഹം ലിങ്കൺ വീണ്ടും അമേരിക്കൻപ്രസിഡണ്ടായി തിരിഞ്ഞെടുക്കപ്പെട്ടു. സത്യസന്ധനായ ആബെ ലിങ്കൺ രാജ്യത്തിൻെറ രക്ഷയ്ക്കുവേണ്ടിയാണ് പടപൊരുതുന്നതെന്ന് പൊതുജനങ്ങരം സമ്മതിച്ചു കൊടുത്തുവെന്നത്ഥം. തിരിഞ്ഞെടുപ്പു ജയിച്ചെങ്കിൽ യൂണിയനെ ഒററിക്കൊടുക്കുമായിരുന്ന മക്ലെല്ലനും മററും രംഗത്തുനിന്ന് മറഞ്ഞു. യുദ്ധം പിന്നെയും മുറുകി. ജനറൽ ഗ്രാൻറും, വില്യം ഷെർമാൻ മുതലായ മററ സൈന്യാധിപന്മാരും തെക്കൻസംസ്ഥാനങ്ങളിൽ കടന്ന് പുതിയ പുതിയ വിജയങ്ങരം നേടുകയായി. തെക്കരുടെ സവ്വസൈന്യാധിപനായ റോബർട്ട് ലീ നില്ക്കക്കള്ളിയില്ലെന്നു കണ്ടപ്പോരം, ഒരു സന്ധിയാലോചനയ്ക്കു തുനിഞ്ഞു. ലിങ്കൺ അതിന് വഴിപ്പെട്ടില്ല. എതിരാളികരം നിരുപാധികം കീഴടങ്ങി യൂണിയനിൽ ചേരുകയല്ലാതെ, അമേരിക്കൻകുടിപ്പടയ്ക്ക് വേറെ സന്ധിമാഗ്ഗമില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. സമാധാനാലോചനയെ അത്ര കശനമായി എതിത്ത ലിങ്കൺ, ആയിടെ തെക്കക്ക് വലിയൊരു ധനസഹായം നല്കണമെന്ന് കാബിനെററിൽ രഹസ്യമായി വാദിച്ചുപോലും! അടിമകളെ സ്വതന്ത്രരാക്കുന്നതിൽവെച്ചു തെക്കക്കു നേരിടുന്ന നഷ്ടം പരിഹരിക്കാൻ നാലായിരം ലക്ഷം ഡോളർ അവക്ക് പ്രതിഫലമായി കൊടുത്തുകളയാമെന്നാണ് ലിങ്കൺ നിദ്ദേശിച്ചതു്. 1865 ഫെബ്രുവരിമാസത്തിൽ ആ നിർദ്ദേശം അദ്ദേഹം കാബിനെററിൽ സമപ്പിച്ചപ്പോരം, മററുള്ളവരെല്ലാം ഒററക്കെട്ടായിനിന്ന് അതിനെ അതിനിശിതമായി എതിത്തു. "നിങ്ങളെല്ലാവരും എനിക്കെതിരാണല്ലോ" എന്നു പറഞ്ഞു് ലിങ്കൺ ആ നിർദ്ദേശം എഴുതിയിരുന്ന കടലാസ് തല്ക്കാലം മാററിവയ്ക്കുകയാണുണ്ടായതു്.

1865 മാർച്ച് 4-ാം തിയതിയായിരുന്നു അബ്രാഹം ലിങ്കൻെറ രണ്ടാമത്തെ സ്ഥാനാരോഹണം. സമരത്തിൻെറ വിജയകരമായ പയ്യവസാനത്തെ മനോദൃഷ്ടിയിൽ ഒട്ടൊട്ടു കണ്ടുകൊണ്ടുത

ന്നെയാണ് അബ്രഹാം ലിങ്കൺ അന്നത്തെ ഉൽഘാടനപ്രസംഗം നിർവ്വഹിച്ചതു്. ആ പ്രസംഗം ഒട്ടും ദീർഘമായിരുന്നില്ല. അടിമത്തം രാജ്യത്തിനു് ഒരു ശാപമായിരുന്നുവെന്നും, അതിനെ വെച്ചുപുല ത്തിപ്പോന്നതിൻെറ ശിക്ഷയാണു് ഭയങ്കരമായ ഒരു കുടിപ്പട മുഖേ ന രാജ്യം അനുഭവിക്കേണ്ടിവന്നതെന്നും, ആ ശിക്ഷ വേഗത്തിൽ അവസാനിക്കുവാനായി എല്ലാവരും പ്രാർത്ഥിക്കണമെന്നും ലിങ്കൺ ആദ്യമേ ഉദ്ബോധിപ്പിച്ചു. ആ പ്രസംഗത്തിലെ ഉപസംഹാരവാ ചകം, അബ്രഹാം ലിങ്കൻെറ ആത്മസത്തയത്രയും സവിശേഷം പ്രകാശിപ്പിക്കുന്ന ഒന്നായിരുന്നു. കാലംചെല്ലുന്തോറും കാന്തിയും മൂല്യവും കൂടിക്കൂടിവരുന്ന ആ വാചകം ഇതാണു്:

"ആരോടും വിദ്വേഷമില്ലാതെയും, എല്ലാവരോടും സ്നേഹ മായും, ശരിയെന്നു് ദൈവം നമുക്കു കാണിച്ചുതരുന്ന ധർമ്മത്തിൽ അടിയുറച്ചുകൊണ്ടും നമ്മുടെ ജോലി പൂർത്തിയാക്കുന്നതിനും, രജ്യത്തിൻെറ മുറിവുകളെ പൊറുപ്പിക്കുന്നതിനും, യുദ്ധത്തിൻെറ ഭാരം വഹിച്ചവനേയും അവൻെറ വിധവയേയും അവൻെറ അ നാഥശിശുക്കളേയും സംരക്ഷിക്കുന്നതിനും, നമ്മുടേയും മററു സമ സ്ത രാജ്യക്കാരുടേയും ഇടയിൽ ശരിയായ ശാശ്വതസമാധാനം സ്ഥാപിച്ചു പുലർത്തുന്നതിനും വേണ്ടി നമുക്കു യത്നിക്കാം.''

യുദ്ധത്തിൻെറ ഭാരം വഹിച്ചവരോടു കാണിക്കേണ്ടുന്ന കരു ണയേപ്പററി ലിങ്കൺ ഇവിടെ സൂചിപ്പിച്ചുവല്ലൊ. അതു് അദ്ദേ ഹം ഏററ നാളായി സ്വയം അനുഷ്ഠിച്ചുകൊണ്ടിരുന്ന ഒരു സംഗ തിയാണ്. രാജ്യത്തിനുവേണ്ടി പ്രാണപരിത്യാഗ്യം ചെയ്തവരുടെ കുടുംബാംഗങ്ങളെ സമാശ്വസിപ്പിക്കുവാൻ ആ മനുഷ്യപ്രേമി പാ ടുള്ളതെല്ലാം ചെയ്യുന്നുണ്ടായിരുന്നു. അക്കാര്യത്തിൽ അദ്ദേഹം കാ ണിച്ചിരുന്ന കാരുണ്യം വെളിപ്പെടുത്തുന്ന പല രേഖകളുണ്ടു്. യു ദ്ധത്തിൽ അഞ്ചു പുത്രന്മാർ നഷ്ടപ്പെട്ടുപോയ മിസ്സിസ് ബിക്സ് ബി എന്നൊരു സ്ത്രീയ്ക്കു് പ്രസിഡണ്ടു ലിങ്കൺ എഴുതിയ ഒരു കത്തു് ഉദ്ധരിച്ചുകൊണ്ടു് ഈ അദ്ധ്യായം ഉപസംഹരിക്കാം. അബ്രഹാം ലിങ്കൻെറ സ്വന്തം കൈപ്പടയിലുള്ള ആ കത്തിൻെറ ഫോട്ടോപ്പക

പ്പാണ് ഈ പുസ്തകത്തിന്റെ മുഖപക്ഷത്ത് ചേർത്തിരിക്കുന്നതെന്നുകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ.

എക്സിക്യൂട്ടീവ് മാൻഷൻ
വാഷിംഗ്ടൺ
നവംമ്പർ 21, 1864

പ്രിയ മഹതി,

യുദ്ധത്തിൽ വീരമരണം പ്രാപിച്ച അഞ്ചു പുത്രന്മാരുടെ മാതാവാണ് നിങ്ങളെന്നു്, മസ്സാച്ചുസെററ്സിലെ സൈന്യാധിപൻ എഴുതിയിട്ടുള്ള ഒരു രേഖ യുദ്ധകാര്യവകുപ്പിലെ ഫയലുകൾ മുഖേന എന്റെ ദൃഷ്ടിയിൽപ്പെട്ടിരിക്കുന്നു. അത്ര ദുർവ്വഹമായ ഒരു നഷ്ടംകൊണ്ടുളവായിട്ടുള്ള ദുഃഖത്തിൽനിന്നു് നിങ്ങളെ പിന്തിരിപ്പിക്കുന്നതിനു് എന്റെ വാക്കുകൾ എത്രമാത്രം അശക്തങ്ങളും നിഷ്ഫലങ്ങളുമായിരിക്കുമെന്നു് എനിയ്ക്കറിയാം. എന്നാൽ ആ യുവാക്കൾ യാതൊരു ജനാധിപത്യരാഷ്ട്രത്തിന്റെ രക്ഷയ്ക്കായി മരിച്ചുവോ, ആ രാജ്യത്തിന്റെ കൃതജ്ഞതകളിൽനിന്നു് നിങ്ങൾക്കു ലഭിക്കാവുന്ന സാന്ത്വനം നിങ്ങൾക്കു സമപ്പിക്കുന്നതിൽ എനിക്കു വിമുഖനാവാൻ നിവൃത്തിയില്ല. നിങ്ങൾക്ക് നേരിട്ടിരിക്കുന്ന ഈ ദുഃഖത്തിനു് സ്വർഗ്ഗസ്ഥനായ പിതാവു് ശമനമരുളട്ടെയെന്നും, നഷ്ടപ്പെട്ടുപോയ ആ ഇഷ്ടജനങ്ങളേക്കുറിച്ചുള്ള പ്രിയങ്കരമായ സ്മരണയും സ്വാതന്ത്ര്യത്തിന്റെ ബലിപീഠത്തിന്മേൽ നിങ്ങൾ സമപ്പിച്ച അത്ര വിലയേറിയ യാഗം മൂലം നിങ്ങൾ അഹിക്കുന്ന മഹത്തമമായ അഭിമാനവും മാത്രം നിങ്ങളിൽ ശേഷിക്കട്ടേയെന്നും ഞാൻ പ്രാത്ഥിക്കുന്നു.

എന്നു്,
നിങ്ങളുടെ നിവ്വ്യാജ വിശ്വസ്തൻ
അബ്രാഹം ലിങ്കൺ (ഒപ്പ്)

അദ്ധ്യായം - 25

# പ്രാണാൎപ്പണം

“ഇന്നലെ അദ്ദേഹം അമേരിക്കയുടേതായിരുന്നു. എന്നാൽ ഇപ്പോൾ അദ്ദേഹം ലോകം മുഴുവന്റേതാണ്. ഇപ്പോൾ അദ്ദേഹം യുഗങ്ങളുടേതാകുന്നു.”

നാലു വത്സരം നീണ്ടുപിടിച്ച കഠോരമായ ആ കുടിപ്പടയുടെ അറുതിയായി. തെക്കൎക്കു് തങ്ങളുടെ ശക്തികേന്ദ്രങ്ങൾ പലതും നഷ്ടപ്പെട്ടുകഴിഞ്ഞു. അവരുടെ തലസ്ഥാനനഗരം അമ്പേ തകൎന്നു. അവിടെ പ്രസിഡണ്ടുപട്ടം കെട്ടി സുഖലോലുപനായിക്കഴിഞ്ഞിരുന്ന ജെഫേഴ്സൺ ഡേവിസ് പ്രാണനുംകൊണ്ടെങ്ങോ ഓടിമറഞ്ഞു. ദാക്ഷിണാത്യരുടെ അജയ്യസേനാനിയായിരുന്ന റോബട്ട്‌ലീ 1865 ഏപ്രിൽ 9-ാം തിയതി (‘ഹോസാന ഞായറാഴ്ച’) ഇരുപത്തെണ്ണായിരം ഭടന്മാരോടുകൂടി ജനറൽ ഗ്രാൻറിന്റെ മുമ്പിൽ നിരുപാധികം കീഴടങ്ങി. റോബട്ട്‌ലീയേയും മററും പിടികിട്ടിയാൽ രാജ്യദ്രോഹക്കുററത്തിനു് തൂക്കിക്കൊല്ലണമെന്നായിരുന്നു പലരുടേയും അഭിപ്രായം. പക്ഷേ, പ്രസിഡണ്ടു ലിങ്കൺ തന്റെ സൎവ്വസൈന്യാധിപനു് കൊടുത്തിരുന്ന ഉപദേശം അതൊന്നുമായിരുന്നില്ല. ശത്രുസൈന്യം കീഴടങ്ങുമ്പോൾ കാണിക്കേണ്ടുന്ന ഉപചാരങ്ങൾ ഇന്നിന്നവയായിരിക്കണമെന്നു് അദ്ദേഹം ജനറൽ ഗ്രാൻറിനെ നേരത്തേ പറഞ്ഞുധരിപ്പിച്ചിരുന്നു. ആ അവസരത്തിൽ പീരങ്കിവെടി മുതലായ ജയഭേരികൾപോലും പാടില്ലെന്നായിരുന്നു ലിങ്കന്റെ ഉപദേശം. റോബട്ട്‌ലീയും സൈന്യവും നിരുപാധികം കീഴടങ്ങിയിരിക്കുന്നുവെന്നുള്ള സമ്മതപത്രം ഒപ്പുവയ്ക്കപ്പെട്ടുകഴിഞ്ഞപ്പോൾ, അവർ ആയുധധാരികളായിത്തന്നെ നാ

ട്ടിലേയ്ക്കു മടങ്ങിക്കൊള്ളുവാൻ ജനറൽ ഗ്രാൻറ് അനുവദിച്ചു. യുദ്ധമദ്ധ്യേ അവരുടെ പക്കൽനിന്ന് പിടിച്ചെടുത്തിരുന്ന കുതിരകളേയും അദ്ദേഹം മടക്കിക്കൊടുത്തു.

വൈററ്ഹൗസിൻെറ മുമ്പിൽ വിജയഘോഷം നടത്താനെത്തിയ വടക്കരെക്കൊണ്ട് അബ്രാഹം ലിങ്കൺ എന്തൊക്കെയാണു ചെയ്യിച്ചതെന്നോ? തെക്കർക്ക് അനിഷ്ടമുണ്ടാകുന്ന ഗാനങ്ങളൊന്നും പാടുവാൻ അദ്ദേഹം അനുവദിച്ചില്ല. മാത്രമോ? തെക്കർക്ക് ഇഷ്ടമുള്ള ഒരു ദേശീയഗാനം പാടുവാൻ അദ്ദേഹം വടക്കരോട് ആജ്ഞാപിക്കുകയും ചെയ്തു. തെക്കരുടെ ദേശീയഗാനം പാടിക്കൊണ്ട് വടക്കർ വിജയഘോഷം നടത്തിയാലുള്ള ചന്തം നമുക്ക് ചിന്തിക്കാൻ വക നല്കുന്നുണ്ടല്ലൊ. ചുരുക്കത്തിൽ, അത് തെക്കർ മുൻകൈയെടുത്തു നടത്തുന്ന വിജയഘോഷമെന്നേ തോന്നുമായിരുന്നുള്ളു. അബ്രാഹം ലിങ്കൺ രാജ്യത്തിൻെറ ഏകീകരണത്തിനുവേണ്ടി ഒരു യുദ്ധത്തെ ധീരമായി എതിരിടേണ്ടിവന്നുവെന്നതു് വാസ്തവം. പക്ഷേ അതിൻെറ വിജയം കൊട്ടിഘോഷിച്ച് മറുപക്ഷക്കാരുടെ അഭിമാനത്തെ മുറിപ്പെടുത്താൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. നേരത്തേതന്നെ അദ്ദേഹം പറഞ്ഞതെന്താണ്? "നാം അന്യരോ ശത്രുക്കളോ അല്ല; ആവുകയുമരുതു്. നാം ഒരേ നാട്ടുകാരും സഹോദരന്മാരുമാകുന്നു." യുദ്ധം ഒഴിവാക്കാൻവേണ്ടി ആദ്യം നിർദ്ദേശിച്ച ആ മാർഗ്ഗംതന്നെയാണ് യുദ്ധം ജയിച്ചപ്പോഴും അദ്ദേഹം അവലംബിച്ചതു്. പരാജിതരെ കഴിയുന്നത്ര പ്രീണിപ്പിച്ച് രാജ്യത്തിൻെറ ഏകീകരണം സാധിക്കുവാനും, യുദ്ധം നിമിത്തമുണ്ടായ മുറിവുകൾ പൊറുപ്പിച്ച് രാജ്യത്തെ പുനരുദ്ധരിക്കുവാനുമായിരുന്നു പ്രസിഡണ്ട് ലിങ്കൻെറ ബദ്ധപ്പാട്. എന്നാൽ പരാജിതരോട് പകപോക്കുവാൻ വെമ്പുന്നവരായിരുന്നു മററധികംപേരും!

ഏപ്രിൽ 13–ാംനു- ഒരു കാബിനെററുയോഗം കൂടി. ജനറൽ ഗ്രാൻറും ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. തെക്കൻസൈന്യാധിപന്മാരിൽ ഒരുവനായ ജോൺസ്റ്റൺ കീഴടങ്ങിക്കഴിഞ്ഞുവോ എന്ന വിവരം അതുവരെ വാഷിംഗ്ടണിൽ കിട്ടിയിരുന്നില്ല.

ധീരനായ ആ സൈന്യാധിപനേയും അയാളുടെ സേനയേയും കീഴടക്കാൻ നിയുക്തനായിരുന്നതു് വില്യം ഷെർമാനത്രെ. ഷെർമാൻെറ സന്ദേശമൊന്നും കിട്ടിക്കാണാഞ്ഞതിനേപ്പററി കാബിനെററിൽ പ്രസ്താവമുണ്ടായി. അക്കാര്യത്തിൽ ഉല്ക്കണ്ഠയ്ക്കവകാശമില്ലെന്നും, ഷെർമാനിൽനിന്നു് ഉടനെ വിജയവിവരം ലഭിക്കുമെന്നും പ്രസിഡണ്ടു പറഞ്ഞു. അദ്ദേഹം അതിന്നു് ചൂണ്ടിക്കാണിച്ച ന്യായം എന്താണെന്നല്ലേ?—ഒരു സ്വപ്നം! അദ്ദേഹത്തിനു് ഇടയ്ക്കു് അങ്ങനെയൊരു സ്വപ്നം ഉണ്ടാകാറുണ്ടു്. അതു കണ്ടുകഴിഞ്ഞാൽ ഉടനെ എന്തെങ്കിലും മംഗളവർത്തമാനങ്ങൾ വന്നുചേരുക പതിവാണത്രെ. വിക്സ്ബർഗ്ഗിലും, ഗെററിസ്ബർഗ്ഗിലും മററും സിദ്ധിച്ച വിജയങ്ങൾക്ക മുമ്പും അദ്ദേഹത്തിനു് ആ സ്വപ്നം ഉണ്ടായി. അതു് വീണ്ടും തലേരാത്രിയിൽ താൻ കാണുകയുണ്ടായെന്നു് അബ്രഹാം ലിങ്കൺ കാബിനെററിൽ പ്രസ്താവിച്ചു. സ്വപ്നം മറെറാന്നുമല്ല: ഒററയ്ക്കു് ഒരു കപ്പൽ അതിവേഗത്തിൽ ഓടി, അനന്തവിദൂരതയിലെങ്ങോ ഉള്ള അജ്ഞാതമായ ഒരു തുറമുഖത്തേയ്ക്കു് മറയുക,—അത്രതന്നെ! ശരി, ആ കപ്പൽവഴിക്കാണു് പ്രസിഡണ്ടിനു് വിജയവർത്തമാനങ്ങൾ കിട്ടുന്നതെന്നു പറഞ്ഞു് കാബിനെററംഗങ്ങൾ പൊട്ടിച്ചിരിച്ചു.

അങ്ങനെ സ്വല്പം നേരംപോക്കോടുകൂടിയാണു് അന്നത്തെ കാബിനെററുയോഗം ആരംഭിച്ചതെങ്കിലും, ഗവമ്മെണ്ടിൻെറ ഭാവിനയത്തേപ്പററി പ്രസിഡണ്ടു ലിങ്കൺ ആ യോഗത്തിൽ ഗൗരവതമമായ ഒരു പ്രസ്താവനചെയ്തു. യുദ്ധത്തിനിടയാക്കിയ തെക്കൻ പ്രമാണികളോടു് അങ്ങേയററംവരെ പ്രതികാരം ചെയ്യണമെന്നു് പലക്കും അഭിപ്രായമുണ്ടെന്നു് ലിങ്കന്നറിയാമായിരുന്നു. അതെല്ലാം മനസ്സിൽവെച്ചുകൊണ്ടു് അദ്ദേഹം കാബിനെററുയോഗത്തിൽ തറച്ചുതറച്ചിങ്ങനെ പറഞ്ഞു: "ആളുകളെ പിടിച്ചു തടവിലിടാനും കൊല്ലാനുമൊന്നും ഞാൻ അരുനില്ക്കുമെന്നു് ആരും കരുതേണ്ട; ഏററവും മോശക്കാർായവരുടെ കാര്യത്തിൽപ്പോലും ഞാൻ അങ്ങനെ ചെയ്യുകയില്ല. വേണ്ടതിലധികം മനുഷ്യപ്രാണൻ ഇപ്പൊഴ

ഹോമിക്കപ്പെട്ടു കഴിഞ്ഞിരിക്കയാണു്. സമാധാനവും ശരിയായ ഐക്യവും ഉണ്ടാകണമെങ്കിൽ, യുദ്ധം സംബന്ധിച്ചുണ്ടായ വെറുപ്പും വിദ്വേഷവുമെല്ലാം നിശ്ശേഷം കളഞ്ഞേ മതിയാവൂ."—പ്രസിഡണ്ടു ലിങ്കൺ ഭാവിയിൽ അനുവർത്തിക്കാനുറച്ചിരിക്കുന്ന നയം എന്തെന്നു് സ്പഷ്ടമായി. അദ്ദേഹം കാബിനെററിലിരുന്നു് ഇങ്ങനെ ധർമ്മോപദേശംചെയ്യുന്ന നേരത്തു് പുറത്തു നടന്നിരുന്ന കാര്യങ്ങൾ എന്തൊക്കെയാണാവോ? നമുക്കു പുറത്തേയ്ക്കൊന്നു കണ്ണോടിക്കാം.

യുദ്ധം അവസാനിച്ചതുകൊണ്ടുള്ള ഘോഷവട്ടങ്ങളും ഉല്ലാസങ്ങളും സർവ്വത്ര നടമാടുകയായിരുന്നു. അക്കൊല്ലത്തെ 'ദുഃഖവെള്ളിയാഴ്ച' അന്നായിരുന്നുവെന്നുള്ള വസ്തുതപോലും ആരും അത്ര ഗൗനിച്ചിരുന്നില്ലെന്നാണു തോന്നുന്നതു്. വാഷിംഗ്ടണിലെ ഫോർഡു് തീയെറററിൽ അന്നുമുണ്ടായിരുന്നു ഒരു നാടകം. അബ്രാഹം ലിങ്കൺ അതിന്നടുത്ത ദിവസങ്ങളിൽ നടന്ന ചില നാടകങ്ങൾക്കെത്തുമെന്നു് പൊതുജനങ്ങൾ പ്രതീക്ഷിച്ചിരുന്നുവെങ്കിലും, അക്കാര്യത്തിൽ അവൎക്കു് ഇച്ഛാഭംഗമാണുണ്ടായതു്. ഫോർഡു് തീയെറററിൽ അന്നു നടക്കുന്ന നാടകത്തിനു് പ്രസിഡണ്ടു് നിശ്ചയമായും വന്നുചേരുമെന്നു് ഒരു വർത്തമാനം പരന്നിരുന്നു. ഒരു യുവാവു് അന്നു രാവിലെ ആ നാടകശാലയിൽച്ചെന്നു് പ്രസിഡണ്ടിൻെറ പരിപാടിയേപ്പററി പ്രത്യേകം അന്വേഷിക്കുകയുണ്ടായി. ജോൺ വിൽക്കിസു് ബൂത്തു് എന്നുപേരുള്ള ദൃഢഗാത്രനായ ആ യുവാവു് നല്ലൊരു നടനും, പല നാടകശാലകളിലും നിത്യപരിചിതനുമത്രെ. അയാൾ കുറേ നാളായിട്ടു് ഒരു ഗൂഢസംഘത്തിൻെറ നേതൃത്വം കൈയേററു് ചില കുട്ടുകെട്ടുകാൎക്കു് ഒരുങ്ങിനടക്കുകയായിരുന്നതാനും. അയാൾ അന്നു് ഫോർഡു് തീയെറററിൽച്ചെന്നു് നടത്തിയ അന്വേഷണത്തിൻെറ ഉദ്ദേശ്യം, കാബിനെററിൽ കാരുണ്യോപദേശം നല്കിക്കൊണ്ടിരുന്ന ലിങ്കനുണ്ടോ അറിയുന്നു?

പ്രസിഡണ്ടു ലിങ്കൺ ഭാര്യയൊന്നിച്ചു് അന്നു വൈകുന്നേരം ഒരു സവാരിക്കു പോയി. വാഷിംഗ്ടൺനഗരത്തിലും പുറത്തും

ചില ഗൂഢസംഘങ്ങളുടെ പ്രവൎത്തനം നടക്കുന്നുണ്ടെന്നും, അതി നാൽ സഞ്ചാരത്തിന്നിറങ്ങുന്നതും മററും നല്ല കരുതലോടുകൂടിവേ ണമെന്നും ആ ദിവസങ്ങളിൽ പല സുഹൃത്തുക്കളും പ്രസിഡണ്ടി നോടു പറയാറുണ്ടായിരുന്നു. അങ്ങനെ പറഞ്ഞ സ്നേഹിതന്മാരിൽ ഒരുവന്നു് ലിങ്കൺ നല്കിയ മറുപടി ഇതാണു്: “അത്ര ഭയമാണെ ങ്കിൽ, ഒരു ഇരിമ്പുപെട്ടിയിൽക്കയറി അടച്ചുപൂട്ടി ഇരിക്കേണ്ടിവ രും. ഘാതകൻെറ കൈകൊണ്ടു് മരിക്കയാണെങ്കിൽത്തന്നെ ഒരി ക്കലല്ലേ മരിക്കേണ്ടു. അതിനെക്കുറിച്ചുള്ള ഭയം മനസ്സിൽവെച്ചു കൊണ്ടു നടക്കുകയാണെങ്കിലോ, എത്ര പ്രാവശ്യമാണു് മരിക്കാ തെ മരിക്കേണ്ടിവരിക?”—കൊലയാളികളെ ഭയന്നു് അളയിൽ ക്കയറി ഒളിക്കുന്ന പ്രകൃതിക്കാരനായിരുന്നില്ല അബ്രാഹം ലിങ്കൺ. പണ്ടു് ബാറംട്ടിമൂറിൽവെച്ചു് അദ്ദേഹം വേഷംമാറി രക്ഷപ്പെട്ട തു്, അപ്പോറം താൻ നിൎവ്വഹിക്കേണ്ടിയിരുന്ന ബൃഹത്തായ ചില ചുമതലകറം ഓൎത്തിട്ടുമാത്രമാണു്. രാജ്യത്തിൻെറ ഭദ്രതയ്ക്കാവശ്യ മായിരുന്ന ആ ചുമതലകറം ലിങ്കൺ നിൎവ്വഹിച്ചുകഴിഞ്ഞു. ഇനി തൻെറ പ്രാണാൎപ്പണമാണു് രാജ്യത്തിൻെറ രക്ഷയ്ക്കാവശ്യമെങ്കിൽ അതിനും അദ്ദേഹം ഒരുക്കമായിരുന്നുവെന്നു് മേല്പറഞ്ഞ വാക്കുകറം സൂചിപ്പിക്കുന്നു. ആ ഭാഗം നില്ക്കട്ടെ. അന്നത്തെ സായാഹ്നസഞ്ചാ രത്തിന്നിടയിൽ ലിങ്കനും ഭാൎയ്യയും തങ്ങളുടെ കുടുംബത്തിൻെറ ഭാ വിയെ സംബന്ധിക്കുന്ന പല കാൎയ്യങ്ങളും ആലോചിക്കുകയുണ്ടാ യി. പ്രസിഡണ്ടുദ്യോഗം വഹിക്കേണ്ടുന്ന നാലുകൊല്ലംകൂടി വാ ഷിംഗ്ടണിൽ കഴിച്ചുകൂട്ടിയിട്ടു്, നാട്ടിലേയ്ക്കു മടങ്ങി പഴയപടി ജീവിച്ചാൽമതി എന്നുവരേയെത്തി, മിസ്സിസ് ലിങ്കൻെറ മനോര ഥം. അവറം ഉയരത്തിൽനിന്നു് താഴത്തേയ്ക്കു നോക്കി, താഴ്മയു ടെ മേന്മ സമ്മതിക്കുകയായിരുന്നു!

സഞ്ചാരം കഴിഞ്ഞു് പ്രസിഡണ്ടു ലിങ്കനും ഭാൎയ്യയും വൈററ് ഹൗസിൽ തിരിച്ചെത്തി. രാത്രി നാടകത്തിനു പോകണമെന്നുള്ള ഒരു പരിപാടിമാത്രമേ പിന്നെ ശേഷിച്ചിരുന്നുള്ളു. ലിങ്കനു് ആദ്യം തെല്ലൊരമാന്തം തോന്നിയെങ്കിലും, തന്നെ പ്രതീക്ഷിച്ചു് അനേകം

പേർ നാടകശാലയിലെത്താനിടയുണ്ടല്ലോ എന്നോർത്തപ്പോറം, അദ്ദേഹം നാടകത്തിനു് പോവാൻതന്നെ തീരുമാനിച്ചു; ഭാൎയ്യ കൂടുതൽ ഉത്സാഹത്തിലായിരുന്നുതാനും. മിസ്സിസ്സ്ലിങ്കൻെറ ഒരു സഖിയായ മിസ്സ് ഹാരിയും, ആ യുവതിയെ വിവാഹം ചെയ്യുവാൻ നിശ്ചയിച്ചിരുന്ന മേജർ റിഥ്ബോൺ എന്ന ഒരു സൈനികോദ്യോഗസ്ഥനും അവക്കകമ്പടിയായിപ്പോകുവാൻ ഒരുങ്ങി.

നാടകശാലയിൽ അന്നുണ്ടായ തിരക്കൊന്നും പറയാനില്ല. പ്രസിഡണ്ടിനിരിക്കാനുള്ള പ്രത്യേകസ്ഥലം ദേശീയപതാക നാട്ടി മോടിപിടിപ്പിച്ചിരുന്നു. സാധാരണ ഇരിപ്പിടങ്ങറം ഇട്ടിരിക്കുന്ന സ്ഥലത്തുനിന്നു് അല്പം അകലെ സാമാന്യം ഉയരത്തിൽ സജ്ജീകരിച്ചിരുന്ന ആ അദ്ധ്യക്ഷവേദിയിലേക്കു് പിൻവശത്തുകൂടി പ്രവേശിക്കാം. രാഷ്ട്രത്തിൻെറ നേതാവും ജേതാവുമായ അബ്രാഹം ലിങ്കൺ വന്നെത്തിയോ എന്നറിയാൻ പരസ്സഹസ്രം നയനങ്ങറം അനുനിമിഷം ആ ഭാഗത്തേക്കു് ആരായുന്നുണ്ടായിരുന്നു. കളി തുടങ്ങി കുറേക്കഴിഞ്ഞിട്ടും പ്രസിഡണ്ടു വന്നുകണ്ടില്ല. ഒമ്പതുമണിക്കു് ഇരുപതു മിനിററുള്ളപ്പോറം, ആ രാഷ്ട്രപതി സപരിവാരം അവിടെ എത്തിച്ചേൎന്നു. കളി തെല്ലിട നിലച്ചു. പ്രസിഡണ്ടിനേക്കുറിച്ചുള്ള സ്തുതിഗീതവും, ജനങ്ങളുടെ ജയാരവങ്ങളും അത്യുച്ചത്തിൽ മുഴങ്ങി. അബ്രാഹം ലിങ്കനും ഭാൎയ്യയും, അവരുടെ കൂടെയുണ്ടായിരുന്നവരും യഥാസ്ഥാനങ്ങളിൽ ഉപവേശിച്ചു. വിജയശബ്ദങ്ങറം നേൎത്തുനേൎത്തങ്ങനെ വായുമണ്ഡലത്തിൽ ലയിച്ചു. നാടകം തുടൎന്നു,—പിന്നെ എല്ലാവരുടേയും ശ്രദ്ധ അങ്ങോട്ടായി.

മണി പത്തു കഴിഞ്ഞു. പ്രേക്ഷകരുടെ ശ്രദ്ധ മുഴുവനും കളിയിൽ ലയിച്ചിരിക്കുന്ന നേരം. അപ്പോറം ഒരു മനുഷ്യൻ പ്രസിഡണ്ടു് ഇരിക്കുന്ന മുറിയെ ലക്ഷ്യംവെച്ചു് നടന്നടുക്കുന്നതായി കണ്ടു, —അന്നു രാവിലെ നാടകശാലയിൽച്ചെന്നു് പ്രസിഡണ്ടിൻെറ വരവിനേപ്പററി അന്വേഷിച്ചിരുന്ന യുവാവു തന്നെ! ഒരു കാവല്ക്കാരൻ അയാളെ തടഞ്ഞുവെങ്കിലും, അയാറം എന്തോ ഒരു 'പാസ്സ്' എടുത്തുകാണിച്ചിട്ടു് പ്രസിഡണ്ടു് ഒരു അടിയന്തിരകാൎയ്യം പ്രമാ

ണിച്ച് തന്നെ കാണ്മാൻ ആവശ്യപ്പെട്ടിരിക്കുന്നുവെന്ന ഭാവത്തിൽ മുറിയിലേയ്ക്കു പെട്ടെന്നു് കടന്നു. പിന്നെ കേട്ടതു്, ഒരു വെടിയുടെ ശബ്ദമാണു്! പ്രസിഡണ്ടു ലിങ്കൻെറ ശിരസ്സ് ആടിയാടിപ്പോകുന്നതാണു് അടുത്തിരുന്നവർ കണ്ടതു്. അദ്ദേഹം തൻെറ കസേരയിൽത്തന്നെ മൂർച്ഛിച്ചുവീണു! തലയ്ക്കായിരുന്നു വെടി! നന്മയുടെ നിറകുടമായിരുന്ന ആ തലയിലാണു് തീയുണ്ട പതിച്ചതു്!

ഘാതകനെ പിടിക്കുവാൻ മേജർ റിഥ്ബോൺ ചാടിയെഴുന്നേററപ്പോൾ, അവൻ അദ്ദേഹത്തെ കുത്തിമുറിവേല്പിച്ചുകൊണ്ടു് മുന്നോട്ടു പാഞ്ഞു. "അവനെ പിടിക്കുക, അവൻ പ്രസിഡണ്ടിനെ കൊന്നിരിക്കുന്നു'' എന്നു് ആ സൈനികോദ്യോഗസ്ഥൻ വിളിച്ചു പറഞ്ഞപ്പോൾ മാത്രമാണു്, നാടകം കണ്ടുകൊണ്ടിരുന്നവർക്കു് കാര്യം മനസ്സിലായതു്. വെടിയുടെ ശബ്ദം കേട്ടവർ അതു് നാടകത്തിൽത്തന്നെയുള്ള ഒരു ചടങ്ങാണെന്നേ ആദ്യം കരുതിയുള്ളു. അമേരിക്കൻരാഷ്ട്രത്തിൻെറ ഐക്യവും സ്വാതന്ത്ര്യവും പ്രാബല്യവും രക്ഷിച്ച മഹാപുരുഷൻെറ ശിരസ്സിലാണു്—അമേരിക്കയെ രക്ഷിച്ച തലച്ചോറിലാണു്—ആ വെടിയുണ്ട കിടന്നുപുകയുന്നതെന്നു് ആരും അറിഞ്ഞില്ല. ഘാതകനെ പിടിക്കുവാൻ അവിടെ അനേകായിരം കൈകളുയൻാവെങ്കിലും, അവൻ പുറത്തേയ്ക്കു പാഞ്ഞു് ഒരു കുതിരയുടെ പുറത്തു ചാടിക്കയറി അതിശീഘ്രം ഓടിയെങ്ങോ മറഞ്ഞു. ഒരു അഗ്നിപൎവ്വതം പൊട്ടിയാലെന്നതുപോലെ ആ നാടകശാല പ്രകമ്പിതമായിച്ചമഞ്ഞു!

വെടിയേററു രക്തമൊലിച്ച് ബോധരഹിതനായി കസേരയിൽ കിടന്നിരുന്ന ലിങ്കനെ അടുത്തുള്ള ഒരു ചെറിയ വീട്ടിലേയ്ക്കു മാററി; സർജൻ ജനറൽ ആദിയായ ഭിഷഗ്വരന്മാർ പാട്ടുള്ള ശുശ്രൂഷകളെല്ലാം ചെയ്തു. കാബിനെററംഗങ്ങളും മററുദ്യോഗസ്ഥന്മാരും അവിടെ വന്നുചേൎന്നു്, അനന്തരകരണീയങ്ങളേപ്പററി ഗാഢമായാലോചിച്ചു. സ്റ്റേയ്റ്റ്സിക്രട്ടറി സീവാർഡ് മാത്രം സ്ഥലത്തെത്തിയിരുന്നില്ല. അദ്ദേഹം നല്ല സുഖമില്ലാതെ കിടക്കുകയായിരുന്നു. പക്ഷേ കുറേക്കഴിഞ്ഞപ്പോൾ കേട്ടു, വേറൊരു ഘാതകൻ

അദ്ദേഹത്തിൻെറ വസതിയിൽ കയറിച്ചെന്നു് അവിടെയും ആക്രമണം നടത്തിയെന്നു്! സീവാഡിനു് സാരമായ ചില മുറിവുകൾ പററിയെങ്കിലും, അദ്ദേഹം അതിൽവെച്ചു് മരിക്കാനിടവന്നില്ല. വിൽക്കിസ് ബൂത്തിൻെറ നേതൃത്വത്തിലുള്ള ഒരു ഗൂഢസംഘം മുറയ്ക്കു് ആലോചിച്ചുറച്ചിരുന്ന ഭീകരപരിപാടിയായിരുന്നു, ആ രാത്രിയിലെ വധോദ്യമങ്ങളത്രയും!

ശനിയാഴ്ച പ്രഭാതമായി. അബ്രാഹം ലിങ്കൻെറ നാഡി തീരെ തളർന്നു. ശ്വാസോച്ഛ്വാസം വല്ലാതെ മന്ദീഭവിച്ചു. നാഡിയും ചങ്കിൻെറ ഇടിപ്പും സർജൻ ജനറൽ ഒന്നുകൂടി പരിശോധിച്ചു. ഒരു വൈദികൻ അന്തിമപ്രാർത്ഥന ചൊല്ലി. സമയം ഏഴുമണി കഴിഞ്ഞു് ഇരുപത്തിരണ്ടു മിനിററായി,—അപ്പോൾ 'സത്യസന്ധനായ ആബെ' ലോകത്തോടു് യാത്രപറഞ്ഞു. സർജൻ ജനറൽ ആ മഹാപുരുഷൻെറ നീണ്ട കരങ്ങൾ മാറിലേയ്ക്കു മടക്കിവെയ്ക്കുകയും, അരേരശ്ശേ ഡോളറിൻെറ രണ്ടു നാണയത്തുട്ടുകൾകൊണ്ടു് കണ്ണുകൾ അടയ്ക്കുകയും ചെയ്തിട്ടു്—"പ്രസിഡണ്ടു് മരിച്ചു"—എന്നു് പ്രസ്താവിച്ചു. യുദ്ധകാര്യമന്ത്രിയായ സ്റ്റാൻടൺ ചുടുകണ്ണീർ ചിന്തിക്കൊണ്ടു് ജനങ്ങളോടായി ഗദ്ഗദസ്വരത്തിൽ ഇങ്ങനെ ചരമവൃത്താന്തം പ്രഖ്യാപനം ചെയ്തു: "ഇന്നലെ അദ്ദേഹം അമേരിക്കയുടേതായിരുന്നു. എന്നാൽ ഇപ്പോൾ അദ്ദേഹം ലോകം മുഴുവൻേറതാണു്. ഇപ്പോൾ അദ്ദേഹം യുഗങ്ങളുടേതാകുന്നു."

വാസ്തവം—അബ്രാഹം ലിങ്കൺ ലോകം മുഴുവൻേറതാണു്. മാനവസ്വാതന്ത്ര്യത്തിൻെറ മാനംപുലർത്തിയ ആ മഹാൻ—'ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനകീയഭരണ'ത്തിൻെറ ജയവൈജയന്തി നാട്ടിയ ആ രാജ്യതന്ത്രജ്ഞൻ—സമസ്തലോകത്തിനും സമാരാധ്യനായ ഒരു രാഷ്ട്രീയാചാര്യനാകുന്നു. 'ആരോടും വിദ്വേഷമില്ലാതെയും എല്ലാവരോടും സ്നേഹമായും' വർത്തിച്ചുകൊണ്ടു് ശരിയായ ജനാധിപത്യം പുലർത്തി നാടിനെ ധന്യമാക്കുവാൻ അബ്രാഹം ലിങ്കൻെറ ജീവചരിത്രം നമുക്കു് പ്രചോദനവും പ്രകാശവുമരുളട്ടെ.

---

36
47

165

# KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MO8 Acc. No. 133732

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 29 OCT 2010 | 22 NOV 2016 | |
| | 15 MAR 2017 | |
| -5 NOV 2010 | 24 NOV 2018 | |
| 12 JAN 2012 | | |
| -3 MAY 2012 | 15 FEB 2019 | |
| 07 JAN 201[illegible] | | |
| -6 FEB 2015 | | |
| 22 MAR 2015 | | |
| 11 MAR 2016 | | |
| 20 MAR 2016 | | |
| 18 JUN 2016 | | |
| 31 JUL 2016 | | |
| -9 SEP 2016 | | |
| -8 JAN 2017 | | |
| 2 FEB 2017 | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

M08 133732

~~ROL-L~~

PAU-L

போல் கே. சி.

லிஜன்

2016

"Sahithya Nilayam is a Store House
of Clean and Healthy Literature."



# ലിങ്കൺ

കെ. എ. പോൾ

Indic Digital Archive Foundation
gpura.org